വാല്യം 5
ഇഷ്യൂ 02

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം





എന്റെ ജീവിതമാണ്
എന്റെ സന്ദേശം

കേരള സർക്കാർ

നിയമ വകുപ്പ് പ്രസിദ്ധീകരണം

# നിയമധ്വനി



# നിയമധ്വനി


## പത്രാധിപസമിതി

ചീഫ് എഡിറ്റർ
**വി. ഹരി നായർ**
നിയമ സെക്രട്ടറി

എഡിറ്റർ
**ചന്ദ്രബോസ്. പി. വി**
അഡീഷണൽ നിയമ സെക്രട്ടറി

അംഗങ്ങൾ
**എൽ. ആർ. രാജീവ് കുമാർ**
ജോയിന്റ് സെക്രട്ടറി

**രാജ്മോഹൻ. എൽ**
സെക്ഷൻ ഓഫീസർ

**ജെസ്സി. പി**
ലീഗൽ അസിസ്റ്റന്റ്

**സൈജു. കെ. എ**
ലീഗൽ അസിസ്റ്റന്റ്

പുറംതാൾ രൂപകല്പന
**രൂപകല്പന വിഭാഗം**
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്,
തിരുവനന്തപുരം–2022

**അച്ചടി**
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല,
തിരുവനന്തപുരം–2022


മാന്യവായനക്കാരുടെ
വിലയേറിയ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും അറിയിക്കുക


വിലാസം
നിയമ (ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെൽ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം–695 001.

ഫോൺ
0471-2517064, 0471-2517066
email id: so.olpc.law@kerala.gov.in



കേരള സർക്കാർ
നിയമ വകുപ്പ്

## പ്രസാധകക്കുറിപ്പ്

കോടതിഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ നിയമധ്വനിയ്ക്ക് നിങ്ങൾ ഓരോരുത്തരും നൽകി വരുന്ന അകമഴിഞ്ഞ പിന്തുണയും പ്രോത്സാഹനവും ശ്ലാഘനീയമാണ്. കോവിഡ് 19 എന്ന മഹാമാരി വിട്ടൊഴിയാതെ നമ്മളെ പിന്തുടരുമ്പോഴും അതിനുവേണ്ട എല്ലാ കരുതലും നിയന്ത്രണങ്ങളും സ്വീകരിക്കുന്നതിനൊപ്പം നിയമധ്വനിയുടെ പ്രസിദ്ധീകരണത്തിന് ഊർജ്ജം നല്കിയ എല്ലാ മാന്യ വായനക്കാർക്കും ഇതോടൊപ്പം നന്ദി രേഖപ്പെടുത്തുന്നു.

ആസാദീ കാ അമൃത് മഹോത്സവത്തോടൊപ്പം കേരള സംസ്ഥാന രൂപികരണത്തിന്റെ 65ാം വാർഷികവുംആഘോഷിക്കപ്പെടുന്ന വേളയിൽ ബഹു. സൂപ്രീംകോടതിയും ബഹു. ഹൈക്കോടതിയും പുറപ്പെടുവിക്കുന്ന സമകാലികവും പ്രസക്തവുമായ വിധിന്യായങ്ങളുൾപ്പെടെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്ന **നിയമധ്വനി** യുടെ ഈ ലക്കത്തിൽ ഉദ്യോഗസ്ഥരിൽ നിന്നു സ്വീകരിച്ച ലേഖനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമരംഗത്തു പ്രവർത്തിക്കുന്നവർക്കും ഉദ്യോഗസ്ഥർക്കും സഹായകരമാകുമെന്നും സാധാരണ ജനങ്ങളുടെ നിയമ അവബോധത്തിന് കൂടുതൽ കരുത്തേകുമെന്നും വിശ്വസിച്ചുകൊണ്ട് **"നിയമധ്വനി"** യുടെ ഈ ലക്കം വായനക്കാർക്കായി സമർപ്പിക്കുന്നു.

**വി. ഹരിനായർ**
നിയമസെക്രട്ടറി

നിയമവകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.
15/11/2021



(ആസാദി കാ അമൃത് മഹോത്സവ്)

## ഇൻഡ്യൻ ഭരണഘടന

ഭാഗം IV എ

### മൗലിക കർത്തവ്യങ്ങൾ (51 എ)

താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് –

(എ) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ബി) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക;

(സി) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഡി) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ഇ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(എഫ്) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ജി) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(എച്ച്) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഐ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ജെ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക;

(കെ) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതിപോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.



## ഉൾത്താളുകളിൽ....

**I. സുപ്രീം കോടതി വിധിന്യായങ്ങൾ**

1. മുരളി Vs സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പോലീസ് ഇൻസ്പെക്ടർ 5
2. സുരേന്ദ്രൻ Vs പോലീസ് സബ് ഇൻസ്പെക്ടർ 12
3. വി. എൻ പബ്ലിക് ഹെൽത്ത് & എഡ്യുക്കേഷണൻ ട്രസ്റ്റ് മുതൽ പേർ Vs കേരള സംസ്ഥാനം മുതൽപേർ 15

**II. ഹൈക്കോടതി വിധിന്യായങ്ങൾ**

1. എക്സ്. എക്സ്. എക്സ്. Vs എക്സ്. എക്സ്. എക്സ് 43
2. അബ്ദുൾ അസീസ് Vs ഹുസൈൻ 57
3. ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ Vs പോലീസ് സബ് ഇൻസ്പെക്ടർ 62
4. ശിവശങ്കർ Vs കേരള സംസ്ഥാനം 65
5. അഷ്റഫ് പി Vs കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 67
6. ഇന്ദിര സുമതി Vs ജനന മരണ രജിസ്ട്രാർ 74
7. ശിവകുമാരി Vs കേരള സംസ്ഥാനം 78

**III. സുപ്രധാന വിധികൾ : സംക്ഷിപ്തം.**

1 ലോറീയേറ്റ് ബിൽഡ്വെൽ പ്രൈവറ്റ് ലിമിറ്റഡ് Vs ചരൺജിത് സിംഗ് (സുപ്രീം കോടതി) 85
2 റസീൻ ബാബു. കെ. എം Vs കേരള സംസ്ഥാനം (ഹൈക്കോടതി) 87

**IV. ലേഖനങ്ങൾ**

1 വിവരാവകാശ നിയമം : അഴിമതിക്കാരെക്കുറിച്ചുള്ള വിവരം സ്വമേധയാവെളിപ്പെടുത്തണം (ശ്രീ. ചന്ദ്രബോസ്. പി. വി) 91
2 പവിഴമല്ലി പൂത്തുലഞ്ഞ നീലവാനം........(ശ്രീ. മനോജ്. എം. പി) 95
3 പുരാവസ്തു നിയമങ്ങൾ (ഡോ. പി. ഹരീഷ് കുമാർ) 99

**V. 2021–ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ആക്ട്.** 103

**VI. പരിഭാഷപ്പെടുത്തിയ ചില പ്രത്യേക പദങ്ങൾ** 111



# സുപ്രീം കോടതി വിധിന്യായങ്ങൾ

**ബഹു. സൂപ്രിം കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് എൻ.വി രമണ**

**ബഹു. ജസ്റ്റിസ് സൂര്യകാന്ത്**

**ബഹു. ജസ്റ്റിസ് അനിരുദ്ധബോസ്**

**മുരളി Vs. സ്റ്റേറ്റ്**

[ക്രിമിനൽ അപ്പീൽ നം. 24/2021 എസ്.എൽ.പി. (ക്രിമിനൽ)

10813/2019-ൽ നിന്നുത്ഭവിച്ചത്]

**രാജവേലു Vs. സ്റ്റേറ്റ്**

[ക്രിമിനൽ അപ്പീൽ നം. 25/2021 എസ്.എൽ.പി. (ക്രിമിനൽ)
10814/2019-ൽ നിന്നുത്ഭവിച്ചത്]

2021 ജനുവരി 5-ന് വിധി പ്രസ്താവിച്ചത്

**പ്രസക്തഭാഗങ്ങൾ**

ഇന്ത്യൻ ശിക്ഷാ നിയമം, 1860 - വകുപ്പുകൾ 324 & 341, ക്രിമിനൽ നടപടി നിയമ സംഹിത 1973, വകുപ്പ് 320 - പ്രതിയും ഇരയും തമ്മിലുള്ള സൗഹാർദ്ദപരമായ ഒത്തു തീർപ്പ് - ശിക്ഷയിൽ ഇളവ് - ശിക്ഷയുടെ അളവ് കുറയ്ക്കുന്നതിലേയ്ക്ക് സൗഹാർദ്ദപരമായ ഒത്തുതീർപ്പ് പ്രസക്തമായ ഘടകമാകാം - കക്ഷികൾ ഇപ്പോൾ സൗഹൃദപരമായി ഒരേ സമൂഹത്തിൽ ജീവിക്കുന്നു എന്നതും സംഭവ സമയത്ത് ഇര കോളേജ് വിദ്യാർത്ഥിയും അപ്പീൽ വാദികൾ 20-22 വയസ്സിൽ കുടുതൽ അല്ലാത്തവരും ആയതിനാൽ ശിക്ഷയിളവു അനുവദിക്കുന്നതിന് അനുയോജ്യമായ കേസാണിത് - കായിക മത്സരത്തിനിടയിലെ വാക്കു തർക്കത്തെത്തുടർന്ന് അക്രമം ഉണ്ടായിട്ടുള്ളതും കക്ഷികൾ തമ്മിൽ മുൻവൈരാഗ്യം ഇല്ലാത്തതുമാണ് അതുകൊണ്ട് രണ്ടു പ്രതികളുടെയും ശിക്ഷ നിലവിൽ അവർ അനുഭവിച്ച കാലാവധിയായി കുറച്ചിരിക്കുന്നു.

**വിധിന്യായം**

1. അനുമതി നൽകി

2. 1/11/2018-ലെ, മദ്രാസ് ഹൈക്കോടതി ശരിവച്ച മുരളിയുടെ (10813/2019-ാം നമ്പർ എസ്.എൽ.പി. (ക്രിമിനൽ)-ലെ അപ്പീൽ വാദി) 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 324 ഉം 341 ഉം വകുപ്പുകൾ പ്രകാരം വിധിച്ച മൂന്നു മാസം കഠിന തടവ് എന്ന ശിക്ഷയുടെയും രാജവേലുവിന്റെ (10814/2019 നമ്പർ എസ്.എൽ.പി (ക്രിമിനൽ)-ലെ അപ്പീൽ വാദി) ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 307ഉം 341ഉം വകുപ്പുകൾ പ്രകാരം വിധിച്ച അഞ്ചു വർഷം കഠിനതടവു ശിക്ഷയുടെയും വിധിന്യായത്തിനും എതിരായിട്ടാണ് ഈ കണക്റ്റഡ് അപ്പീലുകൾ ഫയൽ ചെയ്തിരിക്കുന്നത്.

3. പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ, ഇപ്രകാരം ആണ്. വോളിബോൾ മൽസരത്തിനിടയിൽ സെന്തിൽ എന്നൊരാൾ, കുമാറും (ആദ്യ 3-ാം പ്രതി) കൃഷ്ണനുമായി (ആദ്യ 5-ാം പ്രതി) വാക്കു തർക്കം ഉണ്ടായി. മുറിവേറ്റയാൾ (ഇര) (സത്യ എന്ന സത്യജോതി) തന്റെ സുഹൃത്തായ സെന്തിലിന്റെ സഹായത്തിനായി എത്തുകയും കുമാറിനെയും കൃഷ്ണനെയും എതിർക്കുകയും ചെയ്തു. അതിനുശേഷം 9/8/2005-ന്, ഏകദേശം 2:30 pm-ന് രാജവേലുവും മുരളിയും (ആദ്യ 1 ഉം 2 ഉം പ്രതികൾ) മുത്തു, കുമാർ, കൃഷ്ണൻ (ആദ്യ 3,4,5 പ്രതികൾ) എന്നിവരും ചേർന്ന് ഇരയെ വളയുകയും ആക്രമിക്കുകയും ചെയ്തു.

ഇരയുടെ തലയിൽ ഹോക്കി സ്റ്റിക്കു കൊണ്ട് മുരളി അടിച്ചു എന്നും രാജവേലു വീച്ചു അരുവാൾ (മൂർച്ചയുള്ള വസ്തു) കൊണ്ട് കഴുത്തിൽ വെട്ടി കൊല്ലാൻ ശ്രമിക്കുകയും മുറിവേറ്റയാൾ ഭാഗ്യം കൊണ്ട് തടയുകയും ചെയ്തു എന്ന് ആരോപിക്കപ്പെടുന്നു. ഈ സംഭവത്തിൽ മുറിവേറ്റയാളുടെ ഇടതു കൈയും വലതു കയ്യിലെ പെരുവിരലും ഛേദിക്കപ്പെട്ടു. മുറിവു പറ്റിയ ആൾക്ക് അവിടന്നു രക്ഷപ്പെടാൻ സാധിക്കുകയും അയാളുടെ സുഹൃത്ത് PW 1 ഈ സംഭവം അറിയിക്കുകയും ചെയ്തു. അഞ്ചു പേരേയും അറസ്റ്റു ചെയ്തു. അതു ഐ.പി.സി യിലെ 147,148,341,352, 323,324,307,34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 531/2005 രജിസ്റ്റർ ചെയ്യാൻ കാരണമായി.

4. ഇരയുടെ (PW3) മൊഴി വളരെ മികച്ചതും കുറ്റമറ്റതും എന്ന് കണ്ടെത്തു കയും അതിന്റെ അടിസ്ഥാനത്തിൽ ഗൂഡലൂർ അസിസ്റ്റന്റ് സെഷൻസ് ജഡ്ജി/ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ്, അദ്ദേഹത്തിന്റെ 28/1/12 ലെ വിധി ന്യായത്തിൽ, മുറിവേറ്റ ആളെ അന്യായമായി തടഞ്ഞുവച്ചതിനും മാരകയായുധംകൊണ്ട് മനപ്പൂർവ്വം മുറിവേൽപ്പിച്ചതിനും മുരളി കുറ്റക്കാരനാണെന്ന് കണ്ടെത്തി. മെഡിക്കൽ തെളിവുകളുടെയും രാജവേലുവിൽ നിന്ന് വീച്ചു അരിവാൾ കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിൽ കീഴ് ക്കോടതി അഭിപ്രായപ്പെട്ടത്, രണ്ടാം അപ്പീൽ വാദിക്ക് (രാജവേലു) മുറിവേറ്റയാളെ കൊലപ്പെടുത്തണം എന്ന വ്യക്തമായ ഉദ്ദേശ്യം ഉണ്ടായിരി

ന്നുവെന്നും മുറിവേറ്റയാൾ സ്വയരക്ഷാർത്ഥം തടഞ്ഞില്ലായെങ്കിൽ കഴുത്തിൽ മാരകമായ മുറിവ് ഉണ്ടാകുകയും തൽസമയം മരണപ്പെടുമായിരുന്നു എന്നുമാണ്.

തൽഫലമായി മുരളിക്കു മേൽ ഒരേ കാലത്ത് അനുഭവിക്കേണ്ട, ഐ.പി.സി 324 വകുപ്പ് പ്രകാരം മൂന്ന് മാസത്തെ കഠിനതടവും ഐ.പി.സി 341 വകുപ്പ് പ്രകാരം ഒരു മാസത്തെ കഠിന തടവും വിധിക്കുകയും രാജവേലുവിനു ഐ.പി.സി വകുപ്പ് 307 പ്രകാരം അഞ്ചു വർഷത്തെ കഠിന തടവിനോടൊപ്പം, ഐ.പി.സി 341 പ്രകാരം ഒരു മാസത്തെ കഠിന തടവും വിധിച്ചു. മുത്തു, കുമാർ, കൃഷ്ണൻ എന്നിവർക്കെതിരെ ഇരയ്ക്ക് പരാതി ഇല്ലാതിരുന്നതിനാലും അവർ ദേഹോപദ്രവം ഏൽപ്പിച്ചുവെന്നോ അവരുടെപക്കൽ ആയുധം ഉണ്ടായിരുന്നുവെന്നോ പ്രോസിക്യൂഷൻ ആരോപിക്കാത്തതിനാലും, അവരെ വെറുതെ വിട്ടു.

5. ശിക്ഷിക്കപ്പെട്ട അപ്പീൽ വാദികൾ മേൽ പറഞ്ഞ വിധി രണ്ടു ഫോറങ്ങൾ മുമ്പാകെ ചോദ്യം ചെയ്യുകയും രണ്ടു ഫോറങ്ങളും അവരുടെ ശിക്ഷയെ ശരിവെയ്ക്കുകയും ചെയ്തു. അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് ജഡ്ജി 20/8/13-ലെ ഉത്തരവിലൂടെ ആദ്യ അപ്പീൽ തള്ളുകയും ഹൈക്കോടതി മുമ്പാകെ ഉണ്ടായിരുന്ന ക്രിമിനൽ റിവിഷൻ പെറ്റീഷനും 1/11/2018-ലെ ഉത്തരവിലൂടെ അതേ വിധി നേരിടേണ്ടിവന്നു.

6. അതൃപ്തരായ അപ്പീൽ വാദികൾ ഇപ്പോൾ ഹൈക്കോടതി ശിക്ഷ ശരിവച്ച ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനു പ്രത്യേക അനുമതിക്കായി ഈ കോടതിയെ സമീപിച്ചിരിക്കുന്നു. എന്നിരുന്നാലും 22/11/2019-ന് ഫയൽ ചെയ്ത അപേക്ഷയിലൂടെ, കക്ഷികൾ തമ്മിൽ സമാധാനപരമായ ഒത്തുതീർപ്പിന്റെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, പരുക്കേറ്റയാളെ കക്ഷി ചേർത്തുകൊണ്ട് കുറ്റങ്ങൾ രാജിയാക്കുന്നതിന് ആവശ്യപ്പെട്ടു. ഈ കോടതി, എന്നാൽ, ശിക്ഷയുടെ അളവിനെപറ്റി മാത്രം പരിമിതമായ നോട്ടീസ് അയച്ചു.

7. ആ കേസിലെ രേഖകൾ വെളിവാക്കുന്നത് ഇതിനു മുമ്പേ ഉള്ള മൂന്നു ഫോറങ്ങളുടെയും കണ്ടെത്തലുകൾ സമവായത്തിലുള്ളതും തെറ്റില്ലാത്തതുമാണ് എന്നാണ്. അപ്പീൽ വാദികൾക്ക് നിയമപ്രശ്നത്തെ അടിസ്ഥാനമാക്കി ഫലപ്രദമായ ഒരു തർക്കം എടുക്കുവാൻ കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല അവരുടെ അഭിഭാഷകർ, അവരുടെ അപേക്ഷയിൽ, പിന്നീടുണ്ടായ സംഭവങ്ങളും മാറിയ സാഹചര്യങ്ങളും കണക്കിലെടുത്ത് ശിക്ഷാ കാലാവധി കുറയ്ക്കുക എന്നതിൽ മാത്രം അവരുടെ അപേക്ഷ നിജപ്പെടുത്തിയിരിക്കുന്നു.

8. കക്ഷി ചേർക്കുന്നതിനും രാജിയാക്കുന്നതിനുമുള്ള അപേക്ഷ പരിശോധിച്ചതിൽ കക്ഷികൾ മുതിർന്നവരുടെ ഉപദേശ പ്രകാരമാണ് ഒത്തുതീർപ്പിൽ എത്തിചേർന്നത് എന്ന് വ്യക്തമാണ്. അപ്പീൽ വാദികൾ അവരുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അവരുടെ തെറ്റുകൾ അംഗീകരിക്കുകയും

ഇരയിൽ നിന്നും പശ്ചാത്തയോടെ, ക്ഷമ ചോദിക്കുകയും ചെയ്തിട്ടുണ്ട്. പകരം ഇരയുടെ മാപ്പപേക്ഷ സദയം സ്വീകരിക്കുകയും സംഭവസമയത്തെ വാദികളുടെ ചെറുപ്രായം കണക്കിലെടുത്ത് വാദികൾക്ക് മാപ്പു നൽകി തർക്കം പരിഹരിക്കുയും ചെയ്തു. വാദിയുടെ അഭിഭാഷകൻ ഈ കാര്യം വാദം കേൾക്കുന്നതിനിടയിലും ആവർത്തിച്ചു.

9. 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 320-ാം വകുപ്പിൽ രാജിയാക്കാവുന്ന കേസുകളുടെ ലിസ്റ്റിൽ ഐ.പി.സി 307 ഉം 324 ഉം വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്ന് നിസ്സംശയം പറയാം. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 320(9) വകുപ്പിന്റെ വ്യക്തമായ ഭാഷ, മേൽപറഞ്ഞ നിയമത്തിൽ അനുവദിച്ചിട്ടുള്ള കുറ്റങ്ങൾ ഒഴികെ രാജിയാക്കുന്നതു സ്പഷ്ടമായി തടഞ്ഞിരിക്കുന്നതിനാൽ വാദികളുടെ കുറ്റം രാജിയാക്കുവാൻ സാധിക്കുകയില്ല.

10. ഇതു കൂടാതെ ബോധ്യമാക്കുന്നത്, തർക്കം സൗഹാർദ്ദപരമായി പരിഹരിച്ചു എന്ന സംഗതി ശിക്ഷയുടെ അളവ് കുറയ്ക്കുക എന്ന കാര്യത്തിൽ പ്രസക്തമായ ഘടകമാക്കാവുന്നതാണ് എന്നാണ്. കക്ഷികൾ പഴയ കാര്യങ്ങൾ മറന്ന് സൗഹാർദ്ദത്തോടെ ജീവിക്കാൻ തീരുമാനിച്ച ഏകദേശം ഇതേ സാഹചര്യം ഉള്ള റാം പൂജൻ V സ്റ്റേറ്റ് ഓഫ് യു.പി [(1973) 2 എസ്.സി.സി 456] എന്ന കേസിൽ ഈ കോടതി ഇപ്രകാരം പ്രസ്താവിച്ചിരുന്നു.

"6. നേരത്തേ പറഞ്ഞ പോലെ, നമ്മളെ സംബന്ധിക്കുന്ന ഒറ്റ ചോദ്യം, ശിക്ഷയെ കുറിച്ചുള്ളതാണ്. ഈ കാര്യത്തിൽ ഒത്തുതീർപ്പിനുള്ള അപേക്ഷ പരുക്കുപറ്റിയ പ്രോസിക്യൂഷൻ സാക്ഷികൾക്കും അപ്പീൽ വാദികൾക്കും വേണ്ടി ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നതായി കാണുന്നു. അപേക്ഷയിൽ പറഞ്ഞിരിക്കുന്നത്, അപ്പീൽവാദികളും മുറിവേറ്റവരും ഒരു കുടുംബത്തിൽപ്പെട്ടവർ ആണെന്നും അവരുടെ തർക്കം രമ്യമായി പരിഹരിച്ചതു കൊണ്ട് സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നു എന്നുമാണ്. ഹൈക്കോടതി ഉടനെ തന്നെ ഒത്തുതീർപ്പപേക്ഷ പരിശോധിക്കുന്നതിനു വിചാരണക്കോടതിയിലേക്ക് റഫർ ചെയ്തു.

ഒത്തുതീർപ്പപേക്ഷ പരിശോധിച്ചു കിട്ടിയ ശേഷം, 1860-ലെ ശിക്ഷാ നിയമത്തിലെ 326-ാം വകുപ്പിൻ കീഴിലുള്ള കുറ്റകൃത്യങ്ങൾ രാജിയാക്കത്തക്കതല്ലാത്തതിനാൽ കുറ്റം രാജിയാക്കുന്നതിനുള്ള അനുമതി നൽകാൻ കഴിയുകയില്ല എന്ന് പ്രസ്താവിച്ച് ഹൈക്കോടതി ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ഹൈക്കോടതി, എന്നിരുന്നാലും, 1860-ലെ ശിക്ഷാനിയമത്തിലെ 326 ഉം 341 ഉം വകുപ്പുകൾ പ്രകാരമുള്ള ശിക്ഷ നാല് വർഷം എന്നതിൽ നിന്നും രണ്ടു വർഷമായി കുറച്ചു.

7. അപ്പീൽ വാദികളെ അപ്പീൽ പരിഗണിക്കുന്നതിനിടെ ജാമ്യത്തിൽ വിട്ടയച്ചില്ല എന്നും ഇതിനകം അവർ നാലു മാസത്തിൽ കൂടുതൽ കഠിന തടവ് അനുഭവിച്ചു എന്നു കാണുന്നു. കക്ഷികളെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളും

അവർ തർക്കം പരിഹരിക്കുകയും ചെയ്തതിനാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, കൂടുതൽ കാലം അപ്പീൽ വാദികളെ ജയിലിൽ പാർപ്പിക്കേണ്ട കാര്യമില്ല.

അപ്പീൽ വാദികൾ ശിക്ഷിക്കപ്പെട്ട പ്രധാന വകുപ്പ് രാജിയാക്കാവുന്നതല്ലാത്തത് ആണ് എന്നത് തർക്കമില്ലാത്തതാണ്, എങ്കിലും ശിക്ഷയുടെ വ്യാപ്തി നിർണ്ണയിക്കുന്നതിനു രാജിയായി എന്ന സംഗതി കണക്കിലെടുക്കാവുന്നതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, 1860-ലെ ഐ.പി.സി യിലെ വകുപ്പ് 326ഉം വകുപ്പ് 34ഉം പ്രകാരം തടവു ശിക്ഷയനുഭവിച്ച കാലയളവിനോടൊപ്പം 1500 രൂപ വീതം ഓരോ അപ്പീൽ വാദിയും പിഴ ഒടുക്കുന്ന പക്ഷം അപ്പീൽ വാദികൾക്ക് നൽകിയ തടവ് ശിക്ഷ ഇതിനകം അനുഭവിച്ച കാലയളവിലേക്ക് കുറയ്ക്കുന്നത് നീതിനിർവ്വഹണം ആകും എന്നു തന്നെ പറയാം. പിഴ ഒടുക്കുവാൻ വീഴ്ച വരുത്തിയാൽ 1860-ലെ ഐ.പി.സി യിലെ 326-ാം വകുപ്പും 34-ാം വകുപ്പും പ്രകാരമുള്ള കുറ്റത്തിന് ഓരോ അപ്പീൽ വാദിയും ഒരു വർഷം കഠിന തടവ് അനുഭവിക്കേണ്ടതാണ്. പിഴ ഈടാക്കിയാൽ അതിൽ നിന്ന് 2000 രൂപ റാം സേവക്കിനും 2000 രൂപ റാം സംജിക്കും നഷ്ടപരിഹാരമായി നൽകേണ്ടതാണ് എന്ന് ഞങ്ങൾ ഇപ്രകാരം ഉത്തരവാകുന്നു.”

(ഊന്നൽ നൽകുന്നു)

11. മേൽ പറഞ്ഞ നിരീക്ഷണം ഈശ്വർ സിംഗ് V സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ് {(2008) 15 എസ്.സി.സി 667} എന്ന കേസിൽ ഉൾപ്പടെ, ഈ കോടതി സ്ഥിരമായി പിന്തുടരുന്നത് താഴെ ചേർക്കുന്നു.

“13. ജതറാം V സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ [(2006) 9എസ്.സി.സി 255: (2006) 2 എസ്.സി.സി (ക്രിമിനൽ)561], മുരുകേശൻ V ഗണപതി വേളാർ [(2001) 10 എസ്.സി.സി 504] : 2003 എസ്.സി.സി (ക്രിമിനൽ) 1032, ഈശ്വർലാൽ V സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ് [(2008) 15 എസ്.സി.സി 671 : ജെ റ്റി (1988) 3 എസ്.സി 36(1) ] എന്നീ കേസുകളിൽ ഈ കോടതി, കക്ഷികൾ തമ്മിൽ രാജിയായി എന്ന വസ്തുത കണക്കിലെടുത്ത് രാജിയാക്കാവുന്ന കുറ്റങ്ങൾ അല്ലെങ്കിലും അപ്പീൽ വാദി/പ്രതികൾക്ക് മേൽ ചുമത്തിയ ശിക്ഷ അവർ തടവ് ശിക്ഷ പൂർത്തിയാക്കിയ കാലയളവായി കുറച്ചു. എന്നാൽ മഹേഷ് ചന്ത് V സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ [ 1990 സപ്ലി എസ്.സി.സി 681 : 1991 എസ്.സി.സി (ക്രിമിനൽ) 159] : എ.ഐ.ആർ 1988 എസ്.സി 2111] എന്നീ കേസുകളിൽ ഇത്തരം കുറ്റങ്ങൾ രാജി ആക്കാം എന്നും പറഞ്ഞിരിക്കുന്നു.

14. ഞങ്ങളുടെ പരിഗണിത അഭിപ്രായത്തിൽ, നിയമത്തിലെ വ്യവസ്ഥകൾ മാറ്റിവച്ചും അവഗണിച്ചും നിയമപ്രകാരം രാജിയനുവദിക്കാൻ പറ്റാത്ത കുറ്റം രാജിയാക്കാൻ ഉത്തരവ് ചെയ്യുന്നത് ശരിയല്ല. എന്നിരുന്നാലും, ഞങ്ങളുടെ വിധിന്യാത്തിൽ, പ്രതിപാദകമായ ശിക്ഷ ചുമത്തിയതുസംബന്ധിച്ച് തീരുമാനിക്കുമ്പോൾ കക്ഷികൾ തമ്മിൽ രാജിയായി എന്നുള്ള സംഗതി കോടതിയുടെ

പരിഗണനയിലുണ്ടാകേണ്ട പ്രസക്തമായ കാര്യമാണ് എന്ന അപ്പീൽ വാദിയുടെ അഭിഭാഷന്റെ പ്രസ്താവന കണക്കിലെടുക്കേണ്ടതാണ്.

15. ഈ കേസിൽ, സംഭവം നടക്കുന്നത് പതിനഞ്ചു വർഷങ്ങൾക്ക് മുമ്പാണ്. ഇതിലെ കക്ഷികൾ ബന്ധുക്കളും ഒരേ ഗ്രാമത്തിൽ താമസിക്കുന്നവരുമാണ്. അപ്പീൽ വാദിക്ക് കുറ്റം ചെയ്യുമ്പോൾ ഏകദേശം ഇരുപതു വയസ് പ്രായം ഉണ്ടായിരുന്നു. അതു അയാളുടെ ആദ്യത്തെ കുറ്റമായിരുന്നു. കുറ്റ സ്ഥാപനത്തിനു ശേഷം വാദിയെ കസ്റ്റഡിയിൽ എടുത്തു. ഹൈക്കോടതിയിൽ അപ്പീൽ പരിഗണിക്കുന്നതിനിടെ ജാമ്യത്തിൽ ഇറങ്ങിയെങ്കിലും ഹൈക്കോടതി വിധിക്കു ശേഷം അയാൾ കീഴടങ്ങുകയും ഇപ്പോൾ ജയിലിലുമാണ്.

അയാൾ ജാമ്യത്തിനായി അപേക്ഷിച്ചെങ്കിലും അയാളുടെ അപേക്ഷ അനുവദിച്ചില്ല. അയാളെ ജാമ്യത്തിൽ വിട്ടതുമില്ല. ഈ കേസിന്റെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും സമഗ്രത കണക്കിലെടുക്കുമ്പോൾ, അപ്പീൽ വാദി (ഒന്നാം പ്രതി) തടവുശിക്ഷ ഇതിനകം അനുഭവിച്ച കാലയളവിലേക്ക് കുറച്ചാൽ നീതിയുടെ അന്തിമഫലങ്ങൾ ലഭിക്കുമെന്നാണ് ഞങ്ങളുടെ അഭിപ്രായം.”

(ഊന്നൽ നൽകുന്നു)

12. റാം ലാൽ V സ്റ്റേറ്റ് ഓഫ് ജമ്മു & കാശ്മീർ, **[** (1999) 2 എസ്.സി.സി 13], ബങ്കട് V സ്റ്റേറ്റ ഓഫ് മഹാരാഷ്ട്ര, [(2005) 1 എസ് സി സി 343], മൊഹർ സിംഗ് V സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ [(2015) 11 എസ് സി സി 226], നന്ദഗോപാലൻ V സ്റ്റേറ്റ് ഓഫ് കേരള [(2015) 11 എസ് സി സി 137], ശങ്കർ V സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര [(2019)5 എസ് സി സി 166] എന്നീ കേസുകളിൽ ഉൾപ്പെടെ പിന്നീടുണ്ടായ വിധി ന്യായങ്ങളിൽ, രാജിയാക്കാവുന്നതല്ലാത്ത ഗൗരവമുള്ള കുറ്റങ്ങളിൽ, ശിക്ഷാ കാലാവധി കുറയ്ക്കുന്നതിന്, കക്ഷികൾ തമ്മിലുള്ള ഒത്തുതീർപ്പ് കോടതികൾ പരിഗണിച്ചിട്ടുണ്ട്.

13. നിയമത്തിന്റെ ഈ നിലപാടുകളും തുടർന്നുള്ള സംഭവങ്ങളിൽ നിന്നുടലെടുത്ത പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ, ഇതു അനുകമ്പയർഹിക്കുന്ന അനുയോജ്യമായ കേസ് ആണെന്നും അപ്പീൽവാദിക്കു വിധിച്ച ശിക്ഷയുടെ അളവ് പുനരാലോചിക്കേണ്ടതാണെന്നതുമാണ് ഞങ്ങളുടെ പരിഗണിക്കപ്പെട്ട അഭിപ്രായം. ഞങ്ങൾ അങ്ങനെ പറയുന്നതിന് പ്രഥമ കാരണം, തർക്കത്തിൽപ്പെട്ട കക്ഷികൾ പരസ്പരം വഴക്കിനു വിരാമം ഇട്ടു എന്നതാണ്. പരുക്കേറ്റയാളുടെ സത്യവാങ്മൂലം സാധ്യമായത് പ്രായം കൊണ്ടുള്ള പക്വതയും വർഷങ്ങൾ കടന്നുപോയതുമാകണം; ആയത് മാപ്പപേക്ഷ സ്വമേധയാ സ്വീകരിച്ചു എന്നത് ബോധ്യമാക്കി തരുന്നു. ഒത്തുതീർപ്പ് ഏതെങ്കിലും സമ്മർദ്ദത്തിന്റെയോ, പ്രലോഭനത്തിന്റെയോ ഫലമായിട്ടാണോ എന്നൊരു ചോദ്യത്തിനു പ്രസക്തിയുമില്ല. കക്ഷികൾ ഇപ്പോൾ സൗഹാർദ്ദപരമായി ഒരേ സമൂഹത്തിൽ സഹവസിക്കുന്നുവെന്ന് കണക്കിലെടുക്കുമ്പോൾ ശിക്ഷാ കാലാവധി കുറയ്ക്കുന്നതിന് അനുയോജ്യമായ കേസാണിത്.

14. രണ്ടാമതായി, സംഭവ സമയത്ത് ഇരു കലാലയ വിദ്യാർത്ഥിയായിരുന്നു, രണ്ടു വാദികൾക്കും 20-22 വയസ്സിനു മുകളിൽ പ്രായമില്ലായിരുന്നു. കായിക മൽസര ത്തിനിടയിലുണ്ടായ വാക്കു തർക്കമാണ് അക്രമത്തിനു കാരണം. അല്ലാതെ കക്ഷികൾ തമ്മിൽ മുൻ വൈരാഗ്യം ഉണ്ടായിരുന്നില്ല. കക്ഷികൾ മുതിർന്നവരായി എന്നതും അവരുടെ മാർഗ്ഗം മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന പ്രതീക്ഷ ഉളവാക്കുന്നു. തീർച്ചയായും, ഈ കേസിലെ സംഭവത്തിനു ശേഷം പതിനഞ്ചു വർഷം കഴിയുകയും ചെയ്തു എന്നതിൽ തർക്കമില്ല. അപ്പീൽ വാദികൾ ഇപ്പോൾ മുപ്പതു വയസ്സു കഴിഞ്ഞവർ ആയതിനാൽ അതേ കുറ്റം ചെയ്യാൻ സാധ്യതയില്ലാത്തതുമാണ്.

15. മൂന്നാമത്, അപ്പീൽവാദികൾക്ക് മറ്റ് കുറ്റകൃത്യങ്ങളുടെ ചരിത്രം ഇല്ലാത്തതും, മുൻ വൈരാഗ്യം ഇല്ലായിരുന്നു എന്നുള്ളതും, ഇപ്പോൾ വിവാഹം കഴിഞ്ഞു കുട്ടികളുമുണ്ട് എന്നതുമാണ്. അവർ കുടുംബത്തിലെ ഏക ആശ്രയവും വ്യക്തമായ സാമൂഹിക പ്രതിബദ്ധത പാലിക്കാനുള്ളവരുമാണ്. അത്തരം സാഹചര്യത്തിൽ, ഇനിയും അവരെ തടവിലാക്കുന്നത് സമൂഹത്തിന്റെ താൽപര്യത്തിനു ഉതകുന്നതല്ല.

16. അവസാനമായി, രണ്ടു അപ്പീൽ വാദികളും അവരുടെ ശിക്ഷയുടെ കൂടുതൽ കാലവും അനുഭവിച്ചു കഴിഞ്ഞു. മുരളി അയാളുടെ ശിക്ഷയുടെ പകുതിയിലേറെയും രാജവേലു ഒരു വർഷവും എട്ട് മാസത്തിൽ കൂടുതലും ജയിൽ ശിക്ഷയനുഭവിച്ചു.

17. കക്ഷികൾ തമ്മിലുള്ള ഒത്തുതീർപ്പ് ഉൾപ്പെടെ എല്ലാ സവിശേഷ ഘടകങ്ങളും പരിഗണിക്കുമ്പോൾ, അപ്പീൽ വാദികൾക്കുമേൽ ചുമത്തിയ ശിക്ഷയുടെ കാലയളവ് കുറയ്ക്കേണ്ടത് ഉചിതമാണെന്ന് ഞങ്ങൾ കരുതുന്നു. അപ്പീലുകൾ ഭാഗിക മായി അനുവദിക്കുകയും രണ്ടു അപ്പിൽ വാദികളുടെ ശിക്ഷയും അവർ ജയിലിൽ കഴിഞ്ഞ കാലം അവരുടെ ശിക്ഷാ വിധിയായി കുറയ്ക്കുകയും ചെയ്യുന്നു. തത്ഫലമായി, അവരെ മോചിപ്പിക്കുകയും ജാമ്യ ഉടമ്പടി ഉണ്ടെങ്കിൽ അത് ഒഴിവാക്കു കയും ചെയ്യുന്നു. ഏതെങ്കിലും നിലവിലുള്ള അപേക്ഷകളും ഇപ്രകാരം തീർപ്പാക്കുന്നു.

## ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അശോക് ഭൂഷൺ**
**&**
**വിനീത് ശരൺ**

**&**

**എം. ആർ. ഷാ**
**സുരേന്ദ്രൻ**

Vs

**സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്**

(2021 ജൂൺ 30–ന് വിധി പ്രസ്താവിച്ചത്)

**പ്രസക്തഭാഗങ്ങൾ**

സംഭവം നടന്നിട്ട് 26 വർഷങ്ങൾ പിന്നിട്ടു എന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്തു് ബഹു. സുപ്രീം കോടതി പ്രതിയുടെ ആറു മാസ തടവുശിക്ഷ പിഴയായി പരിഷ്ക്കരിച്ചു – ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 279,338 വകുപ്പുകൾ പ്രകാരമുള്ള ആറു മാസത്തെ തടവുശിക്ഷാ വിധിക്കു പകരമായി 1000 രൂപ പിഴ യായി ഭേദഗതി ചെയ്തു.

**വിധിന്യായം**

**ബഹു. ജസ്റ്റിസ്. അശോക് ഭൂഷൺ**

1. അനുമതി നൽകി

2. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 279, 337&338 എന്നീ വകുപ്പുകൾ പ്രകാര മുള്ള കുറ്റ സ്ഥാപനവും ശിക്ഷയും ചോദ്യം ചെയ്തു ഫയൽ ചെയ്ത ക്രിമിനൽ റിവിഷൻ തള്ളിക്കൊണ്ടുള്ള 1.09.2015 തീയതിയിലെ, ഹൈക്കോടതി വിധിക്കെതിരെ യാണ് ഈ അപ്പീൽ അപ്പീൽവാദി ഫയൽ ചെയ്തിരിക്കുന്നത്.

3. ബസ് ഡ്രൈവറായ അപ്പീൽവാദി KL7D 4770 നമ്പർ ബസ് ഓടിക്കുന്നതിനി ടയിൽ 16.02.1995–ൽ ഒരു അപകടം സംഭവിക്കുകയും ടി അപകടത്തിൽKL 10B 5634

എന്ന രജിസ്ട്രേഷൻ നമ്പറുള്ള കാറിന്റെ ഡ്രൈവർക്ക് പരുക്കേൽക്കുകയും ചെയ്തു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 279,337,338 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യം അപ്പീൽവാദിയിൽ ചുമത്തി. 28.04.1999 തീയതിയിലെ വിധിന്യായത്തിലൂടെ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കുറ്റാരോപിതനെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 279 ഉം 338 ഉം വകുപ്പുകൾ പ്രകാരം കുറ്റസ്ഥാപനം നടത്തുകയും ആറ് മാസം തടവു ശിക്ഷ വിധിക്കുകയും 500 രൂപ പിഴ ചുമത്തുകയും വീഴ്ച വരുത്തുന്ന പക്ഷം ഐപിസി 337-ാം വകുപ്പു പ്രകാരം ഒരു മാസം വെറും തടവും വിധിച്ചു.

4. ടി വിധിക്കെതിരെ അപ്പീൽവാദി സെഷൻസ് കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും ആയത് 29.05.2003-ലെ വിധിന്യായത്തിലൂടെ സെഷൻസ് കോടതി തള്ളുകയും ചെയ്തു. സെഷൻസ് കോടതിയുടെ വിധിയെ ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിയിൽ ക്രിമിനൽ റിവിഷൻ ഫയൽ ചെയ്യുകയും പ്രസ്തുത ക്രിമിനൽ റിവിഷൻ ബഹു. ഹൈക്കോടതി 1.09.2015-ലെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലൂടെ തള്ളുകയും ചെയ്തു.

5. ഈ കോടതി 1.08.2016-ൽ ശിക്ഷയെ സംബന്ധിച്ച തർക്കത്തിനു മാത്രം നോട്ടീസ് നൽകി. നോട്ടീസിന്റെ നടത്തിപ്പ് പൂർണ്ണമാണ് എന്നാൽ എതിർകക്ഷിക്കു വേണ്ടി ആരും ഹാജരായില്ല.

6. അപ്പീൽവാദി, അയാളുടെ ഭാര്യയും നാല് കുട്ടികളുമടങ്ങുന്ന ഒരു സാധു കുടുംബത്തിലെ ഏക അന്ന ദാതാവാണെന്ന് അപ്പീൽവാദിക്ക് വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. 21 വർഷത്തിനുശേഷം അപ്പീൽവാദി ജയിലിലേയ്ക്ക് അയക്കപ്പെട്ടാൽ തിരുത്താനാകാത്ത ഹാനി അനുഭിക്കേണ്ടി വരുമെന്നും സമർപ്പിച്ചു.

7. ഈ കോടതിയുടെ എ.പി.രാജു Vs സ്റ്റേറ്റ് ഓഫ് ഒറീസ്സ, 1995 Supp(2)SCC 385 ഉം പ്രകാശ് ചന്ദ്ര അഗ്നിഹോത്രി Vs സ്റ്റേറ്റ് ഓഫ് എം.പി (1990 Supp SCC 764) എന്നീ വിധിന്യായങ്ങളെയാണ് അപ്പീൽവാദിയുടെ അഭിഭാഷകൻ അവലംബിച്ചത്.

8. അപ്പീൽവാദിയുടെ അഭിഭാഷകന്റെ വാദങ്ങൾ ഞങ്ങൾ പരിഗണിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

9. പ്രകാശ് ചന്ദ്ര അഗ്നിഹോത്രിയിലെ (മുകളിലത്തെ) ഈ കോടതിയുടെ വിധി, അപ്പീൽവാദിക്ക് വേണ്ടിയുള്ള അഭിഭാഷകൻ ആശ്രയിച്ച പോലെ അദ്ദേഹത്തിന്റെ വാദങ്ങളെ പിന്തുണയ്ക്കുന്നു. മേൽപ്പറഞ്ഞ കേസിൽ, 304 A വകുപ്പുപ്രകാരം പ്രതിയെ കുറ്റക്കാരനാണെന്നു കണ്ടെത്തി ആറു മാസത്തേക്ക് ശിക്ഷിച്ചു. ഈ കോടതി തടവു ശിക്ഷ 500 രൂപ പിഴയായി മാറ്റം വരുത്തി. സംഭവം നടന്ന് 18 വർഷത്തിനു ശേഷം അപ്പീൽവാദിയെ ജയിലിലേക്ക് അയക്കുന്നത് കഠിനമായിരിക്കുമെന്നായിരുന്നു കോടതിയുടെ വീക്ഷണം. വിധിന്യായത്തിന്റെ ഒന്നാം ഖണ്ഡികയിൽ ഇപ്രകാരം നിരീക്ഷിച്ചു:

"1. ഇന്ത്യൻ ശിക്ഷാനിയമം 304A വകുപ്പുപ്രകാരം കീഴ്ക്കോടതികൾ അപ്പീൽവാദിയുടെ ശിക്ഷ നിലനിർത്തിയിട്ടുണ്ട്. കീഴ്ക്കോടതികളുടെ വിധിന്യായങ്ങൾ ഞങ്ങൾ വായിച്ചിട്ടുള്ളതും അതിൽ ഒരു പോരായ്മയും ഞങ്ങൾ കണ്ടെത്തിയിട്ടില്ലാത്തതുമാണ്. ശിക്ഷയെ ഞങ്ങൾ അനുകൂലിക്കുന്നു. 1972 ഫെബ്രുവരി 18-നായിരുന്നു സംഭവം. അപ്പീൽവാദി എല്ലാക്കാലത്തും ജാമ്യത്തിലായിരുന്നു. അദ്ദേഹത്തെ ആറ് മാസം കഠിന തടവിനും 250 രൂപ പിഴയ്ക്കും ശിക്ഷിച്ചു. സംഭവം നടന്ന് 18 വർഷത്തിനു ശേഷം അപ്പീൽവാദിയെ ജയിലിലേക്കയയ്ക്കുന്നത് കഠിനമായിരിക്കുമെന്നാണ് ഞങ്ങളുടെ കാഴ്ചപ്പാട്. അപ്പീൽവാദിയോട് 2000 രൂപ പിഴയടയ്ക്കാൻ ആവശ്യപ്പെട്ടാൽ നീതി ലഭ്യമാവും. ശിക്ഷ അങ്ങനെ 2000 രൂപ പിഴയായി മാറ്റുന്നു. ഇത് സാധ്യമായാൽ തുക മരിച്ച പെൺകുട്ടിയുടെ കുടുംബത്തിന് നൽകണം. ഇന്നുമുതൽ രണ്ടു മാസത്തിനകം തുക വിചാരണക്കോടതിയിൽ കെട്ടിവയ്ക്കേണ്ടതും വിചാരണക്കോടതി അത് പെൺകുട്ടിയുടെ മാതാപിതാക്കൾക്കോ മാതാപിതാക്കളുടെ അഭാവത്തിൽ പെൺകുട്ടിയുടെ അടുത്ത ബന്ധുക്കൾക്കക്കോ നൽകേണ്ടതുമാണ്. പിഴയടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, അപ്പീൽവാദി ആറ് മാസം തടവനുഭവിക്കണം."

10. ഈ കേസിലെ സംഭവം നടന്നത് 16.02.1995-ന്, അതായത് 26 വർഷങ്ങൾക്ക് മുമ്പാണ്. അപ്പീൽവാദി എക്കാലത്തും ജാമ്യത്തിലായിരുന്നുവെന്ന് കാണുന്നു. തെളിവുകൾ പരിശോധിച്ച ശേഷം വിചാരണക്കോടതി ഐ.പി.സി 279,338 വകുപ്പുകൾ പ്രകാരം ആറു മാസം തടവിന് ശിക്ഷിക്കുകയും കൂടാതെ 337 വകുപ്പുപ്രകാരം 500 രൂപ പിഴയും വിധിച്ചു.

11. വിചാരണക്കോടതി വിധിച്ച ശിക്ഷയിൽ ഒരു പിശകും ഞങ്ങൾ കാണുന്നില്ല. അപ്പീൽവാദിയുടെ ശിക്ഷ സ്ഥിരീകരിക്കുന്നു, എന്നിരുന്നാലും ഈ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും, പ്രത്യേകമായും സംഭവം നടന്നിട്ട് 26 വർഷങ്ങൾ പിന്നിട്ടുവെന്ന വസ്തുതയും നോക്കുമ്പോൾ 279, 338 വകപ്പുകൾ പ്രകാരമുള്ള ആറു മാസത്തെ തടവ് പിഴയായി മാറ്റാൻ ഞങ്ങൾ നിർബന്ധിതരായതിനാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 279,338 വകുപ്പുകൾ പ്രകാരമുള്ള ആറു മാസത്തെ തടവിനു പകരം 1000 രൂപവീതം പിഴചുമത്തുന്നതിനോടൊപ്പം ഐ.പി.സി 337-ാം വകുപ്പു പ്രകാരമുള്ള പിഴ നിലനിർത്തിയിരിക്കുന്നു.

12. പ്രതിക്ക് പിഴയായ 1000+1000 രൂപ അതായത് 2000 രൂപ ഒരു മാസത്തിനുള്ളിൽ വിചാരണക്കോടതിയിൽ കെട്ടിവയ്ക്കാം. കീഴ്ക്കോടതികളുടെ വിധിന്യായങ്ങൾ മേൽപ്പറഞ്ഞ പ്രകാരം പരിഷ്ക്കരിച്ചിരിക്കുന്നു. അതനുസരിച്ച് അപ്പീൽ ഭാഗികമായി അനുവദിച്ചിരിക്കുന്നു.

## ബഹു. സുപ്രീം കോടതി മുമ്പാകെ

**വി.എൻ. പബ്ലിക് ഹെൽത്ത് ആൻഡ്**

**എഡ്യൂക്കേഷണൽ ട്രസ്റ്റ് മുതൽപേർ**

**Vs**

**സ്റ്റേറ്റ് ഓഫ് കേരള മുതൽ പേർ.**

സിവിൽ അപ്പീൽ നം. 703–704/2021

പ്രത്യേകാനുമതി ഹർജി (സി) നം 14219–14220/2020–ൽ നിന്നുത്ഭവിച്ചത്

(2021 ഫ്രെബ്രുവരി 24–ന് വിധി പ്രസ്താവിച്ചത്)

### വിധിയുടെ പ്രസക്ത ഭാഗങ്ങൾ

മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനും പ്രവൃത്തിപ്പിക്കുന്നതിനും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുമെന്നുള്ള ബന്ധപ്പെട്ടവർക്കിടയിലെ പ്രതീക്ഷയ്ക്ക് അംഗീകാരം നൽകികൊണ്ട്, അപേക്ഷിക്കുന്ന കോളേജ് മെഡിക്കൽ വിദ്യാഭ്യാസം നൽകുന്നതിന് അനുയോജ്യമാണെന്ന് പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ നൽകുന്ന എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഒരു മെഡിക്കൽ കോളേജിനെ നിയമപരമാക്കുന്നു. സംസ്ഥാന സർക്കാർ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് ഒരു ഭരണപരമായ പ്രവൃത്തിയല്ല. ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് ന്യായമാണെന്ന് സംസ്ഥാന സർക്കാർ സാക്ഷ്യപ്പെടുത്തിയാൽ, കോളേജ് സ്ഥാപിക്കുന്നതിന് ഒരു ന്യായീകരണവും ഉണ്ടായിരുന്നില്ലെന്ന് പിന്നീടുള്ള ഘട്ടത്തിൽ പറയാൻ കഴിയില്ല. എന്നാൽ അത്തരം സർട്ടിഫിക്കറ്റ് വഞ്ചന പ്രയോഗിച്ച് നേടിയതാണെങ്കിലോ അല്ലെങ്കിൽ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിനുള്ള ഉദ്ദേശ്യങ്ങൾ തന്നെ അപ്രത്യക്ഷമാകുന്ന സാഹചര്യത്തിലോ അല്ലെങ്കിൽ പ്രകൃത്യാലുള്ള മറ്റേതെങ്കിലും കാരണങ്ങളാലോ അത്തരം സർട്ടിഫിക്കറ്റ് പിൻവലിക്കാൻ സംസ്ഥാന സർക്കാരിന് അവകാശമുണ്ട്.

**വിധിന്യായം**

കൃഷ്ണമുരാരി ജെ.

1. അനുമതി നൽകി

2. കേരള ഹൈക്കോടതി 2020-ലെ 1401, 1413 എന്നീ നമ്പറുകളിലെ റിട്ട് അപ്പീലുകളിൽ പുറപ്പെടുവിച്ച 03.11.2020-ലെ വിധിന്യായത്തിൽ നിന്നും ഉത്തരവിൽ നിന്നും ഈ അപ്പീലുകൾ ഉണ്ടായിട്ടുള്ളതും, അതിൽ ടി ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് സിംഗിൾ ജഡ്ജിയുടെ നിർദ്ദേശങ്ങൾ, അപ്പീൽവാദികൾ 2021-2022 അദ്ധ്യയന വർഷം മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് പരിഗണിക്കുന്ന പരിധിവരെ പരിഷ്കരിച്ചുട്ടുള്ളതുമാണ്.

3. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റും (ഇനിമുതൽ 'EC' എന്ന് പരാമർശിക്കുന്നത്) അഫിലിയേഷന്റെ സമ്മതവും (ഇനി മുതൽ 'CoA' എന്ന് പരാമർശിക്കുന്നത്) അപ്പീൽവാദിക്ക് 2020-2021 വർഷത്തേക്ക് അനുവദിക്കണമോ എന്നതാണ് ഞങ്ങളുടെ മുമ്പിൽ പരിഗണനയ്ക്കായി ഉയർന്നുവരുന്ന വിഷയം. പരിഹരിക്കേണ്ട മറ്റ് വിഷയങ്ങൾ ഇവയാണ്:-

(i) സംസ്ഥാന സർക്കാർ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് ഒരു ഭരണപരമായ പ്രവൃത്തി മാത്രമാണോ?

(ii) ഒരിക്കൽ നൽകിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പിൻവലിക്കാൻ കഴിയുമോ?

4. വസ്തുതകൾ ചുരുക്കത്തിൽ:- ആരോഗ്യം, വൈദ്യം എന്നിവയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ട്രസ്റ്റാണ് അപ്പീൽവാദി. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്, 2006-ൽ പാലക്കാട് ജില്ലയിലെ വാളയാറിൽ 300 കിടക്കകളുള്ള ആശുപത്രി സ്ഥാപിച്ചതായി അപ്പീൽവാദി അവകാശപ്പെടുന്നു. അപ്പീൽവാദിയുടെ കേസ് അനുസരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥലത്ത് ഏർപ്പെടുത്തുകയും 2006 മുതൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നുവെങ്കിലും, 'EC' യും 'CoA' യും നിഷേധിച്ചു കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെയും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാ ശാലയുടെയും ഏകപക്ഷീയവും വിവേചനപരവുമായ നടപടി കാരണം ടി ശ്രമം ദയനീയമായി പരാജയപ്പെട്ടു. നിലവിൽ, അപ്പീൽവാദിയുടെ ആശുപത്രിയിൽ 76 ഡോക്ടർമാരും 380 നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫുകളും 4 പ്രധാന ഓപ്പറേഷൻ തിയറ്ററുകളും 2 ചെറിയ ഓപ്പറേഷൻ തിയറ്ററുകളുംകൂടാതെ ഒരു മെഡിക്കൽ കോളേജ് നടത്തുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്ന് അപ്പീൽ അപേക്ഷയിൽ പറഞ്ഞിരിക്കുന്നു.

അപ്പീൽവാദികൾക്ക് 24.01.2004-ൽ ആദ്യമായി 100 സീറ്റുകൾക്കുള്ള 'EC' നൽകി.

എന്നാൽ, ഇത് നിർദ്ദിഷ്ട ഫോർമാറ്റിൽ അല്ലാതിരുന്നതിനാൽ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ (ഇനി മുതൽ 'എം.സി.ഐ.' എന്ന് പരാമർശിക്കുന്നത്) അപ്പീൽ വാദികളുടെ അപേക്ഷ സ്വീകരിക്കാൻ വിസമ്മതിച്ചു. 100 സീറ്റുകൾക്ക്, 18.06.2009-ൽ അപ്പീൽവാദികൾക്ക് വീണ്ടും E.C നൽകി. ആയത് നിശ്ചിത സമയപരിധിക്കപ്പുറമായിരുന്നതിനാൽ, ഇത് വീണ്ടും എം.സി.ഐ നിരസിച്ചു. അപ്പീൽവാദികൾക്ക് 12.01.2011 തീയതിയിൽ ഒരു E.C വീണ്ടും നൽകി. പക്ഷേ, കേരള സർവ്വകലാശാല ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസ് ( ഇനി മുതൽ 'KUHS' എന്ന് പരാമർശിക്കുന്നത്)സമയപരിധി കഴിഞ്ഞ് കാലതാമസത്തോടെ 'CoA' അനുവദിച്ചതിനാൽ കോളേജ് സ്ഥാപിക്കാൻ കഴിഞ്ഞില്ല. 12.01.2011-ലെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന് 2011-2012, 2012-2013 എന്നീ അധ്യയന വർഷങ്ങളിലേക്ക് മാത്രമേ സാധുതയുള്ളുവെന്നത് ചൂണ്ടിക്കാണിക്കുന്നത് ഉചിതമായിരിക്കും. E.C സാധുതയുള്ളതായിരുന്ന 2011-2012, 2012-2013 എന്നീ അധ്യയന വർഷങ്ങളിൽ കോളേജ് സ്ഥാപിക്കുന്നതിൽ അപ്പീൽവാദി പരാജയപ്പെട്ടുവെന്നത് സമ്മതിച്ച വസ്തുതയാണ്. ഒരു ക്ലറിക്കൽ പിശക് അടങ്ങിയിട്ടുണ്ടായിരുന്ന പുതുക്കിയ E.C സംസ്ഥാന സർക്കാർ 10.06.2014-ന് നൽകുകയും ആയതിലെ പിശക് തിരുത്തി നൽകിയത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതായ തീയതിക്ക് ശേഷം, കാലതാമസത്തോടെ 11.12.2015-നാണ്. അനന്തരഫലമായി, 2014-2015 അധ്യയന വർഷത്തേക്കുള്ള അപേക്ഷ എം.സി.ഐ. മടക്കി/നിരസിച്ചു. 2015-2016 വർഷത്തിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അപ്പീൽവാദി നൽകിയ അപേക്ഷയോടൊപ്പം സമർപ്പിച്ച CoA, 2015-2016 അധ്യയന വർഷത്തിലേക്ക് സാധുതയുള്ളതല്ല എന്ന കാരണം പറഞ്ഞ് ഭാരത സർക്കാർ 2016-2017 അധ്യയന വർഷത്തേക്ക് ഒരു പുതിയ അപേക്ഷ സമർപ്പിക്കാൻ അപ്പീൽവാദികളെ അനുവദിച്ചുകൊണ്ട് 17.10.2014-ലെ കത്ത് മുഖേന അപേക്ഷ മടക്കി നൽകി. ഈ ഘട്ടത്തിൽ അപ്പീൽവാദികൾ ഹൈക്കോടതി മുമ്പാകെ 2014-ലെ 29462-ാം നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിരുന്നുവെന്നത് ശ്രദ്ധിക്കേണ്ടതും ആയതിൽ, അപേക്ഷ താൽക്കാലികമായി പരിഗണിക്കാൻ എം.സി.ഐ-യോട് നിർദ്ദേശിച്ചുകൊണ്ട് 22.11.2014-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും പുതിയ CoA അനുവദിക്കുന്നതിനുവേണ്ടി പരിശോധന നടത്തുന്നതിനായി KUHS-ന് കൂടുതൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നിരുന്നാലും, പുതിയ CoA അനുവദിക്കാൻ കഴിഞ്ഞിട്ടില്ലാത്തതും കാലക്രമേണ അപേക്ഷ ഫലമില്ലാതാകുകയും ചെയ്തു. 2016-2017 അധ്യയന വർഷത്തിൽ KUHS അപ്പീൽവാദിക്ക് താൽക്കാലിക CoA നൽകി. E.C-യെ സംബന്ധിച്ചിടത്തോളം, ടി അദ്ധ്യയന വർഷത്തിലേക്ക്, അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിയായിരുന്ന 31.08.2015-ലാണ് സംസ്ഥാന സർക്കാർ ഇത് നൽകിയതും, ആയത് തെറ്റായ ഘടനയിലുമായിരുന്നു. 2015-ലെ 25705 നമ്പറായി റിട്ട് ഹർജി ഫയൽ ചെയ്ത് അപ്പീൽവാദി ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി 25.11.2015-ലെ ഉത്തരവ് മുഖേന E.C-യുടെ ഘടന ശരിയാക്കി നൽകാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുകയും അപ്പീൽവാദിയുടെ അപേക്ഷ പരിഗണിക്കാൻ കേന്ദ്ര

സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. 11.12.2015-ന് പുതുക്കിയ E.C അപ്പീൽവാദിക്ക് നൽകി. എന്നാൽ, സർട്ടിഫിക്കറ്റ് കാലതാമസത്തോടെ നൽകിയെന്ന തിനാൽ അപേക്ഷ പരിഗണിക്കാൻ ബാധ്യസ്ഥമല്ല എന്ന കാരണത്താൽ 2016 -ലെ 5326 നമ്പർ എസ്എൽപി (സി) എംസിഐ ഫയൽ ചെയ്തു. പ്രസ്തുതഎസ് എൽ പി-യിൽ നിന്ന് ഉടലെടുത്ത 2016-ലെ 3964-ാം നമ്പർ സിവിൽ അപ്പീൽ, 18.04.2016-ലെ വിധിന്യായത്തിലൂടെ അനുവദിക്കുകയും, വിമർശിക്കപ്പെട്ട ഹൈക്കോടതി യുത്തരവുകൾ റദ്ദാക്കുകയും ചെയ്തു. സമയ പരിധിക്കുള്ളിലും എംസഐഎയുടെ റെഗുലേഷനുകളിലെ വ്യവസ്ഥകൾക്കനുസൃതമായും അടുത്ത അദ്ധ്യയന വർഷത്തേക്ക് ഒരു പുതിയ അപേക്ഷ സമർപ്പിക്കുന്നതിനേ ഇതുമൂലം അപ്പീൽവാദിയ്ക്ക് കഴിയുമായിരുന്നുള്ളൂ.

അപ്പീൽവാദി സംസ്ഥാന സർക്കാരും KUHSഉം തന്റെ അപേക്ഷ പരിഗണിച്ചി ല്ലെന്നാരോപിച്ച് 21581/2017, 22103/2017 എന്നീ നമ്പറുകളിലായി റിട്ട് ഹർജി (സി)കൾ ഫയൽ ചെയ്തുകൊണ്ട് വീണ്ടും ഹൈക്കോടതിയെ സമീപിച്ചു. 28.09.2017 തീയതിയിലെ ഉത്തരവിലൂടെ, E.C പുതുക്കുന്നതിനായി അപ്പീൽവാദി നൽകിയ അപേക്ഷ സംസ്ഥാന സർക്കാർ നിരസിച്ചു. 28.09.2017-ലെ ഉത്തരവിനെ ചോദ്യം ചെയ്ത് അപ്പീൽവാദി 2017-ലെ 40290-ാം നമ്പറായി മറ്റൊരു റിട്ട് ഹർജി (സി) ഫയൽ ചെയ്യുകയും ആയത് തീർപ്പാക്കുകയും ചെയ്തു. എന്നിരുന്നാലും, അതിൽ പാസാക്കിയ ഉത്തരവുകൾ, ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, റിട്ട് അപ്പീലുകളിൽ, അതായത്, 2018-ലെ റിട്ട് അപ്പീൽ നമ്പർ 1371, 2018-ലെ റിട്ട് അപ്പീൽ നമ്പർ 1370 എന്നിവയിലൂടെ സ്റ്റേ ചെയ്തു.

2020-2021 അധ്യയന വർഷത്തിൽ EC, CoA എന്നിവ അനുവദിക്കുന്നതിന്, അപ്പീൽവാദി യഥാക്രമം സംസ്ഥാന സർക്കാരിനും KUHS-നും മുമ്പാകെ വീണ്ടും അപേക്ഷ നൽകി. നടപടിയൊന്നും എടുക്കാതെ വന്നപ്പോൾ, അപ്പീൽവാദി തന്റെ അപേക്ഷ പരിഗണിക്കാൻ KUHS-നെ നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ട് 2019-ലെ 18238-ാം നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തു. E.C അനുവദിക്കാനുള്ള അപേക്ഷ സംസ്ഥാന സർക്കാർ പരിഗണിക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് മറ്റൊരു റിട്ട് ഹർജി 2019-ലെ നം. 23460-ഉം ഫയൽ ചെയ്യപ്പെട്ടു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ മുമ്പാകെ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി കഴിഞ്ഞു എന്ന കാരണത്താൽ, 05.09.2019 തീയതിയിലെ ഉത്തരവിലൂടെ KUHS-നെതിരായി നിർദ്ദേശം ആവശ്യപ്പെട്ട 2019-ലെ 18238-ാം നമ്പർ റിട്ട് ഹർജി തള്ളി. ഉത്തരവ് ലഭിച്ച ഉടനെ എത്രയായാലും ഉത്തരവ് തീയതി മുതൽ 45 ദിവസത്തിനുള്ളിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാരിനെ നിർദ്ദേശിച്ചുകൊണ്ട്, 04.09.2019-ലെ ഉത്തരവിലൂടെ, 23460-ാം നമ്പർ റിട്ട് ഹർജി തീർപ്പാക്കി. ഇതിനിടയിൽ, 09.09.2019 തീയതിയിൽ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാൻ 10 ദിവസത്തെ സമയം കൂടി അനുവദിച്ചുകൊണ്ട് എം.സി.ഐ.-യിൽ നിന്ന് അപ്പീൽവാദിക്ക് ഒരു കത്ത് ലഭിച്ചു. 2020-2021 അദ്ധ്യയന വർഷത്തേക്കുള്ള CoA പരിഷ്കരിക്കുന്നതിന് KUHS-നെ നിർദ്ദേശിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് അപ്പീൽവാദി വീണ്ടും 2019-ലെ 25254-ാം നമ്പർ റിട്ട് ഹർജി സമർപ്പിച്ചു. അതിൽ അപ്പീൽവാദിയുടെ അപേക്ഷ പരിഗണിക്ക

ണമെന്ന ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. 27.09.2019-ലെ ഉത്തരവിലൂടെ, KUHS അപ്പീൽവാദിയുടെ അപേക്ഷ നിരസിച്ചു. അവസാനമായി, 27.09.2019 തീയതിയിലെ ഉത്തരവ് ചോദ്യം ചെയ്യുന്ന തിനുള്ള സ്വാതന്ത്ര്യത്തോടെ അപ്പീൽവാദി 2019-ലെ 25254-ാം നമ്പർ റിട്ട് ഹർജി പിൻവലിച്ചു. 01.10.2019-ലെ ഉത്തരവിലൂടെ, സംസ്ഥാന സർക്കാർEC അനുവദിക്കുന്ന തിനായി അപ്പീൽവാദി നൽകിയ അപേക്ഷ നിരസിച്ചു. അപ്പീൽവാദി വീണ്ടും 2019-ലെ 27266-ാം നമ്പർ റിട്ട് ഹർജിസമർപ്പിച്ചുകൊണ്ട്, E.C അനുവദിക്കുന്നതിനുള്ള അപേക്ഷ നിരസിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 01.09.2019-ലെ ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചു. E.C പുതുക്കാൻ സംസ്ഥാന സർക്കാരിനോട് കൽപ്പിക്കാനുള്ള മാൻഡമസ് കല്പന ക്കുവേണ്ടിയും കൂടുതലായി അപേക്ഷിച്ചു. KUHS പാസാക്കിയ 27.09.2019-ലെ ഉത്തരവ് 2019-ലെ 29098-ാം നമ്പർ റിട്ട് ഹർജിയിൽ ചോദ്യം ചെയ്യപ്പെട്ടു. 19.11.2019-ലെ ഉത്തരവിലൂടെ, ഹൈക്കോടതി 30.11.2019-നോ, അതിന് മുമ്പോ അപ്പീൽവാദിക്ക് E.C. നൽകണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചുകൊണ്ടും, പുതുക്കിയ E.C കൃത്യസമയത്ത് സ്വീകരിച്ചതുപോലെ അംഗീകരിക്കാൻ എം.സി.ഐ-യോട് നിർദ്ദേശിച്ചുകൊണ്ടും 2019-ലെ 27266-ാം നമ്പർ റിട്ട്ഹർജി തീർപ്പാക്കി. ഈ ഉത്തരവിനെതിരെ സംസ്ഥാനം സമർപ്പിച്ച റിട്ട് അപ്പീൽ ഡിവിഷൻ ബെഞ്ച് 05.12.2019-ലെ വിധിന്യായത്തിലൂടെ തള്ളി, ആയത് 2019-ലെ എസ്എൽപി(സി) നമ്പർ 3008-ൽ ചോദ്യം ചെയ്യപ്പെട്ടു. E.Cയും CoAയും നിർബന്ധിക്കാതെ അപേക്ഷന്റെ അപേക്ഷയിൽ നടപടിയെടു ക്കുന്നതിന് എംസിഐ-യ്ക്കും കേന്ദ്രസർക്കാരിനും നിർദ്ദേശം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് 2019-ലെ 34275-ാം നമ്പറായി മറ്റൊരു റിട്ട് ഹർജി ഫയൽ ചെയ്തു.ടി റിട്ട് ഹർജി 13.12.2019-ലെ വിധിന്യായത്തിലൂടെ E.C യും CoA യും ഇല്ലാതെ അപേക്ഷകന്റെ അപേക്ഷ പരിശോധിക്കാൻ എം.സി.ഐ കേന്ദ്ര സർക്കാരിനും നിർദ്ദേശം നൽകിതീർപ്പാക്കുകയും ആയത് 2019-ലെ എസ്എൽപി(സി) നമ്പർ 30008-യുടെ പരിണിതഫലത്തിന് വിഷയമാക്കിയിട്ടുള്ളതുമാണ്. സംസ്ഥാന സർക്കാർ 13.12.2019-ലെ ഇടക്കാല ഉത്തരവിനെ ഈ കോടതി മുമ്പാകെ ചോദ്യം ചെയ്തു. 07.08.2020 തീയതിയിലെ വിധിന്യായത്തിലൂടെയും ഉത്തരവിലൂടെയും ഈ കോടതി 2019-ലെ 34275-ാം നമ്പർ റിട്ട് ഹർജി (സി) യിലും, 2019-ലെ 2443-ാം നമ്പർ റിട്ട് അപ്പീലിലും പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദാക്കുകയും, 2019-ലെ റിട്ട് ഹർജി നമ്പർ 27266, 2019-ലെ റിട്ട് ഹർജി നമ്പർ 29098, 2019-ലെ റിട്ട് ഹർജി നമ്പർ 34275 എന്നീ മൂന്ന് റിട്ട് ഹർജികൾ ഒരുമിച്ചു കേട്ട് ഒടുവിൽ തീരുമാനിക്കാനും നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ ഈ കോടതിയുടെ വിധിക്കും ഉത്തരവിനും അനുസൃതമായി, ഹൈക്കോടതി സിംഗിൾ ജഡ്ജി ഇക്കാര്യങ്ങൾ കേൾക്കുകയും 12.10.2020-ലെ പൊതുവായ വിധിന്യായത്തിലൂടെ 2019-ലെ 29098-ാം നമ്പർ റിട്ട് ഹർജിയും 2019-ലെ 34275-ാം നമ്പർ റിട്ട് ഹർജിയും തള്ളുകയും അതേസമയം, 2019-ലെ 27266-ാം നമ്പർ റിട്ട് ഹർജി ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് N.O.C-യും E.C-യും നിഷേധിക്കുന്ന സംസ്ഥാന സർക്കാരിന്റെ 01.10.2019-ലെ ഉത്തരവ് ദുർബലപ്പെടുത്തു കയും റദ്ദാക്കുകയും കൂടാതെ അപ്പീൽവാദിക്ക് E.C നൽകുക/പുതുക്കുക എന്ന്

സർക്കാരിനോട് നിർദ്ദേശിച്ചുകൊണ്ടും, ഒരു പരിധി വരെ അനുവദിക്കുകയും ചെയ്തു. 2020-2021-ലെ അധ്യയന വർഷത്തിനുപകരം 2022-2023 അദ്ധ്യയന വർഷത്തിലേക്ക് അപേക്ഷിക്കാൻ സിംഗിൾ ജഡ്ജി അവസരം നൽകുകയും ആയതിൽ തർക്കം ഉന്നയിച്ചിട്ടുള്ളതുമാണ്. അപ്പീൽവാദി സമർപ്പിച്ച റിവ്യൂ ഹർജി തള്ളി. അപ്പീൽവാദി 2020-ലെ റിട്ട് അപ്പീൽ നമ്പർ 1413, 2020-ലെ റിട്ട് അപ്പീൽ നമ്പർ 1401 എന്നീ രണ്ട് റിട്ട് അപ്പീലുകൾ ഫയൽ ചെയതുകൊണ്ട് സിംഗിൾ ജഡ്ജിയുടെ ഉത്തരവിനെ ചോദ്യം ചെയ്തു. 2020-2021 വർഷത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള സമയപരിധി ഇതിനകം അവസാനിച്ചതിനാൽ, ടി അദ്ധ്യയനവർഷവുമായി ബന്ധപ്പെട്ട് യാതൊരു നിവൃത്തിയും നൽകാനാവില്ല എന്ന സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിലെ 32-ാം ഖണ്ഡികയിലെ കണ്ടെത്തലായിരുന്നു പ്രധാന എതിർപ്പ്. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പൊതു വിധിന്യായത്തിലൂടെയും 3/11/2020-ലെ അന്തിമ ഉത്തരവിലൂടെയും, സിംഗിൾ ജഡ്ജിയുടെഉത്തരവിൽ, 2021-2022 അദ്ധ്യയന വർഷത്തേക്ക് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ എതിർകക്ഷികളെ നിർദ്ദേശിച്ചുകൊണ്ട് പരിഷ്കരിച്ചു. ഡിവിഷൻ ബെഞ്ച്, 2020-2021 അധ്യന വർഷത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ അനുമതി നിഷേധിച്ചെങ്കിലും, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനവദിക്കാമെന്നും 2021-2022ലേക്ക് അഫിലിയേഷനുള്ള അനുവാദം നൽകുകയും ചെയ്യാമോ എന്നത് കണ്ടെത്തുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിന് സംസ്ഥാനത്തിനും സർവ്വകലാശാലയ്ക്കും സമയബന്ധിത നിർദ്ദേശങ്ങൾ നൽകി.

5. 2020-2021 അധ്യയന വർഷത്തേക്കുള്ള നിവൃത്തി നിരസിച്ചതിൽ അന്യായപ്പെട്ട് അപ്പിൽവാദി അപ്പീലുമായി ഞങ്ങളുടെ മുമ്പാകെ വന്നിട്ടുള്ളതാണ്.

6. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ഒരു ഭരണപരമായ ജോലിയാണെന്നും ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി E.C-യുടെ ഉദ്ദേശ്യം പരിമിതപ്പെടുത്തേണ്ടതാണെന്നാണ് സീനിയർ അഭിഭാഷകൻ ശ്രീ ശ്യാം ദിവാൻ അപ്പീൽവാദിക്കുവേണ്ടി മുന്നോട്ടുവച്ച പ്രാഥമിക വാദങ്ങൾ. 2015ൽ തന്നെ അപ്പീൽ വാദിക്ക് സംസ്ഥാന സർക്കാർ E.C-യും സർവ്വകലാശാല CoA-യും നൽകിയതിനാൽ 2020-ലും ഇതിന് അർഹതയുണ്ടായിരുന്നുവെന്നും കൂടുതലായി സമർപ്പിച്ചു. E.C അനുവദിക്കുന്ന സമയത്ത് നിർദ്ദിഷ്ട സ്ഥലത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന്റെ അഭിലഷണീയത, സാധ്യത എന്നിവയെക്കുറിച്ചും മെഡിക്കൽ കോളേജ് നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് ക്ലിനിക്കൽ സാമഗ്രികളുടെയും ലഭ്യതയെക്കുറിച്ചുള്ള സാക്ഷ്യപ്പെടുത്തലും മാത്രമേ സംസ്ഥാന സർക്കാർ പരിഗണിക്കേണ്ടതുള്ളൂ എന്നും ഏതെങ്കിലും നയ പരിഗണനയുടെ പേരിൽ സംസ്ഥാന സർക്കാരിന് ഇത് തടയാൻ കഴിയില്ലെന്നും കൂടി സമർപ്പിക്കപ്പെട്ടു. തിരുമുരുഗ കിരുപനന്ത വാരിയർ തവതിരു സുന്ദര സ്വാമികൾ മെഡിക്കൽ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് Vs സ്റ്റേറ്റ് ഓഫ് തമിഴ് നാട് &

മുതൽപേർ എന്ന കേസിൽ ഈ കോടതി നടത്തിയ ഇനിപ്പറയുന്ന നിരീക്ഷണങ്ങളിൽ ആശ്രയിച്ചു;

"34. പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളപദ്ധതിയിൽ, യോഗ്യതാ മാനദണ്ഡ ങ്ങൾക്കായുള്ള വ്യവസ്ഥകളിലൊന്ന്, നിർദ്ദിഷ്ട കോളേജ് നിർദ്ദിഷ്ട സ്ഥലത്ത് ഉണ്ടായിരിക്കാനുള്ള അഭിലഷണീയതയെയും സാധ്യതയെയും സംബന്ധിച്ച എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാരിൽ നിന്ന് നേടണം എന്നതാണ് എന്നത് സംശയമില്ലാത്ത സത്യമാണ്...

പദ്ധതി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾക്ക നുസൃതമായി എസൽഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന്, നിർദ്ദിഷ്ട മെഡിക്കൽ കോളേജ് നിർദ്ദിഷ്ട സ്ഥലത്ത് സ്ഥാപിക്കാനുള്ള അഭിലഷ ണിയതയും സാധ്യതയും മാത്രമേ സംസ്ഥാന സർക്കാർ പരിഗണിക്കേണ്ട തുള്ളു. ഏതെങ്കിലും നയ പരിഗണനയുടെ പേരിൽ സംസ്ഥാന സർക്കാരിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കാൻ കഴിയില്ല, കാരണം പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച നയംഇപ്പോൾ കേന്ദ്രസർക്കാരിൽ മാത്രം നിക്ഷിപ്തമാണ്."

7. ഒരിക്കൽ അനുവദിച്ചതും പുറപ്പെടുവിച്ചു കഴിഞ്ഞതുമായ E.C പിൻവലിക്കാൻ സംസ്ഥാനത്തിന് അധികാരമില്ലെന്നും അത് സാധുവായി തുടരണമെന്നും അപ്പീൽവാദിക്കുവേണ്ടി വാദിച്ചു. വാദങ്ങളെ പിന്തുണയ്ക്കുന്ന തിനായി, ചിന്ത്പൂർണി മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ & മറ്റൊരാൾ VS സ്റ്റേറ്റ് ഓഫ് പഞ്ചാബ് & മറ്റുള്ളവർ എന്ന കേസിൽ ആശ്രയിച്ചു;

"ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള അനുവാദം ഇല്ലാതാക്കുന്ന തരത്തിൽ ഏതെങ്കിലും അധികാരം വിനിയോഗിക്കാൻ, വെറും ഒരു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന സംസ്ഥാന സർക്കാർ ഉൾപ്പെടയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തെ അനവദിക്കുന്നത് ശരിയല്ല. അതിനാൽ, സംസ്ഥാന സർക്കാർ നേരിട്ടോ അല്ലാതെയോ ചെയ്യാൻ പാടില്ല. മാത്രമല്ല, ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര സർക്കാരിനെ സാക്ഷ്യ പ്പെടുത്തേണ്ടതിലേക്കായി എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ ഉദ്ദേശ്യം പരിമിതപ്പെടുത്തിയിരിക്കുന്നു. ഇത് അതിനപ്പുറം പോകരുത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് ന്യായമാണെന്ന് സംസ്ഥാന സർക്കാർ സാക്ഷ്യപ്പെടുത്തിയാൽ, കോളേജ് സ്ഥാപിക്കുന്നതിന് ഒരു ന്യായീകരണവും ഉണ്ടായിരുന്നില്ലെന്ന് പിന്നീടുള്ള ഘട്ടത്തിൽ പറയാൻ കഴിയില്ല. അത്തരമൊരു സ്ഥാപനം ന്യായമാണെന്നുള്ള സംസ്ഥാന സർക്കാരിന്റെ ഉറപ്പിനെത്തുടർന്ന് മെഡിക്കൽ കോളേജ്

സ്ഥാപിക്കുന്ന വ്യക്തിയോട്, പിന്നീട് ഒരു ഘട്ടത്തിൽ, പ്രസ്തുത അനുവാദത്തിന് ഒരു ന്യായീകരണവുമില്ലെന്ന് പറയാൻ കഴിയില്ല. മാത്രമല്ല, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പ്രയോഗിച്ചു കഴിഞ്ഞാൽ വഞ്ചന ആരോപിക്കുന്ന സംഗതികളിൽ ഒഴികെ അത് അവസാനിച്ചതായി കണക്കാക്കേണ്ട ഒരു അധികാരമായാണ് കാണുന്നത്. നീതി, ന്യായം, വാഗ്ദാന ലംഘനവിലക്ക് (promissory estoppel) എന്നീ നിയമതത്വങ്ങൾ ഈ കോടതിയെ വിപരീത വീക്ഷണം നടത്താൻ അനുവദിക്കുന്നില്ല".

8. ഹർജിക്കാരന്റെ അഭിഭാഷകൻ CoA നൽകുന്നതിന് 2-ാം എതിർ കക്ഷി/സർവ്വകലാശാല നടത്തുന്ന പരിശോധനയുടെ സാധ്യത ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും നിയന്ത്രിക്കുന്നത് എംസിഐ ആക്ടാണ്. കൂടാതെ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും മെഡിക്കൽ കൗൺസിലിലും കേന്ദ്രസർക്കാരിലും നിക്ഷിപ്തമാണ്, അതിനാൽ സർവകലാ ശാലയുടെ പങ്ക് അഫിലിയേഷൻ അനുവദിക്കുന്നതിലേക്ക് പരിമിതപ്പെടുത്തി യിരിക്കുന്നു. കൂടാതെ, അഫിലിയേഷൻ ഒരു യോഗ്യതാ മാനദണ്ഡം മാത്രമാണ്, മാത്രമല്ല ഇപ്പോഴത്തെ കേസിൽ കാണുന്നതുപോലെ എംസിഐ-യുടെ ചുമതല സർവകലാശാലയ്ക്ക് തടയാൻകഴിയില്ല. അടിസ്ഥാന സൗകര്യങ്ങൾ, ഭരണ നിർവ്വഹണവും സാമ്പത്തികവുമായിട്ടുള്ള ശേഷികൾ മുതലായവ വിലയിരുത്തുന്ന എംസിഐ-യുടെ പരിശോധനയും അതിന്റെ ശിപാർശ സമർപ്പിക്കുന്നതിനും ചെയ്യേണ്ടതെല്ലാം എംസിഐ ആക്ടിലും റെഗുലേഷൻസിലും ഉണ്ടെന്ന് അദ്ദേഹം ബോധിപ്പിക്കുന്നു.

9. EC/CoA നൽകൽ ഒരു തരത്തിലും ഭരണപരമായ ജോലിയല്ലെന്ന് എതിർകക്ഷി സ്റ്റേറ്റിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ശ്രീ ജയ്ദീപ് ഗുപ്ത വാദിച്ചു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ അപ്പീൽവാദി പൂർത്തികരിച്ചിട്ടുണ്ടെന്നും, പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളും മറ്റ് ക്ലിനിക്കൽ സാമഗ്രികളും പര്യാപ്തമാണെന്നും സംസ്ഥാന സർക്കാർ സ്ഥിരീകരിക്കേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമുണ്ട്. എംസിഐ നിർദ്ദേശിച്ച പ്രകാരം ആവശ്യമായ സൗകര്യം നൽകാൻ മെഡിക്കൽ കോളേജിന് കഴിയുന്നില്ലെങ്കിൽ, പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് തുടർന്നുള്ള വർഷത്തിൽ ഇതര മെഡിക്കൽ കോളേജുകളിൽ സൗകര്യം കണ്ടെത്തുമെന്ന് ഒരു ഉറപ്പ് നൽകേണ്ടതുമുണ്ട്. മേൽപ്പറഞ്ഞവയെ ദൃഢീകരിക്കുന്നതിനായി, ആന്ധ്രപ്രദേശ് സർക്കാർ v. മെഡിൻ എജ്യൂക്കേഷണൽ സൊസൈറ്റിയും മറ്റുള്ളവരും എന്ന കേസിലെ ഈ കോടതിയുടെ വിധിന്യായത്തിലാണ് ആശ്രയിച്ചിരിക്കുന്നത്.

10. തിരുമുരുഗ കേസിലെ (മേൽ പരാമർശം) വിധി, 1999-ൽ രൂപപ്പെടുത്തിയ ചട്ടങ്ങൾ പ്രകാരം സംസ്ഥാന സർക്കാരിനും പ്രാദേശിക സർവകലാശാല

യ്ക്കുമേർപ്പെടുത്തിയ ഉത്തരവാദിത്തവുമായി ബന്ധപ്പെട്ട് നല്കിയതല്ലെന്നും ശ്രീ.ഗുപ്ത വാദിക്കുന്നു. 1956-ലെ മെഡിക്കൽ കൗൺസിൽ ആക്റ്റിലെ 10 (A)വകുപ്പു വന്നതിനുശേഷം, മെഡിക്കൽ കോളേജ് അനുവദിക്കാനുള്ള നയപരമായ തീരുമാനം എംസിഐയുടെ ശിപാർശ പ്രകാരം ഏറ്റെടുക്കേണ്ടത് കേന്ദ്രസർക്കാരാണെന്നും, സംസ്ഥാന സർക്കാരിന് അത്തരം അപേക്ഷകൾ നയപരമായ കാരണത്താൽ നിരസിക്കാൻ കഴിയില്ല എന്നത് മാത്രമാണ് പ്രസ്തുത വിധിന്യായത്തിന്റെ യുക്തി. 2020-ലെ സിവിൽ അപ്പീൽ നമ്പർ 2921-നോടൊപ്പം, 2020-ലെ സിവിൽ അപ്പീൽ നമ്പർ 2920-ൽ കക്ഷികൾക്കിടയിൽ പാസാക്കിയ 07.08.2020-ലെ വിധിന്യായത്തിലും ഉത്തരവിലും ഈ കോടതി നടത്തിയ നിരീക്ഷണങ്ങളിലേക്കു കൂടി ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു; നയത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് റദ്ദാക്കുന്നത് E.C അല്ലെങ്കിൽ CoA അനുവദിക്കുന്നതിലേക്ക് സ്വപ്രേരിതമായി പിന്തുടരുകയില്ല എന്ന് കേസ്സിൽ വിധിച്ചിട്ടുള്ളതാണ്. മേൽപ്പറയുന്ന വിധിന്യായത്തിൽ നിന്ന് ഇനിപ്പറയുന്ന നിരീക്ഷണങ്ങൾ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും:

> "നിരവധി പരിഗണനകൾ പൊതുവായിട്ടുണ്ടാകാമെന്നിരിക്കെ, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതും അഫിലിയേഷനുള്ള അനുവാദം നൽകുന്നതും പല ഘടകങ്ങളെ ആശ്രയിച്ചിരിക്കും. സർവകലാശാലയുടെയും സർക്കാരിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, വിവിധ വശങ്ങൾ പരിശോധിക്കേണ്ടതുണ്ട്. നയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം റദ്ദാക്കിയ ഉത്തരവു മൂലം എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചതും അല്ലെങ്കിൽ അഫിലിയേഷനുള്ള അനുവാദവും സ്വയമേ റദ്ദാവുകയില്ല. നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി അവ പരിഗണിക്കേണ്ടതുണ്ട്".

11. 2015-ൽ സർവ്വകലാശാല CoA നൽകിയിട്ടുള്ളതിനാൽ 2020-ലും ഇതിന് അർഹതയുണ്ടെന്നുള്ള അപ്പീൽവാദിക്കുവേണ്ടിയുള്ള വാദത്തിൽ കഴമ്പില്ലെന്ന് 2-ാം എതിർകക്ഷി സർവ്വകലാശാലക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ സമർത്ഥിച്ചു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ അപേക്ഷിക്കാൻ താൽക്കാലിക അഫിലിയേഷൻ നൽകണമെന്നു നിർദ്ദേശിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് കണക്കിലെടുത്താണ് 2015-ൽ അനുവദാം നൽകിയതെന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. താൽക്കാലിക അഫിലിയേഷൻ നൽകിയ ശേഷം, അപ്പീൽവാദിയുടെ സ്ഥാപനം 2015-ൽ പരിശോധിച്ചിട്ടുള്ളതും ഇതിന് അടിസ്ഥാന സൗകര്യങ്ങളില്ലെന്നും മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള മറ്റ് അത്യാവശ്യഘടകങ്ങൾ ഇല്ലെന്നും കണ്ടെത്തി. ആവശ്യ ഘടകങ്ങൾ നിറവേറ്റിയതിനുശേഷം മാത്രമേ CoA നൽകാവൂ എന്ന് എംസിഐ റെഗുലേഷനുകളും കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ ചട്ടങ്ങളും വ്യക്തമായി നിർബന്ധിക്കുന്നുണ്ടെന്ന് അദ്ദേഹം ശക്തമായി വാദിച്ചു. ഈ കേസിൽ അപ്പീൽവാദി സ്ഥാപനം ഇന്നുവരെ ആവശ്യകാര്യങ്ങളൊന്നും തന്നെ നിറവേറ്റിയിട്ടില്ല, അതിനാൽ CoA അനുവദിക്കുന്നതിന് അർഹതയില്ല.

12. 07.11.2020-ന് സർവകലാശാലയിലെ ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങളില്ലെന്ന്

കണ്ടെത്തിയതിലേക്ക് ശ്രദ്ധ ചെലുത്തി. 60 ഐ.സി.യു ബെഡ് എന്ന ആവശ്യകതയ്ക്ക് വിരുദ്ധമായി 18 ഐസിയു ബെഡ് മാത്രമേ ഉണ്ടായിരുന്നുള്ളു, ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഇല്ലായിരുന്നു 'ആവശ്യമായ ലബോറട്ടറി പോലും ഇല്ലായിരുന്നു' മിക്ക പരിശോധനകളും അപ്പീൽവാദി പുറമേക്കാണു നൽകുന്നത്. 72 കിടക്കകളിൽ 24 എണ്ണത്തിൽ മാത്രമാണ് രോഗികൾ ഉള്ളത്. ഐപി പ്രവേശനത്തിലുണ്ടായിരുന്ന ചില രോഗികളുടെ വാസ്തവികത സംശയാസ്പദമാകും വിധം പരിശോധനയിൽ കണ്ടെത്തിയ ചികിത്സാരേഖകളുമായി ചേർച്ചയില്ലെന്നും പരിശോധനാ സംഘം അഭിപ്രായപ്പെട്ടു. അദ്ധ്യാപന വിഭാഗത്തെ സംബന്ധിച്ചിടത്തോളം 32% കുറവും ട്യൂട്ടർ, ഡെമോൺസ്ട്രേറ്റർ-എസ്ആർ-ലെ കുറവ് 78%വുമാണ്. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അപ്പീൽവാദി സ്ഥാപനത്തിന് അർഹതയില്ലെന്ന കണ്ടെത്തൽ സൂക്ഷപരിശോധനാ സമിതി വ്യക്തമായി രേഖപ്പെടുത്തി. പരിശോധനാ റിപ്പോർട്ടിന്മേൽ അപ്പീൽവാദി സമർപ്പിച്ച ആക്ഷേപത്തെക്കുറിച്ചും അദ്ദേഹം ഒരു പരാമർശം നടത്തി; അതിൽ പരിശോധനാ റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ ഫലത്തിൽ സമ്മതിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ v. പ്രിൻസിപ്പൽ, കെ.എം.സി.ടി മെഡിക്കൽ കോളേജ് & മറ്റൊരാളും, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ v. ദി ചെയർമാൻ എസ്. ആർ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റും മറ്റൊരാളും എന്നീ കേസ്സുകളിൽ ഈ കോടതി നൽകിയ വിധിന്യായത്തെയും അദ്ദേഹം ആശ്രയിച്ചു.

13. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ (മേൽ പരാമർശം) കേസിൽ, വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എടുത്ത തീരുമാനത്തിൽ നിസ്സാരമായി ഇടപെടാൻ കഴിയില്ലെന്നും അധികാരപരിധിയിലെ പിശകുകൾ, പ്രഥമ ദൃഷ്ട്യാലുള്ള വക്രത അല്ലെങ്കിൽ വിശ്വാസ വഞ്ചന എന്നിവ കോളേജ് നടത്തുമ്പോൾ മാത്രമേ ഇടപെടൽ അനുവദിക്കൂ എന്നും കോടതി ആവർത്തിച്ചു നിരീക്ഷിച്ചു. ദി ചെയർമാൻ എസ്. ആർ. എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റും മറ്റൊരാളും (മേൽ പരാമർശം) എന്ന കേസിൽ ഈ കോടതി താഴെപ്പറയുന്ന പ്രകാരം നിരീക്ഷിച്ചു:

> "ഹൈക്കോടതി, അതേസമയം തന്നെ, പരിശോധനയ്ക്ക് ഉത്തരവിട്ടിട്ടുണ്ടെന്നും കുറവുകൾ നിലവിലുണ്ടെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്കും ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്കും ഉചിതമായ തീരുമാനമെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുമുണ്ട്. അത്തരം ഉത്തരവുകൾ വിദ്യാർത്ഥികളുടെ യാകെതൊഴിൽ വൃത്തിയെയും നശിപ്പച്ചേക്കാം. വിദ്യർത്ഥികളെ പ്രവേശിപ്പിക്കാൻ ഒരിക്കൽ അനുമതി നല്കിക്കഴിഞ്ഞാൽ, അത് അത്തരം ഉപാധികളോടെയാകരുത്. പോരായ്മകൾ കണക്കിലെടുക്കുമ്പോൾ, അത് ഫലപ്രദമായ മെഡിക്കൽ വിദ്യാഭ്യാസത്തിന് വിരുദ്ധമായിരിക്കുമെന്നും, കൂടാതെ ശരിയായ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യായന വിഭാഗവുംഇല്ലാത്ത, മെഡിക്കൽ വിദ്യാഭ്യാസം നൽകാൻ യോഗ്യതയില്ലാത്ത മെഡിക്കൽ കോളേജ് അനുവദിക്കുന്നതിന് അത് തുല്യമായിരിക്കുമെന്നും, രോഗികൾ അത്തരം ഒരു സമീപനത്തിലൂടെ അധ്യാപനത്തിന്റെ ലക്ഷ്യമായി വർത്തിച്ച് ആത്യന്തികമായി

സമൂഹതാൽപ്പര്യത്തിനു ദോഷകരമായി അനുഭവിക്കാനിടവരികയും, ശരിയായ വിദ്യാഭ്യാസ പരിശീലനത്തിന്റെ അഭാവത്തിൽ രോഗികളുടെ ജീവനെ നേരിടാൻപകുതി പഠിച്ച ഡോക്ടർമാരെ ഡ്രോണുകളെയും പരാന്നഭോജികളെയും പോലെ സമൂഹത്തിൽ അഴിച്ചുവിടാൻ കഴിയില്ല.ശരിയായ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാതെ നിലവാരമില്ലാത്ത മെഡിക്കൽ വിദ്യാഭ്യാസം നൽകാൻ യോഗ്യതയില്ലാത്ത മെഡിക്കൽ കോളേജുകൾക്ക് അനുമതി നൽകിയാൽ അത് അപകടകരവും ജീവിക്കാനുള്ള അവകാശത്തിനെതിരുമാണ്".

14. കക്ഷികളുടെ വാദപ്രതിവാദങ്ങളെ ഞങ്ങൾ പരിഗണിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു.

15. ഇക്കാര്യത്തിൽ കൂടുതൽ മുന്നോട്ടുപോകുന്നതിനുമുമ്പ്, 1956ലെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആക്റ്റ്, 1999-ലെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മെഡിക്കൽ കോളേജ് സ്ഥാപന റെഗുലേഷനുകൾ, 2013-ലെ കെ.യു.എച്ച്.എസ്. ആക്റ്റിന്റെഒന്നാമത്തെ സ്റ്റാറ്റ്യൂട്ട് എന്നിവയിലെ സാന്ദർഭികമായ വകുപ്പുകളും ചട്ടങ്ങളും പരാമർശിക്കുന്നത് പ്രസക്തമായിരിക്കും:

**"1956-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ് 10 Aവകുപ്പു (ഇനിമുതൽ എംസിഐഎ ആക്റ്റ്) ഇവിടെ താഴെ പറയുന്ന പ്രകാരം ഉദ്ദരിക്കുന്നു'**

10 A വകുപ്പ്-

പുതിയ മെഡിക്കൽ കോളേജ്, പുതിയ പഠന കോഴ്സ് എന്നിവയുടെ സ്ഥാപനത്തിനുള്ള അനുമതികൾ

(1) ഈ ആക്റ്റിലോ അല്ലെങ്കിൽതത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരിന്നാലും

(എ) ഒരു വ്യക്തിയും ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കരുത് അല്ലെങ്കിൽ

(ബി) ഒരു മെഡിക്കൽ കോളേജും:

(i) ഏതെങ്കിലും അംഗീകൃത മെഡിക്കൽ യോഗ്യത നേടാൻ കോഴ്സിലോ പരിശീലനത്തിലോ ഉള്ള വിദ്യാർത്ഥിയെ സ്വയംപ്രാപ്തമാക്കും വിധമുള്ള ഒരു പുതിയ അല്ലെങ്കിൽ ഉയർന്ന പഠന കോഴ്സ് അല്ലെങ്കിൽ പരിശീലനം (ഒരു ബിരുദാനന്തര പഠന കോഴ്സ് അല്ലെങ്കിൽ പരിശീലനം ഉൾപ്പെടെ) ആരംഭിക്കുക; അല്ലെങ്കിൽ

(ii) ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ലഭിച്ച കേന്ദ്രസർക്കാരിന്റെ മുൻ അനുമതിയിലൊഴികെ, ഏതെങ്കിലും പഠന കോഴ്സുകൾക്കോ അല്ലെങ്കിൽ പരിശീലനത്തിനോ (ബിരുദാനന്തര പഠന കോഴ്സ് അല്ലെങ്കിൽ പരിശീലനം ഉൾപ്പെടെ) ഉള്ള പ്രവേശന ശേഷി വർദ്ധിപ്പിക്കുക,

എന്നിങ്ങനെയുള്ളത് ചെയ്യാൻ പാടില്ല.

വിശദീകരണം 1.- ഈ വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി, "വ്യക്തി" എന്നതിൽ ഏതെങ്കിലും സർവകലാശാലയോ ട്രസ്റ്റോ ഉൾപ്പെടുന്നു, എന്നാൽ കേന്ദ്ര സർക്കാർ ഉൾപ്പെടുന്നില്ല.

വിശദീകരണം 2.- ഈ വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി, ഒരു മെഡിക്കൽ കോളേജിലെ ഏതെങ്കിലും പഠന കോഴ്സ് അല്ലെങ്കിൽ പരിശീലനം (ഒരു ബിരുദാനന്തര പഠന കോഴ്സ് അല്ലെങ്കിൽ പരിശീലനം ഉൾപ്പെടെ) എന്നിവയുമായി ബന്ധപ്പെട്ട 'പ്രവേശന ശേഷി' എന്നത് കൊണ്ടർത്ഥമാക്കുന്നത്, അത്തരം കോഴ്സിലോ പരിശീലനത്തിലോ പ്രവേശിപ്പിക്കുന്നതിനായി കാലാകാലങ്ങളിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി വിദ്യർത്ഥികളുടെ എണ്ണം എന്നാണ്.

(2) (a) ഓരോ വ്യക്തിയും മെഡിക്കൽ കോളേജും (1)-ാം ഉപവകുപ്പുപ്രകാരം അനുമതി നേടുന്നതിനായി, ഖണ്ഡിക (b)-ലെ വ്യവസ്ഥകൾക്കനുസൃതമായി പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും കേന്ദ്രസർക്കാർ പ്രസ്തുത പദ്ധതിയിന്മേൽ കൗൺസിലിന്റെ ശിപാർശകൾ തേടുകയും ചെയ്യേണ്ടതാണ്.

(b) ഖണ്ഡിക (a)ൽ പരാമർശിച്ചിരിക്കുന്ന പദ്ധതി അത്തരം രൂപത്തിലും അത്തരത്തിലുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന തരത്തിലുംഅത്തരം രീതിയിലും തന്നെ ചെയ്യേണ്ടുന്നതുംനിർദ്ദേശിക്കപ്പെടുന്നതായ ഫീസോടു കൂടി സമർപ്പിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരം ഒരു പദ്ധതി കൗൺസിൽ സ്വീകരിച്ചാൽ, ആവശ്യമെന്ന് കരുതുന്നതായ അത്തരം മറ്റ് വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ മെഡിക്കൽ കോളേജിൽ നിന്നോ കൗൺസിലിന് ശേഖരിക്കാവുന്നതാണ്, അതിനുശേഷം

(a) പദ്ധതിയിൽ തെറ്റുള്ളതോ ആവശ്യമായ വിശദാംശങ്ങളൊന്നും അടങ്ങിയിട്ടുള്ളതുമല്ലെങ്കിൽ, രേഖാമൂലമുള്ള നിവേദനം നൽകുന്നതിന് ബന്ധപ്പെട്ട വ്യക്തിക്കോ കോളേജിനോ ന്യായമായ അവസരം നൽകേണ്ടതും, കൗൺസിൽ വ്യക്തമാക്കിയതായ തെറ്റുകൾ എന്തെങ്കിലുമുണ്ടെങ്കിൽ, അത്തരം വ്യക്തിക്കോ മെഡിക്കൽ കോളേജിനോ ആയത് പരിഹരിക്കുന്നതിനുവേണ്ട അവസരം നൽകേണ്ടതുമാണ്.

(b) (7)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിരിക്കുന്ന ഘടകങ്ങൾ കണക്കിലെടുത്ത് പദ്ധതി പരിഗണിക്കുകയും അതിന്റെ ശിപാർശകൾക്കൊപ്പം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

XXXXX

(7) (3)-ാം ഉപവകുപ്പിന്റെ കീഴിലുള്ള (b) ഖണ്ഡം പ്രകാരം ശിപാർശകൾ നൽകുമ്പോഴും (4)-ാം ഉപവകുപ്പു പ്രകാരമുള്ള പദ്ധതി കേന്ദ്രസർക്കാർ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന ഉത്തരവ് പുറപ്പെടുവിക്കുമ്പോഴും ഇനിപ്പറയുന്ന ഘടകങ്ങൾ കൗൺസിൽ പരിഗണിക്കേണ്ടതുണ്ട്, അതായത്:-

(a) പുതിയതോ ഉയർന്നതോ ആയ പഠനകോഴ്സോ പരിശീലനമോ ആരംഭിക്കാൻആഗ്രഹിക്കുന്ന നിർദ്ദിഷ്ട മെഡിക്കൽ കോളേജോ അല്ലെങ്കിൽ നിലവിലുള്ള മെഡിക്കൽ കോളേജോ, ആയതനുസരിച്ച് 19A വകുപ്പു പ്രകാരമോ അല്ലെങ്കിൽ, ബിരുദാനന്തര മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ 20-ാം വകുപ്പു പ്രകാരമോ, കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഏറ്റവും കുറഞ്ഞ ഗുണനിലവാരം തയ്യാർ ചെയ്യുന്ന അവസ്ഥയിലാണോ എന്നും

(b) ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിക്കോ, അല്ലെങ്കിൽ പുതിയതോ ഉയർന്നതോ ആയ പഠനകോഴ്സോ പരിശീലനമോ തുടങ്ങുന്നതിനോ അല്ലെങ്കിൽ പ്രവേശന ശേഷി വർദ്ധിപ്പിക്കുന്നതിനോ ആഗ്രഹിക്കുന്ന നിലവിലുള്ള മെഡിക്കൽ കോളേജിനോ, മതിയായ സാമ്പത്തിക സ്രോതസ്സുകൾ ഉണ്ടോ എന്നും;

(c)മെഡിക്കൽ കോളേജിന്റെ, അല്ലെങ്കിൽ പുതിയ കോഴ്സോ പഠനമോ പരിശീലനമോ നടത്തുന്നതിന്റെ, അല്ലെങ്കിൽ വർദ്ധിച്ച പ്രവേശന ശേഷിയെ ഉൾക്കൊള്ളുന്നതിനും ശരിയായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ആവശ്യമായ ജീവനക്കാർ, ഉപകരണങ്ങൾ, താമസം, പരിശീലനം, മറ്റ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ അല്ലെങ്കിൽ പദ്ധതിയിൽ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ ഏർപ്പെടുത്തുമോ എന്നും;

(d) അത്തരം മെഡിക്കൽ കോളേജിൽ അല്ലെങ്കിൽ പഠന കോഴ്സിൽ അല്ലെങ്കിൽ പരിശീലനത്തിൽ അല്ലെങ്കിൽ പ്രവേശന ശേഷി വർദ്ധിച്ചതിന്റെ ഫലമായി, പങ്കെടുക്കാൻ സാധ്യതയുള്ള വിദ്യർത്ഥികളുടെ എണ്ണം കണക്കിലെടുത്ത്, മതിയായ ആശുപത്രി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ? അല്ലെങ്കിൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഏർപ്പെടുത്തുമോ എന്നും;

(e) അത്തരം മെഡിക്കൽ കോളേജിൽ അല്ലെങ്കിൽ പഠന കോഴ്സിൽ അല്ലെങ്കിൽ പരിശീലനത്തിൽ പങ്കെടുക്കാൻ സാധ്യതയുള്ള വിദ്യർത്ഥികൾക്ക് ശരിയായ പരിശീലനം നൽകുന്നതിനായി അംഗീകൃത മെഡിക്കൽ യോഗ്യതയുള്ള വ്യക്തികളെ ക്രമീകരിക്കുകയോ അല്ലെങ്കിൽ വേണ്ട നടപടി എടുക്കുകയോ ചെയ്തിട്ടുണ്ടോ എന്നും:

(f) വൈദ്യശാസ്ത്രവൃത്തിയിൽ മനുഷ്യശേഷിയുടെ ആവശ്യകത; ഒപ്പം

(g) നിർദ്ദേശിച്ചിട്ടുള്ള മറ്റു ഘടകങ്ങൾ.

XXXXXX

**(B) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മെഡിക്കൽ കോളേജ് റെഗുലേഷൻസ്, 1999 (റെഗുലേഷൻസ്)**

3. മെഡിക്കൽ കോളേജ് സ്ഥാപിക്കൽ-ഈ റെഗുലേഷനിൽ ചേർത്ത പ്രകാരമുള്ള പദ്ധതിസമർപ്പിച്ച് കേന്ദ്രസർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയിട്ടല്ലാതെ ഒരു വ്യക്തിയും ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പാടില്ല.

**"മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കേന്ദ്രസർക്കാരിന്റെ അനുമതി നേടുന്നതിനുള്ള പദ്ധതി"**

2. യോഗ്യത മാനദണ്ഡം-താഴെപ്പറയുന്ന വ്യവസ്ഥകൾ നിറവേറ്റുകയാണെങ്കിൽ അർഹരായ വ്യക്തികൾ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിക്കാൻ യോഗ്യത നേടുന്നതാണ്.

(1) അപേക്ഷകൻ ഒരു സ്വയംഭരണ സ്ഥാപനം, സൊസൈറ്റി, ചാരിറ്റബിൾ ട്രസ്റ്റ്, കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ എന്നിവയാണെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസം അപേക്ഷകന്റെ ലക്ഷ്യങ്ങളിലൊന്നാകണം.

(2) XXXXX

(3) നിർദ്ദിഷ്ട സ്ഥലത്ത് നിർദ്ദിഷ്ട മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനും കൗൺസിൽ റെഗുലേഷൻ അനുസരിച്ച് മതിയായ ക്ലിനിക്കൽ സാമഗ്രികൾ ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ / കേന്ദ്രഭരണ ഭരണകൂടത്തിന്റെ എതിർപ്പ് ഇല്ലയെന്നുള്ളതിനെ സംബന്ധിച്ച് ഫാറം 2-ലെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സംസ്ഥാന സർക്കാർ/ കേന്ദ്രഭരണകൂടപ്രദേശത്തിൽ നിന്നും പ്രസ്തുത വ്യക്തി നേടിയിട്ടുണ്ടാവണം.

(4) നിർദ്ദിഷ്ട മെഡിക്കൽ കോളേജിനുള്ള ഫാറം3-ലെ അഫിലിയേഷന്റെ സമ്മതം അപേക്ഷകൻ സർവകലാശാലയിൽ നിന്ന് നേടിയിട്ടുണ്ടാവണം

(5) പ്രസ്തുത വ്യക്തിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും അടിസ്ഥാന സൗകര്യങ്ങളുള്ള 300 കിടക്കകളിൽ കുറയാത്ത, വിദ്യാഭ്യാസ സ്ഥാപനമായി വികസിപ്പിക്കാൻ പ്രാപ്തിയുള്ള ആശുപത്രി നിർദ്ദിഷ്ട മെഡിക്കൽ കോളേജിന്റെ കാമ്പസിൽ ഉണ്ടായിരിക്കണം.

(6)പ്രസ്തുത വ്യക്തി നിർദ്ദിഷ്ട മെഡിക്കൽ കോളേജിലേക്കു വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ടായിരിക്കരുത്.

(7) ഒരു ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിന്നും, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, ന്യൂഡൽഹി പേരിൽ അഞ്ച് വർഷത്തേക്ക് സാധുതയുള്ള രണ്ട് പെർഫോമൻസ് ബാങ്ക് ഗ്യാരന്റി പ്രസ്തുത വ്യക്തി നൽകണം, ഒന്നാമത്തേത്, മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനും അതിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കുമായി (50 അഡ്മിഷന്) നൂറു ലക്ഷം രൂപ, (100 അഡ്മിഷന്) നൂറ്റി അമ്പത് ലക്ഷം രൂപ, (150 വാർഷിക അഡ്മിഷന്) ഇരുന്നൂറ് ലക്ഷം രൂപയുടേയും രണ്ടാമത്തെ ബാങ്ക് ഗ്യാരണ്ടി, ടീച്ചിംഗ് ഹോസ്പിറ്റൽ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾക്കുമായി യഥാക്രമം (400 കിടക്കകൾക്ക്) 350 ലക്ഷം രൂപ, (500 കിടക്കകൾക്ക്) 550 ലക്ഷം രൂപ, (750 കിടക്കകൾക്ക്) 750 ലക്ഷം രൂപയുടേയുമാണ്: എന്നാൽ സംസ്ഥാന സർക്കാരുകൾ / കേന്ദ്രഭരണ പ്രദേശങ്ങൾ എന്നീ വ്യക്തികൾക്ക്, സമയപരിധിയുള്ള പദ്ധതിയനുസരിച്ച് ആവശ്യമായ സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ അവരുടെ പദ്ധതി ബജറ്റിൽ പതിവായി തുക നൽകുന്നതിന് അവർ ഉറപ്പ് നൽകുന്നുവെങ്കിൽ മേൽപ്പറഞ്ഞ വ്യവസ്ഥകൾ ബാധകമായിരിക്കില്ല.

(8) താൽക്കാലികമായോ വാടകയ്ക്കോ എടുത്തിട്ടുള്ള കെട്ടിടത്തിൽ മെഡിക്കൽ കോളേജ് തുറക്കുന്നതിന് അനുവദിക്കില്ല. സൂചിപ്പിച്ചിരിക്കുന്ന ആവശ്യത്തിനായി നീക്കിവച്ചിരിക്കുന്ന സ്ഥലത്ത് മാത്രമേ മെഡിക്കൽ കോളേജ് ആരംഭിക്കാവൂ.

**6. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വിലയിരുത്തൽ**

നിർദ്ദിഷ്ട സ്ഥലത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള അഭിലഷണീയതയും പ്രഥമദൃഷ്ട്യാ സാധ്യതയും കണക്കിലെടുത്ത് കൗൺസിൽ ആദ്യം അപേക്ഷ വിലയിരുത്തണം. അതിനുശേഷം, പദ്ധതിക്ക് ആവശ്യമായ സ്രോതസ്സുകളും അടിസ്ഥാന സൗകര്യങ്ങളും നൽകാനുള്ള അപേക്ഷകന്റെ കഴിവ് എന്നിവ വിലയിരുത്തണം. അപേക്ഷ വിലയിരുത്തുമ്പോൾ, കൗൺസിലിന് അപേക്ഷകനിൽ നിന്ന് ആവശ്യമെന്ന് കരുതുന്ന കൂടുതൽ വിവരങ്ങൾ, വിശദീകരണം അല്ലെങ്കിൽ അധിക രേഖകൾ തേടാം, കൂടാതെ അപേക്ഷകൻ നൽകിയ വിവരങ്ങൾ പരിശോധിക്കുന്നതിന് ഭൗതീക പരിശോധന നടത്തേണ്ടതാണ്.

XXXXXX

**(C) കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലഒന്നാമത്തെ സ്റ്റാറ്റ്യൂട്ട്, 2013 (KUHS ആക്റ്റ്)**

XXI-ാം അധ്യായം - ഖണ്ഡിക 10 അഫിലിയേഷൻ നൽകൽ

1) സർവകലാശാലഅപേക്ഷ അനുകൂലമായി പരിഗണിക്കുകയാണെങ്കിൽ പുതിയ കോളേജിന്റെ നിർദ്ദിഷ്ട സ്ഥലം പരിശോധിക്കുന്നതിനോ/ അല്ലെങ്കിൽ പുതിയ

കോളേജ്/കോഴ്സ് ആരംഭിക്കുന്നതിനായുള്ള സൗകര്യങ്ങളുടെ ഭൗതീക പരിശോധന നടത്തുന്നതിനോ സർവകലാശാലയ്ക്ക്ഒരു കമ്മീഷനെ നിയോഗിക്കാം. കമ്മീഷൻ നിർദ്ദിഷ്ട സ്ഥലത്തിന്റെ അനുയോജ്യതപ്രസ്തുത ഭൂമിയുടെ (കൂടാതെ കെട്ടിടങ്ങൾ ഉണ്ടെങ്കിൽ കെട്ടിടങ്ങളുടെയും) മേലുള്ള മാനേജ്മെന്റിനുള്ള ഉടമസ്ഥാവകാശം സംബന്ധിച്ച് ഉടമസ്ഥാവകാശ രേഖകൾ, താമസ സൗകര്യങ്ങൾ ഉണ്ടെങ്കിൽ ആയതും, മാനേജ്മെന്റിന്റെ ആസ്തികൾ, രജിസ്റ്റർ ചെയ്ത നികായത്തിന്റെ ഭരണഘടന, അദ്ധ്യയന മാനദണ്ഡങ്ങൾനിലനിർത്താനുള്ള കഴിവും മറ്റ് പ്രസക്തമായ കാര്യങ്ങളും പരിശോധിക്കണം.

2) ഇവിടെ വ്യക്തമാക്കിയ എല്ലാ വ്യവസ്ഥകളും അല്ലെങ്കിൽ നിർദ്ദിഷ്ട സ്ഥാപനം/പഠന കോഴ്സുകൾ എന്നിവയുടെ തൃപ്തികരമായ സ്ഥാപിക്കൽ, പരിപാലനം എന്നിവയ്ക്കായി പിന്നീട് വ്യക്തമാക്കുന്നതുമായ എല്ലാ വ്യവസ്ഥകളും മാനേജ്മെന്റ് പൂർത്തീകരിക്കുന്നതിനെയും, കൂടാതെ കമ്മീഷന്റെ അല്ലെങ്കിൽ ഇതിനായി സർവകലാശാല നിയമിച്ച കമ്മീഷന്റെ പരിശോധനാ റിപ്പോർട്ടുകളിന്മേലും ആശ്രയിച്ചിരിക്കും അഫിലിയേഷൻ നൽകുന്നത്......

(5) ജീവനക്കാർ, അടിസ്ഥാന സൗകര്യം, ആശുപത്രി, ഇന്റർനെറ്റ്, ദൃശ്യശ്രാവ്യ സൗകര്യങ്ങൾ, ഉപകരണങ്ങൾ, ലൈബ്രറി, വായനാമുറി, കളിസ്ഥലം, ഹോസ്റ്റൽ തുടങ്ങിയവയെ സംബന്ധിച്ച് കാലാകാലങ്ങളിൽ കോളേജിനെ സംബന്ധിച്ച് സർവ്വകലാശാല ചുമത്തുകയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കാൻ മാനേജ്മെന്റ് തയ്യാറായിരിക്കണം.

(8) കമ്മീഷൻ റിപ്പോർട്ടും മറ്റ് അന്വേഷണങ്ങളുണ്ടെങ്കിൽ ആയതും പരിഗണിച്ചതിനു ശേഷവും കേന്ദ്രത്തിന്റെയും/അല്ലെങ്കിൽ സംസ്ഥാന കൗൺസിലുകളിൽ നിന്നോ ബന്ധപ്പെട്ട വിദ്യാധികാരികളിൽ നിന്നോ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നേടിയതിനുശേഷവും പൂർണ്ണമായോ ഭാഗീകമായോ അഫിലിയേഷൻ അനുവദിക്കണമോ നിരസിക്കണമോ എന്നത് ഗവേണിംഗ് കൗൺസിൽ തീരുമാനിക്കും.”

16. അതിനാൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുന്നതിനുമുമ്പ് ഒരു വ്യക്തിക്ക് EC നിയമപ്രകാരംആവശ്യമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആക്ടിലെ 10(A) വകുപ്പിൽ EC യുടെ ആവശ്യകത വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണ പദ്ധതി നിർദ്ദേശിച്ചിരിക്കുന്നതിൽ, മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനോ പുതിയ പഠന കോഴ്സ് ആരംഭിക്കുന്നതിനോ പരിശീലനം നൽകുന്നതിലോ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഓരോ വ്യക്തിയും അല്ലെങ്കിൽ മെഡിക്കൽ കോളേജും നിർദ്ദേശിച്ച പ്രകാരമുള്ള ഒരു പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിക്കണം. അതിനുശേഷം കേന്ദ്ര സർക്കാർ പദ്ധതി എം.സി.ഐ യുടെശിപാർശകൾക്കായി റഫർ ചെയ്യുന്നു. മെഡിക്കൽ കൗൺസിൽ ഇത് പരിഗണിക്കുകയും ആവശ്യമായ വിവരങ്ങൾ നേടിയെടുത്ത് സ്വയം ബോധ്യപ്പെടുകയുംകൂടാതെ എന്തെങ്കിലും പോരായ്മകൾഉണ്ടെങ്കിൽ അതു നീക്കം

ചെയ്ത് കേന്ദ്ര സർക്കാരിന് ശിപാർശകൾ നൽകുകയും വേണം. കേന്ദ്ര സർക്കാർ, പദ്ധതി സ്വീകരിച്ചുകഴിഞ്ഞാൽ, അത് നിബന്ധനയോടെ അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യാം.

17. എംസിഐ ആക്റ്റ് പ്രകാരം, മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന തിനുള്ള അനുമതി നൽകാനുള്ള അധികാരം അങ്ങനെ കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. 10 (A) വകുപ്പു പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗി ക്കുന്നതിനോടൊപ്പംമുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ ഉണ്ടാക്കിയി രിക്കുന്നത് എംസിഐ നിയമത്തിലെ 33-ാം വകുപ്പു കൂടി കൂട്ടി വായിച്ചതിൻ പ്രകാരമാണ്. ഈ മാനദണ്ഡങ്ങൾ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന തിനുള്ള അനുമതിക്കായി അപേക്ഷിക്കാനുള്ള അർഹത വ്യക്തമാക്കുന്നു. ഇതിൽ ഒരു മാനദണ്ഡം,മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി, റെഗുലേഷന്റെ ഫാറം 2-ൽ, നിർദ്ദിഷ്ട സ്ഥലത്ത് നിർദ്ദിഷ്ട മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിനോ കേന്ദ്രഭരണ പ്രദേശത്തിനോ എതിർപ്പില്ലെന്നും മതിയായ ക്ലിനിക്കൽ സാമഗ്രികളുടെ ലഭ്യതയും സാക്ഷ്യപ്പെടു ത്തുന്ന ഒരു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നേടണം എന്നതാണ്. അതിനാൽ, പൊതുതാൽപ്പര്യത്തിൽ, നിശ്ചിത സീറ്റുകളുള്ള മെഡിക്കൽ കോളേജ് സ്ഥാപിക്കു ന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ സംസ്ഥാന സർക്കാർ തീരുമാനി ച്ചിട്ടുണ്ടെന്നും, കൂടാതെ അത്തരം സ്ഥാപനം പ്രായോഗികമാണെന്ന് സംസ്ഥാന സർക്കാർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

18. നിർദ്ദിഷ്ട കോളേജ് സ്ഥാപിക്കുന്നത് ന്യായമാണോ എന്ന് നിർണ്ണയിക്കു ന്നതിന് പ്രസക്തമെന്ന് കരുതുന്ന വസ്തുതകൾ, EC ലഭ്യമാക്കേണ്ടതായ ഫാറം-2 സൂചിപ്പിക്കുന്നുണ്ട്. ഫാറം-2 താഴെ കൊടുത്തിരിക്കുന്നു:

"ഫാറം-2 വിഷയം: എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നമ്പർ_____ _____.

ആരോഗ്യ വകുപ്പു,__________ സർക്കാർ,__________ാം തീയതി,

പ്രേഷകൻ (അപേക്ഷകൻ),

സർ,

ആവശ്യപ്പെട്ട സർട്ടിഫിക്കറ്റ് താഴെക്കൊടുക്കുന്നു:

1. സംസ്ഥാനത്ത് ഇതിനകം നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണം.
2. ലഭ്യമായ സീറ്റുകളുടെ എണ്ണം അല്ലെങ്കിൽ പ്രതിവർഷം ഉണ്ടാകുന്ന ഡോക്ടർമാരുടെ എണ്ണം.
3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്ത ഡോക്ടർമാരുടെ എണ്ണം.
4. സർക്കാർ സേവനത്തിലുള്ള ഡോക്ടർമാരുടെ എണ്ണം.
5. ഗ്രാമീണ/ബുദ്ധിമുട്ടുള്ള മേഖലകളിലേതുൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന സർക്കാർ തസ്തികകളുടെ എണ്ണം.

6. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡോക്ടർ മാരുടെ എണ്ണം.

7. സംസ്ഥാനത്തെ ഡോക്ടർ ജനസംഖ്യാ അനുപാതം.

8. യോഗ്യതയുള്ള മെഡിക്കൽ ഉദ്യോഗസ്ഥരുടെ കുറവ് എന്ന സംസ്ഥാനത്തെ പ്രശ്നവുംഅത്തരം മെഡിക്കൽ മനുഷ്യശേഷിയുടെ ലഭ്യതയുടെ മെച്ചപ്പെടുത്തലുംകോളേജിന്റെ സ്ഥാപനം മൂലം എങ്ങനെ പരിഹരിക്കും.

9. സംസ്ഥാനത്ത് താമസക്കാരല്ലാത്ത വിദ്യാർത്ഥികൾ സംസ്ഥാനത്ത് പ്രവേശനം നേടുന്നതിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ വ്യക്തമാക്കുക.

10. നിർദ്ദിഷ്ട കോളേജ് തുടങ്ങുന്നതിനുള്ള സമഗ്ര ന്യായീകരണം

11. നേടാൻ ഉദ്ദേശിച്ചിരിക്കുന്ന ഡോക്ടർ-രോഗി അനുപാതം.

________ (വ്യക്തിയുടെ പേര്) ഒരു മെഡിക്കൽ കോളേജ് ________ ൽ സ്ഥാപിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷയിലെ നിർദ്ദേശം ശ്രദ്ധാപൂർവ്വം പരിഗണിച്ചതിൽ, ________ (നമ്പർ) സീറ്റുകളുള്ള ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അപേക്ഷകന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ ________ സർക്കാർ തീരുമാനിച്ചു.താഴെപ്പറയുന്ന കാര്യങ്ങൾ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

(a) ________ ൽ സ്ഥാപിതമായ,300 കിടക്കകളുള്ള ആശുപത്രി

അപേക്ഷകന് സ്വന്തമായുള്ളതും ആയത് നടത്തുകയും ചെയ്യുന്നു.

(b) പൊതുതാൽപ്പര്യാർത്ഥം മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് അഭികാമ്യമാണ്.

(c) ________ (സൊസൈറ്റി/ട്രസ്റ്റിന്റെ പേര്) നെ കൊണ്ട് ________ൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് സാധ്യമാണ്.

(d) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് മതിയായ ക്ലിനിക്കൽ സാമഗ്രികൾലഭ്യമാണ്. എംസിഐ മാനദണ്ഡ മനുസരിച്ച് മെഡിക്കൽ കോളേജിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ അപേക്ഷകൻ പരാജയപ്പെടുകയും, പുതിയ പ്രവേശനം കേന്ദ്ര സർക്കാർ നിർത്തലാക്കുകയും ചെയ്താൽ, കോളേജിൽ അതുവരെ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഉത്തരവാദിത്തം കേന്ദ്രസർക്കാരിന്റെ അനുമതിയോടെ സംസ്ഥാന സർക്കാർ ഏറ്റെടുക്കും.

വിശ്വസ്തതയോടെ,

(യോഗ്യതയുള്ള അധികാരസ്ഥാപനത്തിന്റെ ഒപ്പ്)”

**19. എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് ഒരു ഭരണപരമായ പ്രവൃത്തി മാത്രമാണോ:-**

കോളേജുകൾക്ക് പ്രാഥമിക അനുമതി നൽകിയിട്ടും, അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപനം, മറ്റ് സൗകര്യങ്ങൾ എന്നിവ നൽകാൻ കഴിയാത്തതിന്റെ ഫലമായി നിലവിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഗുരുതരമായ നഷ്ടമുണ്ടാകുന്ന കേസുകൾ ഒഴിവാക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള ഈ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നിർണ്ണായകമാണ്.

സ്ഥാപനം അത്യാവശ്യ കാര്യങ്ങൾ നിറവേറ്റിയതിനുശേഷം മാത്രമേ അഫിലിയേഷന്റെ സമ്മതം നൽകാവൂ എന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ റെഗുലേഷനുംകേരള സർവ്വകലാശാല ഹെൽത്ത് സയൻസസ് സ്റ്റാറ്റ്യൂട്ടുകളും സദൃഢം അനുശാസിക്കുന്നു. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവം പരിഗണിക്കേണ്ട ഘടകങ്ങളിലൊന്നല്ലെന്നും, തീരുമാനമെടുക്കൽ പ്രക്രിയയ്ക്ക് പുറമെയാണെന്നുമുള്ള അപ്പീൽവാദിയുടെ വാദം അംഗീകരിക്കാൻ കഴിയില്ല. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുമ്പോൾ തന്നെ സ്ഥാപനം തുടങ്ങാനോ അതിൽ വിദ്യാഭ്യാസം നൽകാനോ ആ സ്ഥാപനത്തിന് കഴിവില്ലാത്ത സാഹചര്യത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബാധ്യതകൾ ഏറ്റെടുക്കാമെന്ന്സംസ്ഥാന സർക്കാർ ഉറപ്പ് നൽകുന്നു. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇത്തരമൊരു വാഗ്ദാനം ദ്വയാർത്ഥമില്ലാത്തതും അവ്യക്തമല്ലാത്തതുമാണ്. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും എംസിഐ വ്യക്തമാക്കിയ അടിസ്ഥാന മാനദണ്ഡങ്ങൾ അപേക്ഷക കോളേജ് പാലിക്കു മെന്നുള്ള ബന്ധപ്പെട്ടവർക്കിടയിലെ പ്രതീക്ഷയ്ക്ക് അംഗീകാരം നൽകുകയും മെഡിക്കൽ വിദ്യാഭ്യാസം നൽകുന്നതിന് അനുയോജ്യമാണെന്നും പ്രഖ്യാപിച്ചുക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ എസൻഷ്യാലിറ്റി സർട്ടിഫിക്കേറ്റ് ഒരു കോളേജിന് നിയമസാധുത നൽകുന്നു. ഒരു കോളേജിന്റെ ന്യായമായ നിലനിൽപ്പിനെക്കുറിച്ചും നിലവിലുള്ള കോളേജിന്റെ ക്രമരഹിതമായ / നിയമവിരുദ്ധമായ പ്രവർത്തന ത്തെക്കുറിച്ചും ഉള്ള തർക്കവിഷയം വ്യത്യസ്തകാര്യക്രമത്തിൽ പെടുന്നുവെന്നും അവ കൂട്ടിച്ചേർക്കാൻ കഴിയില്ലെന്നും മനസ്സിലാക്കേണ്ടതുണ്ട്. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതും/ പുതുക്കി നൽകുന്നതും ഒരു തരത്തിലും ഒരു ഭരണപരമായ ജോലിയല്ലെന്നും, പ്രൊഫഷണൽ കോളേജിന്റെ നിലവാരം നിലനിർത്തുന്നതിനെ സംബന്ധിച്ച കാര്യത്തിൽ ഇടപെടുമ്പോൾ രാജ്യത്ത് ഡോക്ടറായി പ്രവർത്തിക്കാൻ ആവശ്യമായ നൈപുണ്യം മെഡിക്കൽ ബിരുദധാരിയ്ക്കുണ്ടെന്ന് കർശനമായി ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ഈ കോളേജുകൾക്കുണ്ട് എന്ന നിലപാടിലേക്ക് ഞങ്ങൾ എത്തിച്ചേരുന്നു. വിലയിരുത്തൽ സംവിധാനത്തിലെ ന്യൂനത, മെഡിക്കൽ കോളേജുകളുടെ എണ്ണത്തിലുള്ള വർദ്ധന; രോഗികളുടെ/ക്ലിനിക്കൽ സാമഗ്രികളുടെ കുറവ്; പ്രവേശ നത്തിൽ പ്രത്യേകിച്ച് സ്വകാര്യ സ്ഥാപനങ്ങളിൽ മെറിറ്റിന്റെ മൂല്യം കുറയ്ക്കൽ; ക്യാപിറ്റേഷൻ ഫീസ് വർദ്ധിപ്പിക്കൽ; ദുർബലമായ വിലയിരുത്തലും

അക്രഡിറ്റേഷൻ സംവിധാനം, ഇതെല്ലാം നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസ സമ്പ്രദായത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. അത്തരം ന്യൂനതകളുള്ള കോളേജുകൾ തുടർന്നും പ്രവൃത്തിക്കാൻ അനുവദിച്ചാൽ അത് വിദ്യാർത്ഥി സമൂഹത്തിന്റെ ഭാവിയെ അപകടത്തിലാക്കുകയും അത്തരം കോളേജുകളിൽ നിന്ന് ബിരുദം നേടി കഴിവില്ലാത്ത ഡോക്ടർമാർ ഉണ്ടാകുകയും സംസ്ഥാനം നൽകിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ ഉദ്ദ്യേശ്യത്തെ തന്നെ പരാജയപ്പെടുത്തികൊണ്ട് ആത്യന്തികമായി സമൂഹത്തിന് വലിയ അപകടസാധ്യത സൃഷ്ടിക്കുകയും ചെയ്യും. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ മുമ്പായി, എംസിഐ നിശ്ചയിച്ചിട്ടുള്ള ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സമയാസമയങ്ങളിൽ പരിശോധന നടത്തിയില്ലെങ്കിൽ സംസ്ഥാനം അതിന്റെ ചുമതലയിൽ നിന്ന് പിന്മാറുകയുമാണ്. അത് എത്ര ചിന്തിച്ചാലും കേവലം ഒരു ഭരണപരമായി ജോലി' അല്ല, പ്രത്യേകിച്ചുംആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിൽ മെഡിക്കൽ കോളേജ് പരാജയപ്പെടുകയോപുതിയ പ്രവേശനം കേന്ദ്രസർക്കാർ നിർത്തലാക്കുകയോ ചെയ്താൽ, അതിനോടകം കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഉത്തരവാദിത്തം സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്നുള്ള എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുമ്പോളുള്ള സംസ്ഥാന സർക്കാരിന്റെ വാഗ്ദാനത്തെ പരിഗണിക്കുമ്പോൾ സർവകലാശാലയുടെ CoA യുമായി ബന്ധപ്പെട്ട നിലപാടും സമാനമാണ്. നിലവിലുള്ള സൗകര്യങ്ങളുടെ ഭൗതിക പരിശോധനയും നിർദ്ദിഷ്ട സ്ഥലത്തിന്റെ അനുയോജ്യതയും പരിശോധിക്കുന്നതിന് നിർദ്ദിഷ്ട സ്ഥലം പരിശോധിക്കാൻ സർവ്വകലാശാലക്ക് കമ്മീഷനെ നിയോഗിക്കാമെന്ന് KUHS-ന്റെ ഒന്നാമത്തെ സ്റ്റാറ്റ്യൂട്ട് നിർദ്ദേശിക്കുന്നു. ഒന്നാമത്തെ സ്റ്റാറ്റ്യൂട്ടിലെ ഖണ്ഡം X(1) പ്രകാരംഎല്ലാ നിബന്ധനകളും അല്ലെങ്കിൽ ജീവനക്കാർ, അടിസ്ഥാന സൗകര്യം, ആശുപത്രി, ഇന്റർനെറ്റ്, ലൈബ്രറി, കളിസ്ഥലം, ഹോസ്റ്റൽ മുതലായവ ഉൾപ്പെടെ നിർദ്ദേശിക്കുന്നതെല്ലാം നിറവേറ്റുന്നതിനെ ആശ്രയിച്ചിരിക്കും അഫിലിയേഷൻ അനുവദിക്കുന്നത്. ആയതുകൊണ്ട് സർവ്വകലാശാല CoA അനുവദിക്കുന്നതും ഒരു ഭരണപരമായ നടപടിയാണെന്ന് പറയാനാവില്ല.

മേൽപ്പറഞ്ഞവ കണക്കിലെടുക്കുമ്പോൾ, സംസ്ഥാന സർക്കാർ EC അനുവദിക്കുന്നതും, സർവ്വകലാശാല CoA അനുവദിക്കുന്നതും കേവലം ഭരണപരമായ നടപടിയല്ലെന്നും ഇക്കാര്യത്തിൽ അപ്പീൽവാദിയുടെ വാദത്തിൽ യാതൊരു കഴമ്പുമില്ലെന്നും ഞങ്ങൾ കരുതുന്നു.

20. ഒരിക്കൽ നൽകിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പിൻവലിക്കാമോ:-

അപ്പീൽവാദിക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ചിന്ത്പുർണി മെഡിക്കൽ കോളേജ് (മേൽ പരാമർശം) കേസിലെ ഈ കോടതിയുടെ വിധിയ്ക്ക് വളരെയധികം ഊന്നൽ നൽകിയിട്ടുണ്ട്. ഈ കേസിൽ, മെഡിക്കൽ കോളേജിന് 2011-12 അധ്യയന വർഷത്തിൽ പ്രവേശനത്തിനു അനുമതി നൽകി. തന്മൂലം ആദ്യത്തെ ബാച്ചിന് പ്രവേശനം നൽകി.

എന്നിരുന്നാലും, തുടർന്നുള്ള 2012-13ഉം 2013-14ഉം വർഷങ്ങളിൽ ഇതിന് എസൻ ഷ്യാലിറ്റി സർട്ടിഫിക്കറ്റ് നിഷേധിച്ചു. പ്രസ്തുത സാഹചര്യങ്ങളിൽ, ഈ കോടതി ഇനിപ്പറയുന്ന പ്രകാരം നിരീക്ഷിച്ചു:

> "മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള അനുവാദം ഇല്ലാതാക്കുന്ന തരത്തിൽ ഏതെങ്കിലും അധികാരം വിനിയോഗിക്കാൻ, വെറും ഒരു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തെ അനുവദിക്കുന്നത് അനുവദനീയമല്ല. ഇത് സംസ്ഥാന സർക്കാർ നേരിട്ടോ അല്ലാതെയോ ചെയ്യാൻ പാടില്ല. മാത്രമല്ല, ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര സർക്കാരിനെ സാക്ഷ്യപ്പെടു ത്തേണ്ടതിലേക്കായി എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ ഉദ്ദേശ്യം പരിമിതപ്പെടു ത്തിയിരിക്കുന്നു. ഇതു ഇതിനപ്പുറം പോകുന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് ന്യായമാണെന്ന് സംസ്ഥാന സർക്കാർ സാക്ഷ്യപ്പെടുത്തിയാൽ, കോളേജ് സ്ഥാപിക്കുന്നതിന് ഒരു ന്യായീകരണവും ഉണ്ടായിരുന്നില്ലെന്ന് പിന്നീടുള്ള ഘട്ടത്തിൽ പറയാൻ കഴിയില്ല. ഒരു വ്യക്തി, സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്മേൽ, മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ന്യായയുക്തമാണെന്ന് കണ്ടശേഷം, പിന്നീട്, അദ്ദേഹത്തെ അതിനു അനുവദിച്ചതിൽ ന്യായീകരണം ഇല്ലായിരുന്നു എന്നു നിശ്ചയമായും പറയാൻ കഴിയില്ല. മാത്രമല്ല, വഞ്ചനാ കേസു നടപടികളിൽ ഒഴികെ, ഒരു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഉപയോഗിച്ചു കഴിഞ്ഞാൽ അത് തീർന്നുപോയതായി കണക്കാക്കേണ്ട ഒരു അധികാരമായാണ് കാണുന്നത്. നീതി, ന്യായം, വാഗ്ദാന ലംഘനവിലക്ക് എന്നീ നിയമതത്ത്വങ്ങൾ ഈ കോടതിയെ വിപരീത വീക്ഷണം നടത്താൻ അനുവദിക്കുന്നില്ല."

21. ഖണ്ഡിക 36-ൽ ഇങ്ങനെ നിരീക്ഷിച്ചു:

> ''ഒരു സാഹചര്യത്തിലും ഒരു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പിൻവലിക്കാനാകില്ല എന്ന് ഞങ്ങൾ മനപ്പൂർവ്വം പറഞ്ഞതാകില്ല. അത്തരം സർട്ടിഫിക്കറ്റ് വഞ്ചനയിലൂടെനേടിയതാണെങ്കിലോ അല്ലെങ്കിൽ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിനുള്ള കാരണം തന്നെ ഇല്ലാതാകുന്ന സാഹചര്യത്തിലോ അല്ലെങ്കിൽ ഇതുപോലുള്ള മറ്റേതെങ്കിലും കാരണങ്ങളാലോ അത്തരം സർട്ടിഫിക്കറ്റ് പിൻവലിക്കാൻ സംസ്ഥാന സർക്കാരിന് അവകാശമുണ്ട്."

22. ചിന്ത്പുർണി മെഡിക്കൽ കോളേജ് (മേൽ പരാമർശം) കേസിലെ രണ്ടംഗ ജഡ്ജിമാരുടെ ബെഞ്ചിന്റെ വിധി, **സുഖ് സാഗർ മെഡിക്കൽ കോളേജും ഹോസ്പിറ്റലും v. സ്റ്റേറ്റ് ഓഫ് മധ്യപ്രദേശ്** എന്ന കേസിൽ മൂന്നംഗ ജഡ്ജി ബെഞ്ച്

പരിഗണിച്ചു. മധ്യപ്രദേശ് ചിന്ത്പുർണി മെഡിക്കൽ കോളേജ് (മേൽ പരാമർശം)-ലെ നിർദ്ദേശത്തോട് മൂന്നംഗ ജഡ്ജിമാരുടെ ബെഞ്ച് യോജിച്ചുവെങ്കിലും റിപ്പോർട്ടു കളുടെ 13-ാം ഖണ്ഡികയിൽ EC നൽകുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നടപടി അർദ്ധനീതിന്യായ പ്രവർത്തനമാണെന്ന് അഭിപ്രായപ്പെട്ടു. 36-ാം ഖണ്ഡിക യിൽ, സംസ്ഥാന സർക്കാരിന് EC റദ്ദാക്കാനോ പിൻവലിക്കാനോ കഴിയുമെന്ന് ചിന്ത്പുർണി മെഡിക്കൽ കോളേജ് (മേൽ പരാമർശം) കേസിൽ ഉരുത്തിരിഞ്ഞതായ വ്യത്യസ്തത ശ്രദ്ധിക്കുകയും ചെയ്തു. സുഖ് സാഗർ മെഡിക്കൽ കോളേജും ഹോസ്പിറ്റലും (മേൽ പരാമർശം) കേസിലെ റിപ്പോർട്ടുകളിലെ 25-ാം ഖണ്ഡികയിൽ അവസാനമായി താഴെ പറയുന്ന പ്രകാരം നിരീക്ഷിച്ചു:-

> ‘‘25.ചിന്ത്പുർണി മെഡിക്കൽ കോളേജ്(മേൽ പരാമർശം)സ്വീകരിച്ച വീക്ഷണവും രേഖപ്പെടുത്തിയ നിഗമനവും ഞങ്ങൾക്ക് ബോധ്യമുണ്ട്. ആ കേസിലെ വസ്തുതകളിലെ സ്ഥിതി സമാനമാണെന്ന് തോന്നാമെങ്കിലും, നമ്മുടെ അഭിപ്രായത്തിൽ, നിലവിലത്തെപോലുള്ള ഒരു കേസിൽ, വളരെ മുമ്പ്, 27.08.2014-ൽ നൽകിയ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ പൊരുൾ ഈ കാലയളവിലും (ഏകദേശം ആറ് വർഷം) വിലയിരുത്തൽ റിപ്പോർട്ടിലെ സംഗ്രഹം/നിരീക്ഷണത്തിൽ നിന്ന്, എം.സി.ഐ പലതവണ അവസരങ്ങൾ നൽകിയിട്ടും അപ്പീൽവാദി-കോളേജ് പൂർത്തീകരിക്കാതെ ഇരിക്കുകയും ചെയ്തതിലും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഉദ്ദേശ്യം പൂർണ്ണമായും ഇല്ലാതായെന്നു തീർച്ചയായും അനുമാനിക്കാം. സംസ്ഥാന സർക്കാർഅനിശ്ചിതമായി അഞ്ച് വർഷത്തിൽ കുറയാത്തതായ ഈ കാലയളവിനപ്പുറം കാത്തിരിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല, അതുവഴി ആ മേഖലയിലെ വിദ്യാർത്ഥി സമൂഹത്തിന്റെ താൽപ്പര്യങ്ങളെ ബാധിക്കുന്ന രീതിയിലേക്കും വർദ്ധിച്ച ഡോക്ടർ -രോഗി അനുപാതത്തിലേക്കും, ഗുരുതര മായ കുറവുകൾ കാരണം ആശുപത്രിയിൽ ബന്ധിപ്പിച്ചിരിക്കുന്ന അരോഗ്യ സംരക്ഷണ സൗകര്യം നല്കാതിരിക്കലിലേക്കും വന്നുചേരും. നമ്മുടെ കാഴ്ചപ്പാടിൽ, അത്തരമൊരു സാഹചര്യം സംസ്ഥാന സർക്കാർ നടപടി എടുക്കേണ്ടതുള്ളതായ വ്യത്യസ്ത വിഭാഗത്തിൽ വരേണ്ടതും, കാലതാമസം ഇല്ലാതാക്കുവാൻ സംസ്ഥാന സർക്കാർ തിരുത്തൽ നടപടികൾ എടുക്കേ ണ്ടതും, സംസ്ഥാനത്ത് അല്ലെങ്കിൽ ബന്ധപ്പെട്ട പ്രദേശത്ത് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എംസിഐ വ്യക്തമാക്കിയ കുറഞ്ഞ മാനദണ്ഡങ്ങൾ/മാനദണ്ഡങ്ങൾ നിറവേറ്റാൻ പ്രാപ്തിയുള്ള മറ്റു സ്ഥാപനങ്ങൾക്ക് അവസരം കൊടുക്കേണ്ടതുമാണ്. കൂടുതൽ പ്രതികരി ക്കാതെ തന്നെ, അപ്പീൽവാദികോളേജ് പരാജയപ്പെട്ട സ്ഥാപനമാണെന്നും, അവർക്ക് 27.08.2014 തീയതിയിലെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിനു പിന്നിലെ ഉദ്ദേശ്യം അനുസരിച്ച്പ്രതിവർഷം കൂടുതൽ ഡോക്ടർമാരെ സൃഷ്ടിക്കുന്നതിനുള്ള വിദ്യാർത്ഥി സമൂഹത്തിന്റെയും പൊതുജനങ്ങളുടെയും അഭിലാഷങ്ങൾ നിറവേറ്റാൻ കഴിയുന്നില്ലെന്നുമാണ്

ഞങ്ങളുടെ അഭിപ്രായം. ചിന്ത്പുർണി മെഡിക്കൽ കോളേജ് (മേൽ പരാമർശം)ലെ വീക്ഷണത്തിൽ നിന്ന് ഞങ്ങൾ ചെറിയ മാറ്റം വരുത്തുന്നു. "ചിന്ത്പുർണി കേസ് (മേൽ പരാമർശം) ലെ വസ്തുതകളും ഇപ്പോഴത്തെ കേസും തമ്മിൽ സാമ്യമില്ലെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു. സുഖ് സാഗർ കേസ് (മേൽ പരാമർശം) യഥാർത്ഥത്തിൽ സംസ്ഥാന സർക്കാരിന് EC പിൻവലിക്കാനുള്ള സാഹചര്യങ്ങൾ വിപുലീകരിച്ചു. സുഖ് സാഗർലെ (മേൽ പരാമർശം) നിർദ്ദേശം യഥാർത്ഥത്തിൽ എതിർകക്ഷികളുടെ കേസിനെ പിന്തുണയ്ക്കുന്നു.

23. സംസ്ഥാന സർക്കാരിന് വഞ്ചനയിലൂടെ നേടിയതോ അല്ലെങ്കിൽ EC നല്കാനുണ്ടായതായ കാരണം ഇല്ലാതാകുന്നിടത്ത് അല്ലെങ്കിൽ ഇതുപോലെയുള്ള മറ്റേതെങ്കിലും കാരണങ്ങളാലോ, EC പിൻവലിക്കാൻ അധികാരമുണ്ടെന്ന് നിയമം, അപ്രകാരം, അനുശാസിക്കുന്നു.

24. ഈ കേസിൽ, പോരായ്മകൾ നികത്തുന്നതിന് വിധേയമായി ഒരു സോപാധിക EC 2004-ൽ തുടക്കത്തിൽ അനുവദിച്ചിട്ടും 17 വർഷം കഴിഞ്ഞെങ്കിലും, പോരായ്മകൾപരിഹരിക്കുന്നതിൽ അപ്പീൽവാദി പരാജയപ്പെട്ടു. 2020 നവംബർ 07-ന് നടത്തിയ അവസാന സംയുക്ത പരിശോധനയെക്കുറിച്ച് പരാമർശിച്ചാൽഅതിൽ നിരവധി കുറവുകൾ കണ്ടെത്തിയതായും 2021-2022 വർഷത്തെ അപേക്ഷ പരിഗണിക്കുന്നതിന് സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യമാകുകയും ചെയ്തു. ഉദ്ദേശ്യം അപ്രത്യക്ഷമാകുന്ന സംഗതിയിൽ, തുടക്കം മുതൽ തന്നെ ഉദ്ദേശ്യം വ്യക്തമല്ലാത്ത സംഗതിയിലെന്നപോലെതന്നെ പ്രാധാന്യം ബാധകമാകുന്നു വെന്നതാണ് സത്യം.

25. മുകളിൽ പറഞ്ഞതനുസരിച്ച്, ഈ പ്രശ്നത്തിൽ അപ്പീൽവാദിക്കെതിരായും എതിർകക്ഷികൾ അനുകൂലമായും വിധി പറഞ്ഞിരിക്കുന്നു.

26. ഇപ്പോഴത്തെ കേസിന്റെ വസ്തുതകളിലേക്ക് ഒരിക്കൽക്കൂടി മടങ്ങിപ്പോയാൽ, അപ്പീൽവാദി-സ്ഥാപനത്തിലെ പരിശോധന 09.11.2020-ന് നടത്തുകയും താഴെപ്പറയുന്ന കുറവുകൾ കണ്ടെത്തുകയും ചെയ്തിരുന്നു:

"I. <u>അടിസ്ഥാന സൗകര്യങ്ങൾ</u>

i. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് സമഗ്രമായ പരിഷ്ക്കരണം ആവശ്യമാണ്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല.

II. <u>ഉപകരണങ്ങൾ</u>

i. തിയേറ്റർ, അലക്കുശാല, ലാബുകൾ, ഹിസ്റ്റോപാത്തോളജി, റേഡിയോളജി എന്നിവയിൽ നവീകരിച്ച ഉപകരണങ്ങൾആവശ്യമാണ്.

ii. ബ്ലഡ് ബാങ്ക് - ഇല്ല

iii. പ്രായോഗിക ലബോറട്ടറികൾ - 1 നിലവിലുണ്ട് (3 ആവശ്യമാണ്)

iv. ജേണലുകൾ - ഇല്ല

v. ICU / ICCU / PICU / NICU / SICU / ഒബ്സ്റ്റട്രിക് ICU / ICU – 18കിടക്കകൾ ഉണ്ട് (60 കിടക്കകൾ ആവശ്യമാണ്)

vi. എക്സ്റേ മൊബൈൽ യൂണിറ്റ് 1നിലവിലുണ്ട് (2 എണ്ണം ആവശ്യമാണ്)

vii. ഇൻ ഹൗസ് സൗകര്യങ്ങളും സ്ഥലവുംലഭ്യമല്ലാത്തതുമാണ്. മൈക്രോബയോളജിയിലും പാത്തോളജിലബോറട്ടറീസിലുമുള്ള മിക്ക ആവശ്യകതകളും പുറമേക്ക് വിടുകയാണ്.

III. <u>ക്ലിനിക്കൽ സാമഗ്രികൾ</u>

കഴിഞ്ഞ 2 വർഷമായി 300 കിടക്കകളുള്ള ആശുപത്രി (എൻഎംസി മാനദണ്ഡങ്ങൾ പ്രകാരം) പ്രവൃത്തിക്കുന്നുണ്ടോയെന്ന് രേഖകൾ കൊണ്ട് വ്യക്തമല്ല. 2019 മുതൽ മാത്രമാണ് ആശുപത്രി പ്രവൃത്തിക്കുന്നതെന്ന് രേഖകൾ വ്യക്തമാക്കുന്നു. പരിശോധന ദിവസം, കിടക്കകളുടെപയോഗം 30% മാത്രമാണ്. ആവശ്യമായ ഒപിഡി 600 ആണ്, പരിശോധന ദിവസം 200-ൽ താഴെ ഹാജർ മാത്രമേയുള്ളൂ.

IV. <u>ഫാക്കൽറ്റി കുറവുകൾ</u>

ഇനിപ്പറയുന്ന ഫാക്കൽറ്റിക്കുറവുകൾ ശ്രദ്ധിക്കപ്പെട്ടു:

I. ബയോകെമിസ്ട്രി വകുപ്പിലെ ഒരു പ്രൊഫസർ.

ii. അസോസിയേറ്റ് പ്രൊഫസർ8 (അനാട്ടമി - 1, ഫിസിയോളജി -1, ഫാർമക്കോളജി - 1, പാത്തോളജി - 1, ജനറൽ മെഡിസിൻ - 1, ഓർത്തോപെഡിക്സ്-1, അനസ്തേഷ്യ-1, റേഡിയോ ഡയഗ്നോസിസ്-1)

iii. അസിസ്റ്റന്റ് പ്രൊഫസർ - 11 (അനാട്ടമി - 2, ഫിസിയോളജി -3, ഫോറൻസിക് മെഡിസിൻ - 1, കമ്മ്യൂണിറ്റി മെഡിസിൻ - 1, ജനറൽ മെഡിസിൻ - 1, റെസ്പിറേറ്ററി മെഡിസിൻ - 1, ഒ ബി ജി - 1 അനസ്തേഷ്യോളജി -1)

iv. ട്യൂട്ടർ /ഡെമോസ്ട്രേറ്റർ/ SR-29 (അനാട്ടമി - 4, ഫിസിയോളജി -2 , ബയോകെമിസ്ട്രി -4 , പാത്തോളജി-1 , മൈക്രോബയോളജി -1 , ഫോറൻസിക് മെഡിസിൻ - 1, ജനറൽ മെഡിസിൻ-3, പീഡിയാട്രിക്സ് - 1, പൾമണറി മെഡിസിൻ - 1, ഡിവിഎൽ - 1, സൈക്യാട്രി - 1, ജനറൽ സർജറി -3, ENT-1, OBG-2, അനസ്തേഷ്യ - 1, റേഡിയോഡയഗ്നോസിസ് -1, ദന്തചികിത്സ - 1)

4. മൊത്തം ഫാക്കൽറ്റിക്കുറവ് 32%ഉം ട്യൂട്ടർ /ഡെമോൺസ്ട്രേറ്റർ /എസ്ആർ കുറവ് 78%”

27. അവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കുറവുകളെക്കുറിച്ച് അപ്പീൽ വാദിസ്ഥാപനത്തെ കൃത്യമായി അറിയിച്ചിരുന്നു. അഫിലിയേഷൻ അനുവദിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ലഭ്യമാണെന്നു വാദിച്ചുകൊണ്ട് ഒരു കംപ്ലയൻസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും പരിശോധനയെക്കുറിച്ച് ഒരു എതിർപ്പും ഉയർന്നിട്ടില്ല. എന്നാലും, പരിശോധനയിൽ കണ്ടെത്തിയ മൊത്തം കുറവുകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് 2021-22 അധ്യയന വർഷത്തിൽ CoA അനുവദിക്കുന്നതിനുള്ള അപേക്ഷ 23.11.2020- ലെ കത്ത് /ഉത്തരവു പ്രകാരം നിരസിച്ചു.

28. ഈ കേസിൽ, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ആദ്യമായി 2004-ലാണ് നൽകിയതും, 17 -വർഷത്തിനുശേഷം എംസിഐയിൽ നിന്ന് ആവശ്യമായ അനുമതികൾ നേടാൻ അപ്പീൽവാദി-കോളേജിന് കഴിയുന്ന നിലയിലല്ലാത്തതുമാണ്. കാലതാമസം നേരിട്ട അപൂർണ്ണമായ അപേക്ഷകൾ എം.സി.ഐ പരിഗണിക്കുന്നതിനും അഫിലിയേഷനുള്ള അനുമതിക്കുവേണ്ടി ഹൈക്കോടതിയിൽ നിന്ന് ഉത്തരവുകൾ സ്വീകരിച്ച് ജുഡീഷ്യൽ നടപടിക്രമങ്ങളിലൂടെ ന്യൂനതകൾ പരിഹരിക്കുന്നതിനും അപ്പീൽവാദി അതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് രക്ഷപ്പെടാൻ വളരെക്കാലമായി ശ്രമിക്കുന്നുവെന്നതും തികച്ചും വ്യക്തമാണ്. 2015-ലും 2020-ലും നടത്തിയ രണ്ടു പരിശോധനകളിലും അപ്പീൽ സ്ഥാപനത്തിൽ ശരിയായ സൗകര്യങ്ങളില്ലെന്ന് കണ്ടെത്തി. 2006 മുതൽ ആശുപത്രി നടത്തുകയാണെന്ന് അപ്പീൽവാദി അവകാശപ്പെടുന്നുണ്ടെങ്കിലും പരിശോധനയിൽ മതിയായ സൗകര്യങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ നിലവിലില്ലായിരുന്നു. ഈ സ്ഥലത്ത് ആശുപത്രി നടത്തുന്നതിൽ അപ്പീൽവാദിക്ക് യഥാർത്ഥ താൽപ്പര്യമില്ലെന്നും EC, CoA അല്ലെങ്കിൽ എം.സി.ഐക്ക് മുമ്പാകെയുള്ള അപേക്ഷകൾ നിരസിച്ചത് തെറ്റാണെന്ന് പറയാൻ യാതൊരു അടിസ്ഥാനവുമില്ലെന്നുള്ളതിന്റെ തെളിവാണ് ഈ അലംഭാവം.

29. വിഷയത്തിന്റെ മറ്റൊരു വശം കൂടി ഉണ്ട്, അടിസ്ഥാന സൗകര്യങ്ങൾ മാത്രമല്ല, അധ്യാപക ഫാക്കൽറ്റി ഉൾപ്പെടെയുള്ള ശരിയായ സൗകര്യങ്ങളും തികച്ചും അനിവാര്യമാണ്, അതുപോലെ സമയക്രമീകരണം പാലിക്കുന്നതും ഒരുപോലെ പ്രധാനമാണ്. മൃദുൽ ധർ-ഉം മറ്റൊരാളും യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും എന്ന കേസിൽ ഖണ്ഡിക 13ൽ ഈ കോടതി താഴെ പറയും പ്രകാരം നിരീക്ഷിച്ചു:-

> "അദ്ധ്യാപക ഫാക്കൽറ്റിയും ഡോക്ടർമാരും ഉൾപ്പെടെയുള്ള ശരിയായ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും തികച്ചും അനിവാര്യമാണെന്നും അതിനാൽ ഉയർന്ന നിലവാരമുള്ള അദ്ധ്യാപനം നൽകുന്നതിനുള്ള സമയക്രമീകരണം പാലിക്കുകയും അതുവഴി അത് സമൂഹത്തിന് ഏറ്റവും മികച്ച ഡോക്ടർമാരെലഭ്യമാക്കുകയും ചെയ്യുമെന്നതിൽ സംശയിമില്ല."

30. കേന്ദ്രസർക്കാരും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരണത്തിനും പ്രോസസ്സ് ചെയ്യുന്നതിനുമുള്ള സമയക്രമപ്പട്ടിക1999-ലെ റെഗുലേഷനിലെ 8(3) നൽകുന്നു.

31. 2015-ലെ മെഡിക്കൽ കോളേജ്സ്ഥാപിക്കൽ റെഗുലേഷൻസ് (ഭേദഗതി) മുഖേന, പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് റെഗുലേഷനു കീഴിൽ നിശ്ചയിച്ചിട്ടുള്ള പ്രാരംഭ സമയ ഷെഡ്യൂൾ 2015-ൽ ഭേദഗതി ചെയ്തു. ഈ ഭേദഗതി ഇനിപ്പറയുന്ന പട്ടിക പകരമായി നൽകി.

**പുതിയ മെഡിക്കൽ കോളേജുകളുടെ സ്ഥാപനം / അനുമതി പുതുക്കൽ എന്നിവയ്ക്കു്, കേന്ദ്ര ഗവൺമെന്റ്, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്നിവ അപേക്ഷകൾ സ്വീകരിക്കുന്നതിനും പ്രോസസ് ചെയ്യുന്നതിനുമുള്ള സമയക്രമപ്പട്ടിക**

| ക്രമ നമ്പർ | പ്രോസസ്സിംഗ് ഘട്ടം | അവസാന തീയതി |
|---|---|---|
| 1 | കേന്ദ്ര സർക്കാർ അപേക്ഷകൾ സ്വീകരിക്കുന്നത് | എല്ലാ വർഷവും ജൂൺ 15-നും ജൂലൈ 07-നും ഇടയിൽ (രണ്ട് ദിവസവും ഉൾപ്പെടെ) |
| 2 | മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് കേന്ദ്ര സർക്കാർ അപേക്ഷ കൈമാറുന്നത് | ജൂലൈ 15-ഓടെ |
| 3 | സാങ്കേതിക പരിശോധന, വിലയിരുത്തൽ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി കത്തിനായുള്ള ശിപാർശകൾ | ഡിസംബർ 15-ഓടെ |
| 4 | കേന്ദ്രസർക്കാർ അപേക്ഷകനിൽ നിന്നുള്ള മറുപടി / കംപ്ലയൻസ് സ്വീകരിക്കലും അതോടനുബന്ധിച്ച് വ്യക്തിപരമായി കേൾക്കേണ്ടതുണ്ടെങ്കിൽ ആയതും, കേന്ദ്രസർക്കാരിന്റെ അനുമതി കത്ത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് കൈമാറുകയും ചെയ്യുന്നത് | എംസിഐ-യിൽ നിന്നുള്ള ശിപാർശ സ്വീകരിച്ച് 2 -മാസംമുതൽ എന്നാൽ ജനുവരി 31-ന് അപ്പുറമാകരുത്. |
| 5 | മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിക്കത്തിനു വേണ്ടിയുള്ള അന്തിമ ശിപാർശകൾ | ഏപ്രിൽ 30 ഓടെ |
| 6 | കേന്ദ്ര സർക്കാരിന്റെ അനുമതിക്കത്ത് നൽകൽ | മെയ് 31 ഓടെ |

32. പുതിയ മെഡിക്കൽ കേളേജ് സ്ഥാപിക്കുന്നതിനോ നിലവിലുള്ള കോളേജുകളിൽ പ്രവേശനം വർദ്ധിപ്പിക്കുന്നതിനോ ഉള്ള സമയപരിധി ബന്ധപ്പെട്ട എല്ലാവരും കർശനമായി പാലിക്കണമെന്ന് ഈ കോടതി സമയാസമയങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. 2020-2021 വർഷത്തേക്ക് പുതിയ മെഡിക്കൽ കോളേജ്

ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുനിർദ്ദേശിച്ചുട്ടുള്ള സമയപരിധി വളരെ മുമ്പുതന്നെ കഴിഞ്ഞുവെന്നതിൽ സംശയമില്ല. നിലവിലുള്ള കോവിഡ്19 മഹാമാരി കണക്കിലെടുത്ത് 2021-2022 അദ്ധ്യയന വർഷത്തിന്റെ അവസാന തീയതി 15.12.2020 ആയി നീട്ടിയതുകൂടി ഇപ്പോൾ കഴിഞ്ഞു. അതിനാൽ, അപ്പീൽവാദിയുടെ അഭിഭാഷകൻ നിർദ്ദേശിച്ചതുപോലെ, 2020-2021 വർഷത്തേക്ക് അപ്പീൽവാദിക്ക് EC അല്ലെങ്കിൽ CoA സാങ്കല്പികമായെങ്കിലുംനൽകണമെന്ന് സർവകലാശാലയോട് അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കാൻ കഴിയില്ല.

33. ഇവിടെ മുകളിൽ ചർച്ച ചെയ്ത വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ, 2020-2021 അധ്യയന വർഷത്തേക്ക് വേണ്ടി അപ്പീൽവാദി സമർപ്പിച്ച നിവൃത്തിയ്ക്ക് അനുമതി നൽകാനാവില്ല. അപ്പീലുകൾ അതനുസരിച്ച് വിഫലമാക്കുകയും തള്ളുകയും ചെയ്യുന്നു. ആരോപണവിധേയമായ അപാകതകൾ നീക്കിയതിനു ശേഷം സമയക്രമത്തിനനുസൃതമായി അപ്പീൽവാദിക്ക് അടുത്ത അദ്ധ്യയന വർഷത്തേക്ക് EC, CoA എന്നിവ അനുവദിക്കുന്നതിന് ഉചിതമായ അപേക്ഷ ബന്ധപ്പെട്ട അധികാരി മുമ്പാകെ സമർപ്പിക്കാവുന്നതും അത്തരം അപേക്ഷകൾ സമർപ്പിക്കപ്പെട്ടാൽ, നിർദ്ദേശിച്ച നടപടിക്രമങ്ങളും നിയമവും അനുസരിച്ച് ബന്ധപ്പെട്ട അധികാരികൾ അത് തീർപ്പാക്കണം.

34. മേൽ സാഹചര്യത്തിൽ ചെലവുകൾ സംബന്ധിച്ച് ഞങ്ങൾ ഉത്തരവൊന്നും നൽകുന്നില്ല.

സത്യമേവ ജയതേ




# ഹൈക്കോടതി വിധിന്യായങ്ങൾ

**ബഹു. കേരള ഹൈക്കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് എ. മുഹമ്മദ് മുസ്താക്ക്**

**&**

**ബഹു. ഡോ. ജസ്റ്റിസ് കൗസർ ഇഡപ്പഗത്**

**എക്സ്  എക്സ് എക്സ്**

**Vs**

**എക്സ് എക്സ് എക്സ്**

(വൈവാഹിക അപ്പീൽ നം. 151 & 179/2015)

2021 ജൂലൈ 30-ന് വിധി പ്രസ്താവിച്ചത്

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

മാനസിക ക്രൂരത ഒരു മാനസികാവസ്ഥയാണ്. വളരെക്കാലമായി ദമ്പതികളിലൊരാൾക്ക് അഗാധമായ ദു:ഖം, നിരാശ, മോഹഭംഗം എന്നിവ മറ്റെയാളുടെ പെരുമാറ്റം കൊണ്ട് അനുഭവിക്കേണ്ടി വരുന്നത് മാനസിക ക്രൂരതയിലേക്ക് നയിച്ചേക്കാം. സ്ഥിരമായ - നിന്ദ്യമായ പെരുമാറ്റം, മന:പ്പൂർവ്വമുള്ള അവഗണന, ഉദാസീനത അല്ലെങ്കിൽ സാധാരണ നിലവാരത്തിലുള്ള ദാമ്പത്യത്തിൽ നിന്നുള്ള പൂർണ്ണമായ വ്യതിചലനം എന്നിങ്ങനെ വേദനിപ്പിച്ച് സന്തോഷം നേടുന്നത് എന്നിവ മാനസിക ക്രൂരതയ്ക്ക് കാരണമാകാം. അടിസ്ഥാന രഹിതമായ വ്യഭിചാര ആരോപണങ്ങളും മാനസിക ക്രൂരതയ്ക്ക് കാരണമാകും. ഭാര്യയുടെ വ്യക്തിഗതാവകാശത്തെ അവഗണിച്ചുള്ള ഭോഗാസക്തി നിർവ്വഹണം വൈവാഹിക ബലാത്സംഗമാണ്, ശിക്ഷാർഹമല്ലെങ്കിലും അത് ശാരീരികവും മാനസികവുമായ ക്രൂരതയുടെ പരിധിയിൽപ്പെടുന്നു. വൈവാഹിക ബലാത്സംഗം നിയമം അംഗീകരിക്കുന്നില്ല എന്ന കാരണത്താൽ മാത്രം അതിനെ വിവാഹമോചനം അനുവദിക്കുന്നതിനുള്ള ക്രൂരതയുടെ രൂപമായി അംഗീകരിക്കാതിരിക്കാൻ കഴിയില്ല. ആയതിനാൽ വിവാഹമോചനം ആവശ്യപ്പെടുന്നതിനുള്ള നല്ലൊരു കാരണമാണ് വൈവാഹിക ബലാത്സംഗം എന്ന് നിരീക്ഷിക്കുന്നു.

**വിധിന്യായം**

ജസ്റ്റിസ് എ. മുഹമ്മദ് മുസ്താക്ക്

**ആമുഖം:** നമ്മുടെ പാരമ്പര്യ ബന്ധിതയായ സമൂഹത്തിൽ, വിവാഹബന്ധം

എന്നത് വ്യക്തികൾ തമ്മിലുള്ള വെറും ഒത്തുചേരലല്ലമറിച്ച് രണ്ട് കുടുബങ്ങൾ തമ്മിലുള്ള ഒത്തുചേരലായി അത് മാറുന്നു. അത്തരം വൈവാഹിക ബന്ധത്തിൽ കുടുംബങ്ങൾ പരിപോഷിപ്പിക്കുന്ന പാരമ്പര്യങ്ങളും അഭിലാഷങ്ങളും മൂല്യങ്ങളും ദമ്പതികൾ പിന്തുടരും എന്നൊരു പ്രതീക്ഷയുണ്ട്. വിവാഹവും കുടുംബവും സമൂഹത്തിലെ രണ്ട് പരസ്പരബന്ധിതമായ ഘടകങ്ങളാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഓരോ സമൂഹത്തിനും വിവാഹത്തെയും കുടുംബത്തെയും കുറിച്ച് അതിന്റേതായ ആചാര വിചാരങ്ങൾ ഉണ്ട്. എന്നിരുന്നാലും, അത്തരം എല്ലാ സമൂഹങ്ങളിലുംവ്യക്തികളുടെ ഒത്തുചേരൽ, സൗഹൃദം, പരസ്പര ബഹുമാനം, സന്തോഷം എന്നിവയ്ക്ക് വേണ്ടിയുള്ളതാണെന്ന ഒരു പൊതുധാരണയുണ്ട്.നമ്മുടെ രാജ്യത്ത് നമ്മൾ പരമ്പരാഗതമായി പിന്തുടരുന്ന നിശ്ചയിച്ചുറച്ച വിവാഹങ്ങളിൽ സ്ത്രീകളുടെ വരണസ്വാതന്ത്ര്യം പരിമിതമാണ്. അവർ മാതാപിതാക്കളുടെയോ മുതിർന്നവരുടെയോ മാർഗ്ഗനിർദ്ദേശം സ്വതവെ പിന്തുടരുന്നു. സമ്പന്ന കുടുംബത്തിൽ, ഔദ്യോഗിക പദവി, സമ്പത്ത് മുതലായവ അവർ അത്തരം ബന്ധത്തിന്റെ മുഖമുദ്രയായി കാണുന്നു. ഈ പറഞ്ഞതിൽ നിന്നുള്ളവ്യതിചലനംങ്ങളുടെ മനസ്സിലേക്കു വരുന്ന ചിന്ത വിവാഹബന്ധത്തിനാവശ്യമുള്ളത് എന്താണോ അത് നമ്മൾ ശരിക്കും നഷ്ടപ്പെടുത്തുന്നില്ലേ എന്നാണ്. ആഡംബരവും സുഖഭോഗവുമായ ജീവിതശൈലീ സംസ്ക്കാരം നമ്മുടെ കാഴ്ച്ചപ്പാടിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവന്നു. അത് വിവാഹം എന്ന ആശയത്തിലും പ്രതിഫലിക്കുന്നു. വിവാഹം വ്യക്തികളും സമൂഹവും ആചരിക്കാൻ ആഗ്രഹിക്കുന്ന മൂല്യത്തെ പ്രതിഫലിപ്പിക്കാതെ അന്തസ്സ് കാണിക്കുന്നതിനുള്ള അടയാളമായി മാറുമ്പോൾ വിവാഹത്തിനാവശ്യമായ അടിസ്ഥാന ആശയം നമുക്ക് നഷ്ടമായേക്കാം. കുടുംബം എന്ന ആശയം ഒരു സാമൂഹിക ഘടകം എന്ന നിലയിൽ, അത് വ്യക്തികൾ സൃഷ്ടിച്ചിട്ടുള്ള കരാർ ആണ് എന്ന ആശയത്തിനു പതുക്കെ മങ്ങലേൽക്കുകയാണ് എന്ന് അംഗീകരിക്കേണ്ടതായിരുന്നു. സമൂഹത്തെ ഭയപ്പെട്ടും വിവാഹത്തിന്റെ വിശുദ്ധ സങ്കല്പവും മൂലം വേർപെടാൻ വിമുഖത കാണിച്ചിരുന്ന വ്യക്തികൾക്ക് ഇപ്പോൾ ഇച്ഛാശക്തിയനുസരിച്ചു പ്രവർത്തിക്കുവാനും വിവാഹമോചനത്തിനായി കോടതിയെ സമീപിക്കാനും യാതൊരു ഭയവുമില്ല. എന്നാൽ കോടതിയിൽ പിന്തുടരുന്ന നീതിന്യായ വ്യവസ്ഥയ്ക്ക് വ്യക്തികളുടെ അത്തരം സ്വതന്ത്ര ഇച്ഛാശക്തിയെ അംഗീകരിക്കുവാൻ കഴിയുന്നില്ല. നിലവിലെ കേസ്, വാസ്തവത്തിൽ, നിയമക്കുരുക്കിന്റെ ബന്ധനത്തിൽ 'കഷ്ടപ്പെടേണ്ടതില്ല' എന്ന ഉറച്ച തീരുമാനം കൈക്കൊണ്ട സ്ത്രീയുടെ പോരാട്ടത്തിന്റെ കഥ വർണ്ണിക്കുന്നു. സ്ത്രീയെ ഭർത്താവിന്റെ സമ്പത്തിനോടും ലൈംഗികതയോടുമുള്ള അടങ്ങാത്ത ത്വര തീവ്രദു:ഖത്തിലേയ്ക്ക് നയിച്ചു. ഗതികെട്ട്, വിവാഹമോചനം നേടുന്നതിനായി അവൾ അവളുടെ എല്ലാ സാമ്പത്തികാവകാശങ്ങളും പരിത്യജിച്ചു പിൻവാങ്ങി. അവളുടെ വിവാഹ മോചനത്തിനായുള്ള വിലാപം നീതിയുടെ ക്ഷേത്രത്തിൽ ഒരു ദശകത്തിൽ കൂടുതൽ (12 വർഷം) നീണ്ടുപോയി. അവർ ഇപ്പോഴും അവളുടെ പ്രാർത്ഥനാ സാഫല്യത്തിനുള്ള അവസാന മണിനാദത്തിനായി കാത്തിരിക്കുന്നു. വേർപിരിയുന്നതിനുള്ള അപേക്ഷയിലെ മറുപടിക്കുള്ള കാലതാമസം അവൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഒരുപക്ഷേ

അവളുടെ കണ്ണീരിന് ഞങ്ങൾ ഉത്തരവാദികളായിരിക്കാം. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലെന്ന് ഞങ്ങൾ കാണുന്നു. ദൈനംദിനം അവളെപ്പോലെ നിരവധി പേരെ ഞങ്ങൾ കാണുന്നു. അവളുടെ തേങ്ങലുകൾ ഞങ്ങളുടെ മനസ്സാക്ഷിയെ സ്പർശിക്കുന്നു. ഈ വിധിന്യായം ഉപസംഹരിക്കുമ്പോൾ ഈ വിഷമ പ്രശ്നം ഞങ്ങൾ പരിഗണിക്കും.

2. കേസിന്റെ വസ്തുതകൾ: ക്രൂരതയുടെ കാരണത്താൽ വിവാഹമോചന ഹർജി അനുവദിക്കുകയും ദാമ്പത്യാവകാശങ്ങൾ പുന:സ്ഥാപിക്കുന്നതിനുള്ള ഹർജി തള്ളുകയും ചെയ്ത ഒരു പൊതു വിധിന്യായത്തിൽ നിന്ന് ഈ അപ്പീലുകൾ ഉത്ഭവിക്കുന്നു. അപ്പീൽവാദി ഭർത്താവാണ്. ഹിന്ദുഈഴവ സമുദായത്തിൽ നിലനിന്നി രുന്ന ആചാരങ്ങൾക്കനുസരിച്ചാണ് അപ്പീൽവാദി എതിർ കക്ഷിയെ11/02/1995-ൽ വിവാഹം ചെയ്തത്. വിവാഹബന്ധത്തിൽ, രണ്ട് കുട്ടികൾ ജനിച്ചു. അപ്പീൽവാദി വിവാഹസമയത്ത് യോഗ്യതയുള്ള മെഡിക്കൽ ഡോക്ടറാ യിരുന്നു. എതിർ കക്ഷി-ഭാര്യയുടെ പിതാവ് സ്ഥലക്കച്ചവടക്കാരൻ ആണ്. അപ്പീൽവാദിയുടെ പിതാവ് കോഴിക്കോട്ടെ അറിയപ്പെടുന്ന ഡോക്ടറായിരുന്നു. ഇത്ഒരു നിശ്ചയിച്ച വിവാഹമാ യിരുന്നു. വിവാഹ സമയത്ത് കാറിനും ഫ്ളാറ്റിനും പുറമേ 501 പവൻ സ്വർണ്ണവും എതിർകക്ഷിക്ക് നൽകിയതായി പറയപ്പെടുന്നു. അപ്പീൽവാദി ഒരിക്കലും മെഡിക്കൽ ഡോക്ടറായി പ്രാക്ടിസ് ചെയ്തിരുന്നില്ല. അദ്ദേഹം റിയൽ എസ്റ്റേറ്റ് ബിസിനസ്സിലും കെട്ടിട നിർമ്മാണത്തിലും ഏർപ്പെട്ടു. റിയൽ എസ്റ്റേറ്റ് ബിസിനസ്സ് അപ്പീൽവാദിക്ക് സുഗമമായിരുന്നില്ല. അതിൽ അദ്ദേഹം ഒരിക്കലും വിജയിച്ചിട്ടില്ല. നിരന്തര പീഡനവും പണം ആവശ്യപ്പെട്ടതും മൂലമാണ് എതിർകക്ഷി ക്രൂരതയുടെ കാരണത്താൽ കേസ് ഫയൽ ചെയ്തത്. എതിർകക്ഷിയുടെ പിതാവ് വ്യത്യസ്ത അവസരങ്ങളിലായി 77 ലക്ഷം രൂപ അപ്പീൽവാദിക്ക് നൽകി എന്നുള്ളതും എതിർകക്ഷി പറയുന്നുണ്ട്.അപ്പീൽവാദി മൊത്തംസ്വർണ്ണാഭരണങ്ങളും ദുർവിനി യോഗം ചെയ്തു എന്നു കൂടി എതിർകക്ഷി പ്രസ്താവിച്ചു. റിയൽ എസ്റ്റേറ്റ് ബിസിനസിലെ പരാജയത്തിന്റെ കാരണം അപ്പീൽവാദിയുടെ ദുർനടപ്പു ജീവിതശൈലിയാണെന്നും എതിർകക്ഷി ആരോപിക്കുന്നു. ലൈംഗിക വൈകൃതവും ശാരീരിക പീഡനവും ക്രൂരതയുടെ ഭാഗമായി ഉണ്ടായിരുന്നു എന്നു കൂടി എതിർകക്ഷി പ്രസ്താവിച്ചു. അപ്പീൽവാദി എതിർകക്ഷിയുടെ ചാരിത്ര്യം സംശയിച്ചതായും കാണുന്നു. ഹർജിയിൽ, എതിർകക്ഷി ഫ്ളാറ്റിന്റെ കാര്യസ്ഥനുമായും ഡ്രൈവറുമായും വിവാഹേതരബന്ധത്തിൽ ഏർപ്പെട്ടു എന്ന് അപ്പീൽവാദി പ്രസ്താവിച്ചു. പ്രതിവാദപത്രികയിൽകാര്യസ്ഥനുമായുള്ള വിവാഹേതര ബന്ധമൊഴികെയുള്ള എല്ലാ ആരോപണങ്ങളും അപ്പീൽവാദി നിഷേധിച്ചു. ഈ കേസിലെ തെളിവായി ഇതിലെ PW1 ആയിട്ടുള്ള എതിർകക്ഷിയുടെ വാമൊഴി തെളിവും എഗ്സിബിറ്റ് A1 മുതൽ A7 വരെയുള്ളതും ഉൾപ്പെടുന്നു. അപ്പീൽവാദിയുടെ ഭാഗത്ത്, അപ്പീൽവാദിയെയും അദ്ദേഹത്തിന്റെ സഹോദരനെയും RW1ഉം RW2 ഉം ആയി വിസ്തരിച്ചു. അപ്പീൽവാദിയുടെ ഭാഗത്ത് എക്സിബിറ്റ് B1 മുതൽ B3 വരെയും B7 മുതൽ B16 വരെയും രേഖപ്പെടുത്തി. എതിർകക്ഷി സമർപ്പിച്ച വിവാഹമോചന ഹർജി

നിലനിൽക്കെ, ദാമ്പത്യാവകാശം പുന:സ്ഥാപിക്കുന്നതിനായി അപ്പീൽവാദി ഹർജി ഫയൽ ചെയ്തു. രണ്ടു കേസുകളും ഒരുമിച്ച് വിചാരണ നടത്തി. 24.10.2014 തീയതിയിലെ പൊതു വിധിന്യായത്തിലൂടെ എതിർകക്ഷി വിവാഹമോചനത്തിനായി സമർപ്പിച്ച ഹർജി അനുവദിക്കുകയുംഅപ്പീൽവാദി ദാമ്പത്യാവകാശം പുന:സ്ഥാപിച്ചു കിട്ടുന്നതിനായി സമർപ്പിച്ച ഹർജി നിരസിക്കുകയും ചെയ്തു.

3. ഈ കേസിൽ അപ്പീൽവാദിയുടെ പെരുമാറ്റം ഞങ്ങൾ പരാമർശിക്കേണ്ടതുണ്ട്. അപ്പീൽവാദി തുടക്കത്തിൽ അപ്പീൽ സമർപ്പിച്ചത് അഭിഭാഷകൻ മുഖേനയാണ്. അദ്ദേഹം വക്കാലത്ത് ഉപേക്ഷിച്ചു. അതിനുശേഷം അപ്പീൽവാദിക്ക് ഈ കോടതി നോട്ടീസ് അയക്കുകയും വിഷയം 14.06.2021-ന് എടുത്തപ്പോൾ ഞങ്ങൾ ഇപ്രകാരം ഉത്തരവായി: അപ്പീൽവാദി (കക്ഷി നേരിട്ട്) അദ്ദേഹത്തിന് കേസ് ഓൺലൈനായി ഹാജരാകാൻ സാധിക്കാത്തതിനാൽ കേസ് നീട്ടിവയ്ക്കാൻ കോർട്ടാഫീസറോട് അഭ്യർത്ഥന നടത്തിയതായി കാണുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥന കണക്കിലെടുത്ത്, ഞങ്ങൾ ഈ വിഷയം 28.06.2021-ലേക്ക് മാറ്റുന്നു. അദ്ദേഹം നേരിട്ടു ഹാജരായി വാദിക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും പകരം സംവിധാനങ്ങൾ ഉണ്ടാക്കുകയോ ചെയ്യട്ടെ. വിഷയം 28.06.2021-ന് പരിഗണിക്കുന്നതും അതേ തീയതിയിൽ തീർപ്പാക്കുന്നതുമായിരിക്കും.

അതിനു ശേഷം, ഇത് 28.06.2021-ന് എടുത്തപ്പോൾ, അപ്പീൽവാദിക്ക് വേണ്ടി അഡ്വ. പി. ബി. സജിത് ഹാജരാകുകയുംകേസ് നീട്ടി വെയ്ക്കൽ ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് കേസ് വീണ്ടും 15.07.2021-ലേക്ക് ലിസ്റ്റ് ചെയ്തു. ആ ദിവസം, അപ്പീൽവാദിക്കു വേണ്ടി ആരും ഹാജരായില്ല. എതിർകക്ഷിക്കു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷക ശ്രീമതി. സുമതി ദണ്ഡപാണിയെ മാത്രം കേൾക്കുന്നതിനുള്ള അവസരം ഞങ്ങൾക്കുണ്ടായി. ഈ വിധിന്യായം പ്രഖ്യാപിക്കുന്നതിനു മുമ്പ്, ഞങ്ങൾ എല്ലാ രേഖകളും പരിശോധിച്ചു.

4. കുടുംബകോടതിയുടെ കണ്ടെത്തൽ: അപ്പീൽവാദി എതിർകക്ഷിയെ നോട്ടടി യന്ത്രം ആയിട്ടാണ് കണക്കാക്കിയിരുന്നതെന്ന് കുടുംബകോടതി അഭിപ്രായപ്പെട്ടു. എതിർകക്ഷി പീഡനം സഹിച്ചുകൊണ്ട് വിവാഹബന്ധം തുടർന്നു കൊണ്ടു പോയി എന്നും സഹിക്കാവുന്നതിലും അപ്പുറത്തേക്ക് പീഡനവും ക്രൂരതയും എത്തിയപ്പോഴാണ് എതിർകക്ഷി വിവാഹമോചന ഹർജി സമർപ്പിച്ചതെന്നും കുടുംബകോടതി കണ്ടെത്തി. അപ്പീൽവാദിയുടെ പിതാവ് പോലീസ് മുമ്പാകെ സമർപ്പിച്ച, അദ്ദേഹത്തിനും കൂടാതെ എതിർകക്ഷിക്കും ഉണ്ടായിട്ടുള്ള പീഡനം വിവരിച്ച പരാതികൾ കുടുംബകോടതി പ്രത്യേകം നിരീക്ഷിച്ചു. ലൈംഗിക വൈകൃതവുമായിബന്ധപ്പെട്ട എതിർകക്ഷിയുടെ വാമൊഴി സാക്ഷ്യം കുടുംബകോടതി അവിശ്വസിച്ചില്ല. എതിർകക്ഷിയുടെ വാമൊഴി സാക്ഷ്യം വിശ്വാസയോഗ്യവും ക്രോസ് വിസ്താര സമയത്ത് അചഞ്ചലമായിരുന്നുവെന്നും കുടുംബകോടതി കണ്ടെത്തി. എതിർകക്ഷിക്ക് കാര്യസ്ഥനുമായും ഡ്രൈവറുമായും അവിഹിത ബന്ധമുണ്ടെന്ന അടിസ്ഥാന രഹിതമായ ആരോപണവും ക്രൂരതയുടെ കണക്കിൽ വരുമെന്നു കൂടി കുടുംബകോടതി കണ്ടെത്തി.

5. തെളിവുകളുടെ വിശകലനവും വസ്തുതകളിന്മേൽ ഞങ്ങളുടെ വീക്ഷണവും: എതിർകക്ഷിയുടെ പിതാവ് സമ്പന്നനായ ബിസിനസുകാരൻ ആണെന്നതിൽ തർക്കമില്ല. അപ്പീൽവാദി നടത്തിയിരുന്ന ബിസിനസ്സും കുഴപ്പത്തിലായി. എതിർകക്ഷി അവളുടെ സാമ്പത്തികാവകാശവാദം, അപ്പീൽവാദി അത്തരം സാമ്പത്തികകാര്യങ്ങൾനിറവേറ്റാനുള്ള അവസ്ഥയിലല്ല എന്ന വ്യക്തമായ കാരണത്താൽ ഉപേക്ഷിച്ചിട്ടുള്ളതാണ്. പല അവസരങ്ങളിലായി 77 ലക്ഷം രൂപയിലധികം അപ്പീൽവാദിക്ക് എതിർകക്ഷിയുടെ പിതാവ് നൽകി എന്നൊരു കേസ് എതിർകക്ഷിക്കുണ്ട്. ബിസിനസ്സിലെ പരാജയം ഒരു സാധാരണ ബിസിനസ്സ് പരാജയമല്ല മറിച്ച് അപ്പീൽവാദി നയിച്ച വഴിവിട്ട ജീവിതം കാരണമായുണ്ടായതാണ് എന്ന് കാണുന്നു. അപ്പീൽവാദിയുടെ സ്വന്തം പിതാവ് അപ്പീൽവാദിക്കുംഅയാളുടെ സഹോദരനുമെതിരെ പരാതിയുമായി പോലീസിനെ സമീപിച്ചു. ഈ പരാതികൾ പോലീസ് സംരക്ഷണത്തിനു വേണ്ടി സമർപ്പിച്ചതാണ്. പരാതികളുടെ ചില പ്രസക്ത ഭാഗങ്ങൾ ഇവിടെ പകർത്തുന്നത് ഉചിതമായിരിക്കും. 9/2/2009 തീയതിയിലെ എക്സിബിറ്റ് A2 പരാതിയിൽ ഇപ്രകാരം പറയുന്നു: മകൻ xxxx (അപ്പീൽവാദിയുടെ പേര് ഞങ്ങൾ മന:പ്പൂർവ്വം മറച്ചു വയ്ക്കുന്നു) എറണാകുളത്തുനിന്നു വിവാഹം ചെയ്തിട്ടുള്ളതും അയാളുടെ കുടുംബജീവിതം ഇപ്പോൾ പൂർണമായും താറുമാറായിട്ടുള്ളതുമാണ്. അയാൾ അയാളുടെ ഭാര്യയോടും അവളുടെ കുടുംബാംഗങ്ങളോടും മോശമായി പെരുമാറിയിരുന്നതും പോലീസ് മുമ്പാകെ അവർ സമർപ്പിച്ച പരാതി പ്രകാരം അയാൾക്ക് പോലീസ് കർശനമായി താക്കീത് നൽകിയിട്ടുള്ളതുമാണ്. അതുവരെ മകൻ xxx (അപ്പീൽവാദിയുടെ പേര് മന:പ്പൂർവ്വം ഞങ്ങൾ മറച്ചുവയ്ക്കുന്നു) അയാളുടെ ഭാര്യ വീട്ടിലാണ് താമസിച്ചിരുന്നത്. അതിനുശേഷം അയാൾ അയാളുടെ ഒരു സുഹൃത്തിന്റെ കൂടെയാണ് താമസിക്കുന്നത്, സ്ഥിരമേൽവിലാസം എനിക്ക് അറിയില്ല.

എന്റെ മകൻ xxx (അപ്പീൽവാദിയുടെ പേര് മന:പ്പൂർവ്വം ഞങ്ങൾ മറച്ചുവയ്ക്കുന്നു) എന്റെ വാസസ്ഥലത്ത് പലപ്പോഴും വരുകയും അവൻ കൂടുതൽ സാമ്പത്തിക സഹായം നൽകാൻ എന്നെ നിർബന്ധിക്കുന്നതും എന്റെ എല്ലാ ബാങ്ക് സമ്പാദ്യവും എന്റെ ആൺമക്കൾ ഉണ്ടാക്കിയ കടം വീട്ടാൻ നൽകിയതുകൊണ്ട് എനിക്ക് ഇപ്പോൾ ഒരു സഹായവും ചെയ്യാൻ സാധിക്കുന്നില്ല എന്നും സമർപ്പിച്ചു. എന്തെങ്കിലും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലുള്ള എന്റെ കഴിവില്ലായ്മ കാരണം, അയാൾ എന്റെ വീടും വീടിനു ചുറ്റുമുള്ള ഭൂമിയും വിറ്റ് ശേഷിക്കുന്ന ബാങ്കു കടം വീട്ടിയ ശേഷം ബാക്കിയുള്ളതിന്റെ ഗണ്യമായ ഭാഗം അയാൾക്ക് നൽകണ മെന്നും അവനെ അനുസരിച്ചില്ലെങ്കിൽ എന്റെ ജീവന് അപകടമാണെന്നു അവൻ എന്നെ ഭീഷണിപ്പെടുത്തുന്നു. എന്റെ വീട് വിൽക്കുന്നതിലുള്ള രേഖകളിൽ എന്റെ ഒപ്പിട്ടു നൽകാൻ പോലും അവൻ എന്നെ ഭീഷണിപ്പെടുത്തുന്നു....

6. 30/04/2009 തീയതിയിലെ എക്സിബിറ്റ് A3യിൽ ഇപ്രകാരം പരാതി പ്പെടുന്നു:

തൃശൂരിൽ ഭർത്താവിനും അവളുടെ വിവാഹിതയായ മകനും വിവാഹിതയായ മകൾക്കും ഒപ്പം താമസിക്കുന്ന എന്റെ ഏക മകൾ, എന്റെ ആൺമക്കൾ ഫെഡറൽ ബാങ്കിൽ നിന്നും എടുത്ത വായ്പ തിരിച്ചടക്കുന്നതിന് പണം സ്വരൂപിച്ചു നൽകി എന്നെ സഹായിക്കുന്നു. കടം വീട്ടുന്നതിന് എന്നെ അവർ സഹായിക്കുന്നതിനാൽ എന്റെ മകൻ xxx (അപ്പീൽവാദിയുടെ പേര് മന:പ്പൂർവ്വം ഞങ്ങൾ മറച്ചുവയ്ക്കുന്നു) എന്റെ മകളുടെയും അവളുടെ രണ്ടു മക്കളുടെയും ജീവനെ അപായപ്പെടുത്തുമെന്ന് ഫോൺ വഴി ദിവസവും ഭീഷണിപ്പെടുത്തുന്നു. എന്റെ ഉടമസഥാവകാശ രേഖകൾ ബാങ്കിൽ നിന്നും എനിക്ക് ഉടനെ തിരികെ ലഭിക്കുമെന്നും വീട്ടിൽ താമസം തുടരുമെന്നും അറിഞ്ഞ എന്റെ ആൺമക്കൾ, ഞാൻ വീടു വിൽക്കാൻ ഒരിക്കലും സമ്മതിക്കില്ല എന്ന് അറിഞ്ഞു കൊണ്ടു തന്നെ അവർ എന്നെ അതിനു നിർബന്ധിക്കുന്നു....

സമാന പരാതി, രണ്ട് മാസം മുമ്പ് ഞാൻ നേരിട്ട് നിങ്ങൾക്ക് സമർപ്പിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇപ്പോൾ എന്റെ കുടുബത്തിലെ ഒരു വിവാഹ ചടങ്ങ് 2009 മെയ് 20-ന്, കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ നടക്കാൻ പോകുന്നുണ്ട്. എന്റെ എല്ലാം കുടുംബാംഗങ്ങളും പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്റെ മകളും അവളുടെ കുട്ടികളും വിവാഹത്തിൽ പങ്കെടുക്കാൻ വളരെയധികം ആഗ്രഹിക്കുന്നു. അവർ വന്ന് എന്റൊപ്പം താമസിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവരുടെ ഈ പരിപാടിയെക്കുറിച്ച് അറിഞ്ഞ്, എന്റെ മകൻ xxx (അപ്പീൽവാദിയുടെ പേര് മന:പ്പൂർവ്വം ഞങ്ങൾ മറച്ചുവയ്ക്കുന്നു) അവളെ എല്ലാ ദിവസവും, ഫോണിലൂടെ, അവർ കോഴിക്കോട് ചെന്ന് വിവാഹത്തിനായി എന്റൊപ്പം താമസിച്ചാൽ അത് അവളുടെ ജീവനു തന്നെ ഭീഷണിയാകുമെന്നറിഞ്ഞു വേണം പോകാൻ എന്ന് ഭീഷണിപ്പെടുത്തുന്നു. ഞങ്ങളുടെ ജീവിതം ദുരിതത്തിലാക്കുമെന്നു ഉറപ്പാണ്.(SIC)

7. മേൽപ്പറഞ്ഞ പരാതിയിൽ, അപ്പീൽവാദിയുടെ പിതാവ്, അപ്പീൽവാദിയും സഹോദരനും കൂടി ഉണ്ടാക്കിയ കട ബാധ്യത അദ്ദേഹത്തിന്റെ ചുമലിലാക്കിയ തിനെക്കുറിച്ച് വിവരിക്കുന്നു.

8. 12/03/2009 തീയതിയിലെ എഗ്സിബിറ്റ് A4-ൽ പ്രസക്തമായ ഖണ്ഡിക ഇപ്രകാരമാണ്:

അവർ വിൽക്കാൻ ആവശ്യപ്പെടുന്നതും ഞാൻ വിസമ്മതിക്കുന്നതുമായ വീടിന്റെ ഉടമസ്ഥാവകാശ രേഖകൾ എനിക്ക് ബാങ്കിൽ നിന്നും തിരികെ കിട്ടുമെന്നും ഞാൻ എന്റെ വീട്ടിൽ താമസം തുടരുമെന്നും എന്റെ ആൺമക്കൾ അറിഞ്ഞിട്ടുണ്ട്. അടുത്തിടെ നടന്ന ഒരു കുടുംബ സംഗമത്തിൽഎന്റെ ആൺമക്കൾ അവിടെ പറഞ്ഞത് അക്രമത്തിലൂടെയാണെങ്കിൽ പോലും അവർ ബലമായി എന്നിൽ നിന്നും രേഖകൾ കൈക്കലാക്കും എന്നാണ്.

9. സ്വന്തം പിതാവിൽ നിന്നും പണം ആവശ്യപ്പെട്ട രീതിയുടെ പശ്ചാത്തലത്തിൽ അപ്പീൽവാദി എതിർകക്ഷിയുടെ പിതാവിനോട് വിവിധ

സന്ദർഭങ്ങളിൽ ആവശ്യപ്പെടുന്നതിനനുസരിച്ച് 77 ലക്ഷം രൂപ കൊടുത്തു എന്ന എതിർകക്ഷിയുടെ കേസ് ഞങ്ങൾ അവിശ്വസിക്കേണ്ടതില്ല. എതിർകക്ഷിയുടെ കേസ് മൊത്തം സ്വർണ്ണാഭരണങ്ങളും അപ്പീൽവാദി എടുത്തുകൊണ്ടു പോയെന്നും അയാളുടെ ബാധ്യത തീർക്കുന്നതിനായി വിറ്റു എന്നതാണ്. എതിർകക്ഷിയുടെ സാമ്പത്തിക സ്ഥിതിയിൽ നിന്നു വ്യക്തമാണ് വളരെയധികം സ്വർണ്ണാഭരണങ്ങൾ വിവാഹസമയത്ത് നൽകിയിട്ടുണ്ടായിരിക്കണം. കോടതി, വിവാഹ നടപടിക്രമങ്ങളിലെ ദമ്പതികളുടെ സ്വഭാവം വിലയിരുത്തുന്ന കാര്യത്തിൽ മനുഷ്യസ്വഭാവം വിശകലനം നടത്തുന്ന വിവേകിയായ മനുഷ്യന്റെ ഭാവം സ്വീകരിക്കുന്നു. 'ക്രൂരത' ഒരു മനുഷ്യന്റെ സ്വഭാവം വെളിവാക്കുന്നു. കോടതി, അതിനാൽ ഇത്തരംസാഹചര്യങ്ങളിൽ വ്യക്തികളുടെ പെരുമാറ്റം വിശകലനം ചെയ്യുന്നതിന് കാലികമായ സാമൂഹ്യശാസ്ത്ര സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. അപ്പീൽവാദിയുടെ സ്വഭാവം വിശകലനം ചെയ്താൽ അപ്പീൽവാദി സ്വർണ്ണാഭരണങ്ങൾ സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചു കാണും എന്നതിന് ഏറെ സാധ്യതയുണ്ട്. എതിർകക്ഷിയോടു കാണിച്ച ശാരീരികവും മാനസികവുമായ ക്രൂരത എതിർകക്ഷിനൽകിയ വാമൊഴി സാക്ഷ്യത്തിൽ സംക്ഷിപ്തമായി വിവരിക്കുന്നു. എതിർകക്ഷിയുടെ മൊഴിയിൽ, അപ്പീൽവാദി അവളുടെ ഗർഭകാലത്തും അവളെ ദുരുപയോഗം ചെയ്തു എന്ന് പറയുന്നു. അവൾ രോഗിയായി കിടപ്പിലായിരുന്നപ്പോൾ പോലും അപ്പീൽവാദി നിർബ്ബന്ധിത ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടുവെന്നും കൂടി മൊഴി നൽകി. ലൈംഗിക വൈകൃതത്തിന്റെ ഏറ്റവും മോശമായ രൂപത്തിലും അവളുടെ ഇഷ്ടത്തിനു വിരുദ്ധമായി പ്രകൃതിവിരുദ്ധ ലൈംഗികതയ്ക്കും അവൾ വിധേയമായി എന്നും മൊഴി നൽകി. അപ്പീൽവാദിയുടെ അമ്മ മരണപ്പെട്ട ദിവസം പോലും അവളെ ലൈംഗിക ബന്ധത്തിൽ നിന്നും അപ്പീൽവാദി ഒഴിവാക്കിയില്ല എന്നും എതിർകക്ഷി മൊഴി നൽകി. അപ്പീൽവാദി അവരുടെ മകളുടെ മുന്നിൽപോലും അവളെ ലൈംഗികബന്ധത്തിലേർപ്പെടാൻ നിർബ്ബന്ധിച്ചുവെന്നും കൂടി അവൾ പ്രസ്താവിച്ചു. അപ്പീൽവാദിയുടെ ലൈംഗിക പെരുമാറ്റത്തെക്കുറിച്ചുള്ള ഖണ്ഡിക്കാത്ത എതിർവിസ്താര മൊഴി ഈ കോടതിക്ക് അവിശ്വസിക്കേണ്ട ആവശ്യമില്ല. ചീഫ് വിസ്താരത്തിൽ പരാമർശിച്ച അപ്പീൽവാദിയുടെ ലൈംഗിക അതിക്രമത്തെ സംബന്ധിച്ചുള്ള വിവരണത്തിനെതിരെ ഗൗരവതരമായ തർക്കങ്ങളൊന്നും ഇല്ല. അപ്പീൽവാദി എതിർകക്ഷിയെ അവളുടെ ഇഷ്ടത്തിനെതിരായി ബാറിൽ പോകാൻ നിർബ്ബന്ധിതയാക്കിയെന്നതു സംബന്ധിച്ച് കൂടുതലായുള്ള ആരോപണവും അവിശ്വസിക്കേണ്ടതില്ല. അപ്പീൽവാദിയുടെ വായ്പക്കാർക്ക് ചെക്ക് നൽകുന്നതിനും അവർ നിർബ്ബന്ധിതയായി എന്ന് കൂടി എതിർകക്ഷി പ്രസ്താവിച്ചു. എൻ.ഐ.എ 138-ാം വകുപ്പു പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് എതിർകക്ഷിയെ ശിക്ഷിച്ചുട്ടുള്ളതായി കാണുന്നു. മേൽപ്പറഞ്ഞ കേസിന്റെ നടപടിയെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ആ കേസിലെ അത്തരം കാര്യങ്ങൾ ഞങ്ങൾ പരസ്യപ്പെടുത്തുന്നത് ന്യായയുക്തമാകില്ല. അപ്പീൽവാദി ഉയർത്തിയ വ്യഭിചാര ആരോപണത്തിന്റെ വസ്തുതയിൽ തർക്കമില്ലാത്തതാണ്. അപ്പീൽവാദി പ്രതിവാദ പത്രികയിൽത്തന്നെ പറഞ്ഞിട്ടുണ്ട് അവൾ താമസിച്ചിരുന്ന പാർപ്പിട സമുച്ചയത്തിലെ കാര്യസ്ഥനുമായി അവൾക്ക് അവിഹിത ബന്ധമുണ്ടെന്ന്. അപ്പീൽവാദി കോഴിക്കോട്

സൈബർ സെൽ മുമ്പാകെ പരാതി നൽകിയിരുന്നു. അന്വേഷണത്തിൽ, കാര്യസ്ഥനുമായുള്ള ടെലഫോൺ സംഭാഷണം തെളിഞ്ഞിട്ടുള്ളതായി സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നിരിന്നാലും കുടുംബകോടതി മുമ്പാകെ അന്വേഷണ റിപ്പോർട്ടു സ്ഥാപിക്കാൻ യാതൊരു തെളിവും അപ്പീൽവാദി ഹാജരാക്കിയിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. വ്യഭിചാര ആരോപണങ്ങൾ അടിസ്ഥാന രഹിതമായി അവശേഷിക്കുന്നു.

10. വസ്തുതകളുടെ വിശകലനം ക്രൂരത വെളിവാക്കുന്നുണ്ടോ ഇല്ലയോ: വൈവാഹികബന്ധം നിലനിൽക്കുന്നത് സംതൃപ്തിയിലാണ്. വീട്ടിൽ സ്വരൈക്യമുണ്ടെങ്കിൽ അത് വൈവാഹിക സംതൃപ്തിയ്ക്ക് കാരണമാകും. പരസ്പര ബഹുമാനത്തിലൂടെയും വിശ്വാസത്തിലൂടെയുമാണ് സ്വരൈക്യമുണ്ടാകുന്നത്. അപ്പീൽവാദിയുടെ കടം അപ്പീൽവാദിക്കും എതിർകക്ഷിയ്ക്കുമിടയിലെ തർക്കത്തിന് കാരണമായി. അപ്പീൽവാദി, പ്രശ്നങ്ങളിൽ നിന്നു രക്ഷപ്പെടണം എന്ന് എതിർകക്ഷിയും അവളുടെ അച്ഛനും ആഗ്രഹിക്കാത്ത ഒരു കേസല്ല ഇത്. എതിർ കക്ഷിയും പിതാവും അപ്പീൽവാദിയെ സാധിക്കുന്നത്ര നല്ല രീതിയിൽ സഹായിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഇത് എതിർകക്ഷിയിൽ നിന്നും അവളുടെ പിതാവിൽ നിന്നും കൂടുതൽ പണം, അയാളുടെ കടത്തിന്റെ മറവിൽ, നേടുന്നതിനുള്ള ഒരു തന്ത്രമായി ഇത് മാറി. അപ്പീൽവാദി സാമ്പത്തിക നേട്ടത്തിനും വിലപേശലിനുമായി വിശ്വാസാധിഷ്ഠിതബന്ധത്തെ ഉപയോഗിച്ചു. അപ്പീൽവാദിയുടെ പ്രവൃത്തികളിൽ നിന്ന്, വിവാഹജീവിതം തുടരുന്നത്, ഭർത്താവ് മറ്റുവിധത്തിൽ ഉണ്ടാക്കിയിട്ടുള്ള സാമ്പത്തിക ബാധ്യതകൾ നിറവേറ്റുക എന്ന ലക്ഷ്യത്തിനു വേണ്ടി മാത്രമാണെന്ന ഭയം എതിർകക്ഷിയിൽ ജനിപ്പിച്ചു. സമർഘോഷ് V. ജയഘോഷ് [(2007)4 എസ്.സി.സി 511] എന്ന കേസ്സിൽ, പരമോന്നത കോടതി വിധിയിൽ, എന്തൊക്കയാണ് മാനസിക ക്രൂരതയുടെ ഘടകങ്ങൾ എന്ന് സംക്ഷിപ്തമായി വിശദീകരിക്കുന്നു. ഓരോ കേസിലെയും വസ്തുതകളും സാഹചര്യങ്ങളും വിലയിരുത്തി മാനസിക ക്രൂരത നിർവ്വചിക്കുന്നതിന് ഇംഗ്ലണ്ടിന്റെ ഹാൾസ്ബറി നിയമങ്ങളും, അമേരിക്കൻ നിയമശാസ്ത്രവും അവലംബിച്ചു കൊണ്ട് പരമോന്നതകോടതി ചില ഘടകങ്ങൾ നിർണ്ണയിച്ചു. മേൽപ്പറഞ്ഞ വിധിന്യായത്തിന്റെ ചില ഖണ്ഡികകൾ പരാമർശിക്കുന്നത് ഉചിതമാണ്, അത് താഴെപ്പറയും പ്രകാരം കാണുക:

മാർഗ്ഗ നിർദ്ദേശത്തിനായി, ഏകീകൃത മാനദണ്ഡമുണ്ടാക്കാൻ ഒരിക്കലും സ്ഥാപിക്കാൻ കഴിയില്ലെങ്കിലും, എന്നിരുന്നാലും, മാനസിക ക്രൂരതയുടെ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ പ്രസക്തമായേക്കാവുന്നതിനാൽ മനുഷ്യസ്വഭാവത്തിന്റെ ചില ഉദാഹരണങ്ങൾ വിശദീകരിക്കുന്നത് ഉചിതമാണെന്ന് ഞങ്ങൾ കരുതുന്നു. തുടർന്നുള്ള ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള സന്ദർഭങ്ങൾദൃഷ്ടാന്തങ്ങൾ മാത്രമാണ്; സംഗ്രഹമല്ല. (i) കക്ഷികളുടെ സമ്പൂർണ്ണ വൈവാഹികജീവിതം പരിഗണിക്കുമ്പോൾ കടുത്ത മനപ്രയാസം, കഠിനദുഃഖം, കഷ്ടപ്പാടുകൾ എന്നിവ കക്ഷികൾക്ക് സഹവസിക്കാനുള്ള സാധ്യതയുണ്ടാക്കില്ല എന്നതിനാൽ അവ മാനസിക ക്രൂരതയുടെ വിശാലമായ മാനദണ്ഡത്തിനുള്ളിൽ വരാം.

(ii) കക്ഷികളുടെ മൊത്തത്തിലുള്ള വൈവാഹിക ജീവിതത്തിന്റെ സമഗ്രമായ വിലയിരുത്തലിൽ തെറ്റായ പെരുമാറ്റം സഹിച്ച് മറ്റുകക്ഷിയുമായി ജീവിതം തുടരണമെന്ന് ന്യായമായും ആവശ്യപ്പെടാൻ കഴിയാത്ത സാഹചര്യമാണുള്ളത് എന്ന് വളരെ വ്യക്തമായിരിക്കുക.

(iii) വെറും സ്നേഹശൂന്യത അല്ലെങ്കിൽ വാത്സല്യത്തിന്റെ അഭാവം ക്രൂരതയാകുന്നില്ല, പതിവായുള്ള പരുഷവാക്കുകൾ, കർക്കശ പെരുമാറ്റം, നിസ്സംഗത, അവഗണന എന്നിവ മറ്റെയാളുടെവൈവാഹിക ജീവിതം തികച്ചും അസഹനീയ മാകുന്നത്ര അവസ്ഥയിലെത്തിക്കുക.

(iv) മാനസിക ക്രൂരത ഒരു മനോനിലയാണ്. ദമ്പതികളിലൊരാൾക്ക് വളരെക്കാലമായുള്ള അഗാധമായ ദു:ഖം, നിരാശ, മോഹഭംഗം എന്നിവ മറ്റെയാളുടെ പെരുമാറ്റം കൊണ്ട് അനുഭവിക്കേണ്ടി വരുന്നത് മാനസിക ക്രൂരതയിലേക്ക് നയിച്ചേക്കാം.

(v) പീഡനം ഉദ്ദേശിച്ചു കൊണ്ട് സ്ഥിരമായിഅധിക്ഷേപിക്കുന്നതും അപമാനി ക്കുന്നതുമായ പെരുമാറ്റം, അപമാനം, അല്ലെങ്കിൽ പങ്കാളിയുടെ ജീവിതം ദുരിതപൂർണമാക്കുക.

(vi) ദമ്പതികളിലൊരാളുടെ സ്ഥിരമായ, ന്യായീകരിക്കാനാവാത്ത സ്വഭാവവും പെരുമാറ്റവും സത്യത്തിൽ മറ്റേ പങ്കാളിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നു. പരാതിപ്പെട്ട പെരുമാറ്റവും അതിന്റെ ഫലമായുണ്ടാകുന്ന ആപത്തോ ഭയമോ വളരെ ഗൗരവമേറിയതും സ്ഥിരമായതും പ്രാധാന്യമേറിയതു മായിരിക്കണം.

(vii) സ്ഥിരമായ നിന്ദ്യമായ പെരുമാറ്റം, മന:പ്പൂർവ്വമുള്ള അവഗണന, ഉദാസീനത അല്ലെങ്കിൽമാനസികാരോഗ്യത്തെ ബാധിക്കുന്നതോ വേദനിപ്പിച്ചു സന്തോഷം നേടുന്നതിനോ വേണ്ടി സാധാരണ നിലവാരത്തിലുള്ള ദാമ്പത്യത്തിൽ നിന്നുള്ള പൂർണ്ണമായ വ്യതിചലനം എന്നിവ മാനസികക്രൂരത ആകുന്നു.

11) അപ്പീൽവാദി ഒരിക്കലും എതിർകക്ഷിക്കോ അയാളുടെ കുട്ടികൾക്കോ സ്നേഹവും പരിചരണവും നൽകാൻ ശ്രദ്ധിച്ചിട്ടില്ല എന്ന വസ്തുതയുടെ പശ്ചാത്തലത്തിൽ വേണം പണത്തിനു വേണ്ടിയുള്ള ആവശ്യം എന്നത് മനസ്സിലാ ക്കേണ്ടത്. അപ്പീൽവാദിയുടെയും എതിർകക്ഷിയുടെയും വൈവാഹിക ജീവിതത്തിൽ, എതിർകക്ഷിക്ക് അപ്പീൽവാദിയുടെ ഭാഗത്തു നിന്നും എന്തെങ്കിലും സുരക്ഷയോ, സ്നേഹമോ, കരുതലോ ഒരിക്കലും ലഭിച്ചിരുന്നില്ല. ഇതും പണം ആവശ്യപ്പെട്ട് നിരന്തരം പീഡിപ്പിക്കുന്നു എന്ന വസ്തുതയും അവൾക്ക് മാനസിക വേദനയും കഠിനദു:ഖവും കഷ്ടപ്പാടുകളും ഉണ്ടാക്കി. അപ്പീൽവാദിയുടെ ഭാഗത്തു നിന്നുള്ള പ്രവൃത്തിയും പെരുമാറ്റവും മാനസിക ക്രൂരതയ്ക്ക് കാരണമായിയെന്ന് വിധിക്കാൻ ഞങ്ങൾക്ക് ഒരു ശങ്കയുമില്ല.

12) വൈവാഹിക ജീവിതത്തിലെ ലൈംഗികത ദമ്പതികൾക്കിടയിലെ അടുപ്പത്തിന്റെ പ്രതിഫലനമാണ്. Pw1-ന്റെ മൊഴിയിൽ, അവൾ അവളുടെ ഇഷ്ടത്തിന് വിരുദ്ധമായി എല്ലാത്തരം ലൈംഗിക വൈകൃതങ്ങൾക്കും വിധേയയായിട്ടുണ്ടെന്നു വ്യക്തമായി സ്ഥാപിക്കുന്നു. അപ്പീൽവാദി എതിർകക്ഷിയുടെ ആഗ്രഹങ്ങളും വികാരങ്ങളും അവഗണിച്ചു എന്നത് സ്പഷ്ടമാണ്. അപ്പീൽവാദി പലപ്പോഴും പ്രകൃതിവിരുദ്ധ ലൈംഗിക ബന്ധത്തിലേർപ്പെടാൻ അവളെ നിർബ്ബന്ധിച്ചുവെന്ന എതിർ കക്ഷിയുടെ ഭാഷ്യവും ഞങ്ങൾക്ക് അവിശ്വസിക്കേണ്ടതില്ല. എതിർകക്ഷിയുടെ വാമൊഴി ത്തെളിവ് സ്വാഭാവികമാണ്. അവളുടെ സാക്ഷ്യത്തെ അവിശ്വസിക്കാൻ ഞങ്ങൾ ഒരു കാരണവും കാണുന്നില്ല.

13) ഭാര്യയുടെ സ്വാതന്ത്ര്യത്തെ അവഗണിക്കുന്ന ഭർത്താവിന്റെ ഭോഗാസക്തി നിർവ്വഹണം വൈവാഹിക ബലാത്സംഗമാണ്, അത്തരം പെരുമാറ്റത്തെ ശിക്ഷിക്കാൻ കഴിയില്ലെങ്കിലും അത് ശാരീരികവും മാനസികവുമായ ക്രൂരതയുടെ ഭാഗമാകുന്നു. വൈവാഹിക ബലാത്സംഗം നമ്മുടെ ശിക്ഷാ നിയമത്തിന് അന്യമാണ്. 'ബ്ലാക്കി'ന്റെ നിയമ നിഘണ്ടു 8-ാം പതിപ്പിൽ 'വൈവാഹിക ബലാത്സംഗത്തെ' നിർവ്വചിച്ചിരിക്കുന്നത് ഭർത്താവ് ഭാര്യയോടൊപ്പം ബലാൽക്കാരമായോ അല്ലെങ്കിൽ അവളുടെ സമ്മതമില്ലാതെയോ നടത്തുന്ന ലൈംഗിക ബന്ധം' എന്നാണ്. വൈവാഹിക ബലാത്സംഗം നടക്കുന്നത് ഭർത്താവിന് അവന്റെ ഭാര്യയുടെ ശരീരം അവനോട് കടപ്പെട്ടിരിക്കുന്നു എന്ന ധാരണ ഉണ്ടാകുമ്പോഴാണ്.

ഫ്യൂഡൽ നോർമൻ ആചാരത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ആംഗ്ലോഅമേരിക്കൻ പാരമ്പര്യത്തിൽ, നിയമപരമായ വിവാഹവ്യവസ്ഥയിലൂടെഒരു സ്ത്രീയെ പുരുഷന്റെ ആജ്ഞാനുവർത്തിയായി മാറ്റുകയും വ്യക്തിഗത അസ്തിത്വം വൈവാഹിക ബന്ധത്തിൻ കീഴിൽ മാറ്റിനിർത്തപ്പെടുകയും ചെയ്യുന്നു. ഇത് ഭർത്തൃമതിത്വം എന്ന് അറിയപ്പെട്ടിരുന്നതും ആയത് യുണൈറ്റഡ് സ്റ്റേറ്റ്സ്, നിയമനിർമ്മാണത്തലൂടെ നിരോധിച്ചിട്ടുള്ളതുമാണ്. (https:www.britanica.com/topic/coverture viewed on 29 July 2021)ഗോത്രാധിപത്യ വ്യവസ്ഥയിലും, ഭർത്താവിന് സ്ത്രീയോട് സമാനമായ സമീപനമാണ്. ആധുനിക സാമൂഹിക നിയമ വ്യവസ്ഥയിൽ, വിവാഹത്തിലെ ദമ്പതികളെ തുല്യ പങ്കാളികളായി കണക്കാക്കുന്നതും, ഭർത്താവിന് ഭാര്യയിലോ അല്ലെങ്കിൽ അവളുടെ ശരീരത്തെ സംബന്ധിച്ചോ അതുമല്ലെങ്കിൽ വ്യക്തിഗത പദവി സംബന്ധിച്ചോ യാതൊരു മേൽക്കോയ്മയും അവകാശപ്പെടാൻ കഴിയില്ല. ഭാര്യയുടെ ശരീരം ഭർത്താവിനോട് കടപ്പെട്ടിരിക്കുന്നു എന്നു കരുതി അവളുടെ ഇഷ്ടത്തിന് വിരുദ്ധമായി ലൈംഗികമായി ബന്ധപ്പെടുന്നതും വൈവാഹിക ബലാത്സംഗമല്ലാതെ മറ്റൊന്നുമല്ല. അവന്റെ അല്ലെങ്കിൽ അവളുടെ ശാരീരികവും മാനസികവുമായ സമഗ്രതയെ ബഹുമാനിക്കാനുള്ള അവകാശം ശാരീരിക സമഗ്രതയെ ഉൾക്കൊള്ളുന്നു; ശാരീരിക സമഗ്രതയോടുള്ള എന്തെങ്കിലും അനാദരവോ ലംഘനമോ വ്യക്തിഗത സ്വാതന്ത്ര്യത്തിന്റെ ലംഘനമാണ്. സ്വാതന്ത്ര്യം അടിസ്ഥാനപരമായി സൂചിപ്പിക്കുന്നത് അതിന്മേൽ നിയന്ത്രണം ഉണ്ടെന്ന് ഒരാൾ വിശ്വസിക്കുന്ന ഒരു

തോന്നൽ അല്ലെങ്കിൽ അവസ്ഥയെയാണ്. ദാമ്പത്യത്തിൽ, ദമ്പതിഒരു വ്യക്തിയെന്ന നിലയിൽ അവനിലോ അവളിലോ അന്തർലീനമായ അമൂല്യമായ ഒരു സ്വകാര്യത കാത്തുസൂക്ഷിക്കുന്നു. അതിനാൽ, വൈവാഹിക സ്വകാര്യത വ്യക്തിഗത സ്വാതന്ത്ര്യവുമായി അഗാധമായും ഗഹനമായും ബന്ധപ്പെട്ടിരിക്കുന്നു; അവിടേക്ക് ശാരീരികമായും അല്ലാതെയുമുള്ള നുഴഞ്ഞുകയറ്റം സ്വകാര്യതയെ കുറയ്ക്കും. ഇത് അടിസ്ഥാനപരമായി ക്രൂരതയായിത്തീരും. ശിക്ഷാനിയമ പ്രകാരം വൈവാഹിക ബലാത്സംഗം നിയമം അംഗീകരിക്കുന്നില്ല എന്ന കാരണത്താൽ മാത്രം, അതിനെ വിവാഹമോചനം അനുവദിക്കുന്നതിനുള്ള ക്രൂരതയുടെ ഒരു രൂപമായി അംഗീകരിക്കുന്നതിൽ നിന്ന് ഇത് കോടതിയെ തടയുന്നില്ല. ഞങ്ങൾ, അതിനാൽ, വിവാഹമോചനം ആവശ്യപ്പെടുന്നതിനുള്ള നല്ലൊരു കാരണമായാണ് വൈവാഹിക ബലാത്സംഗത്തെ വീക്ഷിക്കുന്നത്.

14) ഈ കേസിൽ, സമ്പത്തിനും ലൈംഗികതയ്ക്കും വേണ്ടിയുള്ള ഭർത്താവിന്റെ മതിവരാത്ത ത്വര വിവാഹമോചനത്തിനുള്ള തീരുമാനം എടുക്കാൻ എതിർകക്ഷിയെ നിർബന്ധിതയാക്കി. അപ്പീൽവാദിയുടെ ഭോഗാസക്തിയുള്ളതും നെറികെട്ടതുമായ പെരുമാറ്റം സാധാരണ ദാമ്പത്യജീവിതത്തിന്റെ ഭാഗമാണെന്ന് പരിഗണിക്കാൻ കഴിയില്ല. അതിനാൽ ഇണയുടെ സമ്പത്തിനോടും ലൈംഗികതയോടുമുള്ള അടങ്ങാത്ത ത്വര ക്രൂരതയായി കണക്കാക്കാമെന്ന് വിധിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടില്ല.

15) എതിർകക്ഷിയുടെ മേൽ വ്യഭിചാര ആരോപണം തെളിയിക്കുന്നതിലും അപ്പീൽവാദി പരാജയപ്പെട്ടു. അടിസ്ഥാന രഹിതമായ വ്യഭിചാര അരോപണങ്ങളും മാനസിക ക്രൂരത സൃഷ്ടിക്കും. അതിനാൽ മേൽപ്പറഞ്ഞ വസ്തുതകളിലെ കണ്ടെത്തലുകൾ വിവാഹമോചനത്തിന് ക്രൂരത എന്ന കാരണം വ്യക്തമായി സ്ഥാപിച്ചു എന്ന് ഞങ്ങൾ നിരീക്ഷിക്കുന്നു.

16) **ഉപസംഹാരം:** മനുഷ്യൻ സ്വേച്ഛപോലെ തീരുമാനിക്കുകയും സ്വയം പരാജിതരാകുകയും ചെയ്യുന്നു. പങ്കാളിയെ തിരഞ്ഞെടുക്കുന്നത് സ്വാതന്ത്ര്യമാണ്; വേർപെടാനുള്ള തീരുമാനം സ്വാതന്ത്ര്യമല്ല. മികച്ച വ്യക്തിഗത താല്പര്യവും സമൂഹത്തിന്റെ വിശാല താല്പര്യവും നമ്മൾഎങ്ങിനെയാണ് സന്തുലിതമാക്കുന്നത്. ഇന്ന് നിലനിൽക്കുന്ന വിവാഹമോചന നിയമം മേൽപ്പറഞ്ഞ സൂക്ഷമായ സന്തുലനത്തിന്റെ നിരൂപണവും പര്യാലോചനയും ഉദ്ദേശിക്കുന്നു. സ്വാതന്ത്ര്യം ഇപ്പോൾ സ്വകാര്യതയുടെ ഭാഗമായി കണക്കാക്കുകയും മൗലികാവകാശമായി അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. പങ്കാളിയെ സ്വമേധയാ തിരഞ്ഞെടുക്കുന്നതിലൂടെ വ്യക്തികൾക്ക് അവരുടെ ബന്ധങ്ങൾ പങ്കിടാനുള്ള സ്വാതന്ത്ര്യമുണ്ടാകുന്നു. എന്നാൽ അതേ വ്യക്തികൾക്ക് അവരുടെ ഇഷ്ടപ്രകാരം ബന്ധം വേർപെടുത്താനോ തകർക്കാനോ ഉള്ള സ്വാതന്ത്ര്യമില്ല. വിവാഹമോചനനിയമങ്ങൾ വ്യക്തമായ കാരണങ്ങളിലൂടെ അവരുടെ സ്വാതന്ത്ര്യത്തെ കുറയ്ക്കുന്നു. അത്തരം കാരണങ്ങളിൽ വാദപ്രതിവാദം നടത്തുമ്പോൾ ഒരു ബന്ധത്തിന്റെ വിധി നിർണായി

ക്കുന്ന വിഷയത്തിൽ യഥാർത്ഥ ഘടകങ്ങളെക്കാൾ അഭിഭാഷകരുടെ സൂക്ഷ്മബുദ്ധി/ചാതുര്യം ഞങ്ങൾ പലപ്പോഴും കാണുന്നു. വിവാഹമോചനത്തിന്റെ കാരണങ്ങളിൽ വാദപ്രതിവാദം നടത്തുന്ന കേസ്സുകളിൽ കൂടിച്ചേരലിനുള്ള എല്ലാ സാധ്യതയും ഇല്ലാതാക്കി ബന്ധത്തെ നശിപ്പിക്കുന്നവയാണ്. ഒരു വിവാഹത്തിൽ, പങ്കാളിക്ക് ഒരു തിരഞ്ഞെടുക്കലവകാശമുണ്ട്, ആ അവകാശംകഷ്ടപ്പെടാനുള്ള തിരഞ്ഞെടുപ്പല്ല ആയത് പ്രകൃതിനിയമത്തിനും ഭരണഘടനയ്ക്കും കീഴിൽ ഉറപ്പു നൽകുന്ന അടിസ്ഥാന സ്വാതന്ത്ര്യമാണ്. കോടതിയാൽ വിവാഹമോചനം നിരസിച്ചുകൊണ്ട് ഒരു പങ്കാളിയെ അവന്റെയോ അവളുടെയോ ആഗ്രഹത്തിനെതിരായി സഹിക്കുവാൻ നിർബ്ബന്ധിക്കാൻ നിയമത്തിന് കഴിയില്ല. വിവാഹമോചന ഹർജി തള്ളിക്കളഞ്ഞാൽ ഇതാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. ഈ കേസിലും, ഞങ്ങളുടെ മുന്നിലുള്ള മറ്റ് പല കേസുകളെയും പോലെ, വിധിയുമായുള്ള യുദ്ധത്തിൽ ഒരു സ്ത്രീക്ക് അവളുടെ ജീവിതത്തിന്റെ അമൂല്യമായ ഭാഗം നഷ്ടപ്പെടുന്നതിന്റെ ദുഷിച്ച കഥ വിവരിക്കുന്നു. ആ വിധി അവൾ തിരഞ്ഞെടുത്തതല്ല; അത് അവളിൽ വൈവിധ്യത്തിലൂടെ അന്യനിയമാധികാര ശക്തികളാൽ ചുമത്തപ്പെട്ടതാണ്. പൊതു നന്മയ്ക്കുവേണ്ടിനിയമപരമായ നിയന്ത്രണം കൊണ്ടുവന്ന നിയമനിർമ്മാണസഭയുടെ അധികാരത്തെ ചോദ്യം ചെയ്യാനോ ശങ്കിക്കുവാനോ കഴിയില്ല. വരണസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെട്ട വ്യക്തിയുടെ താത്പര്യങ്ങൾ സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെയാവണം സ്വാതന്ത്ര്യവും നിയന്ത്രണവും തമ്മിൽ മികച്ച സന്തുലിതാവസ്ഥ സംജാതമാക്കേണ്ടത്. ക്രൂരത, വ്യഭിചാരം, ഉപേക്ഷിക്കൽ മുതലായ വിവാഹമോചനം അനുവദിയ്ക്കുന്നതിനുള്ള നിർദ്ദിഷ്ട വിവാഹമോചന കാരണങ്ങൾക്ക് ബാഹ്യ പ്രേരണയുടെ അംശമുണ്ട്. അക്കാലത്തെ സമൂഹത്തിന്റെ ആഴത്തിലുള്ള സംസ്കാര മൂല്യങ്ങൾ പ്രതിഫലിപ്പിക്കുന്നവിധം വിവാഹമോചന നിയമം നിർമ്മിക്കപ്പെട്ടു. അക്കാലത്ത്, വിവാഹത്തെ സംബന്ധിച്ചുള്ള സാമൂഹിക തത്വശാസ്ത്രം വളരെ മോശമായ സാഹചര്യങ്ങളിലല്ലാതെ വിവാഹ മോചനം അംഗീകരിച്ചിരുന്നില്ല. അധിനിയമാധികാരവും വ്യക്തിഗത സ്വാതന്ത്ര്യവും നിയമാനുസൃത ബന്ധത്തിലെ അതിലോലമായ സന്തുലന അനുഷ്ഠാനമാണ്. വിവാഹത്തെക്കുറിച്ചുള്ള സാമൂഹ്യ കാഴ്ച്ചപ്പാട് മാറിയ സാഹചര്യത്തിൽ, സാമൂഹ്യാധിഷ്ഠിത തത്വചിന്തയിൽ നിന്നും വ്യക്ത്യാധിഷ്ഠിത തത്വചിന്തയിലേക്കുള്ള മാറ്റം നിർദ്ദിഷ്ടകാരണങ്ങളാലുള്ള നിലവിലെ വിവാഹമോചന നിയമം ഭരണഘടനാപരമായ പരീക്ഷണങ്ങളെ അതിജീവിക്കുമോ എന്ന് ഞങ്ങൾക്ക് ഭയമുണ്ട്. വ്യക്തിഗത തിരഞ്ഞെടുക്കലിന്റെയും വ്യക്തിയുടെ ഉത്തമമായ താല്പര്യത്തിന്റെയും ശ്രേഷ്ഠമായ സന്തുലനം അത്തരം നിയമത്തിൽ കാണാനില്ല. ഈ വിഷയം ഉചിതമായ കേസുകളിൽ പരിശോധിക്കേണ്ടതുള്ളതിനാൽ ഇതിന്മേൽ കൂടുതൽ അഭിപ്രായങ്ങൾ പറയുന്നതിൽ നിന്നും ഞങ്ങൾ പിൻതിരിയുന്നു. എന്നിരുന്നാലും ഞങ്ങൾക്ക്മാറ്റത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളുണ്ട്; അത് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നു.

17) ആളുകൾക്ക് സ്വതന്ത്ര തീരുമാനമുണ്ടോ എന്നത് ഒരു പക്ഷേ സമൂഹത്തിൽ നിലനിൽക്കുന്ന വൈവാഹിക പശ്ചാത്തലത്തിൽ ഉത്തരം നൽകേണ്ട ഏറ്റവും

ബുദ്ധിമുട്ടുള്ള ചോദ്യമാണ്. മനുഷ്യൻ പ്രകൃത്യാ തന്നെ തെറ്റുചെയ്യത്തക്ക സ്വഭാവ മുള്ളവരും അവന്റെയോ അവളുടെയോ സ്വന്തം തീരുമാനങ്ങളുടെ ദൗർബല്യങ്ങൾക്ക് വശംവദരാവുകയും ചെയ്യും. ഈ വക തീരുമാനങ്ങൾ അവ യുക്തമാണെന്ന് തോന്നിയാലും പലപ്പോഴും വൈകാരിക വെല്ലുവിളികളുടെ സാഹചര്യങ്ങളാണ് പ്രകടിപ്പിക്കപ്പെടുന്നത്. വ്യക്തികളുടെ മികച്ച താല്പര്യങ്ങൾ പല ഘടകങ്ങളുമായി ബന്ധപ്പെട്ട താല്പര്യങ്ങളാണ്. മനുഷ്യർക്ക് വേണ്ടത് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യ മുണ്ടെന്ന് തോന്നിയാലും,അവരുടെ തിരഞ്ഞെടുപ്പ്ചുറ്റുമുള്ള സാഹചര്യങ്ങളുടെ നിയന്ത്രണങ്ങൾക്കനുസരിച്ചാണ്. ഈ ഭൂമിയിൽ മനുഷ്യന്റെ നിലനിൽപ്പ് നിയന്ത്രിക്കുന്നതും തീരുമാനിക്കുന്നതും മറ്റുള്ളവരുടെ പെരുമാറ്റരീതിയാണ്. വിവാഹവും കുടുംബവും സമൂഹത്തിലെ അത്തരം പെരുമാറ്റത്തിന്റെ മാതൃകയിൽ നിന്നും മുക്തമല്ല. വിവാഹം എന്നത് രണ്ടു വ്യക്തികൾ തമ്മിലുള്ള നിയമപരമായി അംഗീകരിച്ച സാമൂഹിക ഉടമ്പടി ആണെങ്കിൽപ്പോലും വിവാഹവും കുടുംബവും സാമൂഹ്യശാസ്ത്രപരമായ പെരുമാറ്റത്തിന്റെ വീക്ഷണഗതിയുടെ ചരിത്രവുമായി ബന്ധപ്പെടുത്തുമ്പോൾ, വ്യക്തികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ നിരത്തുന്നതിനോ നൽകുന്നതിനോ മാത്രമാകണം നിയമനിർമ്മാണത്തിന്റെ പങ്ക്. അവരുടെ ഇഷ്ടപ്രകാരം നിലകൊള്ളുന്നതിന് അനുവദിക്കുന്നില്ല. വ്യക്തികളെ, അവനോ അവളോ സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കുമ്പോൾ, വഴിതെറ്റിക്കുന്ന ഘടകങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ടതുണ്ട്. വ്യക്തികൾക്ക് ഉചിതമായ തീരുമാനങ്ങൾക്കുള്ള വഴി തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിരത്തുക അല്ലെങ്കിൽ ഏർപ്പെടുത്തുക എന്നതാണ് നിയമനിർമ്മാണത്തിന്റെ പങ്ക്. നിയമനിർമ്മാണത്തിലൂടെ ജനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ, കക്ഷികളെ അവരുടെ സ്വന്തം നന്മയ്ക്കായി തീരുമാനമെടുക്കാൻ സഹായിക്കുന്നതിനും തുണയ്ക്കുന്നതിനുമായി പരിമിതപ്പെടുത്തണം. അതിനാൽ വിവാഹമോചന നിയമത്തിന്റെ ചട്ടക്കൂട് വ്യക്തികളെ അവരുടെ സ്വന്തം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാകണം. സ്വതന്ത്ര വ്യക്തിതീരുമാനങ്ങൾ തിരഞ്ഞെടുക്കാൻ പ്രാപ്തമാക്കുന്നതിന് വ്യത്യസ്ത തലങ്ങളിലുള്ള വേദികൾ പ്രോത്സാഹിപ്പിക്കുന്നതാകണം ഈ ചട്ടക്കൂട്.

18) സുസ്ഥിരകുടുംബം പൊതു സമൂഹത്തിന് സന്തോഷവും, രാജ്യത്തിനു പരമോന്നത സന്തോഷവും നൽകുമെന്ന് സർക്കാർ വിശ്വസിക്കുന്നു. അതിനാൽ പൊതു നന്മയ്ക്കുവേണ്ടി ജനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സർക്കാരിന്റെ ഇടപെടൽ ന്യായീകരിക്കാവുന്നാതാണ്. രാജ്യത്തിന് നിശ്ചയമായും വിവാഹമോചനം നിയന്ത്രിക്കാൻ കഴിയും. ഒരു ബന്ധുത്വത്തിന്റെ വിധി തീരുമാനിക്കാൻ നിയമത്തിൻ കീഴിൽ സാധ്യമാക്കിയിട്ടുള്ള വേദികൾക്ക്, കക്ഷികളുടെ ഭാവിഭാഗദേയംവിധി തീരുമാനിക്കുന്നതിനു്, സാങ്കൽപിക കാരണങ്ങളാൽ അധികാരം കൈയ്യാളാതെ, കക്ഷികളെ അവരുടെ സ്വന്തം കാര്യങ്ങൾ അവർ തന്നെ നിയന്ത്രിക്കാൻ സാധ്യമായ ഏറ്റവും മികച്ച വഴികൾതിരഞ്ഞെടുക്കലിന് പ്രാപ്തമാക്കുന്ന അധികാരം വിട്ടുകൊടു ക്കണം. വ്യക്തിയുടെ താൽപര്യങ്ങൾ തിരഞ്ഞടുക്കുന്നതിൽ തീരുമാനമെടുക്കാൻ

കോടതി ഒരു അധികാരവും ഉപയോഗിക്കരുത്. വ്യക്തികളെ അവരുടെ സ്വന്തം കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ സഹായിക്കാൻ കോടതി അതിന്റെ അധികാരം ശാസ്ത്രീയമായി പാകപ്പെടുത്തി സംയോജിപ്പിക്കണം. ആധുനികകാല മധ്യസ്ഥത, മന:ശാസ്ത്രപരമായതും മനോരോഗ ചികിത്സാപരവുമായ വൈദ്യസഹായം, കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ഇടപെടൽ മുതലായവ കക്ഷികളെ അവരുടെ സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കാൻ പുരോഗമനാത്മകമായി സഹായിക്കും.

19) വിവാഹ മോചനം പങ്കാളിക്ക് അനവധി നഷ്ടങ്ങൾ ആ വേർപെടുത്ത ലിലൂടെ കൊണ്ടു വന്നേക്കാം. ഒരു വ്യക്തിയെ അവന്റെയോ അവളുടെയോ ഇഷ്ടാനുസരണം പ്രവർത്തിക്കാൻ നിയമം അനുവദിക്കുമ്പോൾ ആ വ്യക്തി ദാമ്പത്യത്തിലോ വേർപെടുത്തലിലോ സഹിക്കേണ്ടി വരുന്ന നഷ്ടങ്ങൾ നിയമത്തിന് അവഗണിക്കാൻ കഴിയില്ല. ദമ്പതികളിലൊരാൾ വേർപിരിയൽ തിരഞ്ഞെടുക്കുമ്പോൾ ഭാര്യയോ ഭർത്താവോ പ്രലോഭനീയതയ്ക്ക് വശംവദയാവുകയാണ്ചെയ്യപ്പെടുന്നത്. പ്രലോഭനീയത പരോക്ഷമായി സൂചിപ്പിക്കുന്നത് അത്തരം വേർപിരിയലിന്റെ ഫലമായി ദോഷമനുഭവിക്കുന്ന ദമ്പതിയുടെ സാഹചര്യവും ആ ദമ്പതിയെ ശാക്തീകരിക്കേണ്ട ആവശ്യകതയുണ്ട് എന്നതാണ്. ചിലപ്പോൾ വിവാഹമോചനം തേടുന്ന പങ്കാളി ആയിരിക്കാം ബന്ധത്തിന്റെ തകർച്ചയുടെ ഉത്തരവാദി. വിവാഹ ബന്ധത്തിലോ അല്ലെങ്കിൽ അത്തരം വേർപിരിയലിലോ പങ്കാളിക്ക് എന്തെങ്കിലും നഷ്ടം അനുഭവിക്കേണ്ടിവരാതിരിക്കാൻ നിയമം സംരക്ഷണം നൽകേണ്ടതുണ്ട്. അതിനാൽ നമ്മുടെ നിയമം വൈവാഹിക നഷ്ടങ്ങളും നഷ്ടപരിഹാരവും കൈകാര്യം ചെയ്യാൻ സജ്ജമാക്കപ്പെടണം. നമുക്ക് മാനുഷിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മനസ്സാക്ഷിയോടുകൂടി പ്രതികരിക്കുന്ന ഒരു നിയമം ആവശ്യമാണ്.

20) മേൽപറഞ്ഞ പോലെ വിവാഹത്തിനും വിവാഹമോചനത്തിനുമായിട്ടെങ്കിലും എല്ലാ സമുദായങ്ങൾക്കുമായി പൊതുവായ ഒരു നിയമസംഹിതയുണ്ടാകുന്നത് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കില്ല. വ്യക്തികൾക്ക് വ്യക്തിഗത നിയമമനുസരിച്ച് അവരുടെ വിവാഹം നടത്താൻ സ്വാതന്ത്ര്യമുണ്ട്, എന്നാൽ മതേതര നിയമത്തിൻ കീഴിലുള്ള നിർബന്ധ വിവാഹം നടത്തലിൽ നിന്നും അവരെ ഒഴിവാക്കാൻ കഴിയില്ല. വിവാഹവും വിവാഹമോചനവും മതേതര നിയമത്തിൻ കീഴിലായിരിക്കണം; അതാണ് കാലഘട്ടത്തിന്റെ ആവശ്യം. നമ്മുടെ രാജ്യത്തെ വിവാഹനിയമം നവീകരിക്കേണ്ട സമയമായി.

മേൽപറഞ്ഞവയുടെ വെളിച്ചത്തിൽ അപ്പീലുകൾ തള്ളുന്നു. ചെലവ് സംബന്ധിച്ച ഉത്തരവില്ല.

## ബഹു. ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ**

**അബ്ദുൾ അസിസ്**

**Vs.**

**ഹുസൈൻ**

W.P.C നം. 28212/2020

2021 ജൂൺ 29-ന് വിധി പ്രസ്താവിച്ചത്

**വിധിന്യായത്തിലെ പ്രസക്തഭാഗം**

2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ് - 5-ാം വകുപ്പ് - 2007ലെ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപേക്ഷയിൽ എതിർകക്ഷിയ്ക്ക് സാധാരണ തപാലിൽ നോട്ടീസ് അയക്കുന്നത് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ശരിയായ രീതിയല്ല.

**വിധിന്യായം**

ജസ്റ്റിസ് പി. വി കുഞ്ഞികൃഷ്ണൻ

1. ഈ കേസിലെ ഒന്നാം എതിർകക്ഷി പരാതിക്കാരുടെ അച്ഛനാണ്. 2-ഉം 3-ഉം എതിർകക്ഷികൾ പരാതിക്കാരുടെ സഹോദരന്മാർ ആണ്. ഒന്നാം എതിർകക്ഷി മുതിർന്ന പൗരനാണ്. 2007-ലെ, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റിലെ (ചുരുക്കത്തിൽ 2007-ലെ ആക്റ്റ്) 7-ാം വകുപ്പു പ്രകാരം രൂപീകരിച്ച മെയിന്റനൻസ് ട്രൈബ്യൂണൽ മുമ്പാകെ സംരക്ഷണത്തിനായുള്ള അപേക്ഷ അദ്ദേഹം ഫയൽ ചെയ്തു. ട്രൈബ്യൂണൽ പാസാക്കിയ ഉത്തരവാണ് എക്സിബിറ്റ് P 1. എക്സിബിറ്റ് P1 പ്രകാരം ആ കേസിലെ 2,3,4,5 എന്നീ എതിർകക്ഷികൾ 1,000/ രൂപ വീതം ആ കേസിലെ വാദിക്കു (ഈ കേസിലെ ഒന്നാം എതിർകക്ഷി) സംരക്ഷണ ചെലവ് നൽകാൻ ഉത്തരവായി. ഇതിൽ സങ്കടപ്പെട്ട്, എക്സിബിറ്റ് P1-ലെ 3ഉം 4ഉം എതിർകക്ഷികൾ ഈ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു.

2. ഹർജിക്കാരുടെയും ഒന്നാം എതിർകക്ഷിയുടെയും അഭിഭാഷകരെ കേട്ടു.

3. ഹർജിക്കാരുടെ അഭിഭാഷകൻ ബോധിപ്പിച്ചത്, എക്സിബിറ്റ് P1 ഉത്തരവു പാസാക്കുന്ന സമയത്ത് ഹർജിക്കാർ സ്ഥലത്തില്ലായിരുന്നു എന്നാണ്. ഹർജിക്കാരെ കേൾക്കാതെയാണ് ട്രൈബ്യൂണൽ തർക്കത്തിൽപ്പെട്ട ഉത്തരവു പാസാക്കിയത്. വാദികളുടെ പ്രധാന കേസ്, ട്രൈബ്യൂണലിൽ നിന്നും സമൻസ് കിട്ടിയില്ല എന്നാണ്. ഒന്നാം എതിർകക്ഷിയുടെ അഭിഭാഷകൻ ബോധിപ്പിച്ചത്, ട്രൈബ്യൂണൽ എല്ലാ വസ്തുതകളുടെ സാഹചര്യവും കണക്കിലെടുത്താണ് ഹർജിക്കാരോട് സംരക്ഷണച്ചെലവ് നൽകാൻ ഉത്തരവിട്ടത് എന്നാണ്. ഈ കോടതി റിട്ട് പെറ്റീഷൻ ഫയലിൽ സ്വീകരിച്ചപ്പോൾ പുറപ്പെടുവിച്ച ഇടക്കാലയുത്തരവു പോലും ഹർജിക്കാർ അനുസരിച്ചില്ല എന്നും അഭിഭാഷകൻ ബോധിപ്പിച്ചു. എക്സിബിറ്റ് P1 ഉത്തരവു പ്രകാരം വലിയ തുക കുടിശ്ശികയായി ഉണ്ട് എന്നും അഭിഭാഷകൻ ബോധിപ്പിച്ചു.

4. 21/06/2021-ൽ ഈ കേസ് പരിഗണനയ്ക്കു വന്നപ്പോൾ, ഈ കോടതി, സർക്കാരഭിഭാഷകനോട്, തർക്കത്തിൽപ്പെട്ട ഉത്തരവു പാസാക്കുന്നതിന് മുമ്പ് ഹർജിക്കാർക്ക് സമൻസ് നൽകിയിരുന്നോ എന്ന് കണ്ടെത്താൻ നിർദ്ദേശം നൽകി. ട്രൈബ്യൂണലിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരഭിഭാഷകൻ ബോധിപ്പിച്ചത്, വാദികൾക്ക് സമൻസ് അയച്ചത് സാധാതപാലിലൂടെ ആണെന്നും അതിനു ശേഷം എക്സിബിറ്റ് P1 ഉത്തരവു പാസാക്കി എന്നുമാണ്. സർക്കാര ഭിഭാഷകൻ മുകളിൽ ബോധിപ്പിച്ചതിൻ നിന്നും വ്യക്തമാ കുന്നത്, എക്സിബിറ്റ് P1 ഉത്തരവു പാസാക്കുന്നതിനു മുമ്പ് വാദികൾക്ക് സാധാ തപാലിൽ അയച്ച സമൻസ് അവർ കൈപ്പറ്റി എന്നു തെളിയിക്കുനതിനു യാതൊരു തെളിവും ഇല്ല എന്നാണ്.

5. 2009-ലെ, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും (കേരള) ചട്ടത്തിലെ (ചട്ടം എന്ന് ചുരുക്കത്തിൽ) ചട്ടം 6 പ്രകാരം എതിർകക്ഷിയ്ക്ക് നോട്ടീസ് അയക്കേണ്ടതും, ചട്ടത്തിൽ, ആയതിന് ചില പ്രത്യേക രീതിയും വ്യക്തമാക്കിയിട്ടുണ്ട്. 2009-ലെ, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും (കേരള) ചട്ടത്തിലെ ചട്ടം 6 ഇതിനു താഴെ ഉദ്ധരിക്കുന്നു.

"എതിർകക്ഷിക്കുള്ള നോട്ടീസ്.- (1) ചട്ടം 5-ന്റെ ഉപചട്ടം (1)-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ട്രൈബ്യൂണലിനു ബോധ്യപ്പെട്ടാൽ സംരക്ഷണത്തിനുള്ള അപേക്ഷയിൽ എതിർകക്ഷിയായിട്ടുള്ള എല്ലാ പേർക്കും, അപേക്ഷയുടെ പകർപ്പും മറ്റു ഉള്ളടക്കവും ചേർത്ത്, എന്തു കൊണ്ട് പ്രസ്തുത അപേക്ഷ അനുവദിച്ചു കൂടാ എന്ന് കാരണം കാണിക്കൽ നോട്ടീസ് ഫാറം നമ്പർ 'C'-ൽ താഴെപ്പറയുന്ന രീതിയിൽ അയക്കേണ്ടതാണ്:

a) അപേക്ഷകൻ ആഗ്രഹിക്കുന്ന പക്ഷം, അപേക്ഷകന് നേരിട്ട് കൊടുക്കുക ഇല്ലെങ്കിൽ പ്രൊസസ്സ് സർവ്വർ മുഖേന; അല്ലെങ്കിൽ,

b) അഗ്നോളജ്മെന്റ് കാർഡോടു കൂടിയ രജിസ്റ്റർ ചെയ്ത തപാൽ മുഖേന

(2) നോട്ടീസിൽ, എതിർ കക്ഷി നോട്ടീസിൽ പറഞ്ഞിരിക്കുന്ന ദിവസം നേരിട്ട് ഹാജരാകാൻ ആവശ്യപ്പെടുകയും അപേക്ഷ അനുവദിക്കാതിരിക്കാനുള്ള കാരണം എഴുതി സമർപ്പിക്കുന്നതിനും നോട്ടീസിനോട് പ്രതികരിക്കാതിരുന്നാൽ, ട്രൈബ്യൂണൽ എക്സ് പാർട്ടി നടപടികളിലേക്കു കടക്കുമെന്നും കൂടെ അറിയിക്കേണ്ടതാണ്.

(3) ഉപചട്ടം (1) ഉം (2) ഉം പ്രകാരം നോട്ടീസ് അയക്കുന്നതിനോടൊപ്പം, ഫാറം നമ്പർ 'C' നോട്ടീസ് പ്രകാരം, ഉപചട്ടം (2)-ൽ പറഞ്ഞിരിക്കുന്ന ദിവസം പരാതിക്കാരനെയും/പരാതിക്കാരെയും അറിയിക്കേണ്ടാണ്.

(4) ഉപചട്ടം (2) ഉം (3) ഉം പ്രകാരം നോട്ടീസ് അയക്കുന്നതിന് 1908-ലെ സിവിൽ നടപടി നിയമ സംഹിതയിലെ ഓർഡർ V-ലെ വ്യവസ്ഥകൾ ആവശ്യമുള്ള മാറ്റങ്ങളോടെ ബാധകമായിരിക്കുന്നതാണ്."

6. മേൽപ്പറഞ്ഞ ചട്ടം വ്യക്തമാക്കുന്നത്, അപേക്ഷകൻ ആഗ്രഹിക്കുന്ന പക്ഷം, എതിർകക്ഷിക്കുള്ള നോട്ടീസ് അപേക്ഷകനു നേരിട്ടോ അല്ലെങ്കിൽ പ്രോസസ്സ് സെർവർ മുഖേനയോ നൽകാവുന്നതാണ് എന്നാണ്. ചട്ടത്തിൽ പറഞ്ഞിരിക്കുന്ന മറ്റൊരു രീതി അക്നോളജ്മെന്റ് കാർഡോടു കൂടിയ രജിസ്റ്റേഡ് തപാൽ മുഖേനയാണ്. ചട്ടം 6-ൽ എതിർകക്ഷിയ്ക്ക് നോട്ടീസ് അയക്കുന്നതിനു ഈ മൂന്ന് രീതികൾ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2007-ലെ ആക്റ്റിലെ 5-ാം വകുപ്പു പ്രകാരം ഫയൽ ചെയ്ത അപേക്ഷയിൽ എതിർകക്ഷിയ്ക്ക് സാധാ തപാലിൽ നോട്ടീസ് അയക്കുന്നത് നോട്ടീസ് അയക്കുന്നതിനുള്ള പര്യാപ്തമായ രീതിയായി നിഷ്കർഷിച്ചിട്ടില്ല. 2007-ലെ ആക്റ്റിലെ 5-ാം വകുപ്പു പ്രകാരമുള്ള അപേക്ഷ പരിഗണിക്കുന്നതിനു മുമ്പ് എതിർകക്ഷി നോട്ടീസ് കൈപ്പറ്റി എന്നുള്ള തെളിവ് അത്യാവശ്യമാണ്. ഇത് 2007-ലെ ആക്റ്റിലെ 5(3) വകുപ്പിൽ നിന്ന് വ്യക്തമാണ്.

"5 സംരക്ഷണത്തിനായുള്ള അപേക്ഷ

(1) xxx xxx xxx xxx

(2) xxx xxx xxx xxx

(3) (1)-ാം ഉപവകുപ്പു പ്രകാരം സംരക്ഷത്തിനായുള്ള അപേക്ഷ ലഭിച്ചതിന്മേൽ മക്കൾക്കോ അല്ലെങ്കിൽ ബന്ധുവിനോ അപേക്ഷ സംബന്ധിച്ച നോട്ടീസ് നൽകിയ ശേഷവും കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനുശേഷവും ജീവനാംശം തീരുമാനിക്കുന്നതിനായി അന്വേഷണ വിചാരണ നടത്തുക.

മേൽ പറഞ്ഞ വ്യവസ്ഥയിൽ നിന്ന്, ന്യായാന്വേഷണ വിചാരണയ്ക്കു മുമ്പ് നോട്ടീസ് നൽകേണ്ടത് നിർബന്ധമാണ് എന്ന് വ്യക്തമാണ്. "നോട്ടീസ് നൽകുക" എന്ന പദത്തിന്റെ സാധാ അർത്ഥം എതിർകക്ഷിയ്ക്ക് നോട്ടീസ് നൽകിയിരിക്കണം എന്നാണ്. സാധാ തപാലിൽ നോട്ടീസ് അയക്കുന്നത് 2007-ലെ നിയമത്തിലെ 5(3) വകുപ്പിൽ പറഞ്ഞിരിക്കുന്ന "നോട്ടീസ് നൽകുക" എന്നതായി കരുതാൻ സാധിക്കു കയില്ല, പ്രത്യേകിച്ചും ചട്ടം 6(1)(a),(b) എന്നിവയിൽ ഇത്തരം നോട്ടീസ് നൽകുന്ന രീതി പ്രതിപാദിച്ചിട്ടില്ലാത്തിനാൽ. 2007-ലെ ആക്ടിന്റെ 6(3) വകുപ്പിൽ പറഞ്ഞിരിക്കുന്നത് മക്കളുടെയോ ബന്ധുവിന്റെയോ ഹാജർ ഉറപ്പു വരുത്താൻ ട്രൈബ്യൂണലിനു 1973-ലെ ക്രിമിനൽ നടപടി നിയമസംഗിത വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനുള്ള അധികാരം ഉണ്ടായിരിക്കും എന്നാണ്. 2007 -ലെ ആക്റ്റിലെ 6(4) വകുപ്പിന്റെ ക്ലിപ്ത നിബന്ധന പ്രകാരം എതിർകക്ഷികൾ സർവ്വീസ് നടത്തലിൽ നിന്ന് മന:പൂർവ്വം ഒഴിവാകുകയോ ട്രൈബ്യൂണലിൽ ഹാജരാകുന്നതിന് മന:പൂർവ്വം ഉപേക്ഷ വരുത്തുകയൊ ആണെങ്കിൽ ട്രൈബ്യൂണലിന് കേസ് വാദം കേൾക്കുന്നത് തുടരാവുന്നതും മറുപക്ഷമില്ലാതെ (എക്സ് പാർട്ടിയായി) തീരുമാനിക്കാവുന്ന തുമാണ്. 2007 -ലെ ആക്റ്റിലെ 6(5) വകുപ്പു പ്രകാരം, എതിർകക്ഷി ഭാരതത്തിന് പുറത്ത് താമസിക്കുന്നതാണെങ്കിൽ കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപന ത്തിലൂടെ ഇതിലേക്കായി നിഷ്കർഷിക്കുന്ന അങ്ങനെയുള്ള അധികാരസ്ഥാനം മുഖേന ട്രൈബ്യൂണൽ സമൻസ് നടത്തേണ്ടതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. മേൽ പറഞ്ഞ വ്യവസ്ഥകൾ പ്രകാരം, 2007- ലെ ആക്റ്റിലും അതിന്റെ ചട്ടങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ നോട്ടീസ് നൽകിയതിനു ശേഷമേ ട്രൈബ്യൂണലിനു അന്തിമ ഉത്തരവു പാസാക്കാൻ കഴിയുകയുള്ളു എന്ന് വ്യക്തമാണ്. സാധാ തപാൽ വഴി നോട്ടീസ് അയക്കുന്നത് 2007-ലെ ആക്ടും ചട്ടങ്ങളും പ്രകാരം മതിയായ അനുവർത്തനമല്ല.

7. എക്സിബിറ്റ് P1 ഉത്തരവു പാസാക്കുന്ന സമയത്ത് 2007-ലെ ആക്റ്റിലെയും അതിന്റെ ചട്ടങ്ങൾ പ്രകാരവും ഹർജിക്കാർ സമൻസ് കൈപറ്റിയതിനു യാതൊരു തെളിവുമില്ല എന്നതിൽ തർക്കമില്ല. ട്രൈബ്യൂണലിൽ കേസ് തുടങ്ങുന്ന സമയത്തും എക്സിബിറ്റ് P1 ഉത്തരവു പാസ്സാക്കുന്ന സമയത്തും ഹർജിക്കാർ വിദേശത്താ യിരുന്നു എന്നതിനെ സംബന്ധിച്ച് റിട്ട് പെറ്റീഷനിൽ പ്രസ്താവനകൾ ഉണ്ട്. ട്രൈബ്യൂണലിനു സമൻസ് രജിസ്റ്റർ ചെയ്തു തപാലിൽ അയച്ചു എന്ന് ഒരു കേസും ഇല്ല.

8. മുകളിൽ പറഞ്ഞ വസ്തുതയിൽ നിന്നും, എക്സിബിറ്റ് P1 ഉത്തരവു പാസാക്കിയിരിക്കുന്നത് ഹർജ്ജിക്കാർക്ക് കേൾക്കുവാനുള്ള അവസരം നൽകാതെയാണെന്ന് വ്യക്തമാണ്. അതിനാൽ ഹർജ്ജിക്കാർക്കെതിരെയുള്ള ഉത്തരവു മാത്രം അസ്ഥിരപ്പെടുത്താവുന്നതും ഈ കേസ് ട്രൈബ്യൂണലിലേക്ക് മടക്കി അയക്കാവുന്നതുമാണ്. എന്നാൽ ഒന്നാം എതിർകക്ഷി ഹർജിക്കാരുടെ പിതാവാ

ണെന്നത് അംഗീകരിക്കപ്പെട്ടതാണ്. ഹർജിക്കാരുടെ പിതാവിന് സ്വന്തമായി ജീവിതച്ചെലവിനു മാർഗ്ഗമില്ലെങ്കിൽ ഹർജ്ജിക്കാർ സംരക്ഷിക്കേണ്ടതായുണ്ട്. ബാക്കി എല്ലാ തർക്കങ്ങളും ഹർജിക്കാർക്ക് മെയിന്റനസ് ട്രൈബ്യൂണൽ മുൻപാകെ ഉന്നയിക്കാവുന്നതാണ്. ആയതിനാൽ ഒരു ഇടക്കാല ഏർപ്പാട് എന്ന നിലയിൽ, എനിക്കു തോന്നുന്നു, ഹർജ്ജിക്കാർ എല്ലാവരും ചേർന്ന് 20,000/ രൂപ ഒന്നാം എതിർകക്ഷിക്ക് നൽകേണ്ടതാണ്. ഈ കേസ് വിചാരണയ്ക്ക് തിരികെ അയക്കുന്നത് ഈ ഒരു വ്യവസ്ഥയോടു കൂടിയാണ്.

അതിനാൽ താഴെ പറയുന്ന രീതിയിൽ ഈ റിട്ട് പെറ്റിഷൻ അനുവദിക്കുന്നു.

1) ഈ വിധിന്യായത്തിന്റെ പകർപ്പ് കൈപറ്റി ഒരു മാസത്തിനകം ഹർജ്ജിക്കാർ 20,000/- രൂപ ഒന്നാം എതിർകക്ഷിക്ക് നൽകണം എന്ന വ്യവസ്ഥയിൽ ഹർജ്ജിക്കാർക്ക് എതിരെയുള്ള എക്സിബിറ്റ് P1- ലെ ഉത്തരവു മാത്രം അസ്ഥിരപ്പെടുത്തുന്നു.

2) ഈ കോടതി നിർദ്ദേശിച്ച പ്രകാരം ഹർജിക്കാർ ഒന്നാം എതിർകക്ഷിക്ക് 20,000/- രൂപ നൽകിയതിന്റെ രസീതു സഹിതം ഈ വിധിന്യായത്തിന്റെ പകർപ്പ് ഹാജരാക്കുന്ന പക്ഷം, ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയുടെ അവകാശവാദം ഹർജിക്കാർക്കെതിരെ മാത്രം പുന:സ്ഥാപിക്കുകയും ഹർജിക്കാരെയും ഒന്നാം എതിർകക്ഷിയേയും കേട്ടതിനു ശേഷം നിയമപ്രകാരം പുതിയ ഉത്തരവു പാസാക്കേണ്ടതുമാണ്.

3) ഈ കേസിന്റെ ഗുണദോഷങ്ങൾ പരിഗണിച്ചിട്ടില്ല എന്ന കാര്യം ഞാൻ വ്യക്തമാക്കുന്നു. വാദികൾക്കും ഒന്നാം എതിർകക്ഷിക്കും ട്രൈബ്യൂണൽ മുമ്പാകെ എല്ലാ തർക്കവും ഉന്നയിക്കുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

**ബഹു. ഹൈക്കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് ആന്റണി ഡൊമനിക്**

**&**

**ബഹു. ജസ്റ്റിസ് ഡാമാ ശേഷാദ്രി നായിഡു**

**ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസിയേഷൻ**

**Vs**

**സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്**

(റിട്ട് പെറ്റീഷൻ നം. 38742/2016)

2017 ജൂൺ 20-ന് വിധി പ്രസ്താവിച്ചത്

**വിധിയുടെ പ്രസക്ത ഭാഗങ്ങൾ**

കേരള ചുമട്ടു തൊഴിലാളി ആക്റ്റിൻ കീഴിൽ രൂപീകരിച്ച പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് വിതരണ സ്ഥലത്തിലെ അനുബന്ധ മായ കയറ്റിറക്ക് ജോലിക്ക് യാതൊരു അവകാശവാദവും ഉന്നയിക്കാൻ കഴിയില്ല. ഉപഭോക്തൃ വസ്തുക്കളുടെ വിതരണവും അതിന്റെ കയറ്റിറക്കലും അത്തരം വസ്തുക്കളോടൊപ്പം വരുന്ന വിതരണജോലിക്കാർക്കു തന്നെ ചെയ്യാവുന്നതാണ്.

**വിധിന്യായം**

**ജസ്റ്റിസ് ആന്റണി ഡൊമനിക്.**

1. കൊടുങ്ങല്ലൂർ താലൂക്കിലെ കോട്ടപ്പുറം ചന്തയിൽ ഉപഭോക്തൃ വസ്തുക്കൾ വിതരണം നടത്തുന്ന സംഘടനയുടെ കൊടുങ്ങല്ലൂർ ഘടകമാണ് ഹർജികക്ഷി.

30-1-17-ാം തീയതിയിലെ സത്യവാങ്മൂലത്തിൽ സംഘടനയിലെ അംഗങ്ങളുടെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

2. ഹർജ്ജികക്ഷിയുടെ കേസ്, അവരുടെ അംഗങ്ങൾ വിതരണ വാഹനങ്ങ ളിലും സ്വന്തമായിട്ടുള്ള മറ്റു വാഹനങ്ങളിലും ഉപഭോക്തൃ വസ്തുക്കൾ വിതരണം

ചെയ്യുന്നു എന്നും ഈ സാധനങ്ങളോടൊപ്പം പോകുന്ന വിതരണ ജോലിക്കാർ ഈ ഉപഭോക്തൃ വസ്തുക്കൾ ചില്ലറ വ്യാപാരികൾക്ക് വിതരണം നടത്തിവരുന്നു എന്നുമാണ്. ഇതാണ് നിലനിന്നിരുന്ന പതിവ് എങ്കിലും അടുത്തകാലത്തായി എതിർകക്ഷി സംഘടനകൾ വിതരണ വാഹനത്തിനകത്തേക്കും പുറത്തേക്കുമുള്ള കയറ്റിറക്കു ജോലി അവരുടെ അവകാശമാണെന്നു ഉറപ്പിച്ചുകൊണ്ടു തടസ്സപ്പെടുത്തി. തൊഴിലാളി സംഘടനകളുടെ എതിർപ്പുമൂലം, ഹർജിക്കാരുടെ സംഘടനയിലെ അംഗങ്ങൾക്ക് അവരുടെ വ്യാപാരം തുടർന്നു നടത്താൻ സാധിക്കുന്നില്ല. അവർ, അതുകൊണ്ട് പോലീസിന്റെ സഹായ ത്തിനുവേണ്ടി പോലീസിനെ സമീപിക്കുകയും, പോലീസ് സംരക്ഷണം ലഭ്യമാക്കിയില്ല എന്ന് സങ്കടപ്പെട്ട് പോലീസ് സംരക്ഷണത്തിനായി ആണ് ഈ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്.

3. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡും തൊഴിലാളി സംഘടനകളും ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നത്, കേരള ചുമട്ടു തൊഴിലാളി ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ പദ്ധതിയിൻകീഴിൽ വരുന്ന പ്രദേശ മാണ് കോട്ടപ്പുറം, അതിനാൽ അവിടത്തെ പതിവു തൊഴിലാളികളെ കൊണ്ടുതന്നെ ജോലി ചെയ്യിക്കേണ്ടതാണ് എന്നാണ്. കോട്ടപ്പുറം പ്രദേശത്തെ കയറ്റിറക്ക് ജോലിയുമായി ബന്ധപ്പെട്ട വേതനം നിശ്ചയിച്ചുകൊണ്ട് തൊഴിലാളി സംഘടനകളും തൊഴിലുടമകളുടെ സംഘടനയും ഒപ്പിട്ട മെമ്മോറാണ്ടം ഓഫ് സെറ്റിൽമെന്റ് എതിർ കക്ഷി തൊഴിലാളി സംഘടനകൾ ഹാജരാക്കിയിട്ടുമുണ്ട്.

4. അതുകൊണ്ട്, പ്രധാനമായി, കയറ്റിറക്ക് ജോലി എതിർകക്ഷികൾ ചെയ്യണമെന്ന എതിർകക്ഷികളുടെ അവകാശവാദത്തെ ഹർജികക്ഷി എതിർക്കു കയും അവരുടെ അംഗങ്ങൾക്ക് കയറ്റിറക്ക് ജോലി അവരുടെ സ്വന്തം ജോലിക്കാരെ കൊണ്ട് ചെയ്യിക്കാനുള്ള അർഹത ഉണ്ടെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. കേരള ചുമട്ടു തൊഴിലാളി ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കിയ പദ്ധതിയിൻ കീഴിൽ പട്ടികയിൽ ചേർത്തിട്ടുള്ള പതിവു ചുമട്ടു തൊഴിലാളികളെ കൊണ്ട് ചെയ്യിക്കേണ്ടതാണ് എന്നതാണ് എതിർകക്ഷികളുടെ നിലപാട്. കേട്ടവാദങ്ങൾ പരിഗണിച്ചതിൽ നിന്നും കേരള ചുമട്ടുതൊഴിലാളി ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയ പദ്ധതിയും, ആക്റ്റിന്റെ പട്ടികയിൽ വിവരിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ബാധകമാകൂ എന്ന് ഞങ്ങൾ കാണുകയും ഹർജികക്ഷി സംഘടനയിലെ അംഗങ്ങൾ അല്ലെങ്കിൽ അവരുടെ ചില്ലറ വ്യാപാരികൾ ഈ ആക്റ്റിൽ പറയുന്ന 'സ്ഥാപനത്തിന്റെ' നിർവ്വചനത്തിൽ ഉൾപ്പെടുമോ എന്നതാണ് പരിഗണിക്കേണ്ട ചോദ്യം. ഈ ചോദ്യവുമായി ബന്ധപ്പെട്ട് വളരെയധികം വാദപ്രതിവാദത്തിന്റെ കാര്യമില്ല എന്ന് ഞങ്ങൾക്ക് തോന്നുന്നു, കാരണം സമാനമായ വിഷയം തെരേസ ജോസ് Vs സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (2015(1) KLT 485 (L.B) എന്ന കേസിൽ ഈ കോടതിയുടെ വിശാല ബെഞ്ച് പരിഗണിച്ചിട്ടുണ്ട്. ആ കേസിൽ കേരള ചുമട്ടു തൊഴിലാളി ആക്റ്റും ചട്ടവും പദ്ധതിയും പരിശോധിച്ചതിനു ശേഷം വിശാല ബെഞ്ച് പറഞ്ഞത്, ഹർജികക്ഷിയുടെ മാർബിളും അതുപോലുള്ള മറ്റ് സാധനങ്ങളും വിൽക്കുന്ന സ്ഥാപനം ആക്റ്റിലെ സ്ഥാപനം

എന്നതിന്റെ നിർവ്വചനത്തിന്റെ അർദ്ധവ്യാപ്തിയിൽ ഉൾപ്പെടാൻ യോഗ്യതയില്ല, കാരണം അവിടത്തെ കയറ്റിറക്കു ജോലി പ്രധാനമല്ല, മറിച്ച് അനുബന്ധമായതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതേ തത്വം തന്നെ ഹർജികക്ഷി സംഘടനയുടെ അംഗങ്ങൾക്കും ചില്ലറ വ്യാപാരികളായ ഉപഭോക്താക്കൾക്കും ബാധകമാകും എന്നുതന്നെയാണ്. അങ്ങനെയെങ്കിൽ, കേരള ചുമട്ടു തൊഴിലാളി ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്ത പതിവു തൊഴിലാളികൾക്ക്, ഹർജികക്ഷി സംഘടനയുടെ അംഗങ്ങളുടെ സ്ഥാപനത്തിലെ അല്ലെങ്കിൽ വിതരണ സ്ഥലത്തെ അനുബന്ധ കയറ്റിറക്കു ജോലിക്ക് യാതൊരു അവകാശവുമില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഹർജികക്ഷി സംഘടനയിലെ അംഗങ്ങൾക്ക് അവരുടെ സ്വന്തം തൊഴിലാളികളെ വച്ച് ഉപഭോഗവസ്തുക്കൾ വിതരണം ചെയ്യാൻ അവകാശമുണ്ട്.

5. പ്രതികൾ അവലംബിക്കുന്ന, തൊഴിലാളി സംഘടനകളും വ്യാപാരികളുടെ സംഘടനയും എത്തിച്ചേർന്ന എക്സിബിറ്റ് R5 (a) ധാരണയെ സംബന്ധിച്ചാണെങ്കിൽ, ചുമട്ടു തൊഴിലാളി ആക്റ്റോ ചട്ടമോ അല്ലെങ്കിൽ അതിൻകീഴിൽ പുറപ്പെടുവിച്ച പദ്ധതിയോ തൊഴിലാളികളെ നിയന്ത്രിക്കുന്നതിന് ധാരണയിൽ ഉൾപ്പെടുന്നതിന് തൊഴിലാളി സംഘടനക്ക് അവകാശമുണ്ടെന്ന് അംഗീകരിക്കുന്നില്ല. നേരേമറിച്ച്, ഈ പദ്ധതി ബാധകമാക്കിയ പ്രദേശത്ത് ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം ഒരു സമിതി രൂപീകരിക്കേണ്ടതും, ആയത് തൊഴിൽ ദാതാവ് എന്ന നിലയിൽ അതിൽ ഉൾപ്പെട്ടിട്ടുള്ള ചുമട്ടു തൊഴിലാളികളുടെ തൊഴിൽ സംബന്ധിച്ച വ്യവസ്ഥകളും നിബന്ധനകളും നിശ്ചയിക്കേണ്ടതും അത്തരം തൊഴിലാളികൾ അപ്രകാരം നിശ്ചയിച്ച തൊഴിൽ വ്യവസ്ഥകൾ പ്രകാരം ജോലി ചെയ്യേണ്ടതുമാണ്. അതിനാൽ എക്സിബിറ്റ് R5(a) ധാരണാപത്രത്തിനു നിയമത്തിന്റെ സാധുതയില്ലാത്തതും തൊഴിലാളി സംഘടന കളുടെ അവകാശത്തെ പിന്താങ്ങുന്നതിന് ഉപയോഗിക്കാൻ പറ്റുകയുമില്ല.

6. അതിനാൽ തൊഴിലാളി സംഘടനകളുടെ എതിർപ്പ് നിയമവിരുദ്ധ മാണെന്നത് സ്പഷ്ടവും അതുകൊണ്ട് തൊഴിലാളി സംഘടനകളുടെ ഭാഗത്ത് നിന്ന് ഏതെങ്കിലും എതിർപ്പ് ഉണ്ടെന്ന് ഹർജികക്ഷി സംഘടനയുടെ അംഗങ്ങൾ അറിയിച്ചാൽ ഹർജികക്ഷി സംഘടനയിലെ അംഗങ്ങൾക്ക് വ്യാപാരചര്യകൾ നിർവഹിക്കാൻ പ്രാപ്തമാക്കുന്നതിന് ആവശ്യമായ സംരക്ഷണം ഒന്നാം എതിർകക്ഷി നൽകണമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

മേൽ പറഞ്ഞ പ്രകാരം റിട്ട് പെറ്റീഷൻ തീർപ്പാക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് സതീഷ് നൈനാൻ

**ശിവശങ്കർ**

**V.**

**കേരള സ്റ്റേറ്റ്**

(W.P. (C) NO. 14022/2019)

2021 ഒക്ടോബർ 11–ന് വിധി പ്രസ്താവിച്ചത്

**പ്രസക്തഭാഗങ്ങൾ**

മോട്ടോർവാഹന ആക്ട്, 1988, വകുപ്പ് 133 - ആവശ്യപ്പെട്ട പ്രകാരം ലൈസൻസ് ഹാജരാക്കിയില്ലെങ്കിൽ വാഹനത്തിന്റെ രജിസ്ട്രേഷനും ഡ്രൈവിംഗ് ലൈസൻസും റദ്ദാക്കുമെന്ന് മുന്നറിയിപ്പു നൽകാൻ ഈ വകുപ്പു പ്രകാരം സാധ്യമല്ല. വാഹനയുടമ യുടെ ലൈസൻസ് ഹാജരാക്കാൻ ആവശ്യപ്പെടുന്നതും ലംഘനം നടന്ന സമയത്ത് വാഹനമോടിച്ചയാളുടെ ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കുവാൻ ആവശ്യപ്പെടു ന്നതും തീർത്തും നിയമാതീതമാണ്.

**വിധിന്യായം**

1. ഹർജി കക്ഷി KL2/AB 9599 രജിസ്ട്രേഷൻ നമ്പറുള്ള മോട്ടോർ കാറിന്റെ ഉടമയാണ്. 4–ാം എതിർകക്ഷിയായ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പുറപ്പെടുവിച്ച എക്സിബിറ്റ് P1 നോട്ടീസിൽ അന്യായപ്പെട്ടാണ് അദ്ദേഹം ഈ കോടതിയെ സമീപിച്ചിട്ടുള്ളത്.

2. എക്സിബിറ്റ് P1 ആരോപിക്കുന്നത് ആക്ഷേപ വാഹനം ട്രാഫിക് സിഗ്നലും വേഗപരിധിയും പല അവസരങ്ങളിൽ (നാല്) ലംഘിച്ചതായി കണ്ടെത്തിയെന്നാണ്. നോട്ടീസ് ആരോപിക്കുന്നത് വാഹനമുപയോഗിച്ചയാൾ കാൽനടയാത്രക്കാർക്കും റോഡുപയോഗിക്കുന്ന മറ്റുള്ളവർക്കും ഭീഷണിയാണെന്നാണ്. മോട്ടോർ വാഹന ആക്ടിലെ 133–ാം വകുപ്പു പ്രകാരം, വാഹനമോടിച്ചയാളുടെ ഡ്രൈവിംഗ് ലൈസൻസ് മൂന്ന് ദിവസത്തിനകം ഹാജരാക്കാൻ എക്സിബിറ്റ് ജ1 ആവശ്യപ്പെടുന്നു. ആവശ്യപ്പെട്ട പ്രകാരം, ഡ്രൈവിംഗ് ലൈസൻസ് നിശ്ചിത സമയത്തിനുള്ളിൽ ഹാജരാക്കിയില്ലെങ്കിൽ ഹർജികക്ഷിയുടെ ഡ്രൈവിംഗ് ലൈസൻസും ഒപ്പം വാഹനത്തിന്റെ രജിസ്ട്രേഷനും റദ്ദാക്കപ്പെടുമെന്ന് എക്സിബിറ്റ് P1 ഹർജികക്ഷിക്ക് മുന്നറിയിപ്പു നൽകി.

3. നാലാം എതിർകക്ഷിക്കെതിരെ വിവിധ വിവരണങ്ങൾ/ വ്യക്തിപരമായ ആരോപണങ്ങൾ റിട്ട് ഹർജിയിൽ അടങ്ങിയിരിക്കുന്നു. അയാളെ 5-ാം എതിർകക്ഷിയായി അയാളുടെ സ്വന്തം നിലയിൽ കക്ഷിചേർത്തിട്ടുമുണ്ട്. എഗ്സിബിറ്റ് P1 ദൃഷ്ട്യാൽത്തന്നെ ഒന്നിലധികം കാരണങ്ങളാൽ നിലനിൽക്കുന്നതല്ല എന്നതിനാൽ നിലവിലെ റിട്ട് ഹർജി തീർപ്പാക്കുന്നതിന് വേണ്ടി വസ്തുതാപരമായ വിശദാംശങ്ങളിലേക്ക് പോകുന്നത് അനിവാര്യമാണെന്ന് ഞാൻ കരുതുന്നില്ല.

4. മോട്ടോർ വാഹന ആക്റ്റിലെ 133-ാം വകുപ്പ് വാഹനമുടമയാൽ ന്യായമായ പരിശ്രമം കൊണ്ട് മനസ്സിലാക്കാൻ കഴിയുന്ന ലൈസൻസിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ ഡ്രൈവറെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുവാൻ മാത്രമേ പ്രാപ്തമാക്കുന്നുള്ളൂ. വാഹനമുടമയുടെ ലൈസൻസ് ഹാജരാക്കുവാൻ ആവശ്യപ്പെടുവാൻ വ്യവസ്ഥയില്ല. ആരോപിക്കപ്പെട്ട ലംഘനം നടന്ന സമയത്ത് വാഹനമോടിച്ച വ്യക്തിയുടെ ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കാനായി ഹർജി കക്ഷിയോട് ആവശ്യപ്പെടുന്നത് നിശ്ചയമായും അധികാരത്തിന് അതീതമാണ്.

5. രണ്ടാമതായി, ആവശ്യപ്പെട്ട പ്രകാരം ലൈസൻസ് ഹാജരാക്കാത്ത സാഹചര്യത്തിൽ ഹർജികക്ഷിയുടെ വാഹനത്തിന്റെ രജിസ്ട്രേഷനും അദ്ദേഹത്തിന്റെ ഡ്രൈവിംഗ് ലൈസൻസും റദ്ദാക്കുമെന്ന Ext P1-ലെ മുന്നറിയിപ്പിന് നിയമത്തിന്റെ യാതൊരു പിൻബലവുമില്ലാത്തതാണ്. 133-ാം വകുപ്പ് ഇത്തരം നടപടി അംഗീകരിക്കുന്നില്ല.

6. ഇവയ്ക്കെല്ലാം പുറമെ, നാലു തവണ ലംഘനങ്ങൾ ഉണ്ടായി എന്ന വെറും പ്രസ്താവനയല്ലാതെ ആരോപിക്കപ്പെട്ട ലംഘനങ്ങളുടെ യാതൊരു വിശദാംശങ്ങളും Ext P1 നൽകുന്നില്ല. സമയവും സ്ഥലവും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ഹർജികക്ഷി 2015 ഫെബ്രുവരിയിൽ മാത്രമാണ് വാഹനം വാങ്ങിയത്. 04.04.2013 മുതൽ 30/03/2018 വരെയുള്ള കാലയളവിലെ, വാഹനവുമായി ബന്ധപ്പെട്ട, ഹർജികക്ഷി ലഭ്യമാക്കിയ ചെക്ക് റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത്, ഹർജികക്ഷി വാഹനം വാങ്ങിയ ശേഷം ഒരു കുറ്റകൃത്യം മാത്രമേ കണ്ടെത്തിയിട്ടുള്ളൂവെന്നും ആയതു വേഗലംഘനത്തിന്റേതാണെന്നുമാണ്. സംഭവിച്ച മറ്റുള്ളവയെല്ലാം, ഹർജികക്ഷി വാഹനം വാങ്ങുന്നതിനും വളരെ മുമ്പാണ്. ചുരുക്കത്തിൽ Ext P1 റദ്ദാക്കപ്പെടേണ്ടത് തന്നെയാണ്.

7. അതനുസരിച്ച് റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. 25.07.2018-ലെ Ext P1 നോട്ടീസ് റദ്ദാക്കിയിരിക്കുന്നു. റിട്ട് ഹർജിയിൽ ആവശ്യപ്പെടുന്ന മറ്റ് നിവൃത്തികളുടെ ഗുണദോഷങ്ങളോ മറ്റോ ഞാൻ പരിഗണിച്ചിട്ടില്ല എന്നത് വ്യക്തമാക്കുമ്പോൾ, ഹർജികക്ഷി അക്കാര്യങ്ങളുന്നയിക്കാൻ തീരുമാനിക്കുകയാണെങ്കിൽ ഉചിതമായ വേദി മുമ്പാകെ അവ ബോധിപ്പിക്കാവുന്നതാണ്.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് അലക്സാണ്ടർ തോമസ്

### &

### ബഹു. ജസ്റ്റിസ് റ്റി. ആർ. രവി

### അഷ്റഫ് പി

### Vs

### കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുതൽപേർ

OP (KAT) No. 438/2020

(2021 ജനുവരി 14–ന് വിധി പ്രസ്താവിച്ചത്)

**പ്രസക്തഭാഗങ്ങൾ**

ഹെഡ് ക്വർട്ടേഴ്സ് സർവീസിലെ ആദ്യ നിയമനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാസ്റ്റ് ഗ്രേഡ് സേവകനെ സീനിയോറിറ്റിയിൽ നിയമിക്കുന്നത് അതേ സർവീസിനുള്ളിൽ, അടുത്ത ഉയർന്ന വിഭാഗത്തിലുള്ള തസ്തികയിലേക്ക് സാധാരണ സ്ഥാനകയറ്റം നൽകുന്നതിന് മാത്രമേ പരിഗണിക്കാൻ കഴിയൂ. അല്ലാതെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനു നിർദ്ദേശിച്ചിട്ടുള്ള സേവന കാലയളവ് കണക്കാക്കാൻ ഹെഡ് ക്വാർട്ടേഴ്സിലെ സേവന കാലയളവ് കൂടി ഉൾപ്പെടുത്താൻ സാധിക്കുകയില്ല. ആയതിനു സ്പെഷ്യൽ റൂൾസിൽ പ്രതിപാദിച്ചിരിക്കുന്ന അതേ വകുപ്പിലെ സേവന കാലയളവ് തന്നെ ആവശ്യമാണ്.

**വിധിന്യായം**

**ജസ്റ്റിസ് റ്റി. ആർ. രവി**

1. മലപ്പുറത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റന്റായി ഇപ്പോൾ ജോലി ചെയ്യുന്ന ഹർജ്ജിക്കാരൻ 01/12/2010–ന് ഒന്നാം എതിർകക്ഷിയായ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ തിരഞ്ഞെടുപ്പു പ്രക്രിയയിലൂടെ സേവനത്തിൽ പ്രവേശിച്ചു. മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ ഓഫീസ് അറ്റന്റന്റ് തസ്തികയിലേക്കാണ് തെരഞ്ഞെടുപ്പു നടന്നത്. നിയമനത്തിനുള്ള അവസരം

വന്നപ്പോൾ മലപ്പുറം ജില്ലയിൽ ഒഴിവുകളൊന്നും ലഭ്യമല്ലായിരുന്നതിനാൽ തിരുവനന്തപുരത്തെ അന്വേഷണ കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ഓഫീസിലെ ആസ്ഥാന ഒഴിവിലേയ്ക്ക് ചേരാൻ ഹർജ്ജിക്കാരന് നിയമനശിപാർശ നൽകി. അദ്ദേഹത്തിന്റെ പ്രൊബേഷൻ 16/10/2010-ന് പ്രഖ്യാപിച്ചു. പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്നതിനിടയിൽ മലപ്പുറം ജില്ലയിൽ, വിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ഹർജ്ജിക്കാരന് നിയമനം ലഭിച്ചു. മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ ജോലി ചെയ്യുന്ന ക്ലാസ്സ് IV ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ അദ്ദേഹത്തെ ഉൾപ്പെടുത്തി.

2. 18/08/2017-ന് ഒന്നാം എതിർകക്ഷി ഹൈസ്ക്കുൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് എക്സിബിറ്റ് P3 (A3) വിജ്ഞാപനം പുറപ്പെടുവിച്ചു. അപേക്ഷിക്കുന്ന തീയതിയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലർക്ക്/ടൈപ്പിസ്റ്റ്/അറ്റൻഡർ/ഓഫീസ് അറ്റന്റന്റ് ആയി ഹർജ്ജിക്കാരന് 5 വർഷത്തിൽ കുറയാത്ത സേവനം ഉണ്ടായിരിക്കണം എന്നായിരുന്നു നിർദ്ദിഷ്ഠ യോഗ്യതകളിൽ ഒരെണ്ണം. വിജ്ഞാപനത്തിന് അനുസൃത മായി ഹർജ്ജിക്കാരൻ അപേക്ഷ സമർപ്പിച്ചു. ആവശ്യമായ സേവനകാലം ഇല്ലാത്ത തിനാൽ ഹർജ്ജിക്കാരന്റെ അപേക്ഷ ഒന്നാം എതിർകക്ഷി നിരസിച്ചു. അപേക്ഷ നിരസിച്ചത് O.A 491/2018-ലൂടെ ട്രൈബ്യൂണൽ മുമ്പാകെ ഹർജ്ജിക്കാരൻ ചോദ്യം ചെയ്യുകയും ആയത് 14/09/2020-ലെ ഉത്തരവു പ്രകാരം ട്രൈബ്യൂണൽ നിരസിക്കുകയും ചെയ്തു. ഹർജ്ജിക്കാരൻ R.A (E.K.M) No.2/2020 ആയി പുന:പരിശോ ധനയപേക്ഷയും സമർപ്പിച്ചു. ആയതും ട്രൈബ്യൂണൽ നിരസിച്ചു. ട്രൈബ്യൂണലിന്റെ ഉത്തരവുകളെ ചോദ്യം ചെയ്തുകൊണ്ടാണ് ഈ ഒറിജിനൽ പെറ്റീഷൻ സമർപ്പിച്ചി ട്ടുള്ളത്. ഈ ഒറിജിനൽ പെറ്റീഷനിൽ തീരുമാനിക്കേണ്ട വിഷയം മേൽപ്പറഞ്ഞ 5 വർഷത്തെ കാലാവധി പൊതുവിദ്യാഭ്യാസ വകുപ്പിലെ മാത്രം സേവനമായിരിക്കണമോ അതോ ആസ്ഥാനത്തെ അപേക്ഷകന്റെ മുൻകാല സേവനം ഇതിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്നതാണ്.

3. ഹർജ്ജിക്കാരന്റെ അഭിഭാഷകൻ ഡോ. ജോർജ്ജ് എബ്രഹാം, ഒന്നും രണ്ടും എതിർകക്ഷികൾക്കു വേണ്ടിയുള്ള അഭിഭാഷകനായ ശ്രീ. പി. സി. ശശിധരൻ, മൂന്നും നാലും എതിർകക്ഷികൾക്കു വേണ്ടിയുള്ള മുതിർന്ന സർക്കാർ അഭിഭാഷകനായ ശ്രീ. ബി. വിനോദ് എന്നിവരെ കേട്ടു.

4. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ, ആദ്യം, ഹർജ്ജിക്കാരനെ ഓഫീസ് അറ്റൻഡന്റായി നിയമിക്കുകയും പിന്നീട് മലപ്പുറം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി നിയമിക്കുകയും ചെയ്തു എന്നത് അംഗീകരിക്കുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹർജ്ജിക്കാരന് 5 വർഷത്തെ സേവനം ഇല്ല എന്നതിലും തർക്കമില്ല. ട്രൈബ്യൂണൽ മുമ്പാകെയുള്ള ഒറിജിനൽ പെറ്റീഷനോടൊപ്പം ഹാജരാക്കിയ അനുബന്ധം A3 തസ്തികമാറ്റം വഴി

നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്ന 18/08/2017-ലെ വിജ്ഞാപനമാണ്. യോഗ്യതകൾ പ്രതിപാദിക്കുന്ന ഖണ്ഡിക 7(a)-യിൽ ഹർജ്ജിക്കാരന് അപേക്ഷിക്കുന്ന തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്ക്/ടൈപ്പിസ്റ്റ്/അറ്റൻഡർ/ഓഫീസ് അറ്റന്റന്റ് ആയി 5 വർഷത്തിൽ കുറയാത്ത സേവനം ഉണ്ടായിരിക്കേണ്ടതാണ് എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നു. ആയതിനാൽ തന്നെ പൊതുവിദ്യാഭ്യാസ വകുപ്പിൽ 5 വർഷത്തിൽ കുറയാത്ത സേവനത്തിന്റെ ആവശ്യകതയെക്കുറിച്ച് അപേക്ഷകന് പൂർണ്ണമായും ബോധ്യമുണ്ടായിരുന്നു. കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയ 04/03/2010-ലെ ജി.ഒ.(പി)നം. 5/2010/ഉഭപവ-യെ ഹർജിക്കാരൻ ആശ്രയിക്കുന്നു. സർക്കാരുത്തരവ്, ഒറിജിനൽ പെറ്റീഷനിൽ അനുബന്ധം A8 ആയി ഹാജരാക്കിയിരുന്നു. പ്രസ്തുത ഭേദഗതി പ്രകാരം, സ്പെഷ്യൽ റൂളിലെ ചട്ടം 14-ന്റെ ഉപചട്ടം (c)യുടെ കീഴിൽ കുറിപ്പ് III ചേർത്തിട്ടുള്ളതാണ്. ഭേദഗതിയ്ക്ക് ശേഷം ചട്ടം ഇപ്രകാരമാണ്:

**"ചട്ടം 14 സീനിയോറിറ്റി,-**

(a) സേവനത്തിലുള്ള ഏതെങ്കിലും വിഭാഗത്തിലെ അംഗത്തിന്റെ സീനിയോറിറ്റി, അയാളെ ശിക്ഷയുടെ ഭാഗമായി ലോവർ റാങ്കിലേക്ക് താഴ്ത്തിയിട്ടില്ലെങ്കിൽ, ആ വിഭാഗത്തിലേയ്ക്കുള്ള അദ്ദേഹത്തിന്റെ ആദ്യ നിയമന ഉത്തരവിന്റെ തീയതി പ്രകാരം നിർണ്ണയിക്കപ്പെടും.

എന്നാൽ അത്തരം വ്യക്തിയുടെ സേവനത്തിന്റെ ഏതെങ്കിലും ഭാഗം ചട്ടങ്ങൾ പ്രകാരം പ്രോബേഷന് കണക്കാക്കുന്നില്ലെങ്കിൽ, അയാളുടെ സീനിയോറിറ്റി പ്രൊബേഷനു വേണ്ടി കണക്കാക്കുന്ന അദ്ദേഹത്തിന്റെ സേവനം ആരംഭിച്ച തീയതി മുതലായിരിക്കും.

(b) നിയമനാധികാരി രണ്ടോ അതിലധികമോ വ്യക്തികളെ ഒരേസമയം സേവനത്തിലേയ്ക്ക് നിയമിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത്, അവർക്കിടയിൽ മുൻഗണന ക്രമം നിശ്ചയിക്കുകയും അതനുസരിച്ച് സീനിയോറിറ്റി കണക്കാക്കുകയും ചെയ്യണം.

(c) മേൽപ്പറഞ്ഞ (a), (b) ഖണ്ഡങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും, കമ്മീഷന്റെ നിയമന ശിപാർശ പ്രകാരം സേവനത്തിൽ ഒരു വിഭാഗത്തിൽ നിയമിക്കപ്പെട്ട വ്യക്തിയുടെ സീനിയോറിറ്റി, അയാളെ ശിക്ഷയുടെ ഭാഗമായി ലോവർ റാങ്കിലേക്ക് താഴ്ത്തിയിട്ടില്ലെങ്കിൽ, അത്തരം വിഭാഗത്തിലേയ്ക്കുള്ള അദ്ദേഹത്തിന്റെ നിയമനത്തിനായി നടത്തിയ ആദ്യത്തെ ഫലപ്രദമായ നിയമനശിപാർശയിലെ തീയതി വച്ച് തീരുമാനിക്കേണ്ടതും, എന്നാൽ രണ്ടോ അതിലധികമോ വ്യക്തികളെ ഉദ്യോഗാർത്ഥികളുടെ അതേ നിയമനശിപാർശ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അവരെ സംബന്ധിച്ച സീനിയോറിറ്റി നിർണ്ണയിക്കേണ്ടത് അവരുടെ പേരുകൾ ഉൾപ്പെട്ട

നിയമനശിപാർശ പട്ടികയിൽ ഉള്ള ക്രമം അനുസരിച്ചു കൊണ്ടാകേണ്ടതുണ്ട്.

കുറിപ്പ് (1).- ഈ ചട്ടങ്ങളിലെ ഫലപ്രദമായ നിയമനശിപാർശ തീയതി എന്നാൽ ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിന് വേണ്ടിയുള്ള കമ്മീഷന്റെ കത്തിലെ തീയതി എന്നർത്ഥമാകുന്നു.

കുറിപ്പ് (2).- കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ ഓഫീസിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലെ ഒരു നിയമനത്തിനായി ശിപാർശ ചെയ്തതും അത്തരം നിയമനത്തിന് ശേഷം തിരഞ്ഞെടുത്ത ജില്ലയിലേക്ക് ട്രാൻസ്ഫർ ചെയ്ത വ്യക്തിയുടെ സീനിയോറിറ്റി പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ ഓഫീസിലെ ആദ്യത്തെ നിയമന ശിപാർശ അടിസ്ഥാനമാക്കിയാണ് തീരുമാനിക്കുന്നത്.

കുറിപ്പ് (3).- കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ ഓഫീസിൽ നിന്ന് നിയമന ശിപാർശ ചെയ്യുകയും ഗവ. സെക്രട്ടറിയേറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ജില്ലകളിൽ ഉപകേന്ദ്രങ്ങൾ ഇല്ലാത്ത സമാന വകുപ്പുകൾ എന്നിവയിൽ ഒരു ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കുകയും ചെയ്ത വ്യക്തിയുടെ സീനിയോറിറ്റി അയാൾ തിരഞ്ഞെടുത്ത ജില്ലയിലെ മറ്റേതെങ്കിലും വകുപ്പിലേക്ക് സ്ഥലം മാറ്റം ചെയ്യുമ്പോൾ അത്തരം വിഭാഗത്തിലേയ്ക്കുള്ള നിയമനത്തിനുള്ള ആദ്യ ഫലപ്രദമായ നിയമനശിപാർശയുടെ തീയതിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടും."

5. ഹർജിക്കാരന്റെ അഭിഭാഷകന്റെ അഭിപ്രായത്തിൽ, ചട്ടം 14 കൂടി കണക്കിലെടുത്തുവേണം 5 വർഷത്തെ സേവനത്തിന്റെ ആവശ്യകത മനസ്സിലാക്കേണ്ടത്. ചട്ടം 14-ന്റെ ഉദ്ദേശ്യമനുസരിച്ച്, ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ ഹർജ്ജിക്കാരൻ താൻ സേവനം ചെയ്തകാലം നിലനിർത്തി എന്ന് ഉറപ്പു വരുത്തുകയും ആയതു HSA ആയി തസ്തിക മാറ്റം വഴിയുള്ള നിയമനം നടത്തുന്നതിന് മതിയായ സേവനകാലം അദ്ദേഹത്തിനുണ്ടോ എന്ന് കണക്കാക്കുന്നതിനു പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ദേഹത്തിന്റെ സേവന കാലയളവിൽ കൂടി ചേർക്കേണ്ടതുണ്ടെന്നും വാദിച്ചു. 'സീനിയോറിറ്റി', 'സേവന കാലയളവ്' എന്നീ ആശയങ്ങൾ രണ്ട് വ്യത്യസ്ത ആശയമാണെന്നും, വ്യക്തികളുടെ സീനിയോറിറ്റി നിർണ്ണയിക്കുന്ന ഒരു ചട്ടം, ഒരു വ്യക്തി രണ്ട് വ്യത്യസ്ത വകുപ്പുകളിൽ നൽകിയ സേവന കാലയളവിനെ ഒരു തരത്തിലും ബാധിക്കില്ലെന്നും തർക്കിച്ചുകൊണ്ട് എതിർകക്ഷിയുടെ അഭിഭാഷകൻ ഹർജിക്കാരന്റെ വാദത്തെ എതിർക്കുന്നു. എതിർകക്ഷികളുടെ അഭിഭാഷകന്റെ അഭിപ്രായത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പിൽ HSA ആയി തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി ഹർജ്ജിക്കാരന് അതേ വകുപ്പിൽ തന്നെ സേവനം ഉണ്ടായിരിക്കണം എന്നതാണ് നിർദ്ദേശം എന്നും ഈ ആവശ്യകതയെ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സിന്റെ സീനിയോറിറ്റി നിർണ്ണയിക്കുന്നതിന് ചട്ടം 14 ബാധകമല്ല എന്നുമാണ്.

6. ഒന്നാം എതിർകക്ഷിയുടെ സ്റ്റാൻഡിംഗ് കൗൺസൽ ചൂണ്ടികാണിച്ചത് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഭാഗം I- ലെ ചട്ടം

2(15) –ൽ 'സേവനം' എന്ന പദം താഴെ പറയുംപ്രകാരം നിർവചിച്ചിട്ടുള്ളതാണെന്നാണ്:

**"ചട്ടം 15 സേവനം.**

"സേവനം" എന്നാൽ സർക്കാർ, ഒരു കൂട്ടം ഉദ്യോഗസ്ഥരെ അതത് സംഗതിപോലെ സ്റ്റേറ്റ് അല്ലെങ്കിൽ സബോർഡിനേറ്റ് സർവ്വീസ് ആയി തരം തിരിച്ചിരിക്കുന്നു എന്ന് അർത്ഥമാക്കുന്നത്." എന്താണോ 'സർവ്വീസ് ' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്, അതിന് ഒരു തസ്തികയിലിരിക്കുന്ന വ്യക്തിയുടെ സീനിയോറിറ്റിയുമായി യാതൊരു ബന്ധവുമില്ലെന്ന് മേൽ വിവരിച്ച നിർവ്വചനം കൊണ്ട് വ്യക്തമായി കാണപ്പെടുന്നതാണെന്ന് ബോധിപ്പിക്കപ്പെട്ടു. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അറ്റൻഡറുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ട് മാത്രം ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) ആയി നിയമിക്കപ്പെടാനുള്ള ഒരു അവകാശവും ഹർജ്ജിക്കാരന് ലഭിക്കുന്നില്ല. അതിനായി അദ്ദേഹം നിർണ്ണയിക്കപ്പെട്ട വിദ്യാഭ്യാസ യോഗ്യത, സേവന കാലാവധി എന്നിവ സംബന്ധിച്ചു കൂടുതൽ യോഗ്യതകൾ കൈവരിക്കണം എന്ന് വാദിക്കുകയുണ്ടായി.

7. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ട്രൈബ്യൂണൽ എതിർകക്ഷികളുടെ വാദങ്ങളെ അംഗീകരിക്കുകയും കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിൽ അനുബന്ധം A8 പ്രകാരം വരുത്തിയ ഭേദഗതി ആസ്ഥാന ഒഴിവുകളിൽ നിയമിക്കപ്പെട്ട വ്യക്തികൾക്ക് അവരുടെ ആദ്യ നിയമനശിപാർശയുടെ ഫലവത്തായ തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിലനിർത്താൻ അർഹതയുണ്ടെന്ന് വ്യക്തമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും ആയത് മറ്റു വകുപ്പുകളിലെ തന്റെ മുൻകാല സേവന കാലം കണക്കാക്കി H.S.A (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള യോഗ്യത കാര്യത്തിലും നിർണ്ണയിക്കുന്നതിനും ഹർജ്ജിക്കാരനെ യാതൊരു തരത്തിലും സഹായിക്കുന്നില്ലെന്ന് വിധിക്കുകയും ചെയ്യുന്നു. മറ്റൊരു തരത്തിൽ വിധിക്കാൻ ഞങ്ങൾ ഒരു കാരണവും കാണുന്നില്ല. ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 14 ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി മാത്രമാണ് കൈകാര്യം ചെയ്യുന്നതെന്നും ഒരു വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സേവകന്റെ സേവനം മറ്റൊരു വകുപ്പിൽ നൽകിയ സേവനത്തിന് സമാനവും തുല്യവുമായി പരിഗണിക്കുമെന്ന് പ്രഖ്യാപിക്കുന്നില്ലാത്തതുമാണ്. ഹെഡ് ക്വർട്ടേഴ്സ് സർവീസിലെ ആദ്യ നിയമനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാസ്റ്റ് ഗ്രേഡ് സേവകനെ സീനിയോറിറ്റിയിൽ ഉൾപ്പെടുത്തുന്നത്, അതേ സർവീസിനുള്ളിൽ, അത്തരം സ്ഥാനകയറ്റം ചട്ടങ്ങളിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ, സർവ്വീസിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം അടുത്ത ഉയർന്ന വിഭാഗത്തിലുള്ള തസ്തികയിലേക്ക് സാധാരണ സ്ഥാനകയറ്റം നൽകുന്നത് പരിഗണിക്കാൻ വേണ്ടി മാത്രമാണ്. അത്തരം നിയമനം ഒരു പ്രത്യേക വകുപ്പിൽ ആവശ്യമായ സേവന കാലയളവിൽ മാറ്റം വരുത്തുന്നതിനൊപ്പം മറ്റൊരു വകുപ്പിലെ തസ്തികയിലെ സേവനത്തിലേക്ക് തസ്തിക മാറ്റം വഴി നിയമനത്തിന് ആവശ്യമായ യോഗ്യതകളിൽ മാറ്റം വരുത്തുന്ന തരത്തിൽ

ഫലം ലഭിക്കുകയില്ല. പ്രൊമോഷനും (ഒരേ സേവനത്തിനുള്ളിൽ താഴ്ന്ന തസ്തിക യിൽ നിന്നോ ഗ്രേഡിൽ നിന്നോ ഉയർന്ന തസ്തികയിലേക്കോ ഗ്രേഡിലേക്കോ) ഒരു സേവനത്തിൽ നിന്നും മറ്റൊന്നിലേയക്ക് തസ്തികമാറ്റ നിയമനവും തമ്മിലുള്ള സൂക്ഷ്മവും ഗണ്യമായതുമായ വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്.

8. ഹർജ്ജിക്കാരന്റെ അഭിഭാഷകൻ വാദിച്ചത് 25.01.2001-ലെ എക്സിബിറ്റ് P2 എന്ന സർക്കാരുത്തരവിലെ നിബന്ധന അപേക്ഷകന് 5 വർഷ സേവനമുണ്ടായിരി ക്കണമെന്നാണെന്നും ആ സേവനം പൊതു വിദ്യാഭ്യാസ വകുപ്പിൽ ആയിരിക്കണ മെന്ന യാതൊരു ആവശ്യകതയുമില്ലെന്നാണ്. മേൽപറഞ്ഞ വാദഗതിയെ പിന്താങ്ങാൻ ഞങ്ങൾക്കാകില്ല. 20.10.1970- തീയതിയിലെ ജി.ഒ. (എം. എസ്) നം.438/2017/പൊവിവ (എക്സിബിറ്റ് പി1) പ്രകാരം ഗ്രാജ്വേറ്റ് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് പരിഗണിക്കുന്നതിന് ആവശ്യമായ യോഗ്യത കളുള്ള വിദ്യാഭ്യാസ വകുപ്പിലെ ടൈപ്പിസ്റ്റുകളുടെ അഭ്യർത്ഥന സർക്കാർ പരിഗണിച്ചു. വിദ്യാഭ്യാസ വകുപ്പിലെ 5 വർഷത്തിൽ കുറയാതെ സേവനമനുഷ്ഠി ച്ചിട്ടുള്ളവരും ബി. എഡ് യോഗ്യതയുള്ളവരുമായ യു.ഡി ക്ലർക്കുമാർക്ക് / യു.ഡി ടൈപ്പിസ്റ്റുകൾക്ക് ഈ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി പബ്ലിക്ക് സർവീസ് കമ്മീഷനിലേക്ക് അപേക്ഷിക്കാവുന്നതാണ് എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അത്തരം തസ്തികമാറ്റ നിയമനം ഓരോ റവന്യൂ ജില്ലയിലും ഓരോ വിഷയത്തിനും 10% ഒഴിവുകളിലേക്ക് പരിമിതപ്പെടുത്താനും കൂടി ഉത്തരവിട്ടു. വിദ്യാഭ്യാസ വകുപ്പിലെ സേവനമാണ് നിർദ്ദിഷ്ഠ സേവനം എന്ന് സർക്കാരുത്തരവ് വ്യക്തമായി നിഷ്ക്കർഷിക്കുന്നത് കാണാൻ കഴിയും. എഗ്സിബിറ്റ് P2, 25.01.2001 തീയതിയിലെ ജി.ഒ (എം.എസ്) നം.20/2001/പൊ.വി.വ-ൽ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികമാറ്റം വഴി നിയമിക്കുന്നതിന് പരിഗണിക്കുന്നതിന് സമാനമായ യോഗ്യത യുള്ള പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്യൂൺമാരുടെയും അറ്റൻഡർമാരു ടെയും അഭ്യർത്ഥന സർക്കാർ പരിഗണിച്ചു. അഭ്യർത്ഥന പരിഗണിച്ച ശേഷം, സർക്കാർ മുമ്പ് ഉണ്ടായിരുന്ന 20.10.1970-ലെ എഗ്സിബിറ്റ് P1 ഉത്തരവിൽ വ്യക്തത വരുത്തുകയും ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമന ത്തിനുള്ള 10% ക്വാട്ട, നിഷ്കർഷിച്ച യോഗ്യതയുള്ളവരും 5 വർഷത്തിൽ കുറയാത്ത സേവനമുള്ള പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലർക്കുകൾക്കും ടൈപ്പിസ്റ്റുകൾക്കും അറ്റൻഡർമാർക്കും പ്യൂൺമാർക്കും ലഭ്യമാകുമെന്ന് ഉത്തരവാകുകയും ചെയ്തു. എക്സിബിറ്റ് P2 ഉത്തരവിന്റെ ഖണ്ഡിക 3-ലെ 5 വർഷത്തെ സേവനത്തെക്കുറിച്ചുള്ള പരാമർശം ആവശ്യമായ സേവനം ഏതെങ്കിലും വകുപ്പിൽ ആയിരിക്കാമെന്ന് ഒരു തരത്തിലും അർത്ഥമാക്കുന്നില്ല. മേൽപ്പറഞ്ഞ സർക്കരുത്തരവ് ക്ലർക്കുകൾക്കും ടൈപ്പിസ്റ്റുകൾക്കുമൊപ്പം പ്യൂൺമാർക്കും അറ്റൻഡർമാർക്കും കൂടി, അവർക്ക് നിർദ്ദിഷ്ട യോഗ്യതയുണ്ടെങ്കിൽ, ഈ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നേടാൻ ആർഹരാണെന്ന് വ്യക്തമാക്കുവാൻ മാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഉത്തരവ് യാതൊരു തരത്തിലും നിർദ്ദിഷ്ട യോഗ്യതകളിൽ മാറ്റം വരുത്തിന്നില്ല. ഇത്

പ്യൂൺമാരെയും അറ്റൻഡർമാരെയും കൂടി ഉൾപ്പെടുത്തി യോഗ്യതയുള്ള ടൈപ്പിസ്റ്റിന്റെയും ക്ലർക്കിന്റെയും വിഭാഗത്തെ വിപുലീകരിക്കുക മാത്രമാണ് ചെയ്യുന്നത്.

9. സർക്കാരുത്തരവുകളായ എക്സിബിറ്റ് P1, P2 പ്രത്യേക ചട്ടങ്ങളിലെ ചട്ടം 14 എന്നിവ വായിക്കുമ്പോൾ, ട്രിബ്യൂണലിന്റെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലെ ന്യായവിധികൾ നിയമവിരുദ്ധമല്ലെന്നും ഉത്തരവിൽ എന്തെങ്കിലും ക്രമക്കേട്, അനൗചിത്യം, അല്ലെങ്കിൽ യുക്തിരാഹിത്യം ഉൾക്കൊള്ളുന്നതല്ലെന്നും ആണ് ഞങ്ങളുടെ പരിഗണിത അഭിപ്രായം. സർക്കാരുത്തരവുകളായ എക്സിബിറ്റ് P1,P2 എന്നിവയെ ഹർജികക്ഷി ചോദ്യം ചെയ്യുന്നില്ല, എന്നാൽ സർക്കാരുത്തര വുകളിൽ പരാമർശിച്ചിരിക്കുന്ന സേവനം ഏതെങ്കിലും വകുപ്പിലെ സേവനം എന്ന് അർത്ഥമാകുന്നു എന്ന് വ്യാഖ്യാനിക്കുവാൻ മാത്രമാണ് ആവശ്യപ്പെടുന്നത്. പ്രസ്തുത വാദം ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. 2008ലെ O.A (Ekm) No 491ൽ 09.01.2020–ന് ട്രിബ്യൂണൽ പാസ്സാക്കിയ ഉത്തരവിലും R.A. (Ekm) No.2/2020 എന്ന പുനഃപരിശോധന ഹർജിയിലെ 14.09.2020–ലെ ഉത്തരവിലും ഒരു ഇടപെടലും ആവശ്യമില്ല.

ഒറിജിനൽ പെറ്റീഷൻ പരാജയപ്പെട്ടു, അത് തള്ളികളയുന്നു. ചെലവിന് ഉത്തരവില്ല.

## ബഹു. ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് എൻ നഗരേഷ്

### ഇന്ദിര സുമതി

### Vs

### ജനന മരണ രജിസ്ട്രാർ

(റിട്ട് ഹർജി നം. 6467/2021)

2021 ജൂലൈ 5-ന് വിധി പ്രസ്താവിച്ചത്

**വിധിയുടെ പ്രസക്തഭാഗങ്ങൾ**

1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടിന്റെ 14-ാം വകുപ്പു വ്യവസ്ഥ ചെയ്യുന്നത് ഏതെങ്കിലും ജനനമോ മരണമോ അത് സംഭവിച്ച് ഒരു വർഷത്തിനുള്ളിൽ രേഖപ്പെടുത്തിയിട്ടില്ലായെങ്കിൽ ജനനത്തിന്റെയോ മരണത്തിന്റയോ യാഥാർത്ഥ്യത ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റോ പ്രസിഡൻസി മജിസ്ട്രേറ്റോ പരിശോധിച്ച ശേഷം പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ രേഖപ്പെുടത്തുവാൻ കഴിയുകയുള്ളു-ജനന/മരണ ശേഷം ഒരു വർഷമൊ അതിലധികമൊ ആയവ രേഖപ്പെടുത്താൻ ശ്രമിക്കുന്ന ഏതെങ്കിലും ജനനമോ മരണമോ സംബന്ധിച്ച് വസ്തുതപരമായ നിർണയം നടത്താൻ ജനനമരണ രജിസ്ട്രാറെയോ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയോ ടി നിയമം അധികാരപ്പെടു ത്തുകയോ ചുമതലപ്പെടുത്തുകയോ ചെയ്യുന്നില്ല.

**വിധിന്യായം**

1. ജനനവും മരണവും രജിസ്ട്രേഷൻ ആക്ടിന്റെ 17(4)-ാം വകുപ്പു പ്രകാരം ഹർജിക്കാരിയുമായി ബന്ധപ്പെട്ട ജനന സർട്ടിഫിക്കറ്റ് ലഭ്യമല്ല എന്ന് ഒരു സാക്ഷ്യപത്രം ഈ കോടതി നിശ്ചയിക്കുന്ന സമയ പരിധിക്കുള്ളിൽ നൽകുവാൻ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണം എന്നതാണ് ഹർജികക്ഷിയുടെ ആവശ്യം.

2. ഹർജികക്ഷിയുടെ കേസ് ചുരുക്കത്തിൽ ഇപ്രകാരമാണ്:

29/05/1982-ൽ ജനിച്ച സഞ്ജു സദാനന്ദൻന്റെ മാതാവാണ് ഹർജികക്ഷി. ഹർജികക്ഷി കുട്ടിയെ അവളുടെ വീട്ടിലാണ് പ്രസവിച്ചത്. സ്കൂൾ അഡ്മിഷൻ

രജിസ്റ്ററിൽ അവന്റെ ജനനതീയതി 29.05.1982 ആണ്. പാസ്സ്പോർട്ടിലും ഡ്രൈവിംഗ് ലൈസൻസിലും ഇലക്ഷൻ കമ്മീഷൻ തിരിച്ചറിയൽ രേഖയിലും ജനനതീയതി 29.05.1982 ആയിട്ടാണ് കാണിച്ചിരിക്കുന്നത്. ഹർജികക്ഷിയുടെ മകൻ പാസ്സ്പോർട്ട് പുതുക്കാൻ ആഗ്രഹിക്കുന്നതിനാൽ, ജനനമരണ രജിസ്ട്രാറുടെ ഓഫീസിൽ നിന്നുമുള്ള ഒരു സാക്ഷ്യപത്രം അത്യാവശ്യമായി തീർന്നു.

3. 13.01.2020-ൽ ഹർജികക്ഷി ഒരു അപേക്ഷ സമർപ്പിച്ചു. തിരുവനന്തപുരം കോർപ്പറേഷനിൽ അച്ഛന്റെയും അമ്മയുടെയും അതേ പേരുള്ളതും എന്നാൽ വ്യത്യസ്ത ജനനത്തീയതിയോടു കൂടി ഒരു കുട്ടിയെ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഹർജികക്ഷിയെ അറിയിച്ചു. മേൽപ്പറഞ്ഞ രേഖപ്പെടുത്തൽ എക്സിബിറ്റ് P5-ലൂടെ വെളിവാക്കുന്നു. ഹർജികക്ഷി ഒന്നാം എതിർകക്ഷി മുമ്പാകെ ടിയാളുടെ മകൻ 29.05.1982-ന് ചിറയിൻകീഴിലുള്ള വീട്ടിൽ ജനിച്ചതായി പ്രസ്താവിച്ച് സത്യവാങ്മൂലം സമർപ്പിച്ചു. എഗ്സിബിറ്റ് P5 ജനനസർട്ടിഫിക്കറ്റിൽ, ഒരു ഇന്ദിര, തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ 26.02.1982-ന് ഒരു ആൺകുഞ്ഞിന് ജന്മം നൽകിയതായി പറഞ്ഞിരിക്കുന്നു. മേൽപ്പറഞ്ഞ കാരണത്താൽ ഒന്നാം എതിർകക്ഷി, ഹർജികക്ഷിക്ക് ലഭ്യമല്ലാ എന്ന സാക്ഷ്യപത്രം അനുവദിക്കുന്നില്ല.

4. രണ്ടാം എതിർകക്ഷി എതിർ സത്യവാങ്മൂലം ഫയൽ ചെയ്ത് റിട്ട് ഹർജിയെ എതിർത്തു. ലഭ്യമല്ലാ സാക്ഷ്യപത്രത്തിന് അപേക്ഷ ഹർജി കക്ഷിയിൽ നിന്നും ലഭിച്ചപ്പോൾ രണ്ടാം എതിർകക്ഷി അന്വേഷണം നടത്തിയതായി രണ്ടാം എതിർകക്ഷി പ്രസ്താവിച്ചു. അന്വേഷണത്തിൽ നിന്ന്, ഹർജികക്ഷിയുടെ മകന്റെ ജനനം മേൽ വിലാസത്തിൽ ചെറിയ വ്യത്യാസത്തോടെ വ്യത്യസ്തമായ തീയതിയിൽ ഇതിനകം തന്നെ രേഖപ്പെടുത്തിയിട്ടുള്ളതായി രണ്ടാം എതിർകക്ഷിക്ക് അറിയാൻ കഴിഞ്ഞു. അത് എഗ്സിബിറ്റ് P5-ൽ നിന്നു കാണാൻ കഴിയുന്നതാണ്. ഹർജികക്ഷിയുടെ മകൻ തിരുവനന്തപുരം കോർപ്പറേഷന്റെ അധികാര പരിധിയിൽ ജനിച്ചതിനാൽ മേൽപ്പറഞ്ഞ കോർപ്പറേഷനു കീഴിലുള്ള രജിസ്ട്രാർക്ക് മാത്രമേ എന്തെങ്കിലും സാക്ഷ്യപത്രം നൽകാൻ യോഗ്യതയുള്ളൂ. 1999-ലെ ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 13-ാം ചട്ടം പ്രകാരം ലഭ്യമല്ലാ എന്ന സാക്ഷ്യപത്രം ലഭിക്കുന്നതിന് ഹർജികക്ഷി തിരുവനന്തപുരം കോർപ്പറേഷന്റെ ജനനമരണ രജിസ്ട്രാറെ സമീപിക്കേണ്ടതാണ്.

5. ഹർജികക്ഷിയുടെ മകൻ ചിറയീൻകീഴ് ഉള്ള വീട്ടിൽ ജനിച്ചതായി ഹർജികക്ഷിയുടെ അഭിഭാഷകൻ ഉദ്ബോധിപ്പിച്ചു. ആയതിനാൽ തിരുവനന്തപുരം കോർപ്പറേഷൻ നൽകിയ എക്സിബിറ്റ് P5 ജനനം സംബന്ധിച്ച സാക്ഷ്യപത്രത്തിൽ മാതാപിതാക്കളുടെ പേര് സമാനമാണെങ്കിലും ഹർജികക്ഷിയുടെ മകനെ സംബന്ധിച്ചതാകാൻ കഴിയില്ല. ഈ കോടതിയുടെ കൗസല്യ പി.കെ V. സെക്രട്ടറി, കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തും മറ്റുള്ളവരും (2019(2) K.L.T Online 2088= 1LR 2019(3) Ker.225) എന്ന വിധി ന്യായത്തിന്റെ വെളിച്ചത്തിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന് മാത്രമേ ജനനമരണ വിഷയങ്ങളിൽ അന്വേഷണം നടത്താൻ അധികാരപ്പെടുത്തിയിട്ടുള്ളു

വെന്നും ഒന്നാം എതിർകക്ഷിയുടെ കാര്യാലയത്തിൽ ജനനം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ഒന്നാം എതിർകക്ഷി ലഭ്യമല്ലാ എന്ന സാക്ഷ്യപത്രം നൽകാൻ ബാധ്യസ്ഥനാണ് എന്നും ഹർജികക്ഷിയുടെ അഭിഭാഷകൻ തുടർന്നു വാദിച്ചു.

6. ഹർജികക്ഷിയുടെ അഭിഭാഷകനെയും ഒന്നും രണ്ടും എതിർകക്ഷിയെ പ്രതിനിധീകരിച്ച സ്റ്റാന്റിംഗ് കൗൺസലിനെയും ഞാൻ കേട്ടു.

7. ഈ കോടതി കൗസല്യ പി. കെ. (മേൽപ്പറഞ്ഞ) വിധിന്യായത്തിൽ പ്രഖ്യാപിച്ചത് 1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടിന്റെ 14-ാം വകുപ്പു വ്യവസ്ഥ ചെയ്യുന്നത് ഏതെങ്കിലും ജനനമോ മരണമോ അത് സംഭവിച്ച് ഒരു വർഷത്തിനുള്ളിൽ രേഖപ്പെടുത്താതിരുന്നാൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റോ പ്രസിഡൻസി മജിസ്ട്രേറ്റോ ജനനത്തിന്റേയോ മരണത്തിന്റയൊ യാഥാർത്ഥ്യത പരിശോധിച്ച ശേഷമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ രേഖപ്പെടുത്താൻ കഴിയു എന്നാണ്. ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റോ പ്രസിഡൻസി മജിസ്ട്രേറ്റോ ജനനത്തിന്റേയോ മരണത്തിന്റേയോ കൃത്യതയിൽ ആവശ്യമായ പരിശോധന നടത്തേണ്ടതാണെന്നും ഈ കോടതി വിധിച്ചു. മജിസ്ട്രേറ്റിൽ നിക്ഷിപ്തമായിട്ടുള്ള അത്തരം അധികാരവും കർത്തവ്യവും മജിസ്ട്രേറ്റിനു മാത്രമേ വിനിയോഗിക്കാൻ കഴിയൂ. ഒരു വർഷത്തിനോ അതിനു ശേഷമോ രേഖപ്പെടുത്താൻ ശ്രമിക്കുന്ന ജനനത്തെയോ മരണത്തെയോ സംബന്ധിച്ച് വസ്തുതപരമായ നിർണയം നടത്തുവാൻ പ്രസ്തുത ആക്റ്റോ ചട്ടങ്ങളോ ഒന്നും രണ്ടും എതിർകക്ഷികൾക്ക് അധികാരം നൽകുകയോ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല.

8. എന്നിരുന്നാലും, അപേക്ഷ കൈപ്പറ്റിയതിൽ തിരുവനന്തപുരം കോർപ്പറേഷനിലെ ജനന രജിസ്ട്രാർ, ഹർജികക്ഷിയുടെയും അവരുടെ ഭർത്താവിന്റെയും പേരുകൾ സമാനമായി ഒരു ജനനം, രേഖപ്പെടുത്തിയിട്ടുള്ളതായി ഒന്നാം എതിർകക്ഷി കുറിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. തിരുവനന്തപുരം കോർപ്പറേഷൻ നൽകിയ എക്സിബിറ്റ് P5 ജനന സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള സ്ഥിരമായ മേൽവിലാസം ഏറെക്കുറെ സമാനമാണ്. അതിനാൽ എക്സിബിറ്റ് P5 ജനന സാക്ഷ്യപത്രം ഹർജികക്ഷിയുടെ മകനുമായി ബന്ധപ്പെട്ടതാകാൻ സാധ്യതയുണ്ട്.

9. എന്നിരുന്നാലും, എക്സിബിറ്റ് P5-ൽ പേര് പറഞ്ഞിരിക്കുന്ന വ്യക്തിയുടെ സ്വത്വം ഹർജികക്ഷി തർക്കിക്കുന്നതിനാൽ യോഗ്യതയുള്ള ഒരു മജിസ്ട്രേറ്റ് ഒരന്വേഷണം നടത്തേണ്ടതും, ആയതിന് ഒരു ലഭ്യമല്ലാ സാക്ഷ്യപത്രം ആവശ്യവുമാണ്.

10. തന്റെ മകന്റെ ജനനം ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലാണെന്ന് ഹർജികക്ഷി സത്യം ചെയ്യുന്നതിനാലും ഹർജികക്ഷി ലഭ്യമല്ലാ സാക്ഷ്യപത്രത്തിനായി അപേക്ഷ നൽകിയതിനാലും അത്തരം അപേക്ഷയിൽ എതിർകക്ഷികൾ നടപടിയെടുക്കേണ്ടതായി വരും. ഹർജികക്ഷി അവളുടെ മകന്റെ ജനനം ഒന്നാം എതിർകക്ഷി രജിസ്ട്രാറുടെ പക്കൽ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുകയും

കുട്ടിയുടെ ജനനം യഥാർത്ഥത്തിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലാണ് സംഭവിക്കുകയും ചെയ്തെങ്കിൽ ലഭ്യമല്ലാ സാക്ഷ്യപത്രം നിഷേധിക്കുന്നത് ഹർജി കക്ഷിക്ക് കോട്ടം സംഭവിക്കാം. അതേ സമയം തിരുവനന്തപുരം കോർപ്പറേഷനിൽ വ്യത്യസ്ത ജനനതീയതിയോടെ നൽകിയിട്ടുള്ള എഗ്സിബിറ്റ് P5 ജനനസർട്ടിഫിക്കറ്റിൽ സമാനമായ/ഒരേ പോലുള്ള പേരുകൾ ആണ് കാണുന്നത് എന്ന വസ്തുത അവഗണിക്കാൻ കഴിയില്ല.

ഈ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും ഹർജികക്ഷിക്ക് അവർ ആവശ്യപ്പെടുന്ന ജനനം ഒന്നാം എതിർകക്ഷി രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ലഭ്യമല്ലാ സാക്ഷ്യപത്രം നൽകാൻ നിർദ്ദേശിച്ചുകൊണ്ട് റിട്ട് ഹർജി തീർപ്പാക്കുന്നു. ഹർജികക്ഷിക്ക് നൽകുന്ന ലഭ്യമല്ലാ സാക്ഷ്യപത്രത്തിൽ, തിരുവനന്തപുരം കോർപ്പറേഷൻ ജനനമരണ രജിസ്ട്രാർ 27.02.1982-ൽ, 1722/1982 രജിസ്ട്രേഷൻ നമ്പറായി ഒരേ/സമാനമായ പേരിൽ ഒരേ/സമാനമായ മാതാപിതാക്കളുടെ സ്ഥിര മേൽവിലാസത്തോടെ ഒരു ജനനം 26.02.1982 ജനന തീയതിയായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു എന്ന് ഒരു സാക്ഷ്യപ്പെടുത്തൽ കൂടി എതിർകക്ഷികൾ നടത്തേണ്ടതാണ് എന്നു കൂടി നിർദ്ദേശിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**ശിവകുമാരി**

**Vs**

**കേരള സംസ്ഥാനം**

(റിട്ട് ഹർജി നം. 25859/2020)

2021 മാർച്ച് 30-ന് വിധി പ്രസ്താവിച്ചത്

### വിധിയുടെ പ്രസക്ത ഭാഗങ്ങൾ

1959-ലെ വിദ്യാഭ്യാസ ചട്ടങ്ങൾ (കേരള), അദ്ധ്യായം XIV A ചട്ടം 67(7) സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനു മാത്രമേ ഹയർ സെക്കന്ററി അദ്ധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും സസ്പെൻഷന് അനുമതി നൽകാൻ കഴിയുകയുള്ളു. ഹെഡമാസ്റ്റർ/ ഹെഡ്മിസ്ട്രസ്/ വൈസ് പ്രിൻസിപ്പൽ എന്നിവരുടെ കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷന് (ഡി.ഡി.ഇ) മാത്രം അത്തരം അനുമതി നൽകാൻ കഴിയുന്ന താണ്.

### വിധിന്യായം

1. പാലക്കാട് ശങ്കര മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്ക്കൂളിലെ പ്രിൻസിപ്പൽ, അവരെ 23-09-2020 മുതൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത മാനേജരുടെ എക്സിബിറ്റ് P 18 ഉത്തരവും അതോടൊപ്പം കേരള എഡ്യൂക്കേഷൻ ചട്ടങ്ങളിലെ (ചുരുക്കത്തിൽ കെ.ഇ.ആർ) അദ്ധ്യായം XIV A-ലെ ചട്ടം 67 (7)-യുടെ ക്ലിപ്ത നിബന്ധനയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ഹയർ സെക്കന്ററി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ചുരുക്കത്തിൽ ആർ.ഡി.ഡി) 15 ദിവസത്തിനു മേലുള്ള പ്രസ്തുത സസ്പെൻഷൻ ശരിവച്ച എക്സിബിറ്റ് P 20 ഉത്തരവും ചോദ്യം ചെയ്താണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

2. എക്സിബിറ്റ് P 18 സസ്പെൻഷനുത്തരവിനെതിരെ കോടതിയിൽ സമർപ്പിച്ചി ട്ടുള്ള അനവധി രേഖകളും വാദങ്ങളും വെളിപ്പെടുത്തുന്ന ഹർജികക്ഷിയുടെ ഏക ആരോപണം എന്തെന്നാൽ, സസ്പെൻഷനുത്തരവിൽ ഒപ്പിട്ടിരിക്കുന്നതൊ അതു

നൽകിയിരിക്കുന്നതോ മാനേജരല്ല മറ്റാരോ ആണ്, കാരണം, അതു ഇറക്കുന്ന സമയത്ത് അദ്ദേഹം വിദേശത്തായിരുന്നു എന്നതാണ്. എക്സിബിറ്റ് P 20 സംബന്ധിച്ച് ഹർജികക്ഷി ഉറപ്പിച്ചു പറയുന്നത് അതു അവിശ്വസനീയവും അസാധുവുമാണ് എന്നാണ്. കാരണം ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പലിന്റെ സസ്പെൻഷനുത്തരവ് ശരിവയ്ക്കാൻ നിയമ പ്രകാരം ആർ.ഡി.ഡി -യ്ക്ക് അധികാരമില്ല എന്നാണ്.

3. ഞാൻ ഹർജികക്ഷിയുടെ അഭിഭാഷകൻ ശ്രീ. ബിനോയ് തോമസ്, 4-ഉം 5-ഉം എതിർകക്ഷികളായ യഥാക്രമം സ്ക്കൂളിലെ മാനേജർക്കും ഹെഡ്മാസ്റ്റർക്കും വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. കോടോത്ത് ശ്രീധരൻ, ഔദ്യോഗിക എതിർകക്ഷികൾക്കു വേണ്ടി ഹാജരായ സർക്കാരഭിഭാഷകൻ ശ്രീ. പി. എം. മനോജ് എന്നിവരെ കേട്ടു.

4. 4-ഉം 5-ഉം എതിർകക്ഷികളുടെ അഭിഭാഷകൻ ശ്രീ. കോടോത്ത് ശ്രീധരൻ പ്രത്യുത്തരമായി വാദിച്ചത്, എക്സിബിറ്റ് P 18 നൽകിയത് മാനേജർ അല്ലാതെ മറ്റൊരാൾ ആണെന്ന വാദികളുടെ ആരോപണം തെറ്റാണ്. എന്തെന്നാൽ, ആ സമയത്ത് അദ്ദേഹം യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ ആയിരുന്നെങ്കിലും അദ്ദേഹം സസ്പെൻഷനുത്തരവ് ഹർജികക്ഷിക്ക് ഇമെയിൽ മുഖാന്തരം നൽകിയിരുന്നു. അദ്ദേഹം ഇതു സാധൂകരിക്കുന്നതിനായി തന്റെ കക്ഷിക്കുവേണ്ടി 11-12-2020-ൽ ഫയൽ ചെയ്ത പത്രികയിലെ എക്സിബിറ്റ് R 4 പരമ്പര ഇമെയിലുകൾ ഹാജരാക്കിയതിലേക്ക് എന്റെ ശ്രദ്ധ ക്ഷണിക്കുകയും ഹർജികക്ഷിക്ക് നൽകിയ സസ്പെൻഷനുത്തരവിൽ യാതൊരു പിഴവുമില്ല എന്ന് ഉറപ്പിച്ചു പറയുകയും ചെയ്തു. അദ്ദേഹം അതിനേത്തുടർന്ന് വാദിച്ചത്, എക്സിബിറ്റ് P 18 സസ്പെൻഷനുത്തരവ് നൽകാൻ മാനേജർ നിർബന്ധിതമായതിന്റെ കാരണം ആർ.ഡി.ഡി മുന്നറിയിപ്പില്ലാതെ സ്ക്കൂളിൽ നടത്തിയ പരിശോധനയിൽ വളരെ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഡി അദ്ദേഹത്തോട് നിർദ്ദേശിച്ച പ്രകാരമാണ് എന്നാണ്. അതിനാൽ, ഹർജികക്ഷിക്ക് എക്സിബിറ്റ് P 18 സസ്പെൻഷനുത്തരവ് നൽകിയ ശേഷം കെ.ഇ.ആർ-ന്റെ അദ്ധ്യായം XIV-യുടെ ചട്ടം 67(7)-ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം സസ്പെൻഷനുത്തരവ് ആർ.ഡി.ഡി മുമ്പാകെ അനുമതിക്കായി സമർപ്പിക്കുകയും എക്സിബിറ്റ് P 20 ഉത്തരവു പ്രകാരം, മേൽ പറഞ്ഞ അധികാരി ഹർജികക്ഷിയെ 15 ദിവസത്തിനു മേൽ എക്സിബിറ്റ് P 18 പ്രകാരം സസ്പെൻഷനിൽ നിർത്താൻ അനുവാദം നൽകുകയും ചെയ്തു എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

5. എക്സിബിറ്റ് P 18-ഉം P 20-ഉം ഹർജികക്ഷി ചോദ്യം ചെയ്തത് തള്ളിക്കളയണമെന്നും, റിട്ട് പെറ്റീഷൻ തള്ളണമെന്നുമാണ് ശ്രീ. കോടോത്ത് ശ്രീധരൻ അപേക്ഷിച്ചത്.

6. ഇതിനു മറുപടിയായി ഹർജികക്ഷിയുടെ അഭിഭാഷകൻ ശ്രീ. ബിനോയ് തോമസ് സമർപ്പിച്ചത്, സസ്പെൻഷനുത്തരവിലെ തീയതി 22-9-2020 ആണ് എന്നും എക്സിബിറ്റ് പി P 18(a) തപാൽ രസീതിൽ നിന്നു വ്യക്തമാകുന്നത് 23-9-2020-നു

ഉത്തരവ് പാലക്കാട് നിന്നു അയച്ചു എന്നുമാണ്. അതിനാൽ, ഈ ദിവസങ്ങളിൽ സ്ക്കൂൾ മാനേജർ റവ. റ്റി.ജി. ജോൺസൺ നിസ്സംശയമായും വിദേശത്ത് ആയതിനാൽ, P 18ൽ അദ്ദേഹത്തിന്റെ ഒപ്പ് ഉണ്ടെങ്കിലും അതിൽ അദ്ദേഹം ഒപ്പ് വച്ചു എന്നത് അസംഭവ്യമായ കാര്യമാണ്, ഇദ്ദേഹം ഇത് സമർത്ഥിക്കുന്നത് ഇത്തരം രേഖകൾ ഉണ്ടാക്കാൻ മറ്റൊരു വ്യക്തി അദ്ദേഹത്തിന്റെ ഒപ്പിട്ട ലെറ്റർ ഹെഡ് ഉപയോഗിച്ചതാണ് കാരണം എന്നാണ്. അദ്ദേഹം അങ്ങനെ എക്സിബിറ്റ് P 18 അനുചിതമാണെന്ന് ഉറപ്പിക്കുകയും, അതിന്റെ ഫലമായി എക്സിബിറ്റ് P 20 ശരിവച്ച ആർ.ഡി.ഡിക്ക് ഇപ്രകാരം ഉത്തരവു നൽകാൻ അധികാരം ഉണ്ടെന്ന് കരുതിയാൽ തന്നെയും ഇതിന് നിയമപരമായി യാതൊരു സാധുതയും നൽകുന്നില്ല എന്നും വാദിച്ചു.

7. ശ്രീ. ബിനോയ് തോമസ് തുടർന്ന് ബോധിപ്പിച്ചത്, എക്സിബിറ്റ് P 20ന് നിയമത്തിന്റെ പിൻബലം കിട്ടുകയില്ല എന്തെന്നാൽ, കെ.ഇ.ആർ അദ്ധ്യായം XIV A-ലെ ചട്ടം 67(7)-ന്റെ ക്ലിപ്തനിബന്ധന പ്രകാരം ഇത്തരം ഉത്തരവ് പുറപ്പെടുവിക്കുവാൻ യോഗ്യത ഇല്ലാത്ത ആർ.ഡി.ഡി ആണ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. അദ്ദേഹം കൂട്ടിച്ചേർത്തത്, ഇപ്പോൾ, ഇത്, പ്രസ്തുത ക്ലിപ്തനിബന്ധനയിലെ ഭേദഗതി മൂലം സ്ക്കൂളിലെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/വൈസ് പ്രിൻസിപ്പൽ എന്നിവരെ സസ്പെന്റ് ചെയ്യാൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ (ഡി.ഡി.ഇ)-നും, ഹയർ സെക്കന്ററി സ്ക്കൂളിലെ അദ്ധ്യാപകർ/പ്രിൻസിപ്പൽ എന്നിവരുടെ സസ്പെൻഷൻ അംഗീകരിക്കാൻ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ സാധിക്കൂ എന്ന് വ്യക്തമാണ്. അദ്ദേഹം ശക്തമായി കൂട്ടിച്ചേർത്തത്, സർക്കാർ ഇതുവരെ ഇതിനു ആരെയും അധികാരപ്പെടുത്തിയിട്ടില്ല അതുകൊണ്ട്, ആർ.ഡി.ഡി എക്സിബിറ്റ് P 20 നൽകാൻ പാടില്ലായിരുന്നു എന്തെന്നാൽ, ടി ഭേദഗതികൾക്ക് മുമ്പും അദ്ദേഹത്തിനു ഈ അധികാരം ഇല്ലായിരുന്നു.

8. ശ്രീ. ബിനോയ് തോമസ് അദ്ദേഹത്തിന്റെ വാദം അവസാനിപ്പിച്ചത് ഇപ്രകാരം പറഞ്ഞു കൊണ്ടാണ്, അതായത്, എക്സിബിറ്റ് P 20 അസാധുവാണ് കാരണം, നിസ്സംശയമായും ആർ.ഡി.ഡി യുടെ ആജ്ഞ പ്രകാരമാണ് മാനേജർ അദ്ദേഹത്തിന്റെ കക്ഷിയെ സസ്പെന്റ് ചെയ്തത്, ഒരു കേസിലെ ന്യായാധിപനും വിധി നടപ്പിലാക്കുന്നയാളും ഒരാൾ തന്നെ ആകുന്നത് നിയമത്തിൽ നിരോധിച്ചിരിക്കുന്നതിനാൽ മേൽ പറഞ്ഞ അധികാരസ്ഥാനം പതിനഞ്ച് ദിവസത്തിനു മേൽ സസ്പെൻഷൻ തുടരുന്നതിനു അനുമതി നൽകാൻ പാടില്ലായിരുന്നു. അതിനാൽ റിട്ട് പെറ്റീഷൻ അനുവദിക്കണമെന്നും എക്സിബിറ്റ് P 18-ഉം P 20-ഉം അസ്ഥിരപ്പെടുത്തണമെന്നും അദ്ദേഹം അപേക്ഷിച്ചു.

9. ശ്രീ. പി.എം. മനോജ്, സീനിയർ ഗവൺമെന്റ് പ്ലീഡർ, എക്സിബിറ്റ് P 20-നെ അനുകൂലിച്ചു വാദിച്ചത്, ഹർജികക്ഷി പ്രിൻസിപ്പൽ ആയിരുന്ന സമയത്ത് ആർ.ഡി.ഡി സ്ക്കൂളിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ കണ്ടെത്തുകയും, വേറെ വഴി

ഇല്ലാത്തതിനാൽ അവരെ സസ്പെന്റ് ചെയ്യാൻ മാനേജരോട് നിർദ്ദേശിക്കുകയുമാണ് ചെയ്തത് എന്നാണ്. അതിനാൽ P 20 തെറ്റാണെന്നു പറയാൻ കഴിയുകയില്ല, എന്തെന്നാൽ, മേൽ പറഞ്ഞ ഉദ്യോഗസ്ഥൻ സ്ക്കൂളിന്റെയും അവിടത്തെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും താത്പര്യം പോഷിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രവർത്തിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ റിട്ട് പെറ്റീഷൻ തള്ളിക്കളയാൻ അദ്ദേഹം അപേക്ഷിച്ചു.

10. കക്ഷികളുടെ എതിർ വാദങ്ങൾ വിലയിരുത്തുമ്പോൾ, ഹർജിക്കാരന്റെ വാദങ്ങൾക്കാണ് കൂടുതൽ കരുത്തുള്ളത് എന്ന് ഞാൻ കരുതുന്നു.

11. ഞാൻ മുകളിൽ പറഞ്ഞതിന്റെ കാരണം എന്തെന്നാൽ, എക്സിബിറ്റ് P 18 ഒരു സംശയിക്കത്തക്ക രേഖയാണ്, കാരണം മാനേജർക്കു വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. കോടോത്ത് ശ്രീധരൻ മേൽ പറഞ്ഞ ഉത്തരവ് ഇമെയിൽ ആയി നേരത്തേ അയച്ചു എന്ന് ഉറപ്പിച്ചു പറയുന്നുവെങ്കിലും മാനേജർ ഫയൽ ചെയ്ത എതിർവാദപത്രികയിൽ ഇത്തരത്തിൽ യാതൊന്നും തന്നെ കോടതിയിൽ രേഖയായി സമർപ്പിച്ചിട്ടില്ല. കോടതിയുടെ പരിഗണനയിൽ മാനേജർ ലഭ്യമാക്കിയ ഏക സംഗതി എക്സിബിറ്റ് R 4 (a) പരമ്പര ഇമെയിലുകൾ ആണ്, ആയതിൽ മാനേജർ ഹർജിക്കാരനെ സസ്പെൻഷനിൽ വച്ചു എന്ന ഒരു വാക്കു പോലുമില്ലെന്ന് മാത്രമല്ല, എന്നാൽ അവർ തമ്മിൽ സ്ക്കൂളിന്റെ നടത്തിപ്പു സംബന്ധിച്ച് പതിവ് ആശയവിനിമയം മാത്രമേ ഉള്ളൂ താനും.

12. അതിനാൽ, 22-9-2020-നും 23-9-2020-നും മാനേജർ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ ആയിരുന്നു എന്ന് നിസ്സംശയമായും സമ്മതിക്കുമ്പോൾ, അദ്ദേഹം എക്സിബിറ്റ് P 18 ഒപ്പിട്ട് എക്സിബിറ്റ് R 4(a) തപാൽ രസീതുകൾ പ്രകാരം ഹർജികക്ഷിക്ക് അയച്ചു കൊടുത്തു എന്ന് വിശ്വസിക്കാൻ സാധിക്കുകയില്ല. മാനേജർ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ ആയിരിക്കുമ്പോൾ ആണ് രേഖയിൽ ഒപ്പിട്ടത് എന്ന് വാദത്തിനു വേണ്ടി ഊഹിച്ചാൽ തന്നെ മേൽ പറഞ്ഞ ഈ രേഖ 23-9-2020-ൽ പാലക്കാട് തദ്ദേശ മേൽവിലാസത്തിൽ നിന്നു അയക്കാൻ പറ്റുമോ കാരണം പ്രസ്തുത രേഖ 22-9-2020-നു സ്ക്കൂളിൽ ലഭിച്ചു എന്നത് സാധ്യമെന്ന് വിശദീകരിക്കാനൊക്കാത്തതാണ്. ഈ സംഗതികൾ തീർച്ചയായും എക്സിബിറ്റ് P 18-ന്റെ വിശ്വസനീയതയുടെ മേൽ സംശയത്തിന്റെ അശുഭസൂചകമായ നിഴൽ പരത്തുകയും ഈ കോടതിക്ക് ഈ കാര്യങ്ങൾ കാണാതിരിക്കാനും സാധിക്കുകയില്ല.

13. ഇത്രയും പറഞ്ഞതിൽ നിന്ന്, എക്സിബിറ്റ് P 20-ന്റെ ക്ഷമതയ്ക്കെതിരെ കോടതിയുടെ കാഴ്ചപ്പാട് അനുനയിക്കാൻ ഹർജിക്കാരൻ ആവശ്യമായ ന്യായീകരണം കൊണ്ടുവന്നിട്ടുണ്ട്. ഇതിനു കാരണം ശ്രീ. ബിനോയ് തോമസ് വ്യക്തമായി പറഞ്ഞതുപോലെ, ഹർജികക്ഷിയെ സസ്പെന്റ് ചെയ്യുന്നതിന് മാനേജർ എക്സിബിറ്റ് P 18 ഉത്തരവ് നൽകിയത് ആർ.ഡി.ഡി യുടെ നിർദ്ദേശ പ്രകാരമാണെന്ന കാര്യം ശരിയാണ്. അതിനാൽ, മേൽ പറഞ്ഞ, മാനേജർ പുറപ്പെടുവിച്ച സസ്പെൻഷ

നു ത്തരവ് ആർ.ഡി.ഡി ശരിവയ്ക്കുന്നതിന് അയച്ചു നൽകരുതായിരുന്നു, എന്തെന്നാൽ ഒന്നാമതായി കെ.ഈ.ആർ അദ്ധ്യായം XIVA ചട്ടം 67(7)-ന്റെ ക്ലിപ്തനിബന്ധന പ്രകാരം മേൽ പറഞ്ഞ അധികാരസ്ഥാനത്തിന് ആയത് ശരിവയ്ക്കുന്നതിന് നിയമപരമായ അധികാരമില്ല; രണ്ടാമതായി അദ്ദേഹം തന്നെ നിർദ്ദേശിച്ചതും നടപ്പിലാക്കിയതുമായ നടപടി അദ്ദേഹം തന്നെ ശരിവയ്ക്കരുതായിരുന്നു.

14. മേൽ പറഞ്ഞ രണ്ടു കാരണങ്ങളാൽ, എക്സിബിറ്റ് P20 നിയമവശാൽ നിലനിൽക്കാത്തതും എതിർകക്ഷിക്ക് ഇത് ദോഷമുണ്ടാക്കുന്നതും ആണ്, കാരണം 30-06-2019ലെ ജി.ഒ (പി) നം. 6/2019/പൊതുവിദ്യാഭ്യാസം എന്ന സർക്കാരുത്തരവിലൂടെ കെ.ഇ.ആർ-ന്റെ അദ്ധ്യായം XIVA-യുടെ ചട്ടം 67(7)-ന്റെ ക്ലിപ്തനിബന്ധനയിൽ സർക്കാർ കൊണ്ടുവന്ന ഭേദഗതി പ്രകാരം ഹയർ സെക്കന്ററി സ്ക്കൂൾ അദ്ധ്യാപകരുടെയും പ്രിൻസിപ്പലിന്റെയും സസ്പെൻഷനുത്തരവ് ശരിവയ്ക്കേണ്ടത് സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്; അതേസമയം വൈസ് പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് എന്നിവരുടെ കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (ഡി.ഡി.ഇ) ആണ് അനുമതി നൽകേണ്ടത്. ഭേദഗതികൾക്കു മുമ്പും, ആർ.ഡി.ഡിക്ക് ഈ കാര്യത്തിൽ അധികാരം ഒന്നും ഇല്ലായിരുന്നു എന്നത് പ്രസക്തമാണ്, അതിനാൽ എക്സിബിറ്റ് P 20 പുറപ്പെടുവിച്ചിരിക്കുന്നത് യാതൊരു നിയമപരമായ അധികാരവും ഇല്ലാതെയാണ് എന്ന് കാണാവുന്നതാണ്.

15. ശ്രീ. കോടോത്ത് ശ്രീധരനോ സർക്കാരഭിഭാഷകനായ ശ്രീ. പി. എം. മനോജ്-ഓ കെ.ഈ.ആർ-ന്റെ അദ്ധ്യായം XIVA-യുടെ ചട്ടം 67(7)-ലെ ക്ലിപ്തനിബന്ധനയുടെ പരിധിയിൽ പ്രവർത്തിക്കാൻ ആർ.ഡി.ഡി യെ സർക്കാർ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു എന്ന ഒരു വാദവും ഉന്നയിച്ചിട്ടില്ല എന്ന കാര്യം ഞാൻ രേഖപ്പെടുത്തുന്നു, അതിനാൽ എക്സിബിറ്റ് P 20-ലെ അദ്ദേഹത്തിന്റെ ചെയ്തി നിശ്ചയമായും ക്ഷമത ഇല്ലാത്തതാണ് എന്ന് കാണുന്നു.

മേൽ പറഞ്ഞ സാഹചര്യത്തിൽ, കോടതിയുടെ ഇടപെടൽ ആവശ്യമായ ഒരു കേസ് ഹർജികക്ഷി ബോധിപ്പിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ എനിക്ക് യാതൊരു ശങ്കയുമില്ല, ഇതിന്റെ ഫലമായി ഞാൻ ഈ റിട്ട് പെറ്റീഷൻ അനുവദിക്കുകയും എക്സിബിറ്റ് P 18-ഉം P20-ഉം റദ്ദാക്കുകയും ചെയ്യുന്നു, എന്നിരുന്നാലും KER പ്രകാരം നിയമത്തിലെ നിയന്ത്രിത വ്യവസ്ഥകൾ പാലിച്ചുകൊണ്ടും നിയമ പ്രകാരവും ഹർജികക്ഷിക്കെതിരെ ഏതൊരു നടപടി കൈക്കൊള്ളുന്നതിനും തീർപ്പാക്കാനും ഉള്ള മുഴുവൻ സ്വാതന്ത്ര്യം മാനേജർക്കും പൊതുവിദ്യാഭ്യാസ അധികാര സ്ഥാനത്തിനും നൽകുന്നു.



സത്യമേവ ജയതേ



# സുപ്രധാന വിധികൾ ഒറ്റനോട്ടത്തിൽ

## ബഹു: സുപ്രീം കോടതി മുമ്പാകെ

**(1). ബഹു: ജസ്റ്റീസ് ഉദയ് ഉമേഷ് ലളിത്**

**(2). ബഹു: ജസ്റ്റീസ് ഹേമന്ദ് ഗുപ്ത**

**(3). ബഹു: ജസ്റ്റീസ് എസ്. രവീന്ദ്ര ഭട്ട്**

**ലോറിയേറ്റ് ബിൽഡ്‌വെൽ പ്രൈ. ലി. Vs. ചരൺജീത് സിംഗ്**

(C.A. No. 7042/2019)

22/07/2021 -ന് വിധി പ്രസ്താവിച്ചത്

**1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം, 2(1)(d) & 2(1)(g) വകുപ്പുകൾ - പ്രഥമ വിലയാളിന്റെ കർത്തവ്യങ്ങൾ ഏറ്റെടുക്കുന്ന തുടർവിലയാൾ ഉപഭോക്താവ് എന്ന നിർവചനത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല.**

### വിധിയുടെ സംക്ഷിപ്ത രൂപം

ഫ്ളാറ്റു നിർമ്മിച്ചു നൽകാൻ വൈകിയ സാഹചര്യത്തിൽ, 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം പരിഹാരം തേടുന്നതിന് ഫ്ളാറ്റ് അനുവദിക്കപ്പെട്ടയാൾ (original allottee)ക്കുള്ള അവകാശം തുടർവിലയാൾ (subsequent purchaser)ക്കും ലഭ്യമാണെന്ന് ബഹു:സുപ്രീം കോടതി വിധിച്ചു.

ഈ കേസിനാധാരമായ വസ്തുതകൾ ചുരുക്കമായി താഴെ കൊടുക്കുന്നു.

ശ്രീമതി. മധുബി വെങ്കട്ടരാമൻ എന്നയാൾ നോയിഡയിൽ നിർമ്മാണമാരംഭിച്ച ഫ്ളാറ്റു സമുച്ചയത്തിൽ 29-08-2012-ൽ ഒരു ഫ്ളാറ്റ് ബുക്കുചെയ്തു. ഫ്ളാറ്റുവില ഗഡുക്കളായി അടയ്ക്കാനും 15-10-2015-ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കി ഫ്ളാറ്റു കൈമാറാനായിരുന്നു കരാർ. ശ്രീമതി വെങ്കട്ടരാമൻ ആദ്യ ഏഴു ഗഡുക്കളായി 1,55,89,329/ രൂപ ഫ്ളാറ്റിന്റെ വിലയിനത്തിൽ അടയ്ക്കുകയും ചെയ്തു.

16-02-2015-ന്, ശ്രീമതി. വെങ്കട്ടരാമൻ താൻ ബുക്കുചെയ്തിട്ടുള്ള പ്രസ്തുത ഫ്ളാറ്റ് ലഭിക്കാനുള്ള അവകാശം ശ്രീ. ചരൺജീത് സിംഗ് (ഈ കേസിലെ എതിർകക്ഷി) എന്നയാൾക്ക് വിറ്റു.

നിശ്ചിത തിയതിയായ 15-10-2015-ന് ഫ്ളാറ്റു നിർമ്മാണം പൂർത്തിയാക്കി കൈമാറ്റം നടത്താത്തതിനാൽ ശ്രീ. ചരൺജീത്സിംഗ് ബിൽഡറെ (ഈ കേസിലെ ഹർജിക്കാരൻ) സമീപിച്ചു. 2016-ജൂണിൽ ഫ്ളാറ്റു നിർമ്മിച്ചു ലഭ്യമാക്കുമെന്ന്

ബിൽഡർ ഉറപ്പുനൽകി.

എന്നാൽ ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കി കൈമാറാത്തതിനാൽ 08-03-2017-ന് ശ്രീ. ചരൺജീത്സിംഗ് ഫ്ളാറ്റിന്റെ വിലയും അതിന്റെ 24% പലിശയും ബിൽഡറിൽ നിന്ന് തിരികെ ആവശ്യപ്പെട്ടു, പക്ഷെ, 10,92,628/- രൂപ അടുത്ത ഗഡുവായി അടയ്ക്കാനുള്ള അറിയിപ്പാണ് ശ്രീ. ചരൺജീത് സിംഗിന് ലഭിച്ചത്. അയാൾ അത് അടച്ചില്ല. അയാൾ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ (എൻ.സി.ഡി.ആർ.സി) സമീപിച്ചു.

എൻ.സി.ഡി.ആർ.സി മുമ്പാകെ ബിൽഡർ ബോധിപ്പിച്ചത് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ (എൻ.ജി.ടി)-ന്റെ OA/158/2013-ലെ, ഓഖല പക്ഷിസങ്കേതവുമായി ബന്ധപ്പെട്ട ഉത്തരവ് നോയിഡ ഭാഗത്തെ നിർമ്മാണ പ്രവർത്തനത്തെ ബാധിച്ചുവെന്നും ആയത് പ്രസ്തുത ഫ്ളാറ്റു നിർമ്മാണം വൈകാൻ ഇടയാക്കിയെന്നുമാണ്. ശ്രീമതി. വെങ്കട്ടരാമനും ശ്രീ. ചരൺജീത് സിംഗും ഇക്കാര്യങ്ങൾ അിറഞ്ഞിരുന്നുവെന്നും ഫ്ളാറ്റു നിർമ്മാണത്തിലെ കാലതാമസം മനപൂർവ്വമല്ലെന്നും കരാറിലെ 13(7)-ാം വ്യവസ്ഥപ്രകാരം തുക തിരികെ ലഭിക്കാൻ അവകാശമില്ലെന്നും അവർ വാദിച്ചു.

എൻ.സി.ഡി.ആർ.സി വിശദമായ തെളിവെടുപ്പിനുശേഷം ഫ്ളാറ്റിന്റെ വില 10% പലിശയോടെ ശ്രീ. ചരൺജീത് സിംഗിന് തിരികെ നൽകാനും 25000/-രൂപ ചെലവിനത്തിലും നൽകാൻ ഉത്തരവായി.

പ്രസ്തുത ഉത്തരവിനെതിരെയാണ് ബിൽഡർ ബഹു: സുപ്രീംകോടതിയിൽ നിലവിലെ കേസ് ഫയൽ ചെയ്തിരിക്കുന്നത്. എൻ. ജി. ടി. യുടെ ഉത്തരവിന്റെ കാര്യമുൾപ്പെടെ അറിഞ്ഞുകൊണ്ടാണ് ഫ്ളാറ്റു വാങ്ങാൻ ശ്രീ. ചരൺജീത് സിംഗ് കരാറിലേർപ്പെട്ടതെന്നും ആയതിനാൽ ഫ്ളാറ്റു നിർമ്മാണം വൈകിയെന്നുന്നയിക്കാൻ തുടർവിലയാളായ ശ്രീ.ചരൺജീത് സിംഗിന് നിയമപരമായ അവകാശമില്ലെന്നും ബിൽഡർ വാദിച്ചു.

ഈ കേസ്സിൽ ബഹു: സുപ്രീം കോടതി നിരീക്ഷിച്ച പ്രധാന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

ഫ്ളാറ്റു നിർമ്മാണം പൂർത്തിയാക്കി 15-10-2015-ന് മുമ്പ് ഫ്ളാറ്റ് അനുവദിക്കപ്പെട്ടയാൾക്കു കൈമാറുമെന്ന് 16-10-2012-ലെ കത്തിൽ ബിൽഡർ അറിയിച്ചിരുന്നതും ഗഡുക്കളായി ഫ്ളാറ്റിന്റെ വില സ്വീകരിക്കുകയും തുടർവിലയാളെ ബിൽഡർ അംഗീകരിക്കുകയും ചെയ്തു. ബിൽഡർ ഉയർത്തിക്കാട്ടിയ എൻ.ജി.ടി.യിലെ കേസ് 03-04-2014-ൽ തീർപ്പാക്കിയിരുന്നു. നിർമ്മാണം നിർത്തിവയ്ക്കാനുള്ള ഉത്തരവൊന്നും തുടർന്ന് ഉണ്ടായിരുന്നില്ല. അതിനാൽ ആറ് മാസക്കാലത്തോളം നിർമ്മാണം തുടരാതിരുന്നത് ന്യായീകരിക്കാനാവില്ല. ബിൽഡറുടെ നടപടി ഉപഭോക്തൃ സേവന വീഴ്ചയായി കണക്കാക്കാവുന്നതാണ്. ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരമുള്ള സേവനങ്ങൾ തേടുന്നതിന് ഫ്ളാറ്റനുവദിക്കപ്പെട്ടയാളിനുള്ള അവകാശം തുടർവിലയാളായ ശ്രീ. ചരൺജീത് സിംഗിന് ലഭിക്കാൻ അയോഗ്യതയൊന്നുമില്ലെന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചു; എൻ.സി.ഡി.ആർ.സി. യുടെ ഉത്തരവ്

## ബഹു: കേരള ഹൈക്കോടതി

### ബഹു: ജസ്റ്റീസ്. വി. ജി. അരുൺ

### റസീൻബാബു. കെ. എം Vs കേരള സംസ്ഥാനം

08-06-2021-ന് വിധി പ്രസ്താവിച്ചത്

**1973-ലെ ക്രിമിനൽ നടപടി നിയമസംഹിത-240, 241-വകുപ്പുകൾ കുറ്റസമ്മതത്തിൻമേൽ ശിക്ഷ നൽകുതിനാവശ്യമായ ഘടകങ്ങൾ- കുറ്റസമ്മത ത്തിൻമേൽ പ്രതിയെ ശിക്ഷിക്കുന്നത് വെറും ഔപചാരികമാകരുത്-നിർദ്ദിഷ്ട നടപടിക്രമം കൃത്യമായി പാലിച്ചിരിക്കണം, എന്തെന്നാൽ കുറ്റസമ്മതം കാരണമാണ് പ്രതിയെ വിചാരണയില്ലാതെ ശിക്ഷിക്കേണ്ടി വരുന്നത്-ചാർജ് ഫ്രെയിം ചെയ്യുന്ന സമയത്ത് കുറ്റം നിഷേധിച്ചാൽ പിന്നീട് കുറ്റസമ്മതം നടത്താവുന്നതാണ് `കുറ്റസമ്മതം` എന്നത് കുറ്റത്തിൻെറ എല്ലാ വശങ്ങളും മനസ്സിലാക്കി സമ്മതം വ്യക്തമായി അറിയിച്ചതായിരിക്കണം-പ്രതി കോടതിയുടെ ചോദ്യത്തിനുത്തരമായി ചുണ്ടനക്കുന്നതോ `ശരി` എു പറയുന്നതോ, ഒരു സാഹചര്യത്തിലും, പ്രതി കുറ്റം സമ്മതിച്ചു എന്നതായി അംഗീകരിക്കാൻ കഴിയില്ല.**

### വിധിന്യായത്തിൻെറ സംക്ഷിപ്ത രൂപം

ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143, 147, 353, 149 എന്നീ വകുപ്പുകളും 1961-ലെ കേരളാ പ്രിവെൻഷൻ ഓഫ് ഡിസ്റ്റർബൻസസ് ഓഫ് പബ്ലിക് മീറ്റിംഗ്സ് ആക്റ്റിൻെറ 35-ാം വകുപ്പും പ്രകാരം ഈ കേസ്സിലെ ഹർജിക്കാരനുൾപ്പെടെയുള്ള പ്രതികൾക്കെ തിരെ പരപ്പനങ്ങാടി ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റു കോടതിയിൽ പോലീസ് കേസ്സു ഫയൽ ചെയതു. സ്കൂൾ പ്രവേശനോത്സവവുമായി ബന്ധപ്പെട്ടു നടന്ന ഘോഷയാത്രയിൽ അതിക്രമിച്ചുകയറുകയും ഘോഷയാത്രയിലെ സന്നദ്ധ-പൊതുസേവകരെതടസ്സപ്പെടുത്തുകയും ചെയ്തു എന്നതാണ് പ്രതികൾക്കെതിരെയുന്നയിച്ച കേസ്സ്.

വിചാരണക്കോടതിയിൽ നടന്ന നടപടികൾ താഴെപറയും പ്രകാരം കാണാം. 09-03-2017-ൽ, പ്രതികളെ ചാർജ്ജ് വായിച്ചുകേൾപ്പിച്ചു, പ്രതികൾ കുറ്റം നിഷേധിച്ചു. പ്രോസിക്യൂഷൻ ഭാഗം തെളിവെടുപ്പിനായി കേസ്സ് പലപ്രാവശ്യം നീട്ടിവച്ചു. അവസാനം, 24-04-2018-ൽ കേസ്സു വിചാരണയ്ക്കു വന്ന ദിവസം, കുറ്റം ചെയ്തിട്ടുണ്ടോ എന്ന് വീണ്ടും ചോദിച്ചപ്പോൾ പ്രതികൾ `ശരി` എന്ന് ഉത്തരം നൽകി. പ്രതികളുടെ `ശരി` എന്ന ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ അവരെ ശിക്ഷിച്ചു. ഹർജിക്കാരന് (പ്രതിക്ക്) ഇതുമൂലം പോലീസുവകുപ്പിൽ ലഭിച്ച ജോലി

നഷ്ടപ്പെടുകയും ചെയ്തു. കീഴ്ക്കോടതി രേഖകൾ പരിശോധിച്ച ബഹു: ഹൈക്കോടതിയെ ആശ്ചര്യപ്പെടുത്തിയ കാര്യം, പ്രതികളുടെ ഉത്തരം രേഖപ്പെടുത്തിയ ചോദ്യാവലിയിൽ ഒന്നാം പ്രതിയുടേതായി ഉത്തരം ഒന്നും രേഖപ്പെടുത്തിയതായി കണ്ടില്ല എതാണ്. ബഹു. ഹൈക്കോടതി വിചാരണക്കോടതിയുടെ ഈ നടപടി തികഞ്ഞ ന്യൂനതയായി കണക്കാക്കി, വിശേഷിച്ചും പ്രതിയുടെ (ഹർജിക്കാരൻെറ) കുറ്റസമ്മത മൊഴി മജിസ്ട്രേറ്റ് വളരെ ലാഘവത്തോടെയാണ് രേഖപ്പെടുത്തിയതെന്ന വാദഗതിയുടെ സാഹചര്യത്തിൽ.

വിവിധ കോടതികളുടെ വിധി ന്യായങ്ങളും ഇതുമായി ബന്ധപ്പെട്ട നിയമങ്ങളും പരിശോധിച്ചതിനുശേഷം താഴെ പറയുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കണ മെന്നും ബഹു: കോടതി നിരീക്ഷിക്കുകയുണ്ടായി.

1. പ്രതിക്കെതിരെ ആരോപിച്ചിരിക്കു കുറ്റങ്ങൾ വ്യക്തമാക്കിവേണം മജിസ്ട്രേറ്റ് ചാർജ് ഫ്രെയിം ചെയ്യേണ്ടത്.

2. കുറ്റങ്ങൾ പ്രതിയെ വായിച്ചുകേൾപ്പിക്കുകയും വിശദീകരിക്കുകയും വേണം

3. ചാർജ് ചെയ്തിരിക്കുന്ന കുറ്റങ്ങൾ സമ്മതിക്കുന്നുണ്ടോ എന്ന് പ്രതിയോട് ചോദിക്കണം.

4. കുറ്റസമ്മതം മൂലം ഉണ്ടാകുന്ന കുഴപ്പങ്ങളും ആരോപിച്ചിരിക്കുന്ന കുറ്റങ്ങളുടെ ഗൗരവവും മനസ്സിലാക്കി വേണം പ്രതി കുറ്റസമ്മതം നടത്തേണ്ടത്. കുറ്റസമ്മതം സ്വമനസ്സാലെയും വ്യക്തമായും അസന്നിഗ്ദ്ധമായും ആണ് നടത്തേണ്ടത്.

5. മജിസ്ട്രേറ്റ്, സാധിക്കുന്നിടത്തോളം, പ്രതി പറഞ്ഞ വാക്കുകൾ തന്നെ പ്രതിയുടെ കുറ്റസമ്മതമൊഴിയായി രേഖപ്പെടുത്തണം.

6. മജിസ്ട്രേറ്റ് എല്ലാ കാര്യങ്ങളും പരിശോധിച്ച ശേഷം അദ്ദേഹത്തിൻെറ വിവേചനം ഉപയോഗിക്കുകയും കുറ്റസമ്മതം സ്വീകരിക്കണോ വേണ്ടയോ എന്ന് തീരുമാനം എടുക്കുകയും വേണം.

7. കുറ്റസമ്മതം സ്വീകരിക്കുകയാണെങ്കിൽ തക്കതായ ശിക്ഷ വിധിച്ച് ശിക്ഷി ക്കുകയും ചെയ്യാം.

പ്രതിയുടെ കുറ്റസമ്മതം `ശരി` എന്ന ഒറ്റവാക്കിൽ രേഖപ്പെടുത്തിയത് ശരിയായ അർത്ഥത്തിലുള്ള കുറ്റസമ്മതമായി കണക്കാക്കാനാകില്ലെന്ന് ബഹു: ഹൈക്കോടതി നിരീക്ഷിച്ചു, പ്രത്യേകിച്ചും ആദ്യ അവസരത്തിൽ പ്രതി കുറ്റം നിഷേധിച്ചിരുന്ന സാഹചര്യത്തിൽ. അതിനാൽ പ്രതിയെ ശിക്ഷിച്ച മജിസ്ട്രേറ്റു കോടതിയുടെ വിധിന്യായം ബഹു: ഹൈക്കോടതി റദ്ദാക്കുകയും കേസ്സ് നിയമാനുസൃത പുനർ വിചാരണയ്ക്കായി കീഴ്ക്കോടതിയിലേക്ക് അയയ്ക്കുകയും ചെയ്തു.

# ലേഖനങ്ങൾ





# വിവരാവകാശ നിയമം

## അഴിമതിക്കാരെക്കുറിച്ചുള്ള വിവരം സ്വമേധയാ വെളിപ്പെടുത്തണം

## കേരള ഹൈക്കോടതി

**ചന്ദ്രബോസ്. പി. വി**
അഡീഷണൽ നിയമ സെക്രട്ടറി
നിയമ (ഔദ്യോഗികഭാഷാ
പ്രസിദ്ധീകരണ സെൽ) വകുപ്പ്

2005 ഒക്ടോബർ 12-ന് പൂർണ്ണമായി നിലവിൽവന്ന `2005-ലെ വിവരാവകാശ ആക്ട്`(Right to Information Act, 2005) ഇൻഡ്യൻ പൊതുഭരണ രംഗത്ത് പുതിയ അദ്ധ്യായം തുറക്കുകയാണല്ലോ ചെയ്തത്. പൊതു സ്ഥാപനങ്ങളിലുള്ള (Public Authorities) വിവരം ജനങ്ങൾക്ക് അവകാശപ്പെട്ടതാണെന്നും അഴിമതി കുറയ്ക്കുന്ന തിനും പൊതുസ്ഥാപന പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി, ജനാധിപത്യത്തിന്റെ അന്തസ്സത്തയുൾക്കൊണ്ട്, പൊതുസ്ഥാപനങ്ങളിലെ വിവരം ജനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ആവശ്യമാണെന്നും പ്രസ്തുത നിയമം പ്രഖ്യാപിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ മുൻനിർത്തി വിവരാവകാശനിയമം അതിന്റെ വകുപ്പ് 4-ൽ പ്രതിപാദിച്ചിട്ടുള്ളത് പൊതുസ്ഥാപനങ്ങൾ ജനങ്ങൾക്കു മനസ്സിലാകുന്ന തരത്തിലും ഭാഷയിലും നിർദ്ദിഷ്ട വിവരം സ്വമേധയാ ലഭ്യമാക്കണമെന്നാണ്. വകുപ്പ് 4(1)(b), (c),(d) എന്നിവ പൊതുസ്ഥാപനങ്ങൾ ഇത്തരത്തിൽ വിവരം സ്വമേധയാ വെളിപ്പെടുത്തേണ്ട കാര്യങ്ങളും നടപടിയും വിശദീകരിക്കുന്നുണ്ട്.

വകുപ്പ് 4(1) (b) നിഷ്ക്കർഷിക്കുന്നത് ഓരോ പൊതുസ്ഥാപനവും ആ സ്ഥാപന ത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ, അതായത്, സ്ഥാപനത്തിന്റെ ലക്ഷ്യം, കടമകൾ, പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥരുടെ ചുമതലകൾ തുടങ്ങി എല്ലാ അടിസ്ഥാന വിവരങ്ങളും വെബ്സൈറ്റ്, ലഘുലേഖകൾ, പത്രക്കുറിപ്പുകൾ തുടങ്ങിയ മാധ്യമങ്ങൾ മുഖേന ജനങ്ങൾക്കു ലഭ്യമാക്കണം എന്നാണ്.

വകുപ്പ് 4(1) (c) വ്യവസ്ഥ ചെയ്യുന്നത് പ്രധാന പദ്ധതികൾ, നയപരമായ തീരുമാനങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങൾക്ക് അറിയുവാനുള്ള അടിസ്ഥാന വിവരാവകാശത്തെക്കുറിച്ചാണ്. ഇതു പ്രകാരം ഏതൊരു പൊതുസ്ഥാപനവും തീരുമാനങ്ങൾ പ്രഖ്യാപിക്കുമ്പോഴും പ്രധാന പദ്ധതികൾ രൂപീകരിക്കുമ്പോഴും അതുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും പൊതുജനങ്ങൾക്കു മനസ്സിലാകുന്ന വിധത്തിൽ സ്വമേധയാ വെളിപ്പെടുത്തണമെന്നാണ്. ജനങ്ങളെ ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിന് പൊതു അധികാരികളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം, അവയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാം തുടങ്ങിയവ അറിയുന്നതിന് ജനങ്ങൾക്ക് അവകാശമുണ്ടെന്ന് പ്രസ്തുത 4(1) (c) വകുപ്പ് വ്യവസ്ഥ ചെയ്തു. അവ യഥാവിധി ജനങ്ങളെ അറിയിച്ചാൽ പൊതു പദ്ധതികളോടും തീരുമാനങ്ങളോടുമുള്ള

വകുപ്പ് 4(1) (d) മേൽപ്പറഞ്ഞതുപോലെതന്നെയുള്ള മറ്റൊരു നടപടിയാണ് നിഷ്ക്കർഷിക്കുന്നത്. എന്നാൽ ഇത് വ്യക്തിയേയൊ ഏതാനും വ്യക്തികളേയൊ മാത്രം ബാധിക്കുന്ന വിഷയമാണ് പ്രതിപാദിക്കുന്നത്. ഭരണപരമായ (administrative) അഥവാ അർദ്ധനീതിന്യായ (quazi judicial) തീരുമാനങ്ങളുടെ അടിസ്ഥാന കാരണങ്ങൾ ബന്ധപ്പെട്ട വ്യക്തിയെ/വ്യക്തികളെ അറിയിക്കേണ്ടത് പൊതുസ്ഥാപനങ്ങളുടെ ചുമതലയാണ് എന്നാണ് ഈ വകുപ്പു പ്രകാരമുള്ള നിബന്ധന.

വ്യക്തിപരമായ അപേക്ഷകളിലും മറ്റും തീരുമാനങ്ങൾ കൈക്കൊള്ളുന്ന പൊതുഅധികാരികൾ പ്രസ്തുത തീരുമാനങ്ങളുടെ കാര്യകാരണങ്ങൾ പ്രസ്തുത തീരുമാനം ബാധിക്കുന്ന വ്യക്തിയെ/വ്യക്തികളെ അറിയിക്കേണ്ടതുണ്ടെന്നത് പൊതു ഭരണകർത്താക്കളുടെ കടമയായി ഇപ്പറഞ്ഞ നിയമവ്യവസ്ഥ പ്രഖ്യാപിക്കുകയാണ്. ആനുകൂല്യങ്ങളൊ മറ്റു സേവനങ്ങളൊ അഥവാ അവസരങ്ങളൊ നിഷേധിക്കപ്പെടുന്ന വ്യക്തികൾക്ക് ആയതിന്റെ കാര്യകാരണങ്ങൾ അറിയേണ്ടതുണ്ടെന്ന അടിസ്ഥാനഅവകാശത്തിന്റെകൂടി സാധൂകരണമാണ് വകുപ്പ് 4(1)(d)യിലൂടെ ഇൻഡ്യൻ പാർലമെന്റ് ഉറപ്പാക്കിയത്. `സത്യൻ Vs. കേരള സർക്കാർ`[2008(4)KLT SN (C.No.40)]എന്ന കേസ്സിൽ ബഹു: കേരള ഹൈക്കോടതി വകുപ്പ് 4(1)(d)യുടെ പ്രാധാന്യം നിരീക്ഷിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ വകപ്പ് 4(1) (b), (c), (d) എന്നിവയിൽ 4(1) (b) എന്നത് സംബന്ധിച്ചാണ്, ബഹു. കേരള ഹൈക്കോടതി 17-03-2021-ലെ വിധിന്യായത്തിൽ. WP (C) 5274/2020 (State Public Information Officer & Deputy Superintendent of Police and anr. Vs State Information Commissioner & anr. [2021 (2) KHC 588], [2021 ICO 369] ) എന്ന കേസ്സിൽ ബഹു. ജസ്റ്റിസ് രാജവിജയരാഘവൻ. വി ശ്രദ്ധേയമായ ചില തീരുമാനങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത്. അതിനെക്കുറിച്ച് ചുരുക്കമായി ഇവിടെ പ്രതിപാദിക്കുന്നു.

ഓരോ പൊതുസ്ഥാപനവും വിവരാവകാശനിയമം വകുപ്പ് 4(1) (b) പ്രകാരം, സ്വമേധയാ വെളിപ്പെടുത്തിയിരിക്കേണ്ട വിവരങ്ങൾ 17 ഇനങ്ങളായി തിരിച്ച് പ്രസ്തുത വകുപ്പിൻകീഴിൽ നൽകിയിട്ടുണ്ട്. മുൻപേ പറഞ്ഞപോലെ പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, പദ്ധതികൾ, ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ-കടമകൾ, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ധനസഹായങ്ങൾ, തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങി ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട പ്രതിമാസ ശമ്പളം എത്രയെന്നതുൾപ്പെടെ ഉദ്യോഗസ്ഥരുടെ ഡയറക്ടറി കൂടി പ്രസിദ്ധീകരിക്കേണ്ട ചുമതല പൊതുസ്ഥാപനങ്ങൾക്ക് വകുപ്പ് 4(1) (b) ഏർപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ റിട്ട് ഹർജിയിൽ കേരള ഹൈക്കോടതി പ്രഖ്യാപിച്ചത്, വിവരാവകാശ നിയമലക്ഷ്യം മുൻനിർത്തി വകുപ്പ് 4(1) പ്രകാരം പൊതുസ്ഥാപനങ്ങൾ സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങളുടെ കൂട്ടത്തിൽ, കേരളാ പോലീസു വകുപ്പ്, അവരുടെ വെബ്സൈറ്റിൽ, അഴിമതി/ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച്

ശിക്ഷിക്കപ്പെട്ട/കുറ്റക്കാരാണെന്ന് കാണപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദവിവരം കൂടി ഉൾപ്പെടുത്തണം എന്നാണ്.

ഈ കേസ്സിനാധാരമായത് സംസ്ഥാന വിവരാവകാശ കമ്മീഷന്റെ AP599(5)/SIC/2010 എന്ന രണ്ടാമപ്പീലിൽ 21/01/12-ന് ഉണ്ടായ തീരുമാനമാണ്. പ്രസ്തുത തീരുമാനത്തിൽ, വിവരാവകാശ കമ്മീഷൻ ഉത്തരവായത് താഴെ പറയുന്ന ഉദ്യോഗസ്ഥരുടെ വിശദവിവരം പോലീസു വകുപ്പ് അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം എന്നാണ്.

(i) അഴിമതി/മനുഷ്യാവകാശലംഘനക്കേസ്സിൽ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തുകയോ അവരെ കോടതി ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രതിസ്ഥാനത്തുള്ള ഉദ്യോഗസ്ഥരുടെ വിശദവിവരം.

(ii) അഴിമതി/മനുഷ്യാവകാശലംഘനം സംബന്ധിച്ച് അന്വേഷണോദ്യോഗസ്ഥൻ കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കേസ്സുകളിലെ പ്രതിസ്ഥാനത്തുള്ള ഉദ്യോഗസ്ഥരുടെ വിശദവിവരം.

വിവരാവകാശനിയമം അതിന്റെ വകുപ്പ് 8(1) പ്രകാരം 10 തരത്തിലുള്ള വിവരങ്ങൾ നിബന്ധനകൾക്ക് വിധേയമായി വെളിപ്പെടുത്തലിൽ നിന്ന് ഒഴിവാക്കി യിട്ടുണ്ട്. അതനുസരിച്ച് വകുപ്പ് 8(1) (j) പ്രകാരം സ്വകാര്യവ്യക്തിവിവരം വെളിപ്പെടു ത്തേണ്ടതില്ലെങ്കിലും അഴിമതി/മനുഷ്യാവകാശലംഘന കേസ്സിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് വകുപ്പ് 8(1) (j) പ്രകാരമുള്ള സംരക്ഷണം ലഭിക്കില്ലെന്നും എന്നാൽ അവരെക്കുറിച്ചുള്ള വിശദവിവരം പൊതുജനമദ്ധ്യത്തിൽ ലഭ്യമാക്കേണ്ടത് പൊതു താൽപര്യത്തിന് ആവശ്യമാണെന്നുമാണ് ബഹു. ഹൈക്കോടതി വിധിച്ചത്. വിവരാവകാശ നിയമം വകുപ്പ് 24 പ്രകാരം ക്രൈം റെക്കോർഡ്സ് ബ്യൂറോ സുരക്ഷാകാരണങ്ങളാൽ ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെങ്കിലും പ്രസ്തുത ഒഴിവാക്കൽ അഴിമതി/മനുഷ്യാവകാശ ലംഘനക്കേസ്സുകൾ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് ബാധകമല്ല എന്ന് വകുപ്പ് 24-ലെ തന്നെ ഉപവകുപ്പുകളെ ഉദ്ധരിച്ച് കോടതി പ്രഖ്യാപിച്ചു. കേരള ഹൈക്കോടതി, ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുള്ള താഴെപ്പറയുന്ന പ്രധാന കേസ്സുകളിലെ വിധിന്യായങ്ങളിലെ പ്രസക്ത ഭാഗങ്ങൾ ആധാരമാക്കിയിട്ടുണ്ട്.

(i) State of UP Vs Raj Narain [AIR 1975 SC 865, 1975 ICO 210]

(ii) S.P. Gupta Vs Union of India [1981 Supp SCC 87, 1981 ICO 1685]

(iii) Namit Sharma Vs Union of India [(2013) 1 SCC 745, 2012 ICO 1133]

(iv) Central Public Information Officer, Supreme Court of India Vs Subash Chandra Agarwal [(2020) 5 SCC 481, 2019 ICO 2621]

(v) Yashwant Sinha and Others Vs Central Bureau of Investigation [(2019) 6 SCC1, 2019 ICO 610]

(vi) ICAI Vs Shaunak H. Satya [(2011) 8 SCC 781, 2011 ICO 1177].

വിവരം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് രണ്ട് മാർഗ്ഗങ്ങളാണ് വിവരാവകാശനിയമത്തിൽ അനുശാസിക്കുന്നത്. ആദ്യത്തെ മാർഗ്ഗം, നാമേവരും അറിയുന്നതുപോലെ, വിവരം ആവശ്യമുള്ളവർ അതിനുള്ള അപേക്ഷ വകുപ്പ് 6 പ്രകാരം ബന്ധപ്പെട്ട Public Information Officer-ക്ക് സമർപ്പിച്ച് വിവരം തേടുക എന്നതാണ്. ബന്ധപ്പെട്ട Public Authoritybn-ൽ തന്നെ ഒന്നാമപ്പീൽ ഫയൽ ചെയ്യുന്നതിനും തുടർന്ന് ആവശ്യമെങ്കിൽ വിവരാവകാശ കമ്മീഷനിൽ രണ്ടാമപ്പീൽ ഫയൽ ചെയ്യുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. രണ്ടാമത്തെ മാർഗ്ഗം, മുൻ ഖണ്ഡികകളിൽ പരാമർശിച്ചതുപോലെ ഓരോ പൊതു അധികാരിയും അവരെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ വകുപ്പ് 4(1) പ്രകാരം അവരുടെ വെബ്സൈറ്റ് ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തി ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ്.

മേൽപ്പറഞ്ഞ രണ്ടാമത്തെ മാർഗ്ഗം വേണ്ടത്ര പൊതുവെ അറിയപ്പെട്ടിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. അപേക്ഷ നൽകി വിവരം തേടുന്ന മാർഗ്ഗത്തിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടുണ്ടുതാനും. ആവശ്യമെങ്കിൽ ഒന്നാമപ്പീലും അതിനെ സംബന്ധിച്ച് വിവരാവകാശ കമ്മീഷനിൽ രണ്ടാമപ്പീൽ നൽകുന്നതിനും മറ്റുമുള്ള വ്യവസ്ഥ കൂടുതലായി ആശ്രയിക്കപ്പെടുമ്പോൾ വിവരം സ്വമേധയാ വെളിപ്പെടുത്തേണ്ട മാർഗ്ഗത്തിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. സ്വമേധയാ വെളിപ്പെടുത്തേണ്ട അടിസ്ഥാന വിവരം തേടിക്കൊണ്ടുപോലും അപേക്ഷകൾ സമർപ്പിക്കപ്പെടുന്നുണ്ട് എന്നുള്ളത് ഇതിന് തെളിവാണ്.

ഇവിടെ ചർച്ച ചെയ്ത കേരള ഹൈക്കോടതിയുടെ ഈ വിധിന്യായത്തിന്റെ വെളിച്ചത്തിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരംകൂടി പൊതുസ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിൽ ഉൾപ്പെടുത്തിയാൽ വിവരാവകാശനിയമലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ പൊതു സ്ഥാപനങ്ങളുടെ കർത്തവ്യ നിർവ്വഹണ കാര്യത്തിൽ ശ്രദ്ധേയമായ കാര്യമായിരിക്കും അത്. കൂടാതെ അഴിമതിക്കാരെ ജനമദ്ധ്യത്തിൽ തുറന്നുകാണിക്കുന്നതിന് ഈ നടപടി ഉചിതമായിരിക്കുമെന്ന് നിസ്സംശയം പറയാം.

ഇതുമായി ബന്ധപ്പെട്ടു ചിന്തിക്കുമ്പോൾ, പോലീസു വകുപ്പിന് ലഭിച്ചിട്ടുള്ള മേൽപ്പറഞ്ഞ ഹൈക്കോടതിയുത്തരവ് മറ്റു പൊതുസ്ഥാപനങ്ങളും പിൻതുടർന്ന് വിവരാവകാശ നിയമത്തിന് കൂടുതൽ ഊർജ്ജം പകരുമെന്ന് നമുക്ക് പ്രത്യാശിക്കാം.



**മനോജ് എം. പി.**
സെക്ഷൻ ഓഫീസർ
നിയമ (എച്ച്) വകുപ്പ്

# പവിഴ മല്ലി
## പൂത്തുലഞ്ഞ
# നീല വാനം...

'മാന്യരേ...വിധിഉടമസ്ഥനായ ചാലപ്പുരയ്ക്കൽ കുഞ്ഞിക്കണ്ണൻനായർക്ക് വിധിക്കടക്കാരനായ മൗവ്വഞ്ചേരി ഗോപാലകൃഷ്ണപ്പണിക്കരിൽ നിന്നും ചെല്ലേണ്ടതായ സംഖ്യ കൊടുത്തുതീർക്കാത്തതിനാൽ ടി സംഖ്യയ്ക്കായി വിധികടക്കാരൻ കൈവശംവെച്ചു പോരുന്നതായ കോളയാട് ദേശത്തെ സർവ്വേ നമ്പർ 1358 ആയ കൂനിയിൽപറമ്പ്എന്നുപേരുള്ള 77 സെൻറ് തെങ്ങിൻപറമ്പ് പരസ്യമായി ലേലം ചെയ്തു വിൽപ്പാൻ സിവിൽ കോടതി ഇരുപത്തൊന്നാം ഉത്തരവ് അറുപത്തി നാലാം ചട്ടപ്രകാരം കോർട്ട് ഉത്തരവായിരിക്കുന്നുവെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു..."

ലേലത്തിൽ വിൽപ്പനയ്ക്ക് വെച്ച തെങ്ങിൻപറമ്പ് മാത്രമല്ല, ഇപ്പോൾ താമസിക്കുന്ന വീടും 'പോനാൽ പോകട്ടും പോഡൈ' എന്ന മട്ടിൽ കാണാൻ ശ്രീമാൻ ഗോപാലകൃഷ്ണപണിക്കർക്കുണ്ടായ ചോദന ഗോപാലകൃഷ്ണപണിക്കർ വെറും ഗോപാലകൃഷ്ണപണിക്കരായതുകൊണ്ടല്ല. 'ഹൗസ്ഓണർ' ഗോപാലകൃഷ്ണപണിക്കർ ആയതുകൊണ്ടാണ്! ടൗണിൽ വാടകയ്ക്ക് കൊടുത്തിരിക്കുന്ന തന്റെ പൂർവികസ്വത്തായവീട്ടിൽ നിന്ന് വാടകക്കാരെ ഒഴിപ്പിച്ച് അത് വിറ്റ് കിട്ടുന്ന പണം കൊണ്ട് കടം വീട്ടാമെന്ന ആത്മവിശ്വാസം...

35 കൊല്ലം മുമ്പ്, കൃത്യമായി പറഞ്ഞാൽ 1986 ഒക്ടോബർ 31-ന് റിലീസ് ചെയ്ത, അന്നത്തെ ഭാഗ്യതാരജോഡികളായ മോഹൻലാൽ - കാർത്തിക ടീം അഭിനയിച്ച് സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത 'സന്മനസുള്ളവർക്ക്സമാധാനം' എന്ന സിനിമയിലെ പല ഡയലോഗുകളും ഇന്നും മലയാളിയുടെ ഇടയിൽ നിറഞ്ഞു നിൽക്കുന്നത്, ട്രോളന്മാർ ഏറ്റുപാടുന്നതുകൊണ്ട് മാത്രമല്ല; വാടകക്കാരും കെട്ടിട ഉടമകളും അനുഭവിക്കുന്ന ആത്മ സംഘർഷം നർമ്മത്തിൽ പൊതിഞ്ഞു സരസമായി അവതരിപ്പിച്ചത് കൊണ്ട് കൂടിയാണെന്ന് നിസ്സംശയം പറയാം. ഈ സിനിമയെപ്പറ്റി ഇത്രയുമൊക്കെ ഓർത്തത് 1965-ലെ കേരള കെട്ടിട (പാട്ടവും വാടകയും നിയന്ത്രണം) ആക്റ്റിനെപ്പറ്റി വിശിഷ്യ അതിന്റെ 11-ാം വകുപ്പിനെപ്പറ്റി ചില കാര്യങ്ങൾ ചിന്തിക്കാൻ തുനിഞ്ഞതുകൊണ്ടാണ്.

പണ്ടൊക്കെ പലചരക്കുകടയുടെ ഒരു മൂലയിലാണ് കല്ലുപ്പ് ചാക്ക് വച്ചിരുന്നത്. ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഇപ്പോഴത്തെ തലമുറയ്ക്കു അത്തരമൊരു കല്ലുപ്പ്ചാക്കെന്നല്ല കല്ലുപ്പ് തന്നെ കാണാൻ കഴിയുന്നില്ല. പകരം പൊടിഉപ്പാണ് അതും അയോഡയസ്ഡ്!

നമ്മുടെ പൊതു വ്യവഹാര ചട്ടങ്ങളുടെ വിശാലമായ പലചരക്കുകടയിലെ പഴയ ഉപ്പുചാക്ക് മാതിരിയുള്ള നിയമമാണ് മേല്പറഞ്ഞ കെട്ടിടവാടകനിയന്ത്രണ നിയമം എന്നു വേണമെങ്കിൽ പറയാം- ആയിരക്കണക്ക് സിവിൽ ക്രിമിനൽ വ്യവഹാരങ്ങളിലെ ഒരുകുഞ്ഞുഭാഗം! പക്ഷേ ദൈനംദിനം ലക്ഷക്കണക്കിന് സ്ഥലങ്ങളും കെട്ടിട ങ്ങളുമാണ് പാട്ടത്തിനും വാടകയ്ക്കും കൊടുക്കപ്പെടുന്നത്. ഇവിടെയെല്ലാം ഈ നിയമം ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ടുതാനും .

"ഒരു ഹൗസ് ഓണറുടെ മുഖത്തുനോക്കി വീട് ഒഴിയില്ലെന്ന് പറയാൻ നിങ്ങൾക്ക് എങ്ങനെ ചങ്കൂറ്റം ഉണ്ടായി" എന്നമോഹൻലാൽ കഥാപാത്രത്തിന്റെ ചോദ്യം ആവർത്തി ക്കാത്ത കെട്ടിട ഉടമകൾ ചുരുക്കമായിരിക്കുമല്ലോ! കെട്ടിടമുടമയുടെയും വാടകക്കാരന്റെയും ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്ക പ്പെടാനാണ് ഈ നിയമം രൂപപ്പെട്ടിരിക്കുന്നതെന്ന് ആമുഖമായി നാം ഓർക്കേണ്ടതുണ്ട്.

ചിലപ്പോൾ നിങ്ങൾക്ക്തോന്നുന്നുണ്ടാകാം സിനിമയിൽ തന്നെ മാമുക്കോയയുടെ ഉമ്മറിക്കയെന്നകഥാപാത്രത്തോട് മോഹൻലാൽ തന്നെ ഈ നിയമം വകുപ്പ് തിരിച്ചു തന്നെ പറഞ്ഞു കൊടുക്കുന്നുണ്ടല്ലോ, പിന്നെന്താ പുതുമയെന്ന്. പക്ഷേ 2021 (5) KHC 759 ആയി റിപ്പോർട്ട് ചെയ്തുവന്നതും കേരള ഹൈക്കോടതി തീർപ്പാക്കിയതുമായ ഇബ്രാഹിം V റോബർട്ട് എന്ന റിവിഷൻ പെറ്റീഷൻ കേസിന്റെ കാര്യം സിനിമയിൽ പറഞ്ഞിട്ടില്ലല്ലോ? അതുകൊണ്ട് അതുകൂടി ചേർത്തു ചിലത്പറയാം, അപ്പൊ പിന്നെ കുഴപ്പമില്ലല്ലോ?

കേരള സംസ്ഥാനത്തു കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നത് ക്രമപ്പെടുത്തു കയും അത്തരം കെട്ടിടങ്ങളുടെ വാടക നിയന്ത്രിക്കുകയും ചെയ്യുന്നതിന് ഇന്ത്യൻ പ്രസിഡന്റിനാൽ 1965-ൽ ഉണ്ടാക്കപ്പെട്ട ഒരു നിയമമാണ് കേരള കെട്ടിട (പാട്ടവും വാടകയും നിയന്ത്രണം) നിയമം. അതിന്റെ 11-ാം വകുപ്പിലാണ് വാടകക്കാരനെ ഒഴിപ്പിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അത് എപ്രകാരമാണെന്ന് ചുരുക്കത്തിൽ പരിശോധിച്ച ശേഷം കേസിന്റെ വിശേഷം പറയാം.

ഈ നിയമത്തിൻ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഒരു പൊതുസ്ഥാപനം, സംസ്ഥാനസർക്കാർ, കേന്ദ്രസർക്കാർ ഇവയിലാരെങ്കിലുമല്ല വസ്തു ഉടമസ്ഥ നെങ്കിൽ ഒരു വാടകക്കാരനെ ഈ നിയമത്തിലെവ്യവസ്ഥകൾ അനുസരിച്ചല്ലാതെ ഒരു കോടതി വിധി നടപ്പാക്കുന്നതിനായൊ അല്ലാതെയോ ഒഴിപ്പിക്കാൻ പാടില്ലെന്ന് നിയമത്തിന്റെ 11(1) വകുപ്പ് നിഷ്കർഷിക്കുന്നു. വാടകക്കാരനെ ഒഴിപ്പിക്കാൻ ആഗ്രഹിക്കുന്ന ഉടമസ്ഥൻ ഇക്കാര്യത്തിൽ ഒരുനിർദ്ദേശം (Direction) കിട്ടുന്നതിനു വേണ്ടി വാടക നിയന്ത്രണ കോടതിയിൽ ഒരു അപേക്ഷ നൽകണം. അപേക്ഷ സംബന്ധിച്ചു വാടകക്കാരന് പറയാനുള്ള വാടക നിയന്ത്രണ കോടതി കേൾക്കണം. അങ്ങനെ കേൾക്കുന്നഅവസരത്തിൽ വാടകക്കാരൻ സ്ഥലം ഉടമസ്ഥനുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം വാടക നൽകേണ്ടതായ ദിവസത്തിൽ നിന്ന് 15 ദിവസം കഴിഞ്ഞും വാടക നൽകിയിട്ടില്ലെന്ന് കോടതിയ്ക്കു ബോധ്യം വന്നുവെന്നിരിക്കട്ടെ, കെട്ടിടത്തിന്റെ കൈവശം (Possession) ഉടമസ്ഥന് തിരിച്ചു നൽകാൻ വാടകക്കാരനോട്

കോടതിക്ക് നിർദ്ദേശിക്കാം. ഇനി അതല്ല അങ്ങനെ ഒരു വാടകകരാർ ഇല്ലായെന്നിരിക്കട്ടെ, അങ്ങനെയെങ്കിൽ സാധാരണയായി വാടകക്കാരൻ വാടക നൽകേണ്ടിയിരുന്നതിന്റെ (The month next following the rent payable)തൊട്ടടുത്ത മാസത്തിലെ അവസാന ദിവസത്തിനുള്ളിൽ വാടക നൽകിയിട്ടില്ല എന്ന് കോടതിയ്ക്കു ബോധ്യം വരുന്ന പക്ഷവും കെട്ടിടത്തിന്റെ കൈവശം സ്ഥലമുടമസ്ഥന് തിരിച്ചേൽപ്പിക്കാൻ കോടതി വാടകക്കാരനോട് ഉത്തരവിടണം. ഇതു രണ്ടുമല്ല മറിച്ചാണ് കോടതിയ്ക്ക് ബോധ്യം വരുന്നതെങ്കിൽ ഉടമ നൽകിയ അപേക്ഷ കോടതി നിരസിക്കണം. വാടകക്കാരൻ വാടകകുടിശ്ശികവരുത്തിയവിവരം അയാളെ രജിസ്റ്റർഡ് നോട്ടീസ് മുഖാന്തരം അറിയിച്ചശേഷം മാത്രമേ മേൽപ്പറഞ്ഞ അപേക്ഷ കോടതിയിൽ സമർപ്പിക്കാൻ കെട്ടിട ഉടമയ്ക്ക് അവകാശമുള്ളു എന്നുകൂടി ഓർക്കണം. ഇത്രയും കാര്യങ്ങൾ നിയമത്തിലെ പതിനൊന്നാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൽ (എ)യും (ബി)യും ഖണ്ഡങ്ങളിലായി പറഞ്ഞിരിക്കുന്നു.

ഇനി കേസിന്റെ കാര്യത്തിലേക്ക് വരാം. കേസിലെ റിവിഷൻ പെറ്റീഷണർ ഒന്നിലേറെ പേരുടെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടത്തിന്റെ ഉടമസ്ഥരിൽ ഒരാളാണ്. കേരള കെട്ടിടവാടക നിയന്ത്രണ നിയമത്തിന്റെ മുൻ പറഞ്ഞ 11 (2) (ബി)വകുപ്പ് കൂടാതെ 11(3) വകുപ്പുകൂടി ചേർത്താണ്റെന്റ് കൺട്രോൾ കോടതിയിലും തുടർന്ന് അപ്പലേറ്റ് അതോറിറ്റിയിലും ആദ്യം പെറ്റിഷണർ കേസ് ഫയൽ ചെയ്തത്. അവിടെ അനുകൂലവിധി ലഭിക്കാത്തതിനെ തുടർന്നാണ് ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തത്. കേസ് പ്രധാനമായി ഊന്നിയത് 11 (3) വകുപ്പിലാണ്. ആ വകുപ്പു ഞാൻ ഇതുവരെ പറഞ്ഞില്ലായെന്നു നിങ്ങൾക്ക് ഒരു പരാതി ഉണ്ടാകണ്ട, ആ വകുപ്പ് കൂടി പറയാം.

സ്ഥലം ഉടമയ്ക്ക് തന്റെ സ്വന്തം തൊഴിൽ ചെയ്യുന്ന ആവശ്യത്തിനോ അതല്ലെങ്കിൽ, തന്നെ ആശ്രയിച്ചു കഴിയുന്ന തന്റെ കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും തൊഴിൽ ചെയ്യുന്നതിനോ വേണ്ടി കെട്ടിടത്തിന്റെ കൈവശം (Possession) തിരികെ ലഭ്യമാക്കാൻ വാടകക്കാരനോട് നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ ഒരു അപേക്ഷ കൊടുക്കാനുള്ള അവകാശമാണ് 11 ആം വകുപ്പിന്റെ (3) ആം ഉപവകുപ്പ് പറയുന്നത്. അങ്ങനെ അപേക്ഷ കൊടുത്താലുടൻ ഒഴിപ്പിക്കൽ ഉത്തരവ് കൊടുക്കാൻ കോടതിയ്ക്ക് ആവില്ല. വാടകക്കാരന്, തന്റെ നിത്യവൃത്തി നടത്താൻ പ്രധാനമായും ആ കെട്ടിടത്തിൽ നടത്തുന്ന ഏതെങ്കിലും വ്യാപാരത്തിൽ നിന്ന് അല്ലെങ്കിൽ കച്ചവടത്തിൽ നിന്നു കിട്ടുന്ന വരുമാനം മാത്രമാണ് ആശ്രയം എന്നിരിക്കട്ടെ. അത്തരം കച്ചവടം/വ്യാപാരം നടത്താൻ ആ പ്രദേശത്ത് മറ്റൊരു ഉചിതമായ കെട്ടിടം ലഭ്യമല്ലാന്നുമിരിക്കട്ടെ. അങ്ങനെയെങ്കിൽ വാടകക്കാരനോട് ഒഴിയാൻ നിർദ്ദേശിക്കാൻ പാടില്ല .

ഈ കേസിൽ പെറ്റീഷണർ അദ്ദേഹത്തിന് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനു വേണ്ടിയാണ് കെട്ടിടം ഒഴിയണമെന്ന് ആവശ്യപ്പെട്ടത്. പക്ഷേ ഒരുകുഴപ്പം എന്താണെന്നുവച്ചാൽ കെട്ടിടം അദ്ദേഹത്തിന്റെ മാത്രം ഉടമസ്ഥതയിലുള്ളതല്ല മറിച്ച് ഒന്നിലധികം ആളുകളുടെ പേരിലുള്ളതാണ്. ഇദ്ദേഹം കെട്ടിടത്തിൽ തൊഴിൽ

ചെയ്യുന്നതിന് ഇദ്ദേഹത്തിന് കെട്ടിടത്തിന്റെ സഹ ഉടമസ്ഥർ അനുമതി നൽകിയിട്ടുണ്ട് എന്ന വസ്തുത കോടതി അംഗീകരിച്ചു. പക്ഷെ ഒഴിപ്പിക്കൽ പെറ്റീഷനിൽ സഹഉടമസ്ഥർ ആരും കക്ഷി ചേർന്നിട്ടില്ല. ആ സാഹചര്യത്തിൽ പെറ്റിഷൻ അനുവദിക്കാനാവില്ല എന്നാണ് കോടതി തീർപ്പ്.

തനിക്ക് വേണ്ടിയോ, മറ്റൊരാൾക്കേ് വേണ്ടിയോ, തനിക്കും മറ്റുള്ളവർക്കും കൂടി വേണ്ടിയോ, ഒരു ഏജന്റ് അല്ലെങ്കിൽ ട്രസ്റ്റി, രക്ഷിതാവ് എന്നീ നിലകളിൽ ഏതെങ്കിലുമായി വാടകവാങ്ങുന്ന ആൾ, അല്ലെങ്കിൽ അങ്ങനെ വാടക വാങ്ങാൻ അധികാരമുള്ള ആൾ ഇവരൊക്കെ നിയമത്തിന്റെ (2) ആം വകുപ്പിന്റെ (3)ആം ഉപവകുപ്പ് പ്രകാരം "സ്ഥലമുടമ" എന്ന നിർവചനത്തിൽ വരുമെന്നും അപ്പോൾ പിന്നെ ഉടമസ്ഥരിലൊരാളായ പെറ്റീഷനർക്ക് അനുകൂലമായി വിധികിട്ടാതിരിക്കാൻ ന്യായമില്ലെന്നും അദ്ദേഹം വാദിച്ചു. സഹ ഉടമസ്ഥരിൽ ഒരാൾ സ്ഥലമുടമ എന്ന നിർവചനത്തിൽ വരും എന്നതിൽ തർക്കമില്ല. പക്ഷേ 11(3) വകുപ്പിന്റെ പരിധിയിൽ വരുന്ന 'സ്വന്തം ആവശ്യമെന്ന കാരണം കണക്കിലെടുക്കണമെങ്കിൽ ഒഴിപ്പിക്കപ്പെടുന്ന കെട്ടിടം പൂർണമായും പെറ്റീഷനറുടെ കൈകളിലേക്കാണ് ഒഴിപ്പിക്കലിനുശേഷം വന്നു ചേരുന്നത് എന്ന് ഉറപ്പു വരുത്തണമെന്നും മറ്റുടമസ്ഥർ കൂടി കേസിൽ കക്ഷിചേർന്നല്ലാതെ അത് സാധ്യമല്ല എന്നും കോടതി അടിവരയിട്ട് പ്രസ്താവിച്ചു.

ഒന്നിലേറെ ആളുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം ഒഴിപ്പിക്കാൻ എല്ലാവരും ചേർന്ന് കോടതിയിൽ അപേക്ഷ കൊടുക്കണമെന്ന് ചുരുക്കം...

സിനിമയിൽ, വീട് ഒഴിപ്പിക്കാൻ രണ്ടും കൽപ്പിച്ച് ഇറങ്ങിയ ഗോപാലകൃഷ്ണപ്പണിക്കർ മീരയുമായി അതേവീട്ടിൽ കെട്ടിടവാടക നിയമത്തിന്റെ നൂലാമാലകൾ ഇല്ലാതെ ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചു. അതുകൊണ്ടാണ് 'സന്മനസ്സുള്ളവർക്ക് സമാധാനം' എന്ന സിനിമ ശുഭപര്യവസായി ആയത്. പക്ഷെ എല്ലാ വാടക തർക്കങ്ങളും ശുഭപര്യവസായി ആകാറില്ലയെന്നതാണ് സത്യം...



ഡോ. പി. ഹരീഷ് കുമാർ
ലീഗൽ അസിസ്റ്റന്റ്,
നിയമ (ലഗ് പബ്ലിക്കേഷൻ) വകുപ്പ്

# പുരാവസ്തു നിയമങ്ങൾ ഇന്ത്യയിൽ

പുരാതനമായവയെയും കാലപ്പഴക്കമുള്ളവയെയും ആദരിക്കുകയും ഇഷ്ടപ്പെടുകയും ശേഖരിക്കുകയും ചെയ്യുക എന്നത് മനുഷ്യസഹജമായ ഒരു പ്രവണതയാണ്. എന്നാൽ അങ്ങനെയുള്ള വസ്തുക്കളെപ്പറ്റിയുള്ള നിയമങ്ങളെക്കുറിച്ചും അവ കൈവശം വയ്ക്കുന്നതുമായുള്ള ബന്ധപ്പെട്ട നിബന്ധനകളെക്കുറിച്ചുള്ള ധാരണക്കുറവ് പലപ്പോഴും നിയമ പ്രശ്നങ്ങൾ ക്ഷണിച്ചുവരുത്തുന്നവയാണ്. പലപ്പോഴും ശേഖരിച്ച് സുക്ഷിക്കുക എന്നതിൽ ഒതുങ്ങി നിൽക്കാതെ അവ പ്രദർശിപ്പിക്കുകയും അതുപോലെ ക്രയവിക്രയം നടത്തുക എന്നിവയും നടന്നുവരുന്നതായി കാണുന്നു. ഒരു പുരാവസ്തുവിന്റെ മൂല്യം നിശ്ചയിക്കുന്നതിൽ ഒരു പ്രധാന ഘടകം അവയുടെ കാലപ്പഴക്കം തന്നെയാണ്. എന്നാൽ കാലപ്പഴക്കം നിശ്ചയിക്കുന്നതു തന്നെ കേട്ടു കേൾവിയുടെയും മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന രീതികളും പരിപാലിച്ചിരുന്ന ആചാരങ്ങളുടെയും ചുവട് പിടിച്ചുകൊണ്ടാണ്. പഴമയുള്ളതും പുരാതനവുമായ വസ്തുക്കൾ കൈവശം ഉണ്ടെന്നത് ഒരു പ്രത്യേക അന്തസ്സായി ആണ് സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾ കരുതുന്നത്. അങ്ങനെ വീടുകൾ, സ്ഥാപനങ്ങൾ തുടങ്ങിയിടത്തു അവയെ സൂക്ഷിക്കുവാൻ ശ്രമങ്ങൾ നടന്നുവരുന്നു. അങ്ങനെയുള്ള സാഹചര്യങ്ങളിൽ പുരാവസ്തുക്കൾ സംബന്ധമായ നിയമങ്ങളുടെ അറിവ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും പൊതുവെ സമൂഹത്തിനും വളരെ അത്യാവശ്യ ഘടകമാണ്.

ഇന്ത്യയിൽ 1976-ൽ നിലവിൽ വന്ന Act of Antiquits And Arts Treasures, 1972 പുരാവസ്തു മേഖലയിൽ ബാധകമാണെന്നു കാണാം. പുരാവസ്തു നിയമത്തിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ Antiquits And Arts Treasures-ന്റെ കച്ചവടം നിയന്ത്രിക്കുക, അതുമായി ബന്ധപ്പെട്ട സ്മഗ്ളിംഗും നിയമവിരുദ്ധ ക്രയവിക്രയങ്ങളും തടയുക, നിർബന്ധിതമായി Antiquits And Arts Treasures പിടിച്ചെടുത്ത് പൊതുസ്ഥലങ്ങളിൽ സൂക്ഷിക്കുക എന്നിവയാണ്. പ്രസ്തുത നിയമം ഇന്ത്യയിൽ മുഴുവൻ പ്രാബല്യത്തിൽ ഉള്ളതുമാണ്.

എന്താണ് 'ആന്റികിറ്റ്സ്' എന്നത് നിയമത്തിലെ വകുപ്പ് രണ്ടിൽ നിർവ്വചിച്ചിരിക്കുന്നു. അവയിൽ നാണയങ്ങൾ, ശില്പങ്ങൾ, സ്തൂപങ്ങൾ, പെയിന്റിംഗുകൾ, ലിഖിതങ്ങൾ, മറ്റു കലാവസ്തുക്കൾ, അതുപോലെ കെട്ടിടങ്ങളുടെയും ഗുഹകളുടെയും അടർന്ന ഭാഗം, പഴയകാല ശാസ്ത്രം, കരകൗശലം, സാഹിത്യം, മതം, ആചാരം,

ധാർമ്മികത, രാഷ്ട്രീയം എന്നിവ വ്യക്തമാക്കുന്ന വസ്തുക്കൾ, ചരിത്രപ്രാധാന്യം ഉള്ള വസ്തുക്കൾ എന്നിവ 100 വർഷത്തിൽ കുറയാത്ത പഴക്കമുള്ളവയെ കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തിയത് ലേഖനങ്ങൾ, രേഖകൾ മറ്റുള്ളവ ശാസ്ത്രപരവും ചരിത്രപരവുമായി മൂല്യമുള്ള 75 വർഷത്തിൽ കുറയാതെ കാലപ്പഴക്കമുള്ളവയും ഉൾപ്പെടുത്തിയിരിക്കുന്നു. 'ആർട്ട്സ് ട്രഷേഴ്സ്' നിയമത്തിൽ നിർവ്വചിച്ചിരുന്നത് മനുഷ്യനിർമ്മിതമായ കലാരൂപങ്ങളെയാണ് എന്നാൽ അവ ആന്റികിറ്റ്സിൽ ഉൾപ്പെടുത്താത്തതും കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനം മൂലം പ്രസിദ്ധപ്പെടുത്തിയവയുമാകണം. പ്രസ്തുത നിയമപ്രകാരം കേന്ദ്ര സർക്കാരിനോ കേന്ദ്ര സർക്കാരിന്റെ ഏജൻസികൾക്കോ അല്ലാതെ ഒരു വ്യക്തിക്ക് ആന്റികിറ്റ്സ് ആന്റ് ട്രഷേഴ്സ് വിദേശത്തേക്ക് കയറ്റുമതി ചെയ്യുവാൻ പാടുള്ളതല്ല. നിയമത്തിന്റെ 5-ാം വകുപ്പ് പ്രകാരം ഒരു ആൾക്ക് സ്വയമേയോ, മറ്റൊരാൾ മുഖേനയോ ആന്റികിറ്റ്സ് വിൽപ്പനയുമായി ഒരു നീക്കവും നടത്തുവാൻ പാടില്ല. എന്നാൽ നിയമത്തിന്റെ വകുപ്പ് 8 പ്രകാരമുള്ള ലൈസൻസ് കൈവശമുള്ള വ്യക്തികൾക്ക് മേൽ പ്രവർത്തനങ്ങൾ അനുവദനീയമാണ്. 'പുരാവസ്തു രേഖകൾ' എന്നത് ആന്റികിറ്റ്സിന്റെ അർത്ഥത്തിൽ വരണമെങ്കിൽ പാർലമെന്റ് ചരിത്രപ്രാധാന്യം ഉള്ളത് എന്ന് പ്രഖ്യാപിക്കണം. പ്രസ്തുത നിയമപ്രകാരമുള്ള ശിക്ഷകൾ താഴെ പറയുന്ന രീതിയിൽ ആകുന്നു, വകുപ്പ് 3 പ്രകാരം കയറ്റുമതി നടത്തുകയോ അതിനു ശ്രമിക്കുകയോ ചെയ്താൽ കസ്റ്റംസ് ആക്റ്റ് 1962 പ്രകാരം 6 മാസത്തിൽ കുറയാതെയും 3 വർഷം വരെ ആകാവുന്നതുമായ തടവുശിക്ഷയും കൂടെ പിഴയും ഈടാക്കാവുന്നതുമാണ്. നിയമത്തിലെ വകുപ്പ് 5-നു വിരുദ്ധമായി ലൈസൻസുമായി ബന്ധപ്പെട്ടവ പ്രവർത്തിക്കുകയാണെങ്കിൽ 6 മാസം വരെയുള്ള ശിക്ഷയോ അല്ലെങ്കിൽ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ലഭിക്കാവുന്നതാണ്.

കേരളത്തിലെ പുരാവസ്തുക്കളുടെ സംരക്ഷണത്തിനായി 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമ (Kerala ancient monuments & Archaeological Sites & Remains Act, 1968) വും കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങളും നിലവിലുണ്ട്. ദേശീയപ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും പുരാവശിഷ്ടങ്ങളെയും സംരക്ഷിക്കുന്നതിനും കൊത്തു പണികൾ, ശാസ്ത്ര സംബന്ധിയായവ എന്നിവ സൂക്ഷിക്കുന്നതിനും അടിസ്ഥാന പ്പെടുത്തിയിട്ടുള്ളവയാണ് ഈ ചട്ടങ്ങൾ.

നിയമങ്ങളാൽ നിയന്ത്രിക്കപ്പെട്ട ഒരു മേഖലയാണ് പുരാവസ്തുക്കളുമായി ബന്ധപ്പെട്ടവ എന്നിരിക്കലും പൊതുജനങ്ങ ളുടെ ശ്രദ്ധക്കുറവുമൂലം പലവിധത്തിലുള്ള ചൂഷണങ്ങൾക്കും തട്ടിപ്പുകൾക്കും രാജ്യം സാക്ഷ്യം വഹിക്കുന്നു എന്നത് ഒരു സമകാലീനസത്യം മാത്രമാണ്. എന്നാൽ മേൽ നിയമപ്രശ്നങ്ങൾ ഒഴിവാക്കുവാൻ സർക്കാരിന്റെ മേൽനോട്ടത്തിൽ നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, നിയമ സംബന്ധമായ സെമിനാറുകൾ എന്നിവ സ്കൂൾ തലം മുതൽ നടത്തി വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും നിയമപര മായ അറിവ് പ്രദാനം ചെയ്യാവുന്നതാണ്.



# New Acts



2021-ലെ 13-ാം ആക്റ്റ്

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ആക്റ്റ്

**സംസ്ഥാന നിയമം മൂലം സ്ഥാപിതമായ വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമ രീതിയും സേവനവ്യവസ്ഥകളും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള**

ഒരു

## ആക്റ്റ്

പീഠിക.- സംസ്ഥാന നിയമംമൂലം സ്ഥാപിതമായ വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമന രീതിയും സേവനവ്യവസ്ഥകളും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.- (1) ഈ ആക്റ്റിന് 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥ കളും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>നിർവ്വചനങ്ങൾ</u>.- ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(എ) "കരാർ" എന്നാൽ ഒരു സ്വാശ്രയ കോളേജിൽ അദ്ധ്യാപകനായോ അനദ്ധ്യാപക ജീവനക്കാരനായോ നിയമിക്ക പ്പെടുന്നതിന് വിദ്യാഭ്യാസ ഏജൻസിയുമായി ഏർപ്പെടുന്ന ഒരു കരാർ എന്നർത്ഥമാകുന്നു;

(ബി) "വിദ്യാഭ്യാസ ഏജൻസി" എന്നാൽ ഒരു സ്വാശ്രയ കോളേജ് സ്ഥാപിക്കുകയോ നിയന്ത്രിക്കുകയോ നടത്തുകയോ ചെയ്യുന്നതും അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാല അംഗീകരിച്ചതുമായ ഒരാൾ അല്ലെങ്കിൽ ഒരു നികായം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "അനദ്ധ്യാപക ജീവനക്കാരൻ" എന്നാൽ സ്വാശ്രയ കോളേജിൽ വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാർ പ്രകാരം നിയമിക്കപ്പെടുകയും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ അനദ്ധ്യാപക ജീവനക്കാരനായി രജിസ്റ്റർ ചെയ്യപ്പെട്ട തുമായ ഒരാൾ എന്നർത്ഥമാകുന്നു;

(ഇ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "റെഗുലേറ്ററി ബോഡി' എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ, ബാർ കൗൺസിൽ ഓഫ് ഇൻഡ്യ, കൗൺസിൽ ഓഫ് ആർക്കിടെക്ചർ എന്നിവ എന്നർത്ഥമാകുന്നതും അതിൽ അതത് സർവ്വകലാശാലയും ഉൾപ്പെടുന്നതുമാകുന്നു;

(എച്ച്) "അവശ്യ തസ്തിക" എന്നാൽ ഒരു സ്വാശ്രയ കോളേജിൽ സർവ്വകലാ ശാലയുമായി അഫിലിയേറ്റ് ചെയ്ത വിവിധ കോഴ്സുകൾക്കായി റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അദ്ധ്യാപകഅനദ്ധ്യാപക തസ്തിക എന്നർത്ഥമാകുന്നു;

(ഐ) "സ്വാശ്രയ കോളേജ്" എന്നാൽ ഒരു വിദ്യാഭ്യാസ ഏജൻസി സ്ഥാപിക്കുകയോ നിയന്ത്രിക്കുയോ നടത്തുകയോ ചെയ്യുന്നതും സർവ്വകലാശാല യുമായി അഫിലിയേറ്റ് ചെയ്തുതും സർവ്വകലാശാല അംഗീകരിച്ചതുമായ കോഴ്സുകൾ നടത്തുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നതും എന്നാൽ അതിൽ സർക്കാർ കോളേജും സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ജെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(കെ) "വിദ്യാർത്ഥി" എന്നാൽ ഒരു സ്വാശ്രയ കോളേജ് നടത്തുന്ന ഒരു പഠന കോഴ്സിലേയ്ക്ക് പ്രവേശിപ്പിക്കപ്പെട്ടതും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ യഥാവിധി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(എൽ) "അദ്ധ്യാപകൻ" എന്നാൽ സ്വാശ്രയ കോളേജിൽ വിദ്യാഭ്യാസ ഏജൻസി യുമായുള്ള കരാർ പ്രകാരം നിയമിക്കപ്പെടുകയും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ അദ്ധ്യാപകനായി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(എം) "സർവ്വകലാശാല" എന്നാൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് (1985-ലെ 12), 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ററ് (1986-ലെ 31), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് (1996-ലെ 22), 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് (2015-ലെ 17) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം സ്ഥാപിതമായ കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല എന്നിവ എന്നർത്ഥമാകുന്നു.

3. <u>സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം.</u>- (1) സ്വാശ്രയ കോളേജിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോഴ്സുകൾക്ക് വേണ്ടി റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അവശ്യ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ വിദ്യാഭ്യാസ ഏജൻസി വിജ്ഞാപനം മൂലം അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാൾക്കും റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന അങ്ങനെയുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാബല്യ തീയതിയിൽ ഒരു സ്വാശ്രയ കോളേജിൽ അങ്ങനെയുള്ള തസ്തിക വഹിക്കുന്ന ഒരു ജീവനക്കാരന് റെഗുലേറ്ററി ബോഡി നിശ്ചയിച്ച ഏതെങ്കിലും യോഗ്യത ഇല്ലാത്തപക്ഷം, അങ്ങനെയുള്ള യോഗ്യത സർക്കാർ വിജ്ഞാപനം ചെയ്യുന്ന അങ്ങനെയുള്ള തീയതിക്കുള്ളിൽ നേടേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ലഭ്യമാകുന്ന അപേക്ഷ പരിശോധിച്ച ശേഷം അപേക്ഷകരുടെ അഭിമുഖം നടത്തി വിദ്യാഭ്യാസ ഏജൻസി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും വിദ്യാഭ്യാസ ഏജൻസി ഈ ആവശ്യത്തിലേയ്ക്കായി നിശ്ചയിക്കുന്ന ഒരു അധികാരസ്ഥാനത്തിന്റെ രേഖാമൂലമുള്ള ഒരു ഉത്തരവ് മുഖേന നിയമനം നടത്തേണ്ടതുമാണ്.

4. <u>വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാറും മറ്റു സേവനവ്യവസ്ഥകളും</u>.- (1) സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളും അങ്ങനെയുള്ള തസ്തിക, ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ, നിയമന കാലയളവ്, ശമ്പളം, ബത്ത, അധിക സമയ ജോലി എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്:

എന്നാൽ, ഒരു സ്വാശ്രയ കോളേജിലെ അദ്ധ്യാപകനോ അനദ്ധ്യാപകനോ ജീവനക്കാരനോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് അങ്ങനെയുള്ള വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ആനുകൂല്യം നൽകുന്നതിനുവേണ്ടി വിദ്യാഭ്യാസ ഏജൻസിക്ക് വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള അധികാരത്തെ തടയുന്നതല്ല.

(2) സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽദിനങ്ങൾ, ജോലിസമയം എന്നിവ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജ് അല്ലെങ്കിൽ സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായതിന് സമാനമായിരിക്കുന്നതാണ്:

എന്നാൽ, അടിയന്തര സാഹചര്യങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം അധികസമയ ജോലി നിർവ്വഹിക്കേണ്ടതാണ്.

(3) സർക്കാർ കോളേജിലെ അല്ലെങ്കിൽ സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജിലെ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർക്ക് അർഹതപ്പെട്ട പൊതു അവധി, ആകസ്മിക അവധി, പ്രസവാവധി എന്നിവ സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

(4) വിദ്യാഭ്യാസ ഏജൻസി, ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തിക യിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും 1952-ലെ ജോലിക്കാരുടെ പ്രൊവിഡന്റ്

ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റിലെ (1952-ലെ 19-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ടിൽ ഒരു അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുമ്പ് സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളയും ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ ആറുമാസത്തിനകം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) വിദ്യാഭ്യാസ ഏജൻസി ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളെയും കേന്ദ്ര സർക്കാർ അംഗീകരിച്ച ഒരു ഇൻഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസ് പദ്ധതിയിൽ ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ ആറുമാസത്തിനകം അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(6) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പ്രായപരിധിയും വിരമിക്കൽ പ്രായവും റെഗുലേറ്ററി ബോഡി കാലാകാലങ്ങളിൽ തീരുമാനിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(7) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളുടെയും അച്ചടക്ക അധികാരി വിദ്യാഭ്യാസ ഏജൻസി ആയിരിക്കുന്നതാണ്. വിദ്യാഭ്യാസ ഏജൻസി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. <u>അപ്പീൽ</u>.- 4-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം വിദ്യാഭ്യാസ ഏജൻസിയുടെ അച്ചടക്ക നടപടി മൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാല മുമ്പാകെ നിർണ്ണയിക്ക പ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. അങ്ങനെയുള്ള സർവ്വകലാശാലയുടെ വൈസ്ചാൻസലർ അപ്പീൽ തീർപ്പാക്കേണ്ടതും അതിന്മേലുള്ള ഏതൊരു തീരുമാനവും അന്തിമമായിരിക്കുന്നതുമാണ്.

6. <u>റെക്കാർഡുകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം</u>.- വിദ്യാഭ്യാസ ഏജൻസി സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിക്കുന്ന റെക്കാർഡുകളും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

7. രജിസ്ട്രേഷൻ.- (1) ഒരു സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിച്ച അദ്ധ്യാപകഅനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ നിയമന തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ വിദ്യാഭ്യാസ ഏജൻസി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യ തീയതിക്ക് മുമ്പ് സ്വാശ്രയ കോളേജിലെ അവശ്യ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ മൂന്ന് മാസത്തി നകം അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ വിദ്യാഭ്യാസ ഏജൻസി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) (1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യുന്ന തിനുള്ള നടപടി ക്രമങ്ങൾ സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) (1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരം സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ കടമകളും കർത്തവ്യങ്ങളും സർവ്വകലാശാല നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കായി പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ ഏതൊരു തീരുമാനവും ഏജൻസി നടപ്പിലാക്കേണ്ടതാണ്.

8. <u>സ്വാശ്രയ കോളേജിൽ രൂപീകരിക്കേണ്ട വിവിധ നികായങ്ങൾ</u>.- (1) വിദ്യാഭ്യാസ ഏജൻസി, ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ കഴിയുന്നത്രവേഗം, സർവ്വകലാശാലയെ യഥാവിധി അറിയിച്ച ശേഷം താഴെപ്പറയുന്ന നികായങ്ങൾ രൂപീകരിക്കേണ്ടതാണ്, അതായത്:-

(i) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ii) അദ്ധ്യാപക-രക്ഷാകർത്തൃ സമിതി;

(iii) വിദ്യാർത്ഥി പരാതി പരിഹാര സെൽ;

(iv) കോളേജ് കൗൺസിൽ;

(v) 2013-ലെ ദി സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക്പ്ലേസ് (പ്രിവൻഷൻ, പ്രൊഹിബിഷൻ ആന്റ് റിഡ്രസ്സൽ) ആക്റ്റ് (2013-ലെ 14-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി.

(2) (1)-ാം ഉപവകുപ്പ് (v)-ാം ഇനം ഒഴികെയുള്ള നികായങ്ങളുടെ രൂപീകരണം, അധികാരങ്ങൾ, കടമകൾ, കർത്തവ്യങ്ങൾ എന്നിവ റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

9. <u>ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്</u>.- ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

10. <u>ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം</u>.- ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനു കളിലെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർവ്വകലാശാലയിലെ വൈസ് ചാൻസലർക്കോ ഏതെങ്കിലും അധികാരസ്ഥാനത്തിനോ ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

11. <u>സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്</u>.- ഈ ആക്റ്റിലെ 7-ാം വകുപ്പിൽ പരാമർശിക്കുന്ന കാര്യങ്ങളിന്മേൽ ഉണ്ടായേക്കാവുന്ന പരാതി സംബന്ധിച്ച് സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീർപ്പുകൽപിക്കുന്നതുവരെ യാതൊരു സിവിൽ കോടതിക്കും അങ്ങനെയുള്ള കാര്യങ്ങൾ ഒത്തുതീർപ്പാക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ തീരുമാനിക്കുന്നതിനോ അധികാരമുണ്ടായിരിക്കുന്നതല്ല.

12.<u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ</u>.-ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്.

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

13. <u>റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം</u>. സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയ്ക്ക് ഒരു സ്വാശ്രയ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.- (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന്, വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളന

ത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം,അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാ തിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

15. <u>റദ്ദാക്കലും ഒഴിവാക്കലും</u>.-(1) 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ഓർഡിനൻസ് (2021-ലെ 95) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പരിഭാഷപ്പെടുത്തിയ ചില പ്രത്യേക പദങ്ങൾ

| | |
|---|---|
| Considered opinion | പരിഗണിത അഭിപ്രായം |
| Position of law | നിയമനില |
| PromissoryEstoppel | വാഗ്ദാന ലംഘനവിലക്ക് |
| Faculty (in medical college) | അദ്ധ്യാപനവിഭാഗം |
| Quazi Judicial | അർദ്ധ നീതിന്യായ |
| Caretaker of the flat | ഫ്ളാറ്റിന്റെ കാര്യസ്ഥൻ |
| Moneyminting machine | നോട്ടടി യന്ത്രം |
| Apex court | പരമോന്നത കോടതി |
| Coldness | സ്നേഹ ശൂന്യത, അനാദരം |
| Oral evidence | വാമൊഴിത്തെളിവ് |
| Profligate conduct | നെറികെട്ട പെരുമാറ്റം |
| Licentious | ഭോഗാസക്തിയുള്ള, വിഷയാസക്തിയുള്ള |
| Heteronomy | അന്യനിയമാധികാരം |
| Live in relationship | സഹവാസബന്ധം |
| Ordinary post | സാധാ തപാൽ |
| Inquiry (Judicial) | ന്യായാന്വേഷണം |
| Ex parte | മറുപക്ഷമില്ലാതെ |
| Subsequent purchaser | തുടർവിലയാൾ |




**www.keralalawsect.org**

നിയമ ധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 5

RNI REG. No. KERMAL/2017/74542

DATE OF PUBLICATION
15/11/2021
ഇഷ്യൂ 2

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം



Printed by Salim. A, the Superintendent of Government Presses, Thiruvananthapuram
Published by V. Harinair, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Govt. Press, Mannnanthala, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: V. Harinair.